എടത്വാ ഗ്രാമ പഞ്ചായത്ത്

(സ്പെഷ്യൽ ഗ്രേഡ്)



വികസനരേഖ

അധികാരം ജനങ്ങളിലേക്ക്

അധികാരം ജനങ്ങളിലേയ്ക്ക്



ഗ്രാമസ്വരാജ് സ്വപ്നംകണ്ട
ആ മഹാത്മാവിന്റെ
പാവനസ്മരണയ്ക്ക്
സമർപ്പിക്കുന്നു.....

ജനകീയ ആസൂത്രണം സംസ്ഥാനതലത്തിൽ



ശ്രീ. ഇ.കെ. നായനാർ
(ബഹു. മുഖ്യമന്ത്രി)




ശ്രീ. എ. കെ. ആന്റണി



ശ്രീ.പാലൊളി മുഹമ്മദ് കുട്ടി



ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്



ശ്രീ.പി.കെ.വാസുദേവൻ നായർ




ശ്രീ. കെ. കരുണാകരൻ



ഡോ. കെ.സി. ജോസഫ്/
എം.എൽ.എ.




ശ്രീ. വി.എം. സുധീരൻ എം.പി.




ഐ.എസ്.ഗുലാത്തി


മുൻ പ്രസിഡണ്ടുമാർ




പി.സി. ജോസഫ്
(പ്രഥമ പഞ്ചായത്ത് പ്രസിഡൻറ്)




കെ.സി. ജോസഫ്
(ദ്വിതീയ പഞ്ചായത്ത് പ്രസിഡൻറ്)




കെ.റ്റി. വർഗ്ഗീസ്
(തൃതീയ പഞ്ചായത്ത് പ്രസിഡൻറ്)



ജോൺ ചെറിയാൻ
(4-ാമത് പഞ്ചായത്ത് പ്രസിഡൻറ്)




തോമസ്. വി. ചിറയിൽ
(5-ാമത് പഞ്ചായത്ത് പ്രസിഡൻറ്)



കെ.ഒ. ജോർജ്ജ്
(6-ാമത് പഞ്ചായത്ത് പ്രസിഡൻറ്)

നിലവിലുള്ള ഭരണസമിതി അംഗങ്ങൾ



എം.ഡി. തോമസ്
(ബാബു മണ്ണാം തുരുത്തിൽ)
(പഞ്ചായത്ത് പ്രസിഡൻറ്)




എ.കെ. ഉത്തമൻ
(പഞ്ചായത്ത് വൈ: പ്രസിഡൻറ്)




മറിയാമ്മ തോമസ്
(സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ)




ഏലിക്കുട്ടി പത്രോസ്
(സ്റ്റാൻഡിംഗ് കമ്മറ്റി മെമ്പർ)



ജയ്സപ്പൻ മത്തായി
(മെമ്പർ വാർഡ് -1)




പി.ജെ. വർഗ്ഗീസ്
(മെമ്പർ വാർഡ് -5)




വർഗ്ഗീസ് ആൻറണി
(മെമ്പർ വാർഡ് -6)




കെ.ജി. ജഗദമ്മ ടീച്ചർ
(മെമ്പർ വാർഡ് -7)



ഏലൈസാ ചെറിയാൻ
(മെമ്പർ വാർഡ് -9)



എൽസമ്മ കോശി
(മെമ്പർ വാർഡ് -10)




എം.കെ. പുരുഷോത്തമൻ
(സെക്രട്ടറി, ഗ്രാമപഞ്ചായത്ത്)

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെറ ജില്ലാ പരി ശീലനം ലഭിച്ച ഡി.ആർ.പി. മാരും വികസനരേഖ തയ്യാറാക്കാൻ സഹായിച്ചവരും



ടി.ജെ. മാത്യു




പി.ആർ. വിജയരാഘവൻ




പ്രൊഫ: മാത്യു ജോർജ്ജ്




വി.ജെ. ജോസഫ്



പി.കെ. സദാനന്ദൻ




ALAPPUZHA DISTRICT



എടത്വാ ഗ്രാപെഞ്ചായത്ത് വികസന രേഖ

എടത്വാ ഗ്രാമ പഞ്ചായത്ത്

ഭൂപടം



- എടത്വാ – തകഴി റോഡ്
- പമ്പയാറ്റ്
- എടത്വാ പള്ളി
- ചങ്ങംകരി ക്ഷേത്രം
- എടത്വാ ഗ്രാമപഞ്ചായത്ത് ആഫീസ്

പഞ്ചായത്ത് പൊതുചിത്രം

പേര്	:	എടത്വാ
വില്ലേജ്	:	എടത്വാ
ബ്ലോക്ക്	:	ചമ്പക്കുളം
ബ്ലോക്ക് ഡിവിഷനുകൾ	:	2
താലൂക്ക്	:	കുട്ടനാട്
ജില്ല	:	ആലപ്പുഴ
ജില്ലാ പഞ്ചായത്തു ഡിവിഷനുകൾ	:	2
അസംബ്ലി മണ്ഡലം	:	കുട്ടനാട്
പാർലമെൻറ്	:	ആലപ്പുഴ
വിസ്തീർണ്ണം	:	22.29 ച. കി.മി
ജനസംഖ്യ	:	21715
സ്ത്രീകൾ		11007
പുരുഷൻമാർ	:	10708
സാക്ഷരത	:	85.8 %
സ്ത്രീകൾ	:	85%
പുരുഷൻമാർ	:	86%
പഞ്ചായത്ത് ഭരണസമിതി ഓഫീസ്	:	എടത്വാ, സ്വന്തം കെട്ടിടം
പഞ്ചായത്തതിർത്തി	:	കിഴക്ക് തലവടി, നിരണം, പടിഞ്ഞാറ് തകഴി, ചമ്പക്കുളം, തെക്ക് ചെറുതന, വീയപുരം, വടക്ക് തലവടി, രാമങ്കരി പഞ്ചായത്തുകൾ
പ്രസിഡൻറ്	:	എം. ഡി. തോമസ് (ബാബു മണ്ണാംതുരുത്തിൽ)
വൈസ് :പ്രസിഡൻറ്	:	എ.കെ.ഉത്തമൻ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ	:	മറിയാമ്മ തോമസ്
സ്റ്റാൻറിംഗ് കമ്മറ്റിമെമ്പർ	:	ഏലിക്കുട്ടി പത്രോസ്സ്
മെമ്പർമാർ	:	ജെയ്സപ്പൻ മത്തായി
	:	പി.ജെ.വർഗീസ്
	:	വർഗ്ഗീസ് ആൻറണി
	:	കെ.ജി. ജഗദമ്മ
	:	എലൈസാ ചെറിയാൻ
	:	എൽസമ്മ കോശി

എഡിറ്റോറിയൽ

ഗ്രാമപഞ്ചായത്ത് ആഫീസ്,
എടത്വാ

ബഹുമാന്യരേ,
സ്വതന്ത്രഭാരതത്തിന്റെ പുനഃസൃഷ്ടിക്കായ്
1951 ൽ ആരംഭം കുറിച്ച് 8 പഞ്ചവത്സര പദ്ധതികളിലൂടെ
നാം നേടിയ നേട്ടങ്ങൾ നിലനിർത്താനും
കോട്ടങ്ങൾ വിലയിരുത്തി
ആസൂത്രിതമായി മുന്നേറാനും
ഒൻപതാം പദ്ധതിയിലൂടെ
കൊച്ചു കേരളം ശ്രമിക്കുകയാണ്.
ഇൻഡ്യയിലെ സംസ്ഥാനങ്ങളുടെ
ആസൂത്രണ ചരിത്രത്തിലെ
നാഴികകല്ലാകുന്ന
ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ
പ്രബുദ്ധമായ ആലപ്പുഴയിലെ
കുട്ടനാടൻ വയലേലകളുടെ
ഹൃദയ ഭൂമിയായ നമ്മുടെ
എടത്വാ ഗ്രാമവും പങ്കുചേരുകയാണ്.
പ്രശ്നങ്ങൾ അപഗ്രഥിച്ച്
പരിഹാരങ്ങളും സാദ്ധ്യതകളും ആരായുന്ന
എടത്വാ ഗ്രാമപഞ്ചായത്ത് വികസനരേഖ
ചർച്ചചെയ്തംഗീകരിക്കാനായ്
സവിനയം സമർപ്പിക്കുന്നു.
കുറ്റവും കുറവും രേഖയിൽ ഉണ്ടാകാം
പരിമിതികൾ പലതുമുണ്ടായിട്ടുണ്ട്.

വിഷയഗ്രൂപ്പടിസ്ഥാനത്തിൽ
വിമർശനബുദ്ധ്യാ
വികസനരേഖ
പരിശോധിക്കാനും
ഭേദഗതികളോ കൂട്ടിചേർക്കലോ
ഉണ്ടായാൽ, സെമിനാറിൽ
അവ രേഖാമൂലം എഴുതി തയ്യാറാക്കി
അവതരിപ്പിക്കാനും അപേക്ഷ.
സെമിനാറിന്റെ അംഗീകാരം ലഭിച്ചാൽ
ആ ഭാഗങ്ങൾ വികസനരേഖയുടെ
അനുബന്ധമായി ചേർക്കുമെന്നും
ഉറപ്പു തരുന്നു.

വിശ്വസ്തതാപൂർവ്വം,

[redacted] B.A. [redacted]

(ചീഫ് എഡിറ്റർ)

എടത്വാ,

വിഷയവിവരം

	പേജ്
☆ എഡിറ്റോറിയൽ	
☆ ആമുഖം	11 – 16
☆ ചരിത്രം	17 – 20
☆ ഭൂപ്രകൃതിയും വിഭവങ്ങളും	21 – 25
☆ കൃഷി	26 – 38
☆ ജലസേചനം	39 – 40
☆ വെള്ളപ്പൊക്ക നിയന്ത്രണം, അനിവാര്യം	41 – 44
☆ മണ്ണ്യുപയോഗം	45 – 47
☆ മൃഗസംരക്ഷണം	48 – 54
☆ വിദ്യാഭ്യാസം	55 – 63
☆ കുടിവെള്ളവും പൊതുജനാരോഗ്യവും	64 – 71
☆ വ്യവസായം	72 – 79
☆ ഗതാഗതം	80 – 93
☆ ഊർജ്ജം	94 – 103
☆ ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും	104 – 110
☆ സംസ്ക്കാരം	111 – 116
☆ വനിതാക്ഷേമം	117 – 120
☆ സഹകരണ മേഖല	120 – 121
☆ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	122 – 127
☆ വിഭവസമാഹരണം	128–140
☆ ഉപസംഹാരം	141

ആമുഖം

എടത്വാ ഗ്രാമപഞ്ചായത്ത്

(സ്പെഷ്യൽ ഗ്രേഡ്)

ദേശീയ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിൽ നാളിതുവരെ സ്വീകരിച്ചു പോന്ന വികസന സമീപനത്തിൽ മാറ്റം വരുത്തിക്കൊണ്ട് ഈ കൊച്ചുകേരളം ഒമ്പതാം പദ്ധതി, ജനകീയ പദ്ധതി എന്ന മുദ്രാവാക്യവുമായി ഇന്ത്യയൊട്ടാകെ മാതൃകയാകുകയാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ പ്രാദേശിക വികസന പ്രശ്നങ്ങളും സാധ്യതകളും ഉൾക്കൊള്ളിക്കുക എന്ന വർദ്ധിച്ച ഉത്തര വാദിത്വം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ഏറ്റെടുത്തി രിക്കുകയാണല്ലോ. ഘട്ടം ഘട്ട മായി , പരിശീലന പരിപാടികളിലൂടെ യും വിപുലമായ ഗ്രാമസഭകളിലൂടെയും ചർച്ച കളി ലൂടെയും എടത്വായുടെ വികസന ത്തിന്റെ വെല്ലു വിളികളും സാധ്യതകളും ജനകീയ കാഴ്ച പ്പാടിലൂടെ ഈ വികസന രേഖയിൽ ക്രോഡീകരിച്ചിരിക്കുയാണ് . ആസൂത്രണത്തിലും നടത്തി പ്പിലും ജനങ്ങ ളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പു വരുത്തി ക്കൊണ്ട് കക്ഷി രാഷ്ട്രീയത്തിനതീതമായി , ജാതിമത ഭേദമെന്യേ ഒരു പുത്തൻ വികസന രാഷ്ട്രീയത്തിന്റെ കൈത്തിരിയുമായ് ഈ സംസ്ഥാനം മുന്നേറുക തന്നെ ചെയ്യും.

ജനകീയാസൂത്രണം എടത്വായിൽ

9-ാം പഞ്ചവത്സര പദ്ധതിയെ ജനകീയ പദ്ധതിയാക്കികൊണ്ടുള്ള ഉദ്ഘാടനവും പ്രഖ്യാപനവും ചിങ്ങം1 ന് തിരുവനന്തപുരത്ത് ബഹു: മുഖ്യമന്ത്രി ശ്രീ. ഇ. കെ നയനാർ നടത്തിയതിനു പിന്നാലെ ഒന്നാം ഘട്ട പരിശീലനം സംസ്ഥാന തലത്തിലും (K.R.P) ജില്ലാ തലത്തിലും (D.R.P) നടന്നു. ആലപ്പുഴ ജില്ല യിലെ പരിശീലനം ആലപ്പുഴ ടൗൺ ഹാളിൽ 10-9-96 മുതൽ 12-9-96 വരെ

നടന്നു. അതിൽ പങ്കെടുത്തത് പി. ആർ. വിജയരാഘവൻ (കൺവീനർ) ടി.ജെ മാത്യു., പി. കെ സദാനന്ദൻ, വി. ജെ. ജോസഫ് , ചെറിയാൻ തോമസ് എന്നിവരായിരുന്നു .പഞ്ചായത്ത് പ്രസിഡൻറ് , വൈസ് പ്രസിഡൻറ്, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ എന്നിവരും പരിശീലന ക്ലാസിൽ പങ്കെടുത്തു.

പഞ്ചായത്തടിസ്ഥാനത്തിൽ 19-9-96-ൽ ഏകദിന പരിശീലന ക്യാമ്പ് നടന്നു.ഈ പരിശീലന പരിപാടി യിൽ ഉദ്യോഗസ്ഥർ ഉൾപ്പെടെ 95 പേർ പങ്കെടുത്തു. പഞ്ചായത്തടിസ്ഥാന ത്തിൽ പരിശീലനം ലഭിച്ചവർ പിന്നിട് വിശേഷാൽ ഗ്രാമസഭ കൾക്ക് നേതൃത്വം നൽകി.

രണ്ടാംഘട്ട ജില്ലാതല പരിപാടി 8-11-96 വരെ അമ്പലപ്പുഴ ലുബിനാ ടൂറിസ്റ്റു ഹോമിൽ നടന്നു. രണ്ടാം ഘട്ട പരിശീലനത്തിൽ ഒന്നാം ഘട്ടപരിശീലനം കിട്ടിയവരെ കൂടാതെ പഞ്ചായത്തു സെക്രട്ടറിയും പ്രൊഫ:മാത്യു ജോർജ് എന്നിവരും ഉണ്ടായിരുന്നു. രണ്ടാംഘട്ട പരിശീലനം നേടിയവരും കൂടാതെ പ്രൊഫ: കെ.ജെ ജോസഫ്ും വികസനരേഖതയ്യറാക്കാൻ സഹായിച്ചു.

വിശേഷാൽ ഗ്രാമസഭകൾ

ജനകീയാസൂത്രണത്തിൻെറ കാതൽ എന്ന നിലയിൽ താഴെപറയുന്ന 10 വിശേഷാൽ ഗ്രാമസഭകൾ നടത്തപ്പെട്ടു.പട്ടിക കാണുക

തുടർപ്രവർത്തനങ്ങൾ

ഗ്രാമസഭകളുടെ തുടർച്ചയായി പഞ്ചായത്തു വികസന രേഖ തയ്യാറാക്കുന്നതിനായി വിവിധ സർവ്വേകളിലൂടെ പ്രാഥമിക വിവരങ്ങൾ ശേഖരിച്ചു.

വാർഡ്	സ്ഥലം	തീയതി	പങ്കെടുത്തവർ	
			സ്ത്രീകൾ	പുരുഷൻമാർ
1	ഹോളീ എയ്ഞ്ചൽ ഇംഗ്ലീഷ് സ്ക്കൂൾ	12 -10 -96 ശനി	144	196
2	S.M.S.S.L.P.S പാണ്ടങ്കരി	2 - 10 -96 ബുധൻ	92	99
3	ഗവ: സൗത്ത് L.P.S കോഴിമുക്ക്	2 - 10 -96 ബുധൻ	192	230
4	വെളുത്തേടത്തു റേഷൻ കടയ്ക്കു സമീപം	6 - 10 - 96 ഞായർ	69	159
5	സെൻറ് സേവ്യേഴ്സ് L.P.S പച്ച	13 - 10 -9 6 ഞായർ	26	211
6	സെൻറ് ആൻറണീസ് L.P.S തായങ്കരി	29 - 9 - 96 ഞായർ	12	87
7.	ഗവ: H.S.കെടുപ്പുന	29 - 9 - 96 ഞായർ	85	161
8.	ഗവ: L.P.S. ചങ്ങംങ്കരി	13 - 10 - 96 ഞായർ	82	179
9.	ദേശാഭിമാനി വായനശാല അമ്പ്രമൂല	6 - 10 - 96 ഞായർ	45	141
10.	സെൻറ് അലോഷ്യസ് ഹൈസ്കൂൾ, എടത്വാ	12 - 10- 96 ശനി	161	185
		ആകെ	908	1648

നവംബർ 1. പുനരർപ്പണ ദിനം

ജനകീയാസൂത്രണം സാർഥകമാക്കുന്ന ബഹുജന പങ്കാളിത്തം വ്യക്തമാക്കികൊണ്ട് സംസ്ഥാന ഗവൺമെൻറിൻെറ നിർദ്ദേശ മനുസരിച്ച് 1996 നവംബർ 1 കേരള പിറവിദിനം പുനരർപ്പണ ദിനമായി ആചരിക്കുകയും താഴെപറയുന്ന വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

ഏറ്റെടുത്തനിർമ്മാണ പ്രവർത്തനങ്ങൾ	എസ്റ്റിമേറ്റുതുക	പൊതുജനവിഹിതം	പഞ്ചായത്തിൽനിന്നും ലഭിക്കുന്ന തുക
1. മങ്ങാട്ടുചിറയിൽ കുളിക്കടവ് W I	10000 /-	3500/-	6500 /-
2. പാലക്കളത്തിൽ കുളിക്കടവ് W I	6100 /-	1900 /-	4200/-
3. തോട്ടത്തിൽ കല്ലുപ്പറമ്പിൽ കുളിക്കടവ് W	I6900 /-	2100 /-	4800 /-
4. പുതുപ്പുരക്കൽ റോഡിൽ അട്ടിച്ചിറഭാഗത്ത് (തയ്യിൽ) കലുങ്ക് WII	30000 /-	10000 /-	20000 /-
5. നായത്തുപടി കലുങ്ക് W III	19952 /-	7000 /-	12952 /-
6. വേണാട്ടുതോട്ടിൽ കലുങ്ക് W IV	41650 /-	15000 /-	26650 /-
7. വള്ളപ്പുരക്കൽ കലുങ്കിന് അപ്രോച്ച് കെട്ടിമണ്ണുനിറക്കൽ W V	4400 /-	1500 /-	2900/-
8. എരിവേലിൽ തോട്ടിൽ പാലം നിർമ്മിക്കൽ W V	24300/-	8500/-	15800 /-
9. കറുകയിൽ പടിയിൽ പാലം നിർമ്മിക്കൽ W VI	24000 /-	8000 /-	16000 /-
10. ചീറമേൽ നിന്നും കിഴക്കേ കരയിലേയ്ക്ക് കലുങ്ക് W VII	25197 /-	8500 /-	16697 /-
11. കെഴുപ്പക്കളം തോട്ടിൽ പാലം നിർമ്മിക്കൽ W VIII - IX	78000/-	38000/-	40000/-
12. ഇലക്ട്രിസിറ്റിഓഫീസിനു മുൻവശം കുളിക്കടവ് W X	6900 /-	2500/-	4400/-
13. മാങ്കുഴിക്കടവിൽ കുളിക്കടവ് W X	3100/-	100/-	2100/-
ആകെ	280499	107500	172999

നവംബർ 1. പുനരർപ്പണ ദിനം



നിർമ്മാണപ്രവർത്തനങ്ങളുടെ ഉത്ഘാടനം
നടത്തുന്ന പബ്ലിക് മാരക്കറ്റിൽ ബഹുമാനപ്പെട്ട
പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി മണ്ണോം ഇരുത്തിൽ
നിർവ്വഹിക്കുന്നു.



1996 നവംബർ ഒന്ന് എടത്വാ ഗ്രാമ പഞ്ചായത്ത് വികസനത്തിനുവേണ്ടി പുന രർപ്പണദിനമായി കൊണ്ടാടി.

1996 നവംബർ 1 സംസ്ഥാനത്തിന്റെ വികസനത്തിന് വേണ്ടിയുള്ള പുനരർ പ്പണദിനമായിആചരിക്കുന്നതിന്റെ ഭാഗ മായി എടത്വാ ഗ്രാമപഞ്ചായത്ത് എല്ലാ വാർഡുകളിലും പൊതുജന പങ്കാളിത്തത്തോ ടുകൂടി താഴെപ്പറയുന്ന നിർമ്മാണ പ്രവർത്ത നങ്ങൾ നടത്തിവരുന്നു. പഞ്ചായത്തുതല ഉദ്ഘാടനം നവംബർ 1-ാം തീയതി രാവിലെ 10 മണിക്ക് ബഹു: പഞ്ചായത്തുപ്രസിഡന്റ് ശ്രീ. ബാബു മണ്ണാം തുരുത്തിൽ എടത്വാ പബ്ലിക്ക് മാർക്കറ്റിൽ നിർവ്വഹിച്ചു .ആയ തിന് 39365/- രൂപ ചിലവും ജനപങ്കാളി ത്തത്താൽ പിരിച്ചെടുത്ത തുക 1867 /- രൂപ യും ആയിരുന്നു. വാർഡുകളിലെ നിർമ്മാണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം അന്നേ ദിവസം പകൽ 10 മണിക്ക് ബഹു: വാർഡു മെമ്പർമാർ നിർവഹിച്ചു.നിർമ്മാണപ്രവർ ത്തനങ്ങളിൽ ദേശ സ്നേഹികളായ നാട്ടു കാരുടെ സഹായ സഹകരണങ്ങൾ ഉണ്ടായി രുന്നു.

പഞ്ചായത്തിലെ സ്ഥാപനങ്ങൾ

1.ഗവ: എൽ . പി. സ്കൂൾ, ചങ്ങംങ്കരി

2. ഗവ: എൽ . പി. സ്കൂൾ, കോഴിമുക്ക്

3. സെൻറ് മേരീസ് എൽ . പി. സ്കൂൾ, എടത്വാ

4. എസ്. എം. എസ് എൽ . പി. സ്കൂൾ,

5. സെൻറ് ആൻറണിസ് എൽ . പി. സ്കൂൾ, തായംങ്കരി

6. സെൻറ് അലോഷ്യസ് എൽ . പി. സ്കൂൾ, എടത്വാ

7.ടോംസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ , എടത്വാ

8. ഹോളി എയിഞ്ചൽഇംഗ്ലീഷ് സ്കൂൾ , എടത്വാ

9. ഡി. ബി. യു. പി. സ്കൂൾ, ചങ്ങംങ്കരി

10. സെൻറ് സേവ്യേഴ്സ് യു. പി. സ്കൂൾ, പച്ച

11. ഗവ: ഹൈസ്കൂൾ, കൊടുപ്പുന്ന

12.സെൻറ്. അലോഷ്യസ് ബോയ്സ് ഹൈസ് കൂൾ, എടത്വാ

13. സെൻറ് മേരീസ് ഗേൾസസ് ഹൈസ്കൂൾ, എടത്വാ

14. ലൂർദ്ദ് മാതാ ഹൈസ്കൂൾ, പച്ച

15. സെൻറ് അലോഷ്യസ് കോളേജ്, എടത്വാ

16. പയസ്സ് ടെൻത് ഐ.റ്റി.സി, എടത്വാ

17. കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, എടത്വാ

18. സെൻറ് ആൻറണിസ് ഹോസ്പിറ്റൽ, തായംകരി

19. ഫെലോഷിപ്പ് ഹോസ്പിറ്റൽ, എടത്വാ

20. ഗവ: ഹോമിയോ ഡിസ്പൻസറി, കൊടുപ്പുന്ന

21.ഡോ: ശ്രീനിവാസൻ മെമ്മോറിയൽ ഹോസ്പിറ്റൽ, എടത്വാ

22. മൃഗാശുപത്രി , എടത്വാ

23. ബാങ്ക് ഓഫ് ബറോഡാ, എടത്വാ

24. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ, എടത്വാ

25. ഇൻഡ്യൻ ഓവർസീസ് ബാങ്ക്, എടത്വാ

26. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എടത്വാ

27. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, എടത്വാ

28. എസ്. സി. ബി. നമ്പർ . 41, കൊടുപ്പുന്ന

29. എസ്. സി. ബി. നമ്പർ . 13, എടത്വാ

30. എസ്. സി. ബി. നമ്പർ . 1430, പച്ച - ചെക്കിടിക്കാട്

31. സിവിൽസപ്ലൈസ് കോർപ്പറേഷൻ,സബ് ഡിപ്പോ എടത്വാ യൂണിറ്റ്
32. ഇലക്ട്രിക്കൽ മേജർ സെക്ഷൻ, എടത്വാ
33. സ്റ്റേറ്റ് വെയർ ഹൗസ്, എടത്വാ
34. പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് സെക്ഷൻ, എടത്വാ
35. പി.ഡബ്ല്യൂ.ഡി ബ്രിഡ്ജസ് സെക്ഷൻ എടത്വാ
36. പി.ഡബ്ല്യൂ.ഡി റോഡ്സ് സെക്ഷൻ എടത്വാ
37. കേരളാ വാട്ടർ അതോറിറ്റി സെക്ഷൻ, എടത്വാ
38. കേരളാ വാട്ടർ അതോറിറ്റി പി. എച്ച്. സബ് ഡിവിഷൻ, എടത്വാ
39. ഗ്രാമപഞ്ചായത്ത് ആഫീസ്, എടത്വാ
40. വില്ലേജ് ആഫീസ്, എടത്വാ
41. വില്ലേജ് എക്സ്റ്റെൻഷൻ ആഫീസ്, എടത്വാ
42. ജലഗതാഗത വകുപ്പ് എടത്വാ സ്റ്റേഷൻ
43. കൃഷിഭവൻ, എടത്വാ
44. പോലീസ് സ്റ്റേഷൻ, എടത്വാ
45. സബ് ട്രഷറി, എടത്വാ
46. സെയിൽസ് ടാക്സ് ആഫീസ്, എടത്വാ
47. പോസ്റ്റാഫീസ്, എടത്വാ
48. ടെലിഫോൺ എക്ചേഞ്ച്, എടത്വാ
49. ഐ.സി. ഡി. പി സബ്സെൻറർ എടത്വാ

ജനകീയാസൂത്രണത്തിൻെറ അടുത്ത ഘട്ട പ്രവർത്തനങ്ങൾ മുന്നേറുകയാണ്. നൂറ്റാണ്ടിൻെറ സാംസ്കാരിക പൈതൃകം കൈമുതലായുള്ള എടത്വായിൽ പ്രതിഭകൾ കാലഭേദമില്ലാതെ നമ്മുക്കുണ്ടായിരുന്നു. സാമൂഹ്യ രാഷ്ട്രിയ രംഗത്ത് വർഗീസ്സ് അഗസ്റ്റിനെപ്പോലെയും കലാസാഹിത്യ രംഗത്ത് പി. കെ. പരമേശ്വരൻ നായരെപ്പോലെയും വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ കെ.സി. ജോസഫ് സാറിനെപ്പോലെയും ലോക പ്രശസ്ത കുട്ടനാടൻ ചുണ്ടൻ വള്ളങ്ങളുടെ രാജശില്പികോയിൽ മുക്കു നാരയണൻ ആചാരിയെപ്പോലെയും ഉള്ളവർ മുൻകാലങ്ങളിൽ ഈ പ്രദേശ ത്തിൻെറ സമ്പത്തായിരുന്നെങ്കിൽ കാർഷിക ഗവേഷണരംഗത്ത് അഖിലേന്ത്യാ അംഗീകാരം നേടിയ ഡോഃ ലീനാകുമാരി, ഒളിംപിക്സ് നീന്തൽ താരം സെബാസ്റ്റ്യൽ സേവ്യർ എന്നിവർ ഈ നൂറ്റാണ്ടിൻെറ പ്രതീക്ഷകളാണ്. എടത്വായുടെ മനുഷ്യ ശക്തിയും പ്രാദേശീക വിഭവങ്ങളും ഈ പ്രദേശ ത്തിൻെറ വികസനത്തിന് മുതൽകൂട്ടാകും എന്നുറപ്പുണ്ട്.

ചരിത്രം

എടത്വാ ഗ്രാമപഞ്ചായത്ത്

കിഴക്കോട്ട് കടപ്ര, നിരണം മുതലായ സ്ഥലങ്ങൾ വരെ സമുദ്രം വ്യാപിച്ചിരുന്ന ചരിത്രാതീതകാലത്ത് സമുദ്ര നിരപ്പിൽ നിന്ന് ഏറെ താഴെയായി സ്ഥിതി ചെയ്തിരുന്ന ഈപ്രദേശത്ത് നൂറ്റാണ്ടു കളായി പമ്പയാറിന്റെയും മണിമലയാറി ന്റെയും ശാഖകൾ വഴി വന്നടിഞ്ഞ മണലും എക്കലും ചെളിയും മൂലം ചെറുതുരുത്തുകൾ ഉയർന്നു വന്നു. നദികളുടെ ഗതിക്ക് ഏറെക്കുറെ സ്ഥായീഭാവം വന്നപ്പോൾ മറ്റുപ്രദേശങ്ങളിൽ നിന്ന് ആളുകൾ ഈ തുരുത്തുകളിൽ കുടിയേറി പാർത്തു കൊണ്ട് അനേകനേകം തലമുറകളായി അദ്ധ്വാനശീല രായ തദ്ദേശവാസികൾ ഈ തുരുത്തു കൾക്കിടയിൽ കട്ടകുത്തിയിട്ട് കൂടുതൽ കൂടുതൽ കരപ്രദേശങ്ങൾനിർമ്മിച്ചു.ഇന്നും തുടർന്നു കൊണ്ടിരിക്കുന്ന ഈ പ്രക്രിയയുടെ ഫലമായി ഇവ പാടശേഖര ങ്ങൾക്കിടയിൽ മനുഷ്യനിർമ്മിതമായ ചെറു ദ്വീപുകളായി മാറുകയും നദികളും തോടുകളും നാടിന്റെ സിരാവ്യൂഹമായി ത്തീരുകയും ചെയ്തു.

ആരാധന ആലയങ്ങളുടെ അല്ലെങ്കിൽ കോവിലുകളുടെ സാന്നിദ്ധ്യമായിരിക്കണം ഈ പ്രദേശത്തിനെ കോഴിമുക്ക് (കോവിൽ മുക്ക്) എന്ന പേരു ലഭിക്കുവാൻ കാരണം. അവയിൽ ഏറ്റവും പുരാതനമായത് ഏഴുകര ക്കാർ ചേർന്ന് ചങ്ങംകരിയിൽ നിർമ്മിച്ച ശ്രീ ധർമ്മശാസ്താ ക്ഷേത്രമാണ്. സമീപപ്രദേശ ങ്ങളിലുള്ള മറ്റു ക്ഷേത്രങ്ങൾ എല്ലാം ഇതി ന്റെ ഉപക്ഷേത്രങ്ങളാണെന്നു പറയപ്പെ ടുന്നു.കോഴിമുക്ക് മുറിയിൽ ചെമ്പകശ്ശേരി യിൽ രാജാവിന്റെ വകയായി ഒരു ചെറിയ ക്ഷേത്രവും അതിനു സമീപം ഒരു കൊട്ടാര വും ഒരു വലിയ നെൽപ്പുരയും ഉണ്ടായിരു ന്നത് ആ സ്ഥലത്തിന്റെ പ്രാധാന്യം വർദ്ധി പ്പിച്ചു. ചെമ്പകശ്ശേരി രാജാവിന്റെ മന്ത്രി യായിരുന്ന പാറയിൽ കൊച്ചു മേനവന്റെ വാസസ്ഥലവും ഇവിടെയായിരുന്നു വെന്നാണ് കരുതുന്നത്.

ആധികാരിക രേഖകളിൽ ഈ ഗ്രാമത്തെ പ്പറ്റിയുള്ള ആദ്യ വിവരണം മദ്രാസിലെ സർവ്വേയർ ജനറൽ ആഫീസിനു വേണ്ടി ലഫ്റ്റനൻറുമാരായ വാർഡും കോർണറും ചേർന്ന് 1816 മുതൽ 1820 വരെ നടത്തിയ സാഹസിക സഞ്ചാരത്തിൽ ശേഖരിച്ച വിവര ങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയ സർവ്വേ ഓഫ് ട്രാവൻകൂർ ആൻറ് കൊച്ചിൻ

(Volume II - Part II - Chapter 17) കാണുന്നു. പുരാതനമായ ചങ്ങംകരിക്ഷേത്രം, അതിനു സമീപം ഉണ്ടായിരുന്ന വലിയ നെൽപ്പുര, എടത്വായിലെ റോമൻ കത്തോലിക്കാ പള്ളി, . ആ പള്ളിയിൽ ആണ്ടു തോറും തിരുവതാംകൂറിന്റെ മറ്റു ഭാഗങ്ങളിൽ നിന്ന് ധാരാളം ആളുകൾ വന്നു ചേർന്നിരുന്ന പെരുന്നാൾ എന്നിവയെല്ലാം ആംഗേലയ നിരീക്ഷകരുടെ സവിശേഷശ്രദ്ധ പടിച്ചു പറ്റി.ജനങ്ങളെപ്പറ്റിയും അവർ പ്രതിപാദിക്കുന്നുണ്ട് ക്ഷേത്രത്തിനടുത്ത് കുറച്ചു ബ്രാഹ്മണൻമാരും, കൊങ്കിണി മാരും, നായൻമാരും.

ഒട്ടകലെ ധാരാളം മാപ്പിളമാരും (നസ്രാണികളും) അതിലും അകലെ ചാന്നാൻമാരും പുലയരും ഇടതിങ്ങി താമസിച്ചിരുന്നു. കൃഷിമാത്രമായിരുന്നു ജനങ്ങളുടെ തൊഴിൽ. പുഞ്ചനിലങ്ങളിൽ വെള്ളം പറ്റിക്കുന്നതിന് നാലില മുതൽ ഇരുപത്തിനാലില വരെയുള്ള ചക്രങ്ങൾ ഉണ്ടായിരുന്നു. രണ്ടോ അതിലധികമോ വർഷങ്ങൾ ഇടവിട്ട് മാറിമാറി നിലങ്ങൾ കൃഷിചെയ്തിരുന്നു. പുറവേലിയുടെ അകവശത്തും കളങ്ങളിലും വിത്തുവിതച്ച് കിളിർക്കുമ്പോൾ നിലങ്ങളിൽ പറിച്ചു നടന്ന രീതിയായിരുന്നു.

സ്ഥിതിഗതികൾ മാറിയത് കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിലാണ്. ഇപ്പോൾ നിലങ്ങൾ തരിശിടുന്നില്ലെന്നു മത്രമല്ല ഒരു വർഷം തന്നെ രണ്ടു കൃഷികൾ നടത്തുന്നു. വിദ്യാഭ്യാസത്തിന് കളരി ആശാൻമാരെ മാത്രം ആശ്രയിച്ചിരുന്ന രീതി മാറി.പ്രൈമറി വിദ്യാലയങ്ങൾ, ഹൈസ്ക്കൂളുകൾ,തൊഴിൽ പരിശീലന സ്ഥാപനങ്ങൾ, ഒന്നാം ഗ്രേഡ് കോളേജ്,' തുടങ്ങിയവ നിലവിൽ വന്നു .പൊതു സ്ഥാപനമായി പ്രവർത്തിക്കച്ചേരി മാത്രമുണ്ടായിരുന്നിടത്ത് പോലീസ് സ്റ്റേഷൻ, തപാലാപ്പീസ്, ടെലിഫോൺ എക്സേചേഞ്ച്,ആശുപത്രികൾ, ബാങ്കുകൾ, തുടങ്ങി 53 ൽപരം സ്ഥാപനങ്ങൾ ഇപ്പോൾ ഉണ്ട്.

എടത്വായിൽനിന്ന് റോഡുമാർഗ്ഗം പടിഞ്ഞാറ് അമ്പലപ്പുഴയ്ക്കും കിഴക്ക് തിരുവല്ലയ്ക്കും മോട്ടോർ വാഹനങ്ങളിൽ സഞ്ചരിക്കാം. ബോട്ടിലും ബസ്സിലും സഞ്ചരിക്കാം.ധാരാളം വിപണന ശാലകൾ ആവിർഭവിച്ചു. ഇപ്രകാരം കുട്ടനാടിന്റെ വൈജ്ഞാനിക സാംസ്കാരിക തലസ്ഥാനവും വാണിജ്യവ്യവസായിക സിരാകേന്ദ്രവുമായി വളർന്നതിന്റെ പിന്നിൽ എടത്വാ പള്ളികാര്യത്തിലെ നേതൃത്വവും ആസൂത്രണ വൈദഗധ്യവും കാണുവാൻ കഴിയും. വെള്ളാപ്പള്ളി മേനവൻമാരുടെ സംഭാവനയാണ് പള്ളിയിരിക്കുന്ന സ്ഥലം എന്നത് മത സൗഹാർദ്ദത്തിന് മകുടോദാഹരണമാണ്.

ഇപ്പോൾ നൂറുവർഷം പിന്നിട്ടു കഴിഞ്ഞതും നാലു ശതാബ്ദത്തിലേറെ കാലം കുട്ടനാട്ടിലെ ഏക ഇംഗ്ലീഷ് ഹൈസ്ക്കൂളുമായിരുന്ന സെന്റ് അലോഷ്യസ് ഹൈസ്ക്കൂൾ, ഏറെ പഴക്കമുള്ള പ്രൈമറി സ്ക്കൂളുകൾ, സെന്റ് മേരീസ് ഹൈസ്ക്കൂൾ, മൂന്നു ദശാബ്ദങ്ങൾക്കു മുമ്പ് സ്ഥാപിതമായ സെന്റ് അലോഷ്യസ് കോളേജ്,' ഇവ സ്ഥാപിക്കുകയും പയസ് ടെൻത് ഐ. റ്റി. സി സ്ഥാപിക്കുന്നതിനുസ്ഥലവും ധനസഹായവും നൽകുകയും വഴി എടത്വായിലും സമീപപ്രദേശങ്ങളിലും ധാരാളം ആളുകൾക്ക് വിദ്യാഭ്യാസവും വിവിധ സേവന മേഖലകളിൽ ജോലി സാദ്ധ്യതയും സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള പ്രാപ്തിയും കൈവന്നു .ഇവയ്ക്കു പുറമേ സഹകാര്യ വ്യക്തികളുടേതായ ധാരാളം പരിശീന സ്ഥാപനങ്ങളും ഉണ്ട്.

എടത്വായുടെ ഹൃദയഭാഗമായി ഇന്നു കാണുന്ന കിഴക്കോട്ട് പള്ളിപാലം മുതൽ ഏതാണ്ട് ബേബി തീയേറ്ററിനു പടിഞ്ഞാറുവശം വരെയും തെക്കോട്ട് സർക്കാർ ആശുപത്രി വളപ്പുൾപ്പെടെ ആറിനുകിഴക്കും

വടക്കുമായിട്ടുള്ള സ്ഥലം ഒന്നര ദശാബ്ദത്തിനു മുമ്പ് പള്ളിയുടെ കൈവശം വന്നു ചേർന്നിരുന്നുവെങ്കിലും ആശുപത്രി ഇരിക്കുന്ന സ്ഥലം മാത്രമേ അന്നു പുരയിടമായിരുന്നുള്ളൂ.മറ്റു ഭാഗങ്ങൾ പള്ളികാരുത്തിൽ നിന്ന് ഘട്ടം ഘട്ടമായി നികത്തി വിവിധ പൊതുസ്ഥാപനങ്ങൾക്കും വിവപണനശാലകൾക്കും സ്ഥലം ലഭ്യമാക്കുകയായിരുന്നു. 1919 ൽ ആദ്യമായി അഞ്ചലാപ്പീസ് സ്ഥാപിക്കുവാൻ വേണ്ടി വാടക കൂടാതെ പള്ളികാരുത്തിൽ നിന്ന് നൽകുകയായിരുന്നു. എഴുപതോളം വർഷങ്ങൾക്കു മുമ്പ് സർക്കാർ ആശുപത്രിക്കുവേണ്ടി 50 സെൻറ് സ്ഥലം പള്ളികാരുത്തിൽനിന്ന് സംഭാവനയായി നൽകുകയും അവിടെ കെട്ടിടം നിർമ്മിക്കുന്നതുവരെ പ്രവർത്തിക്കുവാൻ മറ്റൊരു കെട്ടിടം വിട്ടുകൊടുക്കയും ചെയ്തതു കൊണ്ടാണ് സർക്കാർ ആശുപത്രി എടത്വായിൽ ഉണ്ടായത്. പോലീസ് സ്റ്റേഷൻ, വില്ലേജ് ആഫീസ്, ടെലിഫോൺ എക്സ്ചേഞ്ച് ഇവ പള്ളി കെട്ടിടങ്ങളിലായിരുന്നു.ഇപ്പോൾ പഞ്ചയത്താഫീസ് സ്ഥിതിചെയ്യുന്ന സ്ഥലം പള്ളി വിട്ടുകൊടുത്തതാണ്.ഇലക്ട്രിസിറ്റി ആഫീസ്, കൃഷി വികസന ആഫീസ്, വേയർ ഹൗസ്, മാവേലിസ്റ്റോർ എന്നി പൊതു സ്ഥാപനങ്ങളുംസ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ,ബാങ്ക് ഓഫ് ബറോഡാ, ഇൻഡ്യൻ ഓവർസിസ് ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് ഇവയ്ക്കാവശ്യമായ കെട്ടിടങ്ങൾ ലഭ്യമാക്കിയതും പള്ളികാരുത്തിൽ നിന്നാണ്.

ശ്രദ്ധേയരായ ചില വ്യക്തികൾ

ഒരു പൊതു പ്രവർത്തകൻ, സെൻറ് അലോഷ്യസ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ, കോഴിമുക്ക് പഞ്ചായത്ത് പ്രസിഡൻറ് എന്നിങ്ങനെ വിവിധ നിലകളിൽ അരനൂറ്റുണ്ടു കാലം രംഗത്തുണ്ടായിരുന്ന ഒരു വ്യക്തിയാണ് കളപ്പുരയ്ക്കൽ കെ. സി. ജോസഫ് സാർ. 1927 ൽ സെൻറ് അലോഷ്യസ് ഹൈസ്ക്കൂളിൻെറ രജത ജൂബിലി ആഘോഷവേളയിൽ ദിവാൻ മി. എം.ഈ വാട്ട്സിന് എടത്വായിൽ ഒരു ആശുപത്രി ആവശ്യപ്പെട്ട് നിവേദനം നൽകുകയും ദിവാൻജിയുടെ നിർദ്ദേശപ്രകാരം സർ ഇൻ. ജനറൽ ഡോ: രാമൻ തമ്പിയെ എടത്വായിലേക്ക് ആനയിച്ച് ആവശ്യകത ബോധ്യപ്പെടുത്തി ആശുപത്രിക്ക് അനുവാദം സമ്പാദിക്കുകയും ചെയ്തത് അദ്ദേഹമാണ് . തുടർന്ന് ധനസമാഹരണത്തിന് നേതൃത്വം നൽകി ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് ആശുപത്രി ഒരു യാഥാർത്ഥ്യമാക്കുകയയും ചെയ്തു. 1114ൽ ഉത്തരവാദിത്വ ഭരണത്തിനു വേണ്ടി യുള്ള പ്രക്ഷോഭണകാലത്ത് സമീപ ഗ്രാമങ്ങളിലെ രാഷ്ട്രീയ നേതാക്കളായിരുന്ന സർവ്വശ്രീ .കെ. കെ. കുഞ്ചു പിള്ള ആർ. ശങ്കരനാരയണൻ തമ്പി, ഈ . ജോൺ. ഫിലിപ്പോസ് , വർഗീസ് അഗസ്റ്റിൻ എന്നിവരോടെപ്പം സമരം ചെയ്ത സർവ്വശ്രീ പിടികയിൽ കുട്ടപ്പൻ, ജോസഫ് പുന്നാപാടം, ഊരാംവേലിൽ കൊച്ചുകുട്ടി എന്നിവർ കുട്ടനാട്ടിലെ ജനങ്ങളെ ആവേശം കൊള്ളിച്ച സ്വാതന്ത്ര്യ സമര ഭടൻമാരായിരുന്നു.സി. വി. രാമൻപിള്ള, പി.കെ. നാരായണപിള്ള തുടങ്ങിയവരുടെ ജീചരിത്ര രചന വഴി ജീവചരിത്ര ശാഖയിൽ ഒരു പുതിയ പന്ഥാവ് വെട്ടിതുറക്കുകയും ഭാവപ്രധാനവും നിഷ്പക്ഷമെന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള സാഹത്യനിരൂപണം വഴി മലയാള സാഹിത്യത്തിന് വിലപ്പെട്ട സംഭാവന ചെയ്ത ശ്രീ. പി. കെ. പരമേശ്വരൻ നായർ കോഴിമുക്കു സ്വദേശിയായിരുന്ന റേഡിയോ അമ്മാവൻ എന്നറിയപ്പെട്ടിരുന്ന ശ്രീ.പി.കെ. വീരരാഘവൻ നായരും, ലോകപ്രശസ്തമായ ചുണ്ടൻ വള്ളങ്ങളുടെ കോഴിമുക്ക് നാരയണൻ ആചാരിയും ഈ ഗ്രാമത്തിൻെറ സംഭാവനയാണ്. എടത്വാ-പൊടിയാടിറോഡ് ഗതാഗതയോഗ്യമാക്കികിട്ടുന്നതിലേക്ക് 1945 ൽ ഗ്രാമോദ്ധാരണ സമിതിയുടെ പ്രസിഡൻറ് എന്ന നിലയിൽ

ദിവാൻ സർ സി. പി. രാമസ്വാമി അയ്യർക്ക് ഫലപ്രദമായി നിവേദനം നൽകിയ റിട്ടേയർഡ് സ്ക്കൂൾ ഇൻസ്പെക്ടർ കരിമ്പറമ്പിൽ ശ്രീ. കെ. ജെ. ജോർജ് പ്രസ്തുത റോഡിന്റെ പണി അതിവേഗം പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കിയ ചീഫ് എൻജിനിയർ ശ്രീ. ഐ. സി. ചാക്കോ ഇല്ലമ്പള്ളിൽ ആദ്യമായി എടത്വാ -തിരുവല്ലാ റൂട്ടിൽ ബസ് സർവ്വീസ് തുടങ്ങു കയും പഞ്ചായത്ത് പ്രസിഡൻറ് എന്ന നിലയിൽ പല ഗ്രാമീണ റോഡുകൾ തുറക്കുകയും ചെയ്ത ശ്രീ. ഐ. സി. ജോൺ ഇല്ലമ്പള്ളിൽ പഞ്ചാ യത്ത് പ്രസിഡൻറ് എന്ന നിലയിൽ സബ് ട്രഷറി സെയിൽസ് ടാക്സ് ആഫീസ് എന്നിവ സ്ഥാപിച്ചുകിട്ടുന്നതിന് യത്നിക്കുകയും അവയ്ക്കാവശ്യമായ മുറികൾ സ്വന്തം കെട്ടിട ത്തിൽ നൽകുകയും ചെയ്ത ശ്രീ. തോമസ് വി. ചിറയിൽ എന്നിവർ സ്മരണീയർ ആണ്.

ഭരണ ചരിത്രം

ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിയെ ത്തുടർന്ന് ഇവിടെ നിലവിൽ വന്ന വില്ലേജ് യൂണിയൻ ഇന്നത്തെ പഞ്ചായത്തിന്റെ ആദ്യ കാലരൂപമായിരുന്നു. അന്ന് വില്ലേജി ന്റെയും വില്ലേജ് യൂണിയന്റെയും പേര് കോഴിമുക്ക് എന്നായിരുന്നു. 1953 ൽ വില്ലേജ് യൂണിയന്റെ സ്ഥാനത്ത് പഞ്ചാ യത്ത് നിലവിൽ വന്നു. കുറെവർഷങ്ങൾക്കു ശേഷം കോഴുമുക്ക് പഞ്ചായത്ത് എന്നത് എടത്വാ പഞ്ചായത്ത് എന്നും പിന്നെയും ഏതാനും വർഷങ്ങൾക്കുശേഷം കോഴു മുക്കു വില്ലേജ് എന്നത് എടത്വാ വില്ലേജ് എന്നും പുനർനാമകരണം ചെയ്യപ്പെട്ടു. 1956 ൽ നടപ്പാക്കിയ പുന:സംവിധാനത്തിനു ശേഷം 8 വാർഡുകൾ ഉള്ള ഈപഞ്ചായ ത്ത് കുട്ടനാടു താലൂക്കിൽ ഉൾപ്പെടുന്നു. ഇന്ന് അത് 10 വാർഡുകളുള്ള ഒരു സ്പെഷ്യൽ ഗ്രേ ഡ് പഞ്ചായത്താണ്.

വില്ലേജ് യൂണിയന്റെ ആദ്യത്തെ പ്രസി ഡൻറ് റിട്ടേയേർഡ് കൃഷി ഇൻസ്പെക്ടർ പുളിക്കത്ര ശ്രീ. എം. സി. ജോർജ്ജ് ആയി രുന്നു. പിന്നീട് റിട്ടേയേർഡ് അക്കൗണ്ടൻറ് ജനറൽ ശ്രീ. കെ. ജെ. ചെറിയാൻ കരിമ്പറ മ്പിൽ ശ്രീ. പി. സി. ജോസഫ് പുത്തൻപറ മ്പിൽ എന്നിവർ പ്രസിഡൻറുമാർ ആയി രുന്നു.

1952 ൽ പ്രായപൂർത്തി വോട്ടവകാശ ത്തിന്റെഅടിസ്ഥാനത്തിൽ രഹസ്യ ബാലറ്റ് സമ്പ്രാദയത്തിൽ വോട്ടെടുപ്പു നടന്നു. തുടർന്ന്പി. സി. ജോസഫ്തന്നെ പഞ്ചായത്ത് പ്രസിഡൻറായി തെരെഞ്ഞെടുക്കപ്പെട്ടെ ങ്കിലും 1956 ൽ അദ്ദേഹം സ്ഥാനമൊഴിഞ്ഞു. അപ്പോൾ ശ്രീ. കെ. സി ജോസഫ് കളപ്പുര യ്ക്കൽ പ്രസിഡൻറായി ഐകൃകണേഠ്ന തിരഞ്ഞെടുക്കപ്പെടുകയും 1961 വരെ തൽസ്ഥാനത്ത് തുടരുകയും ചെയ്തു . 1963 ലെ തിരഞ്ഞെടുപ്പിനെ തുടർന്ന് അധികാര ത്തിൽ വന്ന പഞ്ചായത്തിന്റെ കാലാവധി 1978 വരെയായിരുന്നു.ആകാലയളവിൽ ആദ്യം ശ്രീ. കെ.റ്റി. വർഗീസ് കാടാത്തുകള ത്തിലും പിന്നീട് ശ്രീ.ഐ.സി. ജോൺ ഇല്ലമ്പള്ളിയും പ്രസിഡൻറുമാരായിരു ന്നു.പിന്നീട് തിരഞ്ഞെടുപ്പു നടന്നത് 1980-ൽ ആണ് 1988 വരെ അധികാരത്തിലു ണ്ടായിരുന്ന പഞ്ചായത്ത് സമിതിയുടെ അദ്ധ്യക്ഷൻശ്രീ. തോമസ് വി. ചിറയിൽ ആയി രുന്നു. 1989 ൽനടന്ന തിരഞ്ഞെടുപ്പിനെ തു ടർന്ന് ശ്രീ. കെ. ഒ. ജോർജ് പഞ്ചായത്ത് പ്രസിഡൻറായി സ്ഥാനമേറ്റു. അടുത്ത തിരഞ്ഞെടുപ്പ് 1995 ൽ നടന്നു . വിപുലമായ അധികാരത്തോടെ പുതിയ ഗ്രാമപഞ്ചായത്ത് ഭരണമേറ്റു. ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. തോമസ് ദേവസ്യ.(ബാബു മണ്ണാംതുരുത്തിൽ)ആണ്.

ഭൂപ്രകൃതിയും വിഭവങ്ങളും

കേരളത്തിന്റെ ഭൂതലപ്രകൃതിയെ മൂന്നു വിഭാഗങ്ങളായി കണക്കാക്കിയിട്ടുണ്ട്. മലനാട് , ഇടനാട് , തീരപ്രദേശം. പശ്ചിമ ഘട്ടവും അതിന്റെ താഴ്വാരപ്രദേശവുമാണ് മലനാട്. സമുദ്രതീരത്തോട് ചേർന്ന സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 8 മീറ്റർ വരെ ഉയർന്ന പ്രദേശമാണ് തീരപ്രദേശം. ഭൂമിയുടെ കിടപ്പ് ഏതാണ്ട് നിരപ്പായതിനാൽ സമതലപ്രദേശത്തിലാണ് കുട്ടനാടു സ്ഥിതി ചെയ്യുന്നത്. കുട്ടനാടിന്റെ ഉയർന്ന ഭൂപ്രദേശമായ അപ്പർ കുട്ടനാട് മേഖലയിലാണ് എടത്വാ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് സമുദ്ര നിരപ്പിൽ നിന്ന് 0.3 മീറ്റർവരെ താഴ്ന്ന ഭൂപ്രദേശമാണിത്. ഭൂമിയുടെ കിടപ്പനുസരിച്ച് പൂർണ്ണമായും ഈ മേഖലയെ സമതല പ്രദേശമായി കണക്കാക്കാം.കുന്നുകളോ ചെരിവുകളോ ഉള്ള പ്രദേശം ഇവിടെ ഇല്ല. ചരിത്രാതീതകാലത്ത് സമുദ്രനിരപ്പിൽ നിന്ന് ഏറെ താഴെയായിരുന്ന ഈ പ്രദേശം പമ്പാ, അച്ചൻ കോവിൽ, മണിമല എന്നീ നദികളിലൂടെ ഒഴുകിയെത്തിയ മണലും എക്കലും ചേർന്ന് ഉയർന്നുവന്ന പ്രദേശമാണ്. വർദ്ധിച്ചു വന്ന ജീവിതാവശ്യങ്ങൾ നിറവേറ്റുവാൻ കൂടുതൽ വിഭവങ്ങൾ ആവശ്യമായതോടെ ഇങ്ങനെ ഉയർന്നു വന്ന പ്രദേശത്തെ അദ്ധ്വാനത്തിലൂടെ ജനങ്ങൾ നദികളിൽനിന്ന് എക്കലും മണ്ണും ശേഖരിച്ച് തുരുത്തുകളെ കൂടുതൽ കരപ്രദേശം ഉയർത്തിയെടുത്ത് കൃഷിചെയ്യുവാൻ ആരംഭിച്ചു. ഏറെ ജൈവാംശമുള്ള പ്രദേശമായതിനാൽ കൃഷിക്ക് ഏറ്റവും അനുയോജ്യമാവുകയും ചെയ്തു. കര പ്രദേശങ്ങൾ രൂപപ്പെട്ടു വന്നപ്പോൾ നദികളുടെ ഗതികൾക്കും സ്ഥായീഭാവം കൈ വന്നു.

നെല്ല്, തെങ്ങ് എന്നിവയാണ് ഈ പ്രദേശത്ത് മുഖ്യ വിളകളായി കൃഷിചെയ്യുവാൻ ആരംഭിച്ചത്. ഒന്നിടവിട്ട വർഷങ്ങളിൽ മാത്രമാണ് നെൽകൃഷി ചെയ്തു വന്നിരുന്നത്. ഭക്ഷ്യോല്പാദനത്തിന്റെ ആവശ്യം

ഏറി വന്നതോടെ എല്ലാവർഷവും കൃഷി ചെയ്യുവാനും കരഭൂമികളിൽ തെങ്ങിന്റെ ഇടവിളയായി പച്ചക്കറികളും മറ്റു ഫല വൃക്ഷങ്ങളും കൃഷിചെയ്യുവാനും തുടങ്ങി. ശാസ്ത്രീയ കൃഷി രീതികൾ ആവിഷ്ക്കരിച്ച തോടെ വർദ്ധിച്ചതോതിൽ ഉൽപ്പാദനം നടത്തുവാൻ കഴിയുന്നിതി വളർത്തി യെടുക്കുവാൻ കഴിഞ്ഞി ട്ടുണ്ട്.

കാലാവസ്ഥ
(Agro Climatic Zones)

കേരളത്തെ 13 കാർഷിക മേഖലകളായി തരംതിരിച്ചിട്ടുള്ളതിൽ .....മേഖല യിലാണ് എടത്വാ പ്രദേശം സ്ഥിചെയ്യുന്നത്. ;ുമദ്ധ്യ രേഖയിൽനിന്ന് 8 ^{0}Cമാത്രം അകന്നു കിടക്കുന്ന കേരളത്തി ലാകെ ഉഷ്ണമേഖല കാലാവസ്ഥയാണ് അനുഭവ പ്പെടുന്നത്. എന്നാൽ തീരസമതല പ്രദേശമായ തിനാൽ ഈ പ്രദേശത്ത് സമുദ്ര വായൂ പ്രവാഹം ഏറെയുണ്ടാ കുന്നതുകൊണ്ട് താപ-നില 10-12 ൽ കൂടുതലാകാറില്ല. വേനൽാലത്തു പോലും . 32^{0}Cകൂടുതൽ താപനില ഉയരുന്നില്ല.

ജലലഭ്യത

തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റും വടക്കു കിഴക്കൻ മൺസൂൺകാറ്റും ലഭി ക്കുന്ന മേഖലയായതുകൊണ്ട് ഏറെ മഴ ലഭി ക്കുന്ന മേഖലയാണിത്. കേരളത്തിൽ 125 ദിവസംമഴ ലഭിക്കു ന്നതായി കണകാക്കി യിരിക്കുമ്പോൾ ഈപ്രദേശത്ത്150 ദിവസം വരെ വർഷത്തിൽ മഴ ലഭിക്കുന്നു. കേരളത്തിലെ ശരാശരി വർഷപാതം 300മീ. എന്നു കാണക്കാക്കിയിരിക്കുമ്പോൾ ഈ മേഖലയിൽ വർഷ പാതം 300- 400 സെ. മീ എന്നാണ് രേഖപ്പെടു ത്തിയിട്ടുള്ളത്. ലഭിക്കുന്ന മഴയ്ക്കു പുറമേ ജലസമ്പത്ത് ഏറെയുള്ള മേഖലയാണിത്. പമ്പ, മണിമല, അച്ചൻ കോവിൽ എന്നി നദികളുടെ സംഗമ സ്ഥാനമായ വിയപുരം മേഖല എടത്വാ പഞ്ചായത്തിന്റെ തെക്കെ ഭാഗം ചേർന്നു കിടക്കുന്നതു കൊണ്ട് ഈ നദികളിലും വേനൽക്കാലങ്ങളിലും പശ്ചിമ ഘട്ടങ്ങളിലെ പാറക്കെട്ടുകളിൽ നിന്നും ഒലിച്ചിറങ്ങുന്ന ജലം കൂടിചേർന്ന് ഈ മേഖലയിൽ എത്തി ചേരാറുണ്ട് പാടശേഖരങ്ങളാലും ജലശായ ങ്ങളാലും ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും വേനൽക്കാലത്ത് കരകൃഷിക്ക് ജലസേചനം ആവശ്യമാണ്. ഇക്കാലത്ത് ഉപരിതലത്തിൽ നിന്നും 30-35 മീ വരെ ജലനിരപ്പ് താഴെയാ കാറുണ്ട് . എന്നാൽ വർഷകാലമായാൽ മേൽപ്പറഞ്ഞ നദികളി ലൂടെ വൻതോതിൽ കിഴക്കൻ മേഖലയിൽ നിന്നുംവെള്ളം ഒഴുകി യെത്തി രൂക്ഷമായ വെള്ളപ്പൊക്കം സൃഷ്ടി ക്കാറുണ്ട്. ഇങ്ങനെ വേനൽ വർഷകാലങ്ങ ളിൽ തികച്ചും വ്യത്യസ്തമായ അവസ്ഥയാണ് അനുഭവപ്പെടാറുള്ളത്.

മണ്ണ്

എടത്വാ പഞ്ചായത്ത് പ്രദേശത്തെ മണ്ണി ന് ഏറെ വൈവിദ്ധ്യങ്ങൾ ഒന്നും തന്നെ പറയാനില്ല. പുഴയോരഎക്കൽ പശിമരാശി മണ്ണാണ ് പൊതുവേ ഈ പ്രദേശത്തുള്ളതെ ന്നു പറയാം. എന്നാൽ വിവിധ മേഖലകളിൽ മണ്ണിൽ അടങ്ങിയിട്ടുള്ള പോഷകഘടക ങ്ങളിൽ ജൈവാവശിഷ്ടങ്ങളിൽ നേരിയ അന്തരങ്ങൾ കാണാൻ കഴിയും.

ഭൂവിനിയോഗം

എടത്വാ ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2229 ഹെക്ടർ ആണ്. ഇതിൽ റോഡുകൾ , തോടുകൾ , ഭവനങ്ങൾ എന്നിവ യിലായി.316.ഹെക്ടർ സ്ഥലം ഉപയോഗ പ്പെടുത്തിയിട്ടുള്ളതായി കണക്കാൻ കഴിഞ്ഞി

ട്ടുണ്ട്. ബാക്കി ഭൂ വിഭാഗങ്ങളിൽ 1729.5 ഹെക്ടർ നെൽകൃഷിക്ക് ഉപയോഗിക്കുന്ന പാടശേഖരങ്ങളും 184 ഹെക്ടർ മറ്റു കൃഷികൾക്കുപയോഗിക്കുന്ന കര ഭൂമിയുമാണ്.നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, പച്ചകറികൾ, മാവ് പ്ലാവ് തുടങ്ങിയ ഫലവൃഷങ്ങൾ എന്നിവയാണ് മുഖ്യ വിളകൾ.എന്നാൽ കുരുമുളക്, ജാതി,കറുവ,ഗ്രാമ്പു തുടങ്ങിയ നാണ്യവിളകളും ചെറിയ തോതിൽ വീട്ടുവളപ്പിൽ കാണാൻ കഴിയും.കപ്പ, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും കൃഷി ചെയ്തു വരുന്നുണ്ട്. ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുകയും ബണ്ട് സംരക്ഷണപദ്ധതി നടപ്പാക്കുകയും ചെയ്തതോടെ രണ്ടാം കൃഷി പാടശേഖരങ്ങളിൽ സാധ്യമായിട്ടുണ്ട്. എന്നാൽ കരഗതാഗതം വർദ്ധിപ്പിക്കുകയെന്ന ഭ്രാന്തമായ ചിന്താഗതി വ്യാപകമായി വർദ്ധിച്ചതോടെ റോഡു നിർമ്മാണത്തിന് കൃഷി ഭൂമികൾ വർദ്ധമാനമായ തോതിൽ ഉപയോഗപ്പെടുത്തി കൊണ്ടിരിക്കുന്ന മേഖലയാണിത്.

ജൈവസമ്പത്ത്

ഈ പ്രദേശത്തെ മുഖ്യവിളകളെ സംബന്ധിച്ച് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഇതിനു പുറമേ പ്രകൃതിയുടെ സംഭാവനയായി ഒട്ടേറെ സസ്യജാലങ്ങൾ ഈ പ്രദേശത്തു കാണാൻ കഴിയും കുറുന്തോട്ടി, കൈയ്യോന്നി, പനികൂർക്ക, കൂവ, തുമ്പ, മുത്തങ്ങാ, പൂവാംകടന്നൽ, ചെറുപൂള , കറുക,ആനച്ചെവിടി തുടങ്ങിയ ഔഷധ മൂല്യങ്ങളുള്ള നൂറുകണക്കിനു സസ്യങ്ങൾ ഇവിടെ കാണാൻ കഴിയും. വെള്ളപ്പൊക്ക കാലത്ത് ഇവയെല്ലാം നശിക്കാറുണ്ടെങ്കലും വീണ്ടും വ്യാപകമായി വളർന്നു വരുന്നതായി കാണാൻ കഴിയും. വൈവിധ്യമാർന്ന ജല സസ്യങ്ങളും ഇവിടുത്തെ ജലാശയങ്ങളിൽ കാണാറുണ്ട്. കൂടാതെ നാടൻ മത്സ്യ സമ്പത്ത് ഏറെയുള്ളവയാണ് ഇവിടുത്തെ ജലാശയ ങ്ങൾ. പരൽ, പള്ളത്തി, വരാൽ, കരിമീൻ, കല്ലുമുട്ടി,കാരി, ചില്ലാൻ, വാള ,ചേറുമീൻ, കൊഞ്ച്, ചെമ്പല്ലി തുടങ്ങിയവ ചില ഇനങ്ങൾ മാത്രമാണ്. കൂടാതെ വിവിധ തരം നീർക്കോലികളും, ആമയും, തവളയും ഈപ്രദേശത്ത് ധാരാളമായി കാണാറുണ്ട്. തവളക്കാലിന് വിദേശവിപണിയിൽ പ്രാധാന്യം വർദ്ധിച്ചതോടെ ഇവയെ വ്യാപകമായി പിടിച്ചിരുന്നതുമൂലം വംശ നാശത്തിലേക്ക് എത്തിയിട്ടുണ്ട്. ഇത് പാരിതസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുള്ളതായി സംശയിക്കുന്നുണ്ട്. വിവിധ തരം ഇഴജന്തുക്കളും ഈ പ്രദേശത്ത്കാണാറുണ്ട്. ചേര, അരണ, ഓന്ത്, തുടങ്ങിയവ സർവ്വസാധാരണമായി കാണുന്ന ജീവികളാണ്. മുൻകാലത്തും നിന്നും വ്യത്യസ്തമായി ഈ പ്രദേശത്തു വിഷപാമ്പുകളെ കൂടുതലായി കാണാറുണ്ട്. മൂർഖൻ, അണലി, പെരുമ്പാമ്പ് തുടങ്ങിയ ഇനങ്ങൾ വളരെ വർദ്ധിച്ചു വരുന്നു. റോഡു നിർമ്മാണത്തിനായികിഴക്കൻ മലകളിൽ നിന്നും കൊണ്ടുവരുന്ന ചെമ്മണ്ണിൽ പാമ്പിന്റെ മുട്ടകളും കുഞ്ഞുങ്ങളും ഇവിടെ യെത്തുന്നതാണ് . വർദ്ധനവിന്റെ കാരണമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. വൈവിധ്യമാർന്ന ഒട്ടേറെ പക്ഷികൾ ഇവിടെ ഉണ്ട്. കാക്ക, പരുന്ത്, കുയിൽ, പൊൻമാൻ, കുളക്കോഴി , കൊക്ക്, ഞാറ, നത്ത്, മൂങ്ങാ, ഉപ്പൻ തുടങ്ങിയവ ചില ഇനങ്ങൾമാത്രം. എന്നാൽ ഇവയിൽ പലതിന്റെയും വംശനാശം സംഭവിച്ചിട്ടുണ്ടെന്നു സംശയിക്കുന്നു. കുളകോഴി, പൊൻമാൻ തുടങ്ങിയവയെ കാണാനേ ഇല്ല. പുഞ്ച കൊയ്ത്തായാൽ കൂട്ടം കൂട്ടമായി കുരിൽ എന്ന പക്ഷികൂട്ടങ്ങൾ ചിട്ടയോടെഎത്തിയിരുന്നതും കുറച്ചു വർഷങ്ങളായി കാണാനില്ല. കീടനാശിനികളുടെ വ്യാപകമായ ഉപയോഗം മൂലവും മറ്റും ഉണ്ടായ പാരിതസ്ഥിതിക പ്രശ്നങ്ങൾ ആകാം പല പക്ഷികളും നശിച്ചിരിക്കുന്നത്.

മനുഷ്യവിഭവം

കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് 3 കോടിയിലധികം വരുന്ന ജനങ്ങളാണ്. എടത്വാ ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതിയും വിഭവ ലഭ്യതയും എല്ലാം പരിഗണിക്കുമ്പോൾ ജനസമ്പത്തു തന്നെയാണ് ഏറ്റവും വലിയ സമ്പത്ത്.

തൊഴിൽ മേഖലകൾ	സ്ത്രീ	പുരുഷൻ	കുട്ടികൾ (18 നു താഴെ)	ആകെ
കർഷകർ	315	2211	.....	2526
കർഷകതൊഴിലാളികൾ	2800	1400	.....	4200
മത്സ്യ തൊഴിലാളികൾ	3	165	.....	168
വ്യവസായ തൊഴിലാളികൾ	218	764	.....	982
വ്യാപാരി വ്യവസായികൾ	35	310	.....	345
ഇതര മേഖലകൾ(തൊഴിൽ രഹിതരുംകുട്ടികളും ഉൾപ്പെടെ)	3575	1787	8132	13494
ആകെ	6946	6637	8132	21715

എടത്വാ ഗ്രാമപഞ്ചായത്തിന്റെ 1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരമുള്ള ജനസംഖ്യാ കണക്ക് (ചാർട്ട് 1)

വാർഡ്	വീടുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ആകെ ജനസംഖ്യ	പുരുഷൻ	സ്ത്രീ	ജനസംഖ്യ 0-6 വയസ്സ്	പുരുഷൻ	സ്ത്രീ	എസ്.സി പുരുഷൻ	എസ്.സി സ്ത്രീ	എസ്.റ്റി പുരുഷൻ	എസ്.റ്റി സ്ത്രീ	സാക്ഷരർ പുരുഷൻ	സാക്ഷരർ സ്ത്രീ
I	391	391	2003	965	1038	236	107	129	37	53	-	-	841	883
II	415	415	2114	1031	1083	240	137	103	86	82	-	-	874	918
III	519	520	2876	1467	1409	344	176	168	155	144	-	-	1269	1176
IV	465	467	2456	1187	1269	299	156	143	67	75	-	-	1020	1095
V	351	351	1849	940	909	227	131	96	90	101	-	-	801	783
VI	416	416	2060	981	1079	216	114	102	186	221	-	-	853	937
VII	285	285	1499	736	763	189	108	81	80	66	-	-	620	664
VIII	297	302	1566	772	794	170	81	89	100	111	-	-	678	667
IX	483	483	2531	1253	1278	292	149	143	63	62	-	-	1089	1101
X	547	553	2761	1376	1385	319	157	162	57	43	-	-	1190	1176
ആകെ	4169	4183	21715	10708	11007	2532	1316	1216	921	958	-	-	9235	9400

വികസനമേഖലകൾ

കൃഷി

കാർഷിക ചരിത്രം

രൂക്ഷമായ വെള്ളപ്പൊക്ക ഭീഷണി പണ്ടു കാലം മുതൽ നിലനിൽക്കുന്ന കുട്ടനാടൻ പ്രദേശത്ത് ഉൾകൊള്ളുന്ന കാർഷിക മേഖലയാണ് എടത്വാ ഗ്രാമപഞ്ചായത്ത് . എല്ലാ വർഷവും ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ വന്നടിയുന്ന എക്കൽ വാരിമാറ്റി പുറംബണ്ടുകൾ ബലപ്പെടുത്തി ചക്രങ്ങൾ വച്ചു ചവുട്ടി വെള്ളം വറ്റിച്ചാണ് ഇവിടെ കൃഷി ചെയ്തിരുന്നത് . പഴനിലകൃഷി എന്നാണ് ഇതിനെ വിളിച്ചിരുന്നത്. കന്നി കുളപ്പാല, മൈല, കൊച്ചുവിത്ത്, ചെന്നെല്ല് അതിക്കിര തുടങ്ങിയ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇവയിൽ പലതിനും വിളവെടുപ്പിന് ആറു മാസംവരെ കാലയളവ് വേണ്ടി വന്നിരുന്നു. കീടാക്രമണങ്ങൾ പൊതുവേ കുറവായിരുന്നെങ്കിലും ഒരുതരം പച്ച പുഴുക്കുളുടെ ആക്രമണം പതിവായിരുന്നു. പ്രത്യേകതരത്തിൽ രൂപപ്പെടുത്തിയ പിടിയുള്ള ഒരുതരം കൊട്ട ഉപയോഗിച്ച് പുഴുഏറു നടത്തിയാണ് പുഴുക്കളെ നീക്കം ചെയ്തിരുന്നത് . ഇതിനു പ്രത്യേകം വൈദഗ്ധ്യം സിദ്ധിച്ച തൊഴിലാളികൾ തന്നെ അന്നുണ്ടായിരുന്നു. നെല്ലിനെ ബാധിക്കുന്ന കീടങ്ങളെ നശിപ്പിക്കുന്നതിന് ഡി. ഡി. റ്റി എന്ന കീടനാശിനിയാണ് ആധുനിക കൃഷീ രീതികളിൽ ആദ്യമായി ഉപയോഗിച്ചിരുന്നത്.

രണ്ടാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടതിനെ തുടർന്ന് ബർമ്മയിൽ നിന്നും മറ്റും എത്തിച്ചിരുന്ന അരിയുടെ വരവ് നിലച്ചപ്പോൾ ഉണ്ടായ ഭക്ഷ്യക്ഷാമം കണക്കിലെടുത്ത് കുട്ടനാട്ടിൽ എല്ലാ വർഷവും കൃഷിചെയ്യണമെന്ന് അന്നത്തെ സർക്കാ

രിന്റെറ കൽപ്പന പ്രകാരമാണ് എല്ലാവർഷവും കൃഷി നടത്തുന്ന രീതി ആരംഭിച്ചത് . ഇംഗ്ലണ്ടിൽനിന്ന് വന്ന ബ്രണ്ണൻ സായിപ്പ് എന്ന എൻജീനിയർ കൊണ്ടുവന്ന മണ്ണെണ്ണ കൊണ്ടു പ്രവർത്തിപ്പിക്കുന്നഎൻജിൻ ഉപയോഗിച്ച് പെട്ടിയും പറയും സംവിധാനം ചെയ്ത് വെള്ളം വറ്റിക്കുന്ന ഏർപ്പാട് ആരംഭിച്ചതും ഈ കാലത്താണ്. ഈ സമ്പ്രദായത്തിന്റെറ പരിഷ്കൃത രൂപമാണ് ഇന്നത്തെ ഇലക്ട്രിക് പമ്പിംഗ് മോട്ടോർ സംവിധാനം .

ബണ്ടുബലപ്പെടുത്തലിനും, വെള്ളം വറ്റിക്കലിനും ഉണ്ടാകുന്ന ഭാരിച്ച ചെലവ് കൃഷികാർക്ക് താങ്ങാൻ ആവുമായിരുന്നില്ല എന്നതിനാൽ പമ്പിംഗ് ചെലവിന്റെറ മൂന്നിൽ ഒരുഭാഗം സർക്കാർ നൽകുമെന്ന് സർ.സി. പി പ്രഖ്യാപിച്ചു..ഇതിന്റെറ തുടർച്ചയാണ് പമ്പിംഗ് സബ്സീഡി എന്ന നിലയിൽ ഇന്നും കർഷകർക്കു ലഭിക്കുന്ന സഹായം. 1987 ലെ സർക്കാർ ഇത് 100% ആക്കി പ്രഖ്യാപിച്ചെങ്കിലും യഥാർത്ഥ ചെലവിന്റെറ 60% മാത്രമാണ് കർഷകർക്കു ലഭിക്കുന്നതെന്ന സത്യം നിലനിൽക്കുകയാണ്

1950 കളുടെ തുടക്കം വരെയും കൃഷിഭൂമിയുടെ ഉടമസ്ഥതയും കൈവശാവകാശവും നായർ, ക്രിസ്ത്യൻ പ്രമാണികുടുംബങ്ങൾക്ക് മാത്രമായിരുന്നു. ഇവരുടെ കൃഷിഭൂമികളിൽ പണിയെടുക്കുന്ന കർഷകതൊഴിലാളികളായിരുന്നു ബഹുഭൂരിപക്ഷം വരുന്ന ഇതര വിഭാഗങ്ങൾ പ്രത്യേകിച്ചും ഹരിജനങ്ങൾ. കർഷകതൊഴിലാളികൾക്ക് കൂലിവ്യവസ്ഥകളൊന്നും അന്ന് ഉണ്ടായിരുന്നില്ല "കൂലിയാൻ" എന്നറിയപ്പെട്ടിരുന്ന, തടികൊണ്ടു നിർമ്മിച്ച ചങ്ങഴി രൂപത്തിലുള്ള ഒരു തരം പാത്രമാണ് കൂലി നൽകുന്നതിന് ഉപയോഗിച്ചിരുന്നത് . രണ്ടു മുതൽ അഞ്ച് വരെ കൂലിയാൻ നെല്ലാണ് വിവിധ ജോലികൾക്കായി കൂലിനൽകിയിരുന്നത്.

1940 ൽ ലോകത്തിലാദ്യമായി കർഷകതൊഴിലാളി സംഘടന രൂപം കൊണ്ടത് കുട്ടനാട്ടിലെ കൈനകരിയിലാണെങ്കിലും ഈ സംഘടനയുടെ ഒന്നാം വാർഷിക സമ്മേളനം പ്രത്യക്ഷമായ പ്രവർത്തനങ്ങളോടെ നടന്നത് എടത്വാ പഞ്ചായത്തിലെ കൊടുപ്പുന്ന പഴുതിയിൽ വച്ചായിരുന്നു. കർഷകതൊഴിലാളികളുടെ സംഘടിത പ്രസ്ഥാനം തങ്ങളുടെ അടിമത്വ സമാനമായ ജീവിതത്തിൽ നിന്നും മോചനം ആവശ്യപ്പെട്ടു കൊണ്ട് നിരവധി പ്രക്ഷോഭ സമരങ്ങൾ സംഘടിപ്പിച്ചതിന്റെറ ഫലമായി 1950 കളിൽ കാർഷികമേഖലയിൽ മാറ്റങ്ങൾ കണ്ടു തുടങ്ങി. ഈ സമരങ്ങളുടെ ഭാഗമായി എടത്വായിലും ഉജ്ജ്വലമായ പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. മേൽ പറഞ്ഞ ത്യാഗപൂർണ്ണമായ സമരങ്ങളുടെ ഫലമായി ജൻമിത്തം അവസാനിപ്പിക്കുവാനും1957 ലെയും 67 ലെയും സർക്കാർ പാസാക്കിയ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കാനും കഴിഞ്ഞതിലൂടെ ഭൂഉടമാ ബന്ധത്തിൽ മാറ്റം വരികയുംതൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുവാനും ഭൂരഹിതർ ഭൂഉടമളായി മാറുവാനും കഴിഞ്ഞിട്ടിണ്ട്.

ഇതേ കാലഘട്ടത്തിൽ കേരളത്തിന്റെറ വിവിധ പ്രദേശങ്ങളിൽ രൂപീകൃതമായ കർഷക പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള പ്രക്ഷോഭണങ്ങളും ഇതിനു സഹായകമായിട്ടുണ്ട് . എന്നാൽ അപ്പർ കുട്ടനാട് മേഖലയിൽഭൂപരിഷ്രണ നിയമത്തിലൂടെ ഭൂമിയുടെ ഉടമകളായിമാറിയ കർഷകരെ സംഘടിപ്പിച്ചുകൊണ്ട് അപ്പർ കുട്ടനാട് കർഷകസംഘം രൂപീകരിച്ചു പ്രവർത്തിച്ചിരുന്നു.

കാർഷിക വിളകൾ

നെല്ല്, തെങ്ങ്, വാഴ, കവുങ്ങ്, കപ്പ, പച്ചക്കറികൾ എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന കൃഷിയിനങ്ങൾ. എന്നാൽ മറ്റു പല വിളകളും ചെറിയ തോതിൽ കൃഷി ചെയ്തുവരുന്നുണ്ട്. വിവിധ വിളകളുടെ കൃഷി വ്യാപന പട്ടിക ചുവടേ ചേർക്കുന്നു. (പട്ടിക 1)

വിളവിസ്തീർണ്ണവും ഉൽപ്പാദനവും (പട്ടിക 1)

വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉല്പാദനം	ഉൽപ്പാദനക്ഷമത ഹെക്ടറിൽ
നെല്ല് (പുഞ്ച)	1779.5	9000 ടൺ	7.5 ടൺ
നെല്ല് (രണ്ടാം വിള)	400.0	6000 ടൺ	5 ടൺ
പയർ	1.5		
പച്ചക്കറികൾ	55.5	7 ടൺ	14 ടൺ
തെങ്ങ്	484.0	100000 തേങ്ങ	6000 തേങ്ങ
വാഴ	124.0	1,10,0000 കുലകൾ	2500 കുലകൾ
മരച്ചീനി	7.5	2343 ടൺ	5600 ടൺ
കുരുമുളക്	2.0		
മാവ്	10.0	1000 ടൺ	1600 ടൺ
കവുങ്ങ്	2.5		
സുഗന്ധവിള	2.0		

(അവലംബം: കൃഷിഭവൻ രേഖ)

നെൽകൃഷി

സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന ലോകത്തിലെ രണ്ടു പ്രദേശങ്ങളാണ് ഹോളണ്ടും, കുട്ടനാടും എന്നതിനാൽ കേരളത്തിലെ ഹോളണ്ട് എന്നാണ് കുട്ടനാട് അറിയപ്പെടുന്നത്. അതുകൊണ്ടുതന്നെ ലോകത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായ കൃഷിരീതികളാണ് കുട്ടനാട്ടിൽ നിലനിൽക്കുന്നത്.കൃഷിയില്ലാത്ത സമയങ്ങളിൽ വെള്ളം കയറി നിറഞ്ഞു കിടക്കുന്നതാണ് ഇവടുത്തെ പാടശേഖരങ്ങൾ. ഒരോ കൃഷിക്കും എല്ലാ പാടശേഖരങ്ങളും പുറ ബണ്ടു ബലപ്പെടുത്തി വെള്ളം പമ്പ് ചെയ്ത് വറ്റിച്ച് നിലമൊരുക്കി മണ്ണിന്റെ പുളി കളയുന്നതിന് നീറ്റു കക്കാ വിതറി വെള്ളം കയറ്റി ഇറക്കി കഴുകിയശേഷമാണ് വിത്തു വിതയ്ക്കേണ്ടത്. ഈ പ്രക്രിയ ഒരോ കൃഷിക്കും ചെയ്യേണ്ടി വരുന്നതു കൊണ്ട് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് 45% ത്തോളം കൃഷിചെലവ് അധിക മാകുന്നു.

കാർഷിക പാരിസ്ഥിതിക ഘടകങ്ങളെ

ഭൂമിസംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം ഹെക്ടറിൽ
നിലം	1779.5
പുരയിടം	484
കൃഷിയോഗ്യ തരിശ്	4.4
കൃഷിയോഗ്യമല്ലാത്ത തരിശ്	0.46
പുറമ്പോക്ക്	411.16
ആകെ	2680 .

അടിസ്ഥാനമാക്കി (Agro Ecological Zones) കുട്ടനാടൻ പ്രദേശത്തെ അപ്പർ കുട്ടനാട്, ലോവർ കുട്ടനാട്,കായൽ പ്രദേശം, വൈക്കം പ്രദേശം, വടക്കൻ കുട്ടനാട് , പുറക്കാട് കരി എന്നിങ്ങനെ ആറായി തിരിച്ചിട്ടുണ്ട് . ഏകദേശം 10,576 ഹെക്ടർ വിസ്തീർണ്ണമുള്ള അപ്പർ കുട്ടനാട് മേഖലയിലാണ് എടത്വാഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. 55 പാടശേഖരങ്ങളിലായി1779.5 ഹെക്ടർ വിസ്തീർണ്ണമുള്ള മേഖലയാണ് ഇവിടെ നെൽകൃഷിക്ക് ഉപയോഗപ്പെടുത്തുന്നത്.

പാടശേഖരങ്ങളുടെ പേരും വിസ്തീർണ്ണവുംസംബന്ധിച്ച വിശദവിവരങ്ങൾ പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ചതോടുകൂടി ഹെക്ടറിൽ നിന്നും അഞ്ചര ടൺ വരെ ഉൽപാദനക്ഷമത വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ രണ്ടാം കൃഷിക്ക് നാലു ടൺ വരെയാണ് ഉൽപ്പാദനക്ഷമത എന്നു കണക്കാക്കിയിരിക്കുന്നു.

ഒക്ടോബർ അവസാനം മുതൽ ഫെബ്രുവരി വരെയുള്ള കാലയളവാണ് ഇവിടുത്തെ പുഞ്ച കൃഷിക്ക് ഏറ്റവും അനുയോജ്യമായ സമയം. വെള്ളപ്പൊക്ക ഭീഷണിയോ , ജലദൗർലഭ്യമോ ഇല്ലാത്തതും താരതമ്യേന കീടാക്രമണ സാധ്യത കുറഞ്ഞതുമായ കാലയളവാണിത്. ശാസ്ത്രീയമായ കൃഷിരീതികളും അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും ഉപയോഗിച്ച് കൂടുതൽ കാര്യക്ഷമതയോടെ പരിചരണം നൽകിയാൽ ഒരു ഹെക്ടറിൽ നിന്ന് 7.5 ടൺ വരെ നെല്ല് ഉൽപ്പാദിപ്പിക്കാൻ കഴിയും. രണ്ടാം കൃഷിക്ക് കൃഷിചെലവ് താരതമ്യേന കുറവായതിനാൽ കൃഷി ലാഭകരമാണങ്കിലും വെള്ളപ്പൊക്ക ഭീഷണിയുടെ കാലഘട്ടമാകയാൽ കൃഷിക്കാർ രണ്ടാംകൃഷിയിൽ നിന്നും പിൻതിരിയുകയാണ്. ബണ്ടു സംരക്ഷണത്തിനും വെള്ളപ്പൊക്ക നിയന്ത്രണത്തിനുമുള്ള മാർഗങ്ങൾ കാര്യക്ഷമമാക്കിയാൽ രണ്ടാം കൃഷി വ്യാപകമാക്കുവാനും ഉൽപ്പാദനക്ഷമത ഹെക്ടറിൽ 5 ടൺ വരെ ആക്കുവാനും കഴിയുന്നതാണ്.രണ്ടു കൃഷികൾക്കും വേണ്ടി വരുന്ന ചെലവുകളുടെയും അറ്റാദായത്തിന്റെയും കണക്കുകൾ അടങ്ങുന്ന പട്ടിക താഴെ ചേർക്കുന്നു.

വിത്തിനങ്ങൾ

ജ്യോതി, മട്ടത്രിവേണി , കാഞ്ചന , കൈരളി, ആതിര , ഐശ്വര്യ, ജയ, ഭദ്ര, ആശ, തുടങ്ങിയവ ഈ മേഖലയ്ക്ക് അനുയോജ്യമായ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളാണ് . എന്നാൽ താരതമ്യേന കുറഞ്ഞ ദിവസങ്ങൾ കൊണ്ട് വിളവെടുക്കാൻ കഴിയുന്നതും കൂടുതൽ വിളകിട്ടുന്നതും, ചുവന്ന അരിയുള്ളതുമായ ജ്യോതി , മട്ടത്രിവേണി എന്നീ ഇനങ്ങളാണ് പൊതുവേ കൃഷിക്കാർ തെരഞ്ഞെടുത്തിട്ടുള്ളത്. ഭദ്ര(M.O-4) ആശ (M.O-5) എന്നീ വിത്തിനങ്ങളും കൃഷി ചെയ്തു വരുന്നുണ്ട്. ഈ വിത്തിനങ്ങൾക്കു

പലതിനും സാധാരണകാണുന്ന രോഗ കീട പ്രതിരോധശേഷിയുള്ളവയാണ്.

നെല്ലിനെ ബാധിക്കുന്ന വിവിധ ഇനം രോഗങ്ങളും കീടാക്രമങ്ങളും ഇവിടെ പ്രശ്നങ്ങളാണ്.പോള കരിച്ചിൽ, പോളചീയൽ കുലവാട്ടം എന്നിവയാണ് നെല്ലിനെ ബാധിക്കുന്ന രോഗങ്ങൾ തണ്ടുതുരപ്പൻ, ചാഴി, മുഞ്ഞ, ഗാളീച്ച, ഏലികൾ എന്നിവയാണ് സാധരണയായി നെല്ലിനെ ബാധിക്കുന്ന കീടങ്ങൾ.വിത്തിനങ്ങളും സവിശേഷതകളും അടങ്ങുന്ന പട്ടിക ചുവടേ ചേർക്കുന്നു.

നെൽവിത്തിനങ്ങളും സവിശേഷതകളും

	പേര്	പുഷ് പിക്കുന്ന കാലയളവ്	വിളയുന്നതിനുവേണ്ടകാലം	ചെടിയുടെ പൊക്കം (സെ.മി)	നെൽമണിയുടെ രൂപം	അരിയുടെ നിറം	ശരാശരി വിളവ്(ടൺ/ ഹെക്ടർ)	രോഗപ്രതിരോധം
	ജ്യോതി	80- 90 ദിവസം	110-125	85	നീണ്ട് ഉരുണ്ടത്	ചുവപ്പ്	6	മുഞ്ഞ
	മട്ടത്രിവേണി	70-75 ദിവസം	100-105	90	നീളംകുറഞ്ഞ് ഉരുണ്ടത്	ചുവപ്പ്	5.5	മുഞ്ഞ
	ജയ	90-95 ദിവസം	120-125	90	ഉരുണ്ടത്	വെള്ള	5.5	ബ്ലാസ്റ്റ് ബ്ലൈറ്റ്
	കൈരളി	80-85 ദിവസം	110-115	90	നീണ്ട് ഉരുണ്ടത്	ചുവപ്പ്	5.5	ബ്ലാസ്റ്റ്, ബ്ലൈറ്റ്, ഓലചുരുട്ടി, ഗാളീച്ച
	കാഞ്ചന	75-80 ദിവസം	105-110	85	നീണ്ട് ഉരുണ്ടത്	ചുവപ്പ്	5.5	ബ്ലാസ്റ്റ്, പുള്ളിക്കുത്ത് , വൈറസ്
	ആതിര	90-100 ദിവസം	120-130	110	ഉരുണ്ടത്	ചുവപ്പ്	5.5	ബ്ലാസ്റ്റ്,ബ്ലൈറ്റ്, ഗാളീച്ച, മുഞ്ഞ
	ഐശ്വര്യ	90-95 ദിവസം	120-125	108	നീണ്ട് ഉരുണ്ടത്	ചുവപ്പ്	5.5	ബ്ലാസ്റ്റ്,ബ്ലൈറ്റ്, ഗാളീച്ച, മുഞ്ഞ
	ഭദ്ര	80-110 ദിവസം	110-140	75	ഉരുണ്ടത്	ചുവപ്പ്	5	മുഞ്ഞ
	ആശ	85-90 ദിവസം	115-120	93.5	നീണ്ട് ഉരുണ്ടത്	ചുവപ്പ്	5	ബ്ലൈറ്റ്,ഓലചീയൽ, മുഞ്ഞ
	പവിഴം	85-90 ദിവസം	115-120	103	ഉരുണ്ടത്	ചുവപ്പ്	6	ബ്ലൈറ്റ്,ഓലചീയൽ, മുഞ്ഞ,തണ്ടുകരിയൽ
	കാർത്തിക	85-90 ദിവസം	105-110	120	നീണ്ട് ഉരുണ്ടത്	ചുവപ്പ്	6	ബ്ലൈറ്റ്,ഓലചീയൽ, മുഞ്ഞ
	അരുണ	75-80 ദിവസം	100-110	95	നീളംകുറഞ്ഞ് ഉരുണ്ടത്	ചുവപ്പ്	6.5	തണ്ടുതുരപ്പൻ ഗാളീച്ച, ബ്ലൈറ്റ്, പുള്ളിക്കുത്ത്, മുഞ്ഞ
	മകം	75-80 ദിവസം	100-110	85	ഉരുണ്ടത്	ചുവപ്പ്	7	ഓലചുരുട്ടി,തണ്ടുതുരപ്പൻ,ഗാളീച്ച,ബ്ലൈറ്റ് ഓലചീയൽ,പുള്ളിക്കുത്ത്
	കനകം	90-95 ദിവസം	120-125	105	നീളംകുറഞ്ഞ് ഉരുണ്ടത്	ചുവപ്പ്	6	ബ്ലാസ്റ്റ്, തണ്ടുതുരപ്പൻ, ഗാളീച്ച,ബ്ലൈറ്റ് ഓലചീയൽ,മുഞ്ഞ

കൃഷിക്കാവശ്യമായ വിത്തുകൾ യഥാസമയം ലഭിക്കുന്നില്ലാ എന്നത് കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് .ഗവേഷണ കേന്ദ്രങ്ങൾ പുറത്തിറക്കുന്ന അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ പാടശേഖര സമിതികളെ കൊണ്ട് ഉൽപ്പാദിപ്പിച്ച് കൃഷി ഭവൻെറ നേതൃത്വത്തിൽ സംഭരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം പഞ്ചായത്തു തലത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ N.S.C,S.S.C എന്നിവയുടെ ഈ രംഗത്തെ സേവനം പര്യാപ്തമല്ല.

പഞ്ചായത്തിലെ പാടശേഖരങ്ങളും വിസ്തീർണ്ണവും(പട്ടിക 2)

ക്രമ നമ്പർ	പാടശേഖരങ്ങൾ	വിസ്തീർണ്ണം ഹെക്ടറിൽ	ക്രമ നമ്പർ	പാടശേഖരങ്ങൾ	വിസ്തീർണ്ണം ഹെക്ടറിൽ
1	കോടമ്പനാടി	24.80	28	മുക്കോടി വടക്ക്	22.00
2	മണ്ണുണ്ണി കിഴക്ക്	30.00	29	മുക്കോടിതെക്ക്	8.00
3	മണ്ണുണ്ണി പടിഞ്ഞാറ്	10.00	30	ചുങ്കം ഇടചുങ്കം	47.2
4	നെടുവമ്മാലി	6.00	31	തായംകരിചിറക്കകം	24.00
5	പാണ്ടങ്കരി പനക്കൽ	22.00	32	വടകരഇടശ്ശേരിവരമ്പിനകം	81.20
6	പൊട്ടടി വടക്ക്	27..20	33	പുത്തൻ വരമ്പിനകം	158.4
7	പൊട്ടടി തെക്ക്	6.00	34	ദേവസ്വം വരമ്പിനകം	64.8
8	മടക്കൽ	12.00	35	ഇടശ്ശേരിക്കോണം	10.8
9	ഊരാംവേലിപ്പുറം	13.42	36	ഇല്ലിമുറിതെക്കേതൊള്ളായിരം	24.68
10	മുണ്ടുതോട്	64.00	37	നടുവിലെ വരമ്പിനകം	34.00
11	വെട്ടിത്തുരുത്ത്	20.00	38	കടവിൽ നൂറുപറ	5.20
12	പാണ്ടങ്കരി ചിറക്കകം	8.00	39	പോളക്കൽ തെക്ക്	16.00
13	മങ്കോട്ട	46.18	40	കറുകമയ്യക്കോണം	37.2
14	ചട്ടുകം	26.00	41	ഇടക്കറുക നാലുനാല്പത്	51.6
15	ഉളിയന്നൂർകറുക	14.00	42	വൈപ്പിശ്ശേരി	56.00
16	കുഴിപ്പടവ്	28.00	43	വൈപ്പിശ്ശേരി 500	20.9
17	വെട്ടിതോട്ടായ്ക്കരി	26.00	44	പുറക്കരി	168.00
18	വട്ടമാലിതെക്ക്	6.00	45	മൃദാകരി	30.98
19	അഷ്ടമം	58.00	46	ചങ്ങങ്കരിച്ചിറക്കകം	22.4
20	പനക്കൽപുറക്	3.6	47	പടിഞ്ഞാറെകിളിയംവേലി	34.00
21	തെക്കെപച്ച	3.6	48	കിഴക്കേ കിളിയംവേലി	26.8
22	തെങ്കരപച്ച	46.00	49	വലിയപട്ടത്താനം	60.4
23	കണിയാം കടവ്	35.6	50	ചേന്നമംഗലം കിഴക്ക്	11.6
24	പന്നിക്കിടാരം	46.00	51	ചേന്നമംഗലം പടിഞ്ഞാറ്	25.2
25	എരവുകരി	92.00	52	കാട്ടുംഭാഗം	46.6
26	തെങ്ങുംപള്ളികരി	22.00	53	മാങ്കുഴി തെക്ക്	34.5
27	ഇടപുറക്കരിക്കോണം	26.8	54	മാങ്കുഴിവടക്ക്	27.9
			55	കൊച്ചു മങ്കോട്ട	3.82
			56	ആകെ	1779.5
			57		

വളം-കീടനാശിനി

ആധുനിക കൃഷി രീതികളും രാസവള പ്രയോഗങ്ങളും അവലംബിച്ചതോടുകൂടി ജൈവവള പ്രയോഗം കുട്ടനാടൻ നെൽ കൃഷി മേഖലയിൽ നിന്നും അപ്രത്യക്ഷമായിരിക്കുകയാണ്.

രാസവളങ്ങളുടെ അമിതമായ ഉപയോഗം മൂലം കീടാക്രമണങ്ങൾ വർദ്ധിച്ചതായി അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. നിർദ്ദേശക അളവിൽ കൂടുതൽ വളപ്രയോഗം നടത്തി കൂടുതൽ വിളവു നേടാമെന്ന തെറ്റായ ധാരണ ഒട്ടേറെ കർഷകർ വച്ചുപുലർത്തുന്നുണ്ട്.

പഞ്ചായത്തുമേഖലകളിൽ നെൽകൃഷിക്ക് മൊത്തം ഉപയോഗിക്കുന്ന രാസവള ഉപയോഗം ടൺ കണക്കിൽ താഴെകൊടുത്തിരിക്കുന്നു. കീടനാശിനികളുടെ പ്രയോഗവും വിദഗ്ദ്ധരുടെ ഉപദേശപ്രകാരമല്ല നടത്തുന്നത്.

ആവശ്യമായ സമയത്ത് വേണ്ട അളവിൽ വേണ്ട രീതിയിൽ ഒന്നുമല്ല ഇവയുടെ ഉപയോഗം നടത്തുന്നത്. കീടനാശിനി തളിക്കുന്ന തൊഴിലാളിക്ക് കുറ്റി പമ്പിന്റെ ടാങ്ക് ഒന്നിന് ഇത്ര രൂപാ എന്ന നിലയിൽ കൂലി നിശ്ചയിച്ചിരിക്കുന്നതിനാൽ പലപ്പോഴും സ്പ്രേയറിന്റെ നോസിൽ കൂടുതൽ തുറന്ന് വയ്ക്കുന്നതു മൂലം ആവശ്യത്തിലധികം തളിക്കുന്നുണ്ട്. വളപ്രയോഗം പോലെ ചിട്ട വച്ച് ആവശ്യമില്ലാതെ കീടനാശിനി ഉപയോഗിക്കുന്ന കൃഷിക്കാരും കുറവല്ല. ഇതു നെല്ലിന് സംരക്ഷണം നൽകുന്ന പല ജീവികളെയും നശിപ്പിക്കുവാനും കീടാക്രമണം വിളിച്ചു വരുത്തുവാനും ഇടയാക്കുന്നു. പുഞ്ച കൃഷിക്ക് ശരാശരി 750 മുതൽ 1000 രൂപവരെയും രണ്ടാം കൃഷിക്ക് 500 രൂപാ വരെയും കീടനാശിനിക്ക് ശരാശരി ചിലവു വരുന്നുണ്ടെന്നാണ് കണക്കാക്കാൻ കഴിഞ്ഞിട്ടുള്ളത്. ചാഴി, മുഞ്ഞ (Brown hopper) ഗാളീച്ച, ഞണ്ടുതുരപ്പൻ, ഓലചുരുട്ടിപ്പുഴു തുടങ്ങിയ കീടങ്ങളാണ് കൂടുതലായി കണ്ടു വരാറുള്ളത്. നെല്ലിന്റെ വിവിധ രോഗങ്ങളും കർഷകർക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പോളകരിച്ചിൽ, പോളചീയൽ, കുലവാട്ടം, ബ്ലാസ്റ്റ്, തുടങ്ങിയ രോഗങ്ങളാണ് സാധാരണകണ്ടു വരുന്നത്.

പാടശേഖരങ്ങളുടെ വിസ്തീർണ്ണം വർഷം പ്രതികുറഞ്ഞുകൊണ്ടിരിക്കുന്നതും ഇവിടെ വിവിധ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വിസ്തീർണ്ണം സംബന്ധിച്ച പട്ടികയിൽ കാണുന്ന വിസ്തീർണ്ണത്തിൽ വലിയഅന്തരം സംഭവിച്ചിരിക്കുന്നു വെന്നാണ് സർവ്വേയിലൂടെ മനസ്സിലാക്കുവാൻ കഴിഞ്ഞത്. റോഡു നിർമ്മാണം, ഭവന നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കായി കരഭൂമിയാക്കി മാറ്റപ്പെട്ടതിലൂടെയാണ് പാടശേഖരങ്ങളുടെ വിസ്തൃതി കുറഞ്ഞിരിക്കുന്നത്. എന്നാൽ പഴയ കാലത്തെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ സബ്സീഡികൾ വാങ്ങുന്ന പാടശേഖരങ്ങൾ ഒട്ടുംകുറവല്ല. നെല്ലരി മുഖ്യാഹാരമായ നമ്മുടെ നാട്ടിൽ നെൽപ്പാടങ്ങൾ കരഭൂമിയാക്കുന്നത് തടയാൻ ഇന്നുള്ള നിയമം കർശനമാക്കേണ്ടതുണ്ട്.

രാസവളങ്ങൾ, നിർദ്ദേശിച്ചിരിക്കുന്ന അളവും ഉപയോഗിക്കുന്ന അളവും

പോഷകഘടകങ്ങൾ	നിർദ്ദേശിച്ചിട്ടുള്ള അളവ് (കി.ഗ്രാം/ഹെക്ടർ)	ഉപയോഗിക്കുന്ന അളവ്
N	90	95
P_2O_5	45	56
K_2O	45	70

നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്ന ഇന്നത്തെ സ്ഥിതിയിൽ ഉൽപ്പാദന വർദ്ധനവിന് പുതിയ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.ഇന്ന് നിലവിലുള്ള വിത്തിനങ്ങളേക്കാൾ കൂടുതൽ ഉൽപ്പാദനശേഷിയുള്ളതും കീട പ്രതിരോധശേഷിയുള്ളതുമായ സങ്കരവിത്തിനങ്ങൾ കണ്ടെത്തുകയാണ് കരണീയമായ ഒന്നാമത്തെ മാർഗം .

ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തി കൊണ്ട് കൃഷി രീതി കൂടുതൽ ശാസ്ത്രീയമായി പുന: സംഘടിപ്പിക്കുകയെന്നതാണ് രണ്ടാമത്തെ മാർഗം .1987 ൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം പാടശേഖര സമിതികൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്തെങ്കിലും ഇവയുടെ ഒന്നും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഒരു പാടശേഖരത്ത് ഒരിനം വിത്ത് ഉപയോഗിക്കുക, ഒരേ സമയം കൃഷി ഇറക്കുക, ഒരേതരത്തിൽ നിർദ്ദിഷ്ട അളവിൽ മാത്രം വളപ്രയോഗം നടത്തുക. ആവശ്യമായ സമയത്ത് അവശ്യമായ അളവിൽമാത്രം കീടനാശിനികൾ ഉപയോഗിക്കുക തുടങ്ങിയ രീതികൾ നടപ്പിൽ വരേണ്ടതുണ്ട്. നെല്ലുൽപ്പാദക സമിതികളെ സഹകരണനിയമത്തിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതും ആവശ്യമാണ്. വർഷം പ്രതി വർദ്ധിച്ചുവരുന്ന കൃഷി ച്ചിലവിന്റെ അടിസ്ഥാനത്തിൽ ഉൽപ്പന്നത്തിന് വിലലഭിക്കുന്നുമില്ല. ഇടത്തട്ടുകാരുടെ ചൂഷണമാണ് ഇതിന്റെ മുഖ്യ കാരണം .ഇതു തടയുന്നതിന് കാലാകാലങ്ങളിൽ കൃഷിച്ചിലവിന്റെ അടിസ്ഥാനത്തിൽ താങ്ങുവില പുതുക്കി നിശ്ചയിക്കുകയും നിലവിലുള്ള സബ്സീഡികൾ നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട് .

തെങ്ങ് കൃഷി

കേരളത്തിലെ പ്രധാന നാണ്യവിളകളിൽ ഒന്നായ തെങ്ങ് ഈഗ്രാമ പഞ്ചായത്തിൽ 484 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു. ഈ പ്രദേശത്തുനിന്ന് ഒരുലക്ഷം തേങ്ങാ ഉൽപ്പാദിപ്പിക്കുന്നു എന്നാണ് ഔദ്യോഗിക കണക്ക് . ഇത് ഒട്ടും തന്നെ അഭിമാനകരമല്ല. ഒരു ഹെക്ടറിൽ നിന്നും 6000 തേങ്ങാ ഉൽപാദിപ്പിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് .

വൈവിദ്ധ്യമാർന്ന ഒട്ടേറേ വിഭവങ്ങൾ നൽകുന്ന ഒരു വൃക്ഷം തെങ്ങല്ലാതെ മറ്റൊന്നും ലോകത്തെവിടെയും കാണാൻ കഴിയില്ല. കയറും കയറുല പന്നങ്ങളും വിദേശനാണ്യം നേടിത്തരുന്നു.എണ്ണ , ഇളനീർ, കള്ള് ഇവ നല്ല വരുമാനം തരുന്നതിനാൽ തെങ്ങിന്റെ ശാസ്ത്രീയ കൃഷി വ്യാപനത്തിന് ഏറെ പ്രാധാന്യം നൽകേണ്ടതാണ്. ചിരട്ട, തടി, ഓല തുടങ്ങിയവക്കും വ്യാപകമായ ഉപയോഗങ്ങളുണ്ട് . പെട്ടെന്ന് വരുമാനം കിട്ടി തുടങ്ങുന്ന വിളകളല്ലാത്തതിനാൽ ചെറുകിട കർഷകർ വേണ്ടത്ര ശ്രദ്ധ തെങ്ങിനു നൽകുന്നില്ല. ഒരു ചെറിയ കുടുംബത്തിന്റെ ഇന്ധനാവശ്യം മുഴുവൻ നിറവേറ്റുവാൻ 30 തെങ്ങുകളുടെ ജൈവാവശിഷ്ടങ്ങൾ മതിയാകുമെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്.

ഒരു ഹെക്ടർ പ്രദേശത്ത് 165 തെങ്ങുകൾ കൃഷി ചെയ്യാമെന്നാണ് വിദഗ്ദ്ധരുടെ നിർദ്ദേശം. 7.5 മുതൽ 9 മീറ്റർ വരെ അകലത്തിൽ വേണം തെങ്ങുകൾ നടാൻ വളരെ കുറച്ചു കർഷകർ മാത്രമാണ് ഈ നിലയിൽ കൃഷി ചെയ്യുന്നത്. തെങ്ങുകളുടെ എണ്ണത്തിൽ ഉള്ള വൈപുല്യവും രാസവളപ്രയോഗത്തിനുള്ള വൈമുഖ്യവും തെങ്ങിന് ജലസേചനം നടത്തേണ്ടതിനെ കുറിച്ച് ധാരണയില്ലാത്തതുമാണ് ഉൽപ്പാദനക്ഷമത കുറയുന്നതിന്റെ മുഖ്യ കാരണം. 5% കർഷകർ മാത്രമാണ് തെങ്ങിന് ഇവിടെ രാസവള പ്രയോഗം നടത്തുന്നത് . ഇവർ തന്നെ ആവശ്യമായ അളവിൽ നൽകുന്നവരല്ല. ജലസേചനം നടത്തുന്നവരും വളരെ കുറച്ചു മാത്രം.രോഗം വരുന്ന

തെങ്ങുകൾക്ക് മരുന്നു തളിക്കുന്നതിലും കർഷകർ വിമുഖരാണ്.

കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓല മഞ്ഞളിപ്പ്, ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങൾ ഈ പ്രദേശത്ത് കൂടുതലായി കാണുന്നുണ്ട്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കുട്ടനാടൻ പ്രദേശത്ത് ഈ രോഗങ്ങൾ കൂടുതലായി കാണാറുണ്ട്. ഗവേഷണ സംഘത്തിന്റെ പ്രത്യേക ശ്രദ്ധ ഈ മേഖലയിൽ പതിപ്പിക്കേണ്ടതുണ്ട്.

ഉൽപ്പാദനശേഷി കൂടിയ തെങ്ങിൻ തൈകൾ വേണ്ടത്ര അകലത്തിൽ കൃഷി ചെയ്യുകയും ആവശ്യമായ അളവിൽ വളം, ജലസേചനം തുടങ്ങിയ പ്രയോഗങ്ങൾ നടത്തുകയും ചെയ്താൽ ഈ രംഗത്ത് വളരെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും

വാഴ

തെങ്ങിന്റെ ഇടവിളയായിട്ടാണ് വാഴ കൃഷി നടക്കുന്നത്. പാളയൻ കോടൻ, ഞാലി പൂവൻ, കണ്ണൻ, ചെംകദളീ തുടങ്ങിയ ഇനങ്ങളും നേന്ത്രനും ഇവിടെ കൃഷി ചെയ്തു വരുന്നുണ്ട്. വെള്ളപ്പൊക്കത്തിൽ നശിക്കാത്തവയാണ് നാടൻ ഇനങ്ങളിൽ പലതും. ശാസ്ത്രീയ കൃഷിരീതി അവലംബിച്ചാൽ പാളയൻകോടൻ നല്ല ആദായമുണ്ടാക്കാൻ കഴിയുന്നതാണ്. വൻ തോതിൽ നേന്ത്രവാഴ കൃഷി ചെയ്യുന്നവരും ഇവിടെ ഉണ്ട്. വെള്ളപ്പൊക്കത്തിന്റെ പിടിയിൽ പെടാതെ ഏത്താവാഴ പത്തുമാസം കൊണ്ട് വിളവെടുപ്പു നടത്തുന്നവരാണ് ഇവിടുത്തെ കർഷകർ. പാകമായ മൂപ്പെത്തിയ വാഴക്കന്നുകൾ തെരെഞ്ഞെടുത്ത് നല്ല പരിചരണവും വളവും ജലസേചനവും നൽകി 6-ാം മാസം വാഴ കുലപ്പിക്കുന്നവരാണ് ഇവിടുത്തെ കർഷകർ. ഒരോ വാഴയ്ക്കും താങ്ങി കെട്ടേണ്ടി വരുന്നത് കൃഷിചെലവ് അധികമാക്കുന്നു. കാറ്റുവീഴ്ച, വാഴച്ചെല്ലി തുടങ്ങിയ രോഗങ്ങളും ഇടത്തട്ടുകാരുടെ ചൂഷണവും ഈ രംഗത്ത് കർഷകരെ വലയ്ക്കുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും വൻതോതിൽ വാഴക്കുല ഇറക്കുമതി ചെയ്യുന്ന സ്ഥതിയാണിന്നു കേരളത്തിലുള്ളത്. വാഴ കൃഷിക്ക് പ്രത്യേക സഹായ പദ്ധതികളും പ്രോത്സാഹനങ്ങളും ഉണ്ടായാൽ കൂടുതൽ പേരെ ഈ രംഗത്ത് കൊണ്ടു വരാനും കൃഷി വ്യാപമാക്കുവാനും, വാഴക്കുലയുടെ കാര്യത്തിൽ നമുക്ക് സ്വയം പര്യാപ്തത നേടുവാനും കഴിയും.

പച്ചക്കറി കൃഷി.

എടത്വാ പഞ്ചായത്തിലാകെ ഒരു മാസം ഏഴര ലക്ഷം രൂപയുടെ പച്ചക്കറി ഉപയോഗം ഉണ്ടെന്നാണ് കണക്കാക്കാൻ കഴിയുന്നത്. ഇതിൽ 70% മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കു കൊണ്ടു വരുന്നവയാണ്. ഇറക്കുമതി ചെയ്യപ്പെടുന്ന മിക്കവാറും എല്ലാ ഇനങ്ങളും ഇവിടെ കൃഷി ചെയ്യുവാൻ കഴിയുന്നവയാണ്. ചീര, പയർ പാവൽ, പടവലം, വെണ്ട, വഴുതന, കുമ്പളം, മത്ത തുടങ്ങിയ പച്ചക്കറികളും ചേന, ചേമ്പ്, കാച്ചിൽ ചെറുകിഴങ്ങ് തുടങ്ങിയ കിഴങ്ങു വർഗങ്ങളും വീട്ടുവളപ്പിലും തെങ്ങിന്റെ ഇടവിളയായും കുറഞ്ഞ ചിലവിൽ കുറഞ്ഞ അദ്ധ്വാനം കൊണ്ട് ലാഭകരമായി കൃഷി ചെയ്യുവാൻ കഴിയുന്ന സാഹചര്യങ്ങളും ഇവിടെ ഉണ്ട്. സൗജന്യ നിരക്കിൽ വിത്തും, വളവും നൽകി വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും അടുക്കളത്തോട്ട നിർമ്മാണത്തിലൂടെയും ഗ്രാമ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയാൽ ഈ രംഗത്ത് പര്യാപ്തത കൈവരിക്കാൻ കഴിയും.

പുഷ്പ കൃഷി

ആദായകരമായ കൃഷിയായി പുഷ്പ കൃഷിയെ ഗ്രാമീണ ജനങ്ങൾ ഇതുവരെയും മനസ്സിലാക്കിയിട്ടില്ല. സമ്പന്ന വിഭാഗത്തിന്റെയും പട്ടണവാസികളുടെയും മാനസികോല്ലാസത്തിനുള്ള ഏർപ്പാടാണെന്നാണ് പുഷ്പ കൃഷിയെ കുറിച്ച് പൊതുവേ ധാരണ. കോടിക്കണക്കിനു രൂപയുടെ പുഷപങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കു ഇറക്കുമതി ചെയ്യുന്നുവെന്നാണ് ആധികാരിക റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

കുറ്റിമുല്ലയും ഓർക്കിഡ് ഇനങ്ങളും ആന്തൂറിയവും വ്യവസായിക അടിസ്ഥാനത്തിൽ ലാഭകരമായി കൃഷി ചെയ്യാവുന്നവയാണ്. വെള്ളപ്പൊക്കത്തിൽ കുറ്റിമുല്ല നശിച്ചു പോകാൻ സാദ്ധ്യതയുണ്ട്. ചട്ടിയിൽ കൃഷി ചെയ്യുന്ന ആന്തൂറിയം ഈ പ്രദേശത്തിന് സ്വാഗതാർഹമാണ്. വനിതാ ക്ലബുകൾ, സഹകരണ യൂണിറ്റുകൾ എന്നിവയിലൂടെ പുഷ്പകൃഷി വ്യാപനം സാദ്ധ്യമാക്കുകയും പഞ്ചായത്തിന് വിപണന സൗകര്യം ഏർപ്പെടുത്താവുന്നതുമാണ്.

ഔഷധ സസ്യ കൃഷി

ആയുർവേദ ചികിത്സാ രീതികൾക്ക് ലോകവ്യാപകമായി പ്രാധാന്യം വർദ്ധിച്ചു വരികയാണ്. നമ്മുടെ വന പ്രദേശങ്ങളിൽ ഔഷധ ചെടികളുടെ വൻ ശേഖരം തന്നെയാണുണ്ടായിരുന്നത്. വനനശീകരണം വ്യാപകമായതിനെ തുടർന്ന് പല ഔഷധ ഇനങ്ങളും അപ്രത്യക്ഷമായിരിക്കുകയാണ്. അതുകൊണ്ടു തന്നെ ഔഷധചെടികളുടെ കൃഷി വ്യാപനത്തിന് പ്രസക്തിയേറിയിരിക്കുന്നു. ആടലോടകം, ചെത്തിക്കൊടുവേലി, നാഗദന്തി, തിപ്പലി, കരിങ്കുറിഞ്ഞി, നീല അമരി, ഓരില, മൂവില, വെള്ളശംഖുപുഷ്പ്പം, കച്ചോലം, കസ്തൂരിമഞ്ഞൾ, ചിറ്റരത്ത, തഴുതാമ തുടങ്ങിയവഈ പ്രദേശത്ത് ഇടവിളയായി വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുവാൻ കഴിയുന്ന ചില ഇനങ്ങളാണ് . വനവൽക്കരണ പരിപാടിയുടെ ഭാഗമായി വഴിയോരങ്ങളിലും പുറമ്പോക്കു ഭൂമിയിലും ഔഷധ വൃഷങ്ങൾ വച്ചു പിടിപ്പിക്കാവുന്നതാണ്.

മറ്റു പല വിളകളുടെയും കൃഷി വ്യാപനത്തിന് ഏറെ സാദ്ധ്യതയുള്ള പ്രദേശമാണിത്. രൂക്ഷമായ വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്ന പ്രദേശമായതിനാൽ മേൽപ്പറഞ്ഞ കൃഷി വ്യാപനങ്ങൾ ഫലപ്രദമാകണമെങ്കിൽ വെള്ളപ്പൊക്കനിയന്ത്രണം അനിവാര്യമാണ് . ഇത് പഞ്ചായത്തു തലത്തിൽ പരിഹരിക്കാവുന്ന പ്രശ്നമല്ല. കുട്ടനാടിനെ മൊത്തമായി കണ്ടുകൊണ്ട് ബൃഹത്തായ പദ്ധതികളിലൂടെ മാത്രമേ ഈ പ്രശ്നത്തിനു പരിഹാരം കാണാൻകഴിയൂ. ഇതു സംബന്ധിച്ച ചിന്തകൾക്കും ചർച്ചകൾക്കുമായി ഒരു കുറിപ്പ് അന്യത്ര ചേർത്തിട്ടുണ്ട്.

കൃഷി ഭവന്റെ പ്രവർത്തനം

കൃഷി ഭവന്റെ പ്രവർത്തനം വേണ്ടത്ര ഗുണകരമാകുന്നില്ലെന്നാണ് ബഹുഭൂരിപക്ഷം കർഷകരുടെയും അഭിപ്രായം . കൃഷിയിടങ്ങൾ സന്ദർശിക്കുന്ന ജോലി ഫലപ്രദമായി നടക്കുന്നില്ല. കൃഷി വ്യാപനത്തിനുള്ള സഹായ പദ്ധതികൾ ഏറെയുണ്ടെങ്കിലും കർഷകർ നടപ്പു പദ്ധതികളെ കുറിച്ച് അജ്ഞരാണ്. പദ്ധതികളെ സംബന്ധിച്ച യഥാസമയം കർഷകരെ അറിയിക്കുന്നതിലും സെമിനാറുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുന്നതിലും ഏറെ പോരായ്മകൾ നിലനിൽക്കുന്നു. പ്രകൃതിക്ഷോഭ നഷ്ട പരിഹാരങ്ങൾ വിതരണം ചെയ്യുന്നതടക്ക

മുള്ള കൃഷി ഭവന്റെ പ്രവർത്തനത്തിൽ ഏറെ സുതാര്യത ഉറപ്പു വരുത്തേണ്ടതുണ്ട്.

പ്രശ്നങ്ങളും പരിഹാരങ്ങളും

1) വെള്ളപ്പൊക്ക പ്രദേശമായതിനാൽ പാടശേഖരങ്ങളുടെ പുറബണ്ടുകൾ 0.7 മീറ്റർ ഉയർത്തി കല്ലു കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. രണ്ടാം വിളക്കാലം ഒന്നിടവിട്ട് നെല്ലും മത്സ്യവും കൃഷി ചെയ്യുവാൻ സാധിക്കണം.

2) സ്ഥിരമായി മോട്ടോർ തറ കല്ലു കെട്ടി സംരക്ഷിക്കാനും സ്ഥിരമായ മോട്ടോർ പുര ഉണ്ടാക്കുവാനും എല്ലാ പാടശേഖരങ്ങൾക്കും സ്വന്തമായ മോട്ടോർ സ്ഥാപിച്ച് സ്ഥിരമായ വൈദ്യുത കണക്ഷൻ നൽകുവാനുമുള്ള സംവിധാനമുണ്ടാക്കുക. ഇത് ആവർത്തന ചെലവ് ഒഴിവാക്കുവാൻ സഹായിക്കും.

3) പുറബണ്ടുകൾ ട്രാക്ടർ റോഡുകളാക്കുകയും സ്ഥിരമായി പാടശേഖരങ്ങൾക്ക് കുറഞ്ഞത് എതിർഭാഗങ്ങളിലായി രണ്ടു കലിങ്കു മടകൾ നിർമ്മിക്കുകയും വേണം.

4) പാടശേഖരങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന ട്രാക്ടർ ബ്രിഡ്ജുകൾ നിർമ്മിച്ച് ഗതാഗതം മെച്ചപ്പെടുത്തേണ്ടതാണ്.

5) വലിയ പാടശേഖരങ്ങളെ രണ്ടായി തിരിക്കുന്ന തോടുകൾ നിർമ്മിച്ച് കൃഷിക്കാവശ്യമായ സാധനങ്ങൾ എത്തിക്കുന്നതിനുമുള്ള സൗകര്യം മെച്ചപ്പെടുത്തുക.

6) ഗ്രൂപ്പ് ഫാമിംഗ് ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള നെല്ലുൽപ്പാദക സമിതികളെ സഹകരണ നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരികയും പ്രവർത്തനം ശക്തിപ്പെടുത്തുകയും വേണം. പഞ്ചായത്തുതലത്തിൽ സമിതികൾക്ക് ഒരു അപ്പക്സ് സംഘം ഉണ്ടാക്കാവുന്നതാണ്.

7) മണ്ണു പരിശോധനാ സൗകര്യങ്ങൾ കൃഷി ഭവനിൽ ഏർപ്പെടുത്തുക.

8) ഗവേഷണ കേന്ദ്രങ്ങൾ പുറത്തിറക്കുന്ന അത്യുൽപ്പാദന ശേഷിയുള്ളതും രോഗ കീട പ്രതിരോധ ശേഷിയുള്ളതും കുറഞ്ഞ കാലം കൊണ്ട് വിളവെടുക്കാവുന്നതുമായ വിത്തിനങ്ങൾ തെരെഞ്ഞെടുക്കപ്പെട്ട നെല്ലുൽപ്പാദക സമിതികളിലൂടെ കൃഷി ചെയ്യിച്ച് വൻതോതിൽ വിത്തുല്പാദനം സാധ്യമാക്കണം.

9) N.S.C പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് വിത്തുകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

10) മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കുട്ടനാടൻ മേഖലകളിലെ കൃഷി ചിലവ് ഏകദേശം 45% അധികമാണ്. കക്ക, കീടനാശിനി, രാസവളം ഇവകൾക്ക് സബ്സീഡി നിലനിർത്തുകയും വർദ്ധിപ്പിക്കുയും ചെയ്യേണ്ടതാണ്.

11) ആവശ്യത്തിന് തൊഴിലാളികളെ കിട്ടാതെ കർഷകർ വിഷമിക്കുന്ന സ്ഥിതി വ്യാപകമായിട്ടുണ്ട്. സാദ്ധ്യമായ മേഖലകളിൽ ഒക്കെ യന്ത്രവൽക്കരണം അടിയന്തരമായി നടപ്പാക്കേണ്ടതുണ്ട്.

12) തൊഴിൽ തേടി വിവിധ മേഖലകളിലേക്ക് പോകേണ്ടി വരുന്ന തൊഴിലാളികൾക്ക് യാത്രാസൗകര്യം ലഭിക്കാത്ത ബുദ്ധിമുട്ടുകൾ ഏറെയുണ്ട്. ജലഗതാഗതത്തിന് കാർഷിക സീസണിൽപ്രത്യേക ബോട്ട് സർവ്വീസുകൾ ആരംഭിക്കണം. എടത്വാ-പായിപ്പാട് ബോട്ട് സർവ്വീസ് പുനഃസ്ഥാപിച്ച് തെക്കൻ മേഖലയിൽ നിന്നു

എത്തുന്ന തൊഴിലാളികൾക്ക് യാത്രാ സൗകര്യം സുഗമമാക്കണം .

13) എടത്വാ കേന്ദ്രമാക്കി മോഡേൺ റൈസ് മിൽ സഹകരണമേഖലയിൽ സ്ഥാപിച്ച് നെല്ലിന്റെ സംഭരണ-സംസ്ക്കരണ-വിപണനം മെച്ചപ്പെടുത്തി ഇടത്തട്ടുകാരുടെ ചൂക്ഷണം ഒഴിവാക്കേണ്ടതാണ്.

14) കൃഷി ചിലവിന്റെ അടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുകയും സർക്കാർ സ്ഥാപനങ്ങളിലൂടെയോ സഹകരണസംഘങ്ങളിലൂടെയോ സംഭരണം സാദ്ധ്യമാക്കേണ്ടതാണ്.

15) ഗോഡൗണുകൾ നിർമ്മിച്ച് പാടശേഖരങ്ങൾക്ക് കൂട്ടായി നൽകുകയും നിലവിലുള്ള വിലയ്ക്ക് നെല്ല് സംഭരിക്കുകയും കീ - ലോൺ സമ്പ്രദായം ഏർപ്പെടുത്തി ലാഭവിഹിതം കൃഷിക്കാർക്കു കൂടി ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

16) കൃഷി ഭവന്റെ പ്രവർത്തനം കൃഷിയിടങ്ങളിലേക്ക് ഫലപ്രദമായിവ്യാപിപ്പിക്കുകയും കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കണം.

17) എടത്വായിലെ നിർദ്ദിഷ്ട വൈദ്യുതി സബ്സ്റ്റേഷൻ അടിയന്തിരമായി നടപ്പിലാക്കണം.

18) കൃഷി സീസണിൽ പവർകട്ട് ഒഴിവാക്കുക.

19) പമ്പിംഗ് സബ്സീഡി 100% ആക്കി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥ ചെലവിന്റെ 60% പോലും ലഭിക്കുന്നില്ല. ഇതു സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങൾ പുന: പരിശോധിച്ച് യഥാർത്ഥ ചെലവ് കർഷകർക്കു ലഭ്യമാക്കണം.

20) പാടശേഖരങ്ങളിൽ പുഞ്ച കൃഷിക്കു ശേഷമുള്ള കാലയളവിൽ മത്സ്യ കൃഷിക്കുള്ളസംവിധാനം ഏർപ്പെടുത്തുകയും മത്സ്യ കുഞ്ഞുങ്ങളെയും തീറ്റയും സബ്സീഡി നിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.

21) പാടശേഖരങ്ങളെ വിള ഇൻഷ്വറൻസിൽ ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

22) നാണ്യവിളകൾക്ക് ലഭിക്കുന്ന സബ്സീഡികൾക്കു തുല്യമായിനെൽകൃഷിക്കും പരിഗണന നൽകുക.

23) പച്ചക്കറി ,കൂൺ, അടുക്കള തോട്ടം ,പുഷ്പകൃഷി ഔഷധ സസ്യകൃഷി എന്നിവയ്ക്ക് പദ്ധതികൾ ആവിഷ്ക്കരിക്കുക.

24) കാർഷികവൃത്തികൊണ്ടു മാത്രം ഉപജീവനം കഴിക്കുന്ന യഥാത്ഥ കൃഷികാർക്ക് പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുക.

25) കർഷകരെ ഇൻഷ്വർചെയ്യുന്ന പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

26) രോഗമുള്ള തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈകൾവെയ്ക്കുന്നതിന് നിലവിലുള്ള സഹായപദ്ധതികൾ വ്യാപകമാക്കുക.

27) തെങ്ങിനു മരുന്ന തളിക്കുന്നതിനു തെങ്ങുകയറ്റ തൊഴിലാളികളെ ലഭിക്കുന്നില്ല. പഞ്ചായത്തു തലത്തിൽ തൊഴിലാളികളെ പരീശീലിപ്പിച്ച് ലഭ്യമാക്കുവാൻ പദ്ധതി ഉണ്ടാക്കണം. വേതനം കർഷകരിൽ നിന്നും ഈടാക്കണം.

28) തെങ്ങിന് ജലസേചനം നടത്തുന്നതിന് 20സെൻറു മുതൽ മുകളിലേക്കുള്ളവർക്ക് സബ്സീഡി നിരക്കിൽ പമ്പ് സെറ്റുകൾ ലഭ്യമാക്കണം. വൈദ്യുതി സൗജന്യമായി നൽകണം.

29) നാളികേര സംസ്ക്കരണ വിപണ നകേന്ദ്രം എടതുായിൽ സ്ഥാപിക്കുക.

30) പച്ചക്കറി വിത്തുകളും നല്ലയിനം വാഴക്കന്നുകളും കൃഷിഭവൻ മുഖാന്തിരം സൗജന്യമായി വിതരണം ചെയ്യണം. പഞ്ചായത്തു വിൽപ്പനശാലകൾ ഏർപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലക്കു വാങ്ങണം.

31) ബോധവൽക്കരണ സെമിനാറുകൾ നടത്തുകയും സഹകരണാടിസ്ഥാനത്തിൽ പുഷ്പ കൃഷിക്ക് പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.

32) പുഞ്ച സ്പെഷ്യൽ ഓഫീസ് നിർത്തലാക്കി കർഷകരെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുകയും കൃഷി ഭവനിലൂടെ പമ്പിംഗ് സംബന്ധിച്ച ജോലികൾ നടത്തുകയും ചെയ്യണം. ഇതിനായി കൃഷിഭവനിൽ കൂടുതൽ സ്റ്റാഫിനെ നിയോഗിക്കണം.

ജലസേചനം

ജലസേചനമെന്നാൽ ജലദൗർലഭ്യമുള്ള മേഖലകളിലെ കൃഷിഭൂമികളിൽ ജലം എത്തിക്കുന്നതിനുള്ള പ്രക്രിയ മാത്രമല്ല, കൃഷി ഭൂമിയിലെ ജലനിർഗമനവും നിയന്ത്രണവും ജലസേചനത്തിന്റെ ഒരുഭാഗമാണ്.

രൂക്ഷമായ വെള്ളപ്പൊക്കത്തിന്റെ കെടുതികൾ അനുഭവിക്കുന്ന കുട്ടനാടൻ മേഖലയുടെ ഭാഗമാണ് എടത്വാ ഗ്രാമ പഞ്ചായത്ത് പ്രദേശമെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ?

നെൽകൃഷി പ്രധാനമായ ഈ പ്രദേശം ജലനിബിഡമായ നദികളും തോടുകളും കൊണ്ട് ചുറ്റപ്പെട്ടതാണ്. അതുകൊണ്ടു തന്നെ ഇവിടെ ജലദൗർലഭ്യം അനുഭവപ്പെടുന്നില്ല. നെൽകൃഷിക്ക് ആവശ്യമായ ജലം സമയാസമയങ്ങളിൽ എത്തിക്കുന്നതിന് സ്ഥിരമായ തൂമ്പ് ചാൽ സംവിധാനം എല്ലാ പാടശേഖരങ്ങളിലുമുണ്ട്. അധിക ജലനിർഗമനത്തിനായി മോട്ടോർ പെട്ടി മടയിലേയ്ക്ക് പ്രത്യേകം മെയിൻ ചാലുകളും ഉണ്ട്. പുറം തൂമ്പുകൾ തുറന്നാൽ തനിയേ വെള്ളം ഒഴുകികയറി എല്ലാ കൃഷിയിടങ്ങളിലും തടസ്സം കൂടാതെ എത്തുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ട്. എന്നാൽ വനനശീകരണത്തിന്റെ ഫലമായി മഴയുടെ അളവ് കുറഞ്ഞതിനാൽ രൂക്ഷമായ വരൾച്ച ചില വർഷങ്ങളിലുണ്ടായിട്ടുണ്ട്. ഈ സമയങ്ങളിൽ തൂമ്പുകളിലൂടെ വെള്ളം കയറ്റാൻ കഴിയാത്തവിധം പൊതു ജലാശയങ്ങളിലെ ജലനിരപ്പ് താഴ്ന്നു പോയിട്ടുണ്ട്. ഇത്തരം അസാധാരണ സന്ദർഭങ്ങളിൽ പമ്പുസെറ്റ് ഉപയോഗിച്ച് പടശേഖരങ്ങളിലേയ്ക്ക് ജലം പമ്പു ചെയ്തു കയറ്റേണ്ട സ്ഥിതി ഉണ്ടായിട്ടുണ്ട്.

ഒക്ടോബർ മുതൽ മെയ് വരെയുള്ള മാസങ്ങളിൽ കരകൃഷിക്ക് ഈ പ്രദേശത്ത് ജലസേചനം അനിവാര്യമാണ്. ഈ കാലയളവിലിൽ ഭൂഗർഭജലനിരപ്പ് ഉപരിതലത്തിൽ നിന്നും 3 മുതൽ 3.5 മീറ്റർ വരെ ആഴത്തിലാണെന്നു കണക്കാക്കിയിരിക്കുന്നു. അതുകൊണ്ടു തന്നെ വിളകൾക്ക് പരിമിതമായ തോതിൽ പോലും ഭൂഗർഭജലം ലഭ്യമാകുന്നില്ല

ആയതിനാൽ പമ്പുസെറ്റുകൾ ഉപയോഗിച്ച് കരകൃഷിക്ക് ജലസേചനം നടത്തുന്ന സ്ഥിതിയാണ് നിലവിലുള്ളത്. എന്നാൽ കർഷകരെ സംബന്ധിച്ചിടത്തോളം ജലാശയങ്ങളാൽ ചുറ്റപ്പെട്ട ഈ പ്രദേശത്ത് കരകൃഷിക്ക് ജലസേചനം നടത്തേണ്ടതാണെന്ന ധാരണ ഉണ്ടായിട്ടില്ല. വിവിധ വിളകൾക്ക് ആവശ്യമായ ജലത്തിന്റെ അളവും ജലസേചന ഇടവേളയും സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

മേൽപറഞ്ഞ നിലയിൽ ജലസേചന അനിവാര്യതയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ പ്രവർത്തനം നടത്തുകയും സബ്സിഡി നിരക്കിൽ പമ്പുസെറ്റുകൾ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

എന്നാൽ ഈ മേഖലയുടെ പൊതുവായ കൃഷി സംരക്ഷണത്തിനും ഉൽപാദന വർദ്ധനവിനും വെള്ളപ്പൊക്കം നിയന്ത്രിക്കുകയാണ് വേണ്ടത്. ഇത് കുട്ടനാടിന്റെ പൊതുപ്രശ്നമായതുകൊണ്ടും ഇതു സംബന്ധിച്ച ചർച്ചയ്ക്കും നിർദ്ദേശങ്ങൾക്കുമായി ഒരു പ്രത്യേക കുറിപ്പ് അന്യത്ര ചേർത്തിട്ടുണ്ട്.

പുഴയോര എക്കൽ പശിമരാശിമണ്ണിൽ വിവിധ വിളകൾക്ക് ആവശ്യമായ വെള്ളത്തിന്റെ അളവും(ഡി) ജലസേചന ഇടവേളയും (ഐ)

		ഐ, ഡി വിവിധ മാസങ്ങളിൽ							
		ഒക്ടോ:	നവം:	ഡിസം:	ജനു:	ഫെബ്രു	മാർച്ച്	ഏപ്രി:	മെയ്
പച്ചക്കറികൾ	ഐ,	5.0	5.0	5.0	4.0	4.0	4.0	4.0	4.0
	ഡി	14.5	14.5	16.0	15.0	15.0	16.0	16.0	16.5
മരച്ചീനി	ഐ,	15.0	15.0	14.0	13.0	13.0	13.0	13.0	14.0
	ഡി	23.0	22.5	23.0	23.5	23.5	23.5	23.0	23.0
വാഴ	ഐ,	15.5	15.5	14.5	12.5	10.0	9.5	8.0	7.5
	ഡി	23.0	22.5	23.0	24.0	24.0	24.0	25.5	26.0
തെങ്ങ്	ഐ,	20.0	20.0	18.5	17.5	17.0	16.5	16.5	18.0
	ഡി	55.0	55.0	55.0	55.5	55.5	56.5	56.5	55.5

ഐ. ജലസേചന ഇടവേള (ദിവസങ്ങളിൽ)
ഡി. വിളകൾക്കാവശ്യമായ ജലത്തിന്റെ അളവ് (മില്ലി. ലിറ്ററിൽ)

ഉദാ: നേന്ത്രൻ: നടുന്ന അകലം 2.0 X 2.0 മീ.
ഒരു വാഴ എടുക്കുന്ന സ്ഥലം 4.0 ച:മീ.
ഒരേക്കറിൽ നടുന്ന വാഴ 1000
1000 വാഴയ്ക്ക് 10 ദിവസം ഇടവേളയിൽ ഫെബ്രുവരി മാസത്തിൽ
ആവശ്യമായ വെള്ളം 24X 4000
= 96000
ഒരു വാഴയ്ക്ക് ഇക്കാലയളവിൽ വേണ്ട വെള്ളം 96 ലി.

വെള്ളപ്പൊക്ക നിയന്ത്രണം അനിവാര്യം

രൂക്ഷമായ വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്ന വിശാല കുട്ടനാടിന്റെ ഉയർന്ന പ്രദേശമായ അപ്പർ കുട്ടനാട് ഭാഗത്താണ് എടത്വാഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിന് മുഖ്യമായ സ്ഥാനമാണുള്ളത്. ഒരു പഞ്ചായത്തു മേഖലയിൽ -മാത്രമായി വെള്ളപ്പൊക്ക നിയന്ത്രണ പദ്തികൾ ആവിഷ്ക്കരിക്കുവാൻ സാധ്യമല്ല. . അതുകൊണ്ടു തന്നെ കുട്ടനാടിന്റെ പൊതുപ്രശ്നമെന്നനിലയിൽ വിശദമായ ചർച്ചക്കും നിർദ്ദേശങ്ങൾക്കും വേണ്ടി ഈ കുറിപ്പ് സമർപ്പിക്കുന്നു.

പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികളിലൂടെ വർഷകാലത്തു ഒഴുകിയെത്തുന്ന അധിക ജലമാണ് അപ്പർ കുട്ട നാടു മേഖലയിലെ വെള്ളപ്പൊക്കത്തിന് കാരണമായിട്ടുള്ളത്. ഈ പ്രശ്ന പരിഹാരത്തിനായി ആദ്യമായി നിർദ്ദേശിക്കപ്പെട്ട പദ്ധതിയാണ് തോട്ടപ്പള്ളി സ്പിൽവേ. അന്നു നിർദ്ദേശിക്കപ്പെട്ട പദ്ധതിയുടെ ഒരു ഭാഗം അട്ടിമറിക്കപ്പെട്ടു എന്നതാണ്, സ്പിൽവേയുടെ ലക്ഷ്യത്തിലുണ്ടായ പരാജയമെന്നു കാണാൻ കഴിയുന്നു. പമ്പാ, മണിമല, അച്ചൻകോവിൽ എന്നീ നദികൾ സംഗമിക്കുന്ന വീയപുരം പ്രദേശത്തു നിന്നും തോട്ടപ്പള്ളി സ്പിൽവേയിലേക്ക് നിർദ്ദേശിക്കപ്പെട്ടിരുന്ന ഗ്ലൂജുവായലീഡിംഗ് ചാനൽ ചില നിക്ഷിപ്ത താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ നിർമ്മിച്ചില്ല എന്നതാണ് മുഖ്യമായ പരാജയ കാരണം. ഈ പദ്ധതിക്ക് രൂപം നൽകിയ ശ്രീ ..ഐ. സി. ചാക്കോയും അന്നത്തെ ചീഫ് എൻജീനിയറായിരുന്ന ജി. വൈദ്യനാഥനും സമുദ്രത്തിലെ വേലിയേറ്റ സമയത്തു പോലുംഗ്ലൂജുവായ ലീഡിംഗ് ചാനൽ ഉണ്ടെങ്കിൽ കടലിലേക്ക് വെള്ളം തള്ളിയിറങ്ങുമെന്നു മനസ്സിലാക്കി യിരുന്നു.

മേൽ പറഞ്ഞ നദികളിലൂടെ ഒഴുകി

വരുന്ന ജലം അപ്പർ കുട്ടനാടിന്റെ ഉയർന്ന ഭാഗത്താണ് എത്തിച്ചേരുന്നത്. താഴ്ന്ന പ്രദേശമായ ലോവർകുട്ടനാട് മേഖലയിലേക്ക് -വടക്കോട്ട് -ജലമൊഴുകി പോകുന്ന പ്രക്രിയായാണ് നടക്കുന്നത്. വീയപുരത്തു നിന്നു സ്പിൽവേയിലേക്കുള്ളതുഉജുവായ ചാനൽ ഉണ്ടായാൽ വടക്കോട്ടുള്ള വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കാനും അതുവഴി കുട്ടനാട്ടിൽ വെള്ളപ്പൊക്കം നിയന്ത്രിക്കുവാനും കഴിയും . സമുദ്രത്തിൽ വേലീയേറ്റ മുണ്ടെങ്കിലും സ്പിൽവേയിൽ കൂടി സമുദ്രത്തിലേക്കു ജലം ഒഴുക്കി കളയുവാനും ഇതു മൂലം കഴിയുന്നതാണ്.

തോട്ടപ്പള്ളി സ്പിൽവേ രൂപകല്പന ചെയ്ത അവസരത്തിൽഒരു സെക്കൻറിൽ 19500 ഘന മീറ്റർ ജലംസമുദ്രത്തിലേക്കൊഴുമെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ പണി പൂർത്തിയായപ്പോൾ 600 ഘന മീറ്റർ ജലം മാത്രമേ ഒഴുക്കികളയുവാൻ സാധിക്കുന്നുള്ളൂ. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ലീഡിംഗ് ചാനൽ അതേരൂപത്തിൽ നിർമ്മിച്ചിരുന്നെങ്കിൽ ഈ ന്യൂനത ഉണ്ടാകുമായിരുന്നില്ല.

വെള്ളപ്പൊക്ക നിയന്ത്രണത്തിനായി അന്നു നിർദ്ദേശിക്കപ്പെട്ടിരുന്ന മറ്റൊരു കാര്യം ആലപ്പുഴ ചങ്ങനാശ്ശേരി റോഡിനു സമാന്തരമായുള്ളതും ഇപ്പോൾ ഒന്നാംകര വരെ വന്നു നിൽക്കുന്നതുമായ പുത്തൻതോട് ദേശീയ ജലപാതയുടെ ഭാഗമായപള്ളാത്തുരുത്തി ആറുമായി ബന്ധിപ്പിക്കണമെന്നതായിരുന്നു. ഈ നിർദ്ദേശവും അട്ടിമറിക്കപ്പെട്ടതു മുലം ഒന്നാംകരമുതൽ പള്ളാത്തുരുത്തിവരെയുള്ള ജലപാത ഉണ്ടായില്ല. ഇതു പൂർത്തീകരിച്ചാൽ ലോവർ കുട്ടനാടു മേഖലയിലെത്തുന്ന അധികജലം വേമ്പനാട്ടു കായലിലേക്ക് ഒഴുക്കി വിടുവാൻ എളുപ്പത്തിൽ സാധിക്കുന്നതാണ് . ലോവർ കുട്ടനാട്ടിൽ നിന്നുള്ള അധിക ജലത്തിന്റെ ഒഴുക്ക് നിയന്ത്രിച്ചു കൊണ്ട് സ്പിൽവേയിലേക്കുള്ള ഒഴുക്കു വർദ്ധിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ 3 നദികളുടെ കൈവഴികളിൽ ആവശ്യമായ സ്ഥലത്ത് റെഗുലേറ്ററുകൾ സ്ഥാപിക്കുന്നത് അഭികാമ്യമാണെന്നു കരുതപ്പെടുന്നു.

ഡച്ച് വിദഗ്ദ സംഘത്തിന്റെ പഠന റിപ്പോർട്ടിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിന് സ്ഥിരംതടയണകൾ കെട്ടണമെന്ന നിർദ്ദേശം കുട്ടനാടിന് ഗുണകരമല്ല. കുട്ടനാട്ടിലെ കൃഷി ഭൂമികളുടെ ഫലഭൂയിഷ്ഠത നിലനിർത്താൻ പ്രകൃതി അനുഗ്രഹിച്ചു നൽകിയ വരദാനമാണ് വെള്ളപ്പൊക്കമെന്ന് പഴമക്കാരുടെ അഭിപ്രായത്തെ പൂർണ്ണമായും തള്ളികളയാനാവില്ല. വർഷകാലത്ത് കിഴക്കൻ പ്രദേശത്തു നിന്നും എത്തുന്ന എക്കൽ നിറഞ്ഞ വെള്ളമാണ് കുട്ടനാടിന്റെ ഫലഫൂയിഷ്ഠത ശാശ്വതമായും നിലനിർത്തുന്നത്. തടയണകൾ നിർമ്മിച്ചാൽ കുട്ടനാട്ടിലേക്ക് കണ്ണുനീരു പോലെ തെളിഞ്ഞ വെള്ളം മാത്രമേ എത്തുകയുള്ളൂ. ഇത് നമ്മുടെ കാർഷിക മേഖലയെ ശാശ്വതമായി തകർക്കാനേ ഉപകരിക്കുകയുള്ളൂ .അതുകൊണ്ട് തന്നെ വെള്ളപ്പൊക്കത്തെ തടയണകെട്ടി തടയുക അല്ല. മറിച്ച് നിയന്ത്രിക്കുക എന്നതാണ് അഭികാമ്യമായിട്ടുള്ളത്.

ഓരു വെള്ള നിയന്ത്രണം:- വെള്ളപ്പൊക്ക നിയന്ത്രണം പോലെ തന്നെ പ്രധാനമാണ് ഓരുവെള്ള നിയന്ത്രണവും. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ചതോടെ വ്യാപകമായി രണ്ടാംകൃഷി ആരംഭിച്ചപ്പോൾ ഉപ്പുവെള്ള നിയന്ത്രണം അനിവാര്യമായി. ഇതിനു വേണ്ടിയാണ് പ്രധാനമായും തണ്ണീർമുക്കം റഗുലേറ്റർ രൂപകൽപ്പന ചെയ്തു നിർമ്മിച്ചത്. ഇതിൽ നിർദ്ദേശിക്കപ്പെട്ടിരുന്നതിന്റെ മൂന്നിൽ രണ്ടു ഭാഗത്തു മത്രമാണ് ഷട്ടറുകൾ സ്ഥാപി ച്ചത് ബാക്കി മൂന്നിൽ ഒരു ഭാഗം മണ്ണും ചെളിയും ഉപയോഗിച്ച് സ്ഥിരം ബണ്ട് നിർമ്മിക്കുകയാണ്. ചെയ്തിട്ടുള്ളത്. റെഗുലേറ്റർ പ്രവർത്തനം ആരംഭിച്ചതോടെ ഓരു

വെള്ളത്തെ നിയന്ത്രിക്കുന്നതിൽ ഒരു പരിധി വരെ വിജയിച്ചെങ്കിലും വർഷകാലത്ത് ഉദ്ദേശിച്ചത്ര അളവിൽ വെള്ളം പുറത്തേയ്ക്കു വിട്ട് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിൽ വേണ്ടത്ര വിജയിച്ചില്ല. ഉപ്പു വെള്ളം നിയന്ത്രിക്കുവാൻ കഴിഞ്ഞപ്പോൾ നെൽകൃഷി കൂടുതൽ വിജയകരമാക്കുവാൻ കഴിഞ്ഞെങ്കിലും മത്സ്യ മേഖലയിൽ ചില പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർന്നു വന്നു. മത്സ്യ ത്തിന്റെ ഉൽപ്പാദനം കുറഞ്ഞതും ചിലയിനങ്ങളുടെ വംശനാശം സംഭവിച്ചതും വ്യാപകമായ മത്സ്യ രോഗം ഉണ്ടായതും ഉപ്പു വെള്ളം കയറാത്തതു മൂലമാണെന്നാണ് പല പഠന റിപ്പോർട്ടുകളും സൂചിപ്പിക്കുന്നത്. നെൽകൃഷിയും മത്സ്യ സമ്പത്തും ഒരു പോലെ സംരക്ഷിക്കുവാൻ എന്തു ചെയ്യണമെന്നാണ് ചിന്തിക്കേണ്ടത്. കൃഷിക്കനുയോജ്യമായ കാലയളവ് നിശ്ച യിച്ച് വിളവെടുപ്പിനു ശേഷം കൃത്യമായ കാലയളവിൽ റെഗുലേറ്റർ തുറന്നിട്ട് കുട്ട നാട്ടിൽ ഉപ്പുവെള്ളം കയറുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

ജലദൗർലഭ്യം

വേനൽക്കാലത്ത് കുട്ടനാട്ടിൽ ജലദൗർലഭ്യമുണ്ടാകുന്ന സ്ഥിതിയും സംജാതമാകാറുണ്ട്. 1955 ൽ തയ്യാറാക്കിയ കുട്ടനാടു വികസന സ്കീമിൽ മൂവാറ്റു പുഴയിലെ വെള്ളം വേനൽക്കാലത്ത് കുട്ടനാട്ടിലേക്ക് തിരിച്ചു വിടുന്ന പദ്ധതി നിർദേശിച്ചിട്ടുണ്ട്. ഇത് ഏറെക്കുറെ ഗുണകരമാണെന്നു കരുതേണ്ടിയിരിക്കുന്നു. മൂവാറ്റുപുഴയിലെ ജലം ലോവർ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിൽ എത്തുന്നില്ലെങ്കിലും വൈക്കം ,വടക്കൻ കുട്ടനാട് മേഖലകളിലെ ജലവിതാനം ഉയരുന്നതുകൊണ്ട് ലോവർ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ ജലം ഒഴുക്കുന്നതിന് നിയന്ത്രണമുണ്ടാക്കുന്നതുകൊണ്ട് ഈ മേഖലകളിലും ജലവിതാനം ഉയരുന്നതിന് സാദ്ധ്യതയുണ്ട്. അതുകൊണ്ടു തന്നെ ഈ പദ്ധതി മൊത്തത്തിൽ കുട്ടനാടിന് ഗുണകരമാണന്നു കരുതാം.

ചില നിർദ്ദേശങ്ങൾ

1) തോട്ടപ്പള്ളി സ്പിൽവേ പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടുന്ന ഭൂജുവായ ലീഡിംഗ് ചാനൽ പമ്പ, മണിമല, അച്ചൻ കോവിൽ എന്നീ നദികൾ വന്നു ചേരുന്ന വീയപുരത്തുനിന്നു ംനിർമ്മിക്കുക.

2) ആലപ്പുഴ- ചങ്ങനാശ്ശേരി റോഡിനു സമാന്തരമായ പുത്തൻതോട് പള്ളാത്തുരുത്തി ആറുമായി ബന്ധിപ്പിക്കുക.

3) തോട്ടപ്പള്ളി സ്പിൽവേയിലേക്കുള്ള ഒഴുക്ക് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രദേശങ്ങളിൽ റെഗുലേറ്റർ സ്ഥാപിക്കുക. ഇത് ലീഡിംഗ് ചാനൽ നിർമ്മാണം പൂർത്തീകരിച്ച് ഒരു വെള്ളപ്പൊക്ക കാലത്തുള്ള ഒഴുക്കിന്റെ ഗതി മനസ്സിലാക്കി സ്ഥാന നിർണ്ണയം നടത്തണം.

4) അമ്പലപ്പുഴ- തിരുവല്ലാ റോഡു നിർമ്മാണത്തിൽ അടയ്ക്കപ്പെട്ട തോടുകൾ കലിങ്കുകൾ നിർമ്മിച്ച് തുറന്നു വിടുക.

5) തണ്ണീർമുക്കം റഗുലേറ്ററിന്റെയും , തോട്ടപ്പള്ളി സ്പേിൽവേയുടെയും കേടുവന്ന തട്ടറുകൾ അടിയന്തിരമായി നന്നാക്കുകയും തണ്ണീർ മുക്കം ബണ്ടിന്റെ ബാക്കിഭാഗത്തു കൂടി ഷട്ടറുകൾ നിർമ്മിക്കയും ചെയ്യുക.

6) അപ്പർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ പുറബണ്ട് 0.7 മീറ്റർ ഉയർത്തി കല്ലുകെട്ടി നിർമ്മിക്കുകയും രണ്ടാം കൃഷി നിർബന്ധമാക്കുകയും ചെയ്യുക.

7) ലോവർ കുട്ടനാട് മേഖലയിൽ പാടശേഖരങ്ങളെ രണ്ടു ഗ്രൂപ്പായി തിരിച്ച് ഒന്നിടവിട്ടു രണ്ടാം കൃഷിയും മത്സ്

കൃഷിയും ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

8) നെൽകൃഷിക്കുള്ള വ്യക്തമായ സമയംനിശ്ചയിച്ച് നിശ്ചിത സമയത്തിനുള്ളിൽ വിളവെടുപ്പ നടത്തുന്നതിനും നിശ്ചിത കാലയളവിൽതണ്ണീർമുക്കം റെഗുലേറ്റർ തുറക്കുന്നതിനുമുള്ള ക്രമീകരണം ഏർപ്പെടുത്തുക.

9) മൂവാറ്റുപുഴയിലെ വെള്ളം കുട്ടനാട്ടിലേക്കു തിരിച്ചു വിടാനുള്ള പദ്ധതി എത്രയും വേഗം നടപ്പാക്കുക.

10) പമ്പ,മണിമല, അച്ചൻ കോവിൽ നദികളുടെ മുകൾ ഭാഗങ്ങളിൽ സ്ഥിരം തടയണകൾ നിർമ്മിക്കുവാനും തണ്ണീർമുക്കം പ്രദേശത്ത് ശുദ്ധജലച്ചിറ കെട്ടുവാനുമുള്ള ഡച്ചു വിദഗ്ദ സംഘത്തിന്റെ നിർദ്ദേശം പൂർണ്ണമായും തള്ളിക്കളയുക.

മത്സ്യബന്ധനം

കായലുകളാൽ ചുറ്റപ്പെട്ട പ്രദേശമായതുകൊണ്ടുതന്നെ മത്സ്യസമ്പത്തും ഏറെയുണ്ടായിരുന്ന മേഖലയാണിത്. കാർഷിക വൃത്തിക്കുപുറമെ മത്സ്യബന്ധനം ഉപതൊഴിലായി നടത്തുന്നവരാണ് ഇവിടുത്തെ ജനങ്ങളിൽ ഏറിയപങ്കും. എന്നാൽ ഉൾനാടൻ മത്സ്യബന്ധനം സ്ഥിരം തൊഴിലായി സ്വീകരിച്ചിട്ടുള്ള 160 ൽപരം കുടുംബങ്ങൾ എടത്വാ പഞ്ചായത്തു മേഖലയിലുണ്ട്. പരമ്പരാഗതമായി മത്സ്യബന്ധനത്തിനു സ്വീകരിച്ചിരുന്ന മാർഗ്ഗങ്ങൾതന്നെയാണ് ഇപ്പോഴും ഇവിടെ നിലനിൽക്കുന്നത്. വീശുവല, ഉടക്കുവല, പെരുവല, മടവല തുടങ്ങിയ വലകളും ചൂണ്ട, ഒറ്റാൽ, കൂട്, പെരുംകൂട്, മുപ്പല്ലി, തെറ്റാലി തുടങ്ങിയ ഉപകരണങ്ങളും ഈ പ്രദേശത്ത് വ്യാപകമായി ഉപയോഗിച്ചു വരുന്നു. അനധികൃതമായി തോട്ടപൊട്ടിച്ചും നഞ്ചുകലക്കിയും വൈദ്യുതിപ്രവഹിപ്പിച്ചും മത്സ്യബന്ധനം നടത്തുന്നവരുണ്ട്. ശാസ്ത്രീയമായ മാർഗ്ഗത്തിലൂടെയുള്ള മത്സ്യബന്ധനം മൂലം പലയിനങ്ങലൂടെ വംശനാശം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ഉപ്പുവെള്ളത്തിന്റെ വരവിനെ തടയുന്നതിനുള്ള വികസനപ്രവർത്തനങ്ങൾ ശക്തിപ്പെട്ടതോടുകൂടി കുട്ടനാടൻ ജലാശയങ്ങളിലെ ജലഘടനയിൽ മാറ്റംവരുകയും വ്യാപകമായ മത്സ്യരോഗത്തിനും ചിലയിനങ്ങളുടെ വംശനാശത്തിനും കാരണമായിട്ടുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളെ കണക്കിലെടുക്കാതെയുള്ള വികസനപ്രവർത്തനങ്ങളും അശാസ്ത്രീയമായ മത്സ്യബന്ധനരീതികളും കർശനമായി തടയേണ്ടതുണ്ട്.

ബഹുഭൂരിപക്ഷം ജനങ്ങളുടെയും ഭക്ഷണക്രമത്തിൽ മത്സ്യത്തിന് സുപ്രധാന സ്ഥാനമാണുള്ളത്. ഇൻഡ്യയിലെ ആളോഹരി പ്രതിവർഷ ഉപഭോഗം 3.5 കി. ഗ്രാം എന്ന് കണക്കാക്കിയിരിക്കുന്നു. ഇത് കേരളത്തിൽ 23 കി. ഗ്രാം ആണ്. വികസിത രാജ്യങ്ങളിൽ 30 മുതൽ 40 കി. ഗ്രാം വരെയാണ് മത്സ്യ ഉപഭോഗത്തിന്റെ തോതെന്ന് റിപ്പോട്ടുകൾ സൂചിപ്പിക്കുന്നു. ഉപഭോഗത്തിന്റെ തോതനുസരിച്ച്

മത്സ്യസമ്പത്തിന്റെ ഉല്പാദനം നടക്കുന്നില്ലെന്ന ദുഃസ്ഥിതി നിലനിൽക്കുകയാണ്.

മത്സ്യാഹാരത്തിന്റെ പ്രാധാന്യം.

പോഷകപ്രധാനമായ മത്സ്യത്തിൽ മാംസ്യവും ലവണങ്ങളും ജീവകങ്ങളും ആരോഗ്യത്തിന് ആവശ്യമായ എല്ലാ അമിനോഅമ്ലങ്ങളും ശരിയായ അളവിൽ അടങ്ങിയിരിക്കുന്നു. മത്സ്യം എളുപ്പത്തിൽ ദഹിക്കാവുന്നതും രക്തത്തിൽ ആഗീരണം ചെയ്യാവുന്നതുമാകയാൽ വയസ്സായവർക്കുപോലും സുഭിക്ഷമായി കഴിക്കാവുന്നതാണ്. ഒമേഗ-3 വിഭാഗത്തിൽപ്പെടുന്ന അപൂരിത കൊഴുപ്പുകൾ മത്സ്യത്തിൽ ധാരാളം അടങ്ങിയിട്ടുള്ളതിനാൽ ആരോഗ്യത്തിന് അത്യുത്തമമാണ്. നമ്മുടെ പൊതുജലാശയങ്ങളെയും വിസ്തൃതമായ പാടശേഖരങ്ങളെയും കുളങ്ങളെയും പ്രയോജനപ്പെടുത്തികൊണ്ട് ശാസ്ത്രീയ മത്സ്യകൃഷി വ്യാപനത്തിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും വലിയതോതിൽ ലാഭമുണ്ടാക്കുവാനും കഴിയും.

ശാസ്ത്രീയ മത്സ്യകൃഷി.

ശുദ്ധജല മത്സ്യകൃഷി ആദായകരമായി ചെയ്യുന്നതിന് തിരഞ്ഞെടുക്കുന്ന വളർത്തു മത്സ്യങ്ങൾക്ക് പൊതുവായി ചില ഗുണങ്ങൾ ഉള്ളവയായിരിക്കണം. ചുരുങ്ങിയ കാലംകൊണ്ട് കൂടുതൽ വളർച്ചയും തൂക്കവും കിട്ടുന്നവയും നല്ല രുചിയുള്ളതും ജലാശയത്തിലെ ജൈവോൽപ്പാദനം പ്രയോജനപ്പെടുത്തുന്നവയും കൃത്രിമത്തീറ്റ വൻതോതിൽ തിന്നുന്നതും ഒന്നിച്ചു വളർത്തുമ്പോൾ ആഹാരത്തിനും സ്ഥലത്തിനും വേണ്ടി പരസ്പരം മത്സരിക്കാത്തവയും പരസ്പരം പിടിച്ചുതിന്നാത്തവയും ജലാശയത്തിന്റെ വിവിധ തട്ടുകളിൽ നിന്നും ആഹാരസമ്പാദനം നടത്തുന്നവയും ജലത്തിന്റെ ഘടനയിൽ വരുന്ന വ്യതിയാനങ്ങളെ അതിജീവിക്കുന്നവയും രോഗപ്രതിരോധശേഷിയുള്ളവയും സുലഭമായി മത്സ്യവിത്ത് ലഭിക്കുന്നവയും താരതമ്യേന കുറഞ്ഞചിലവിൽ കൃഷിചെയ്യാൻ കഴിയുന്നതുമായ ഇനങ്ങളെ വേണം തിരഞ്ഞെടുക്കാൻ. ഈ ഗുണഗണങ്ങൾ എല്ലാമുള്ള ചില ഇനങ്ങളെ മത്സ്യകൃഷിവികസന ഏജൻസികൾ നിർദ്ദേശിക്കുന്നുണ്ട്. ഇന്ത്യൻകാർപ്പുമത്സ്യങ്ങളായ കട്ല, രോഹു, മൃഗാല ചൈനീസ് മത്സ്യങ്ങളായ ഗ്രാഡ്കാർപ്പ്, സിൽവർകാർപ്പ്, കോമൺകാർപ്പ് എന്നീ ഇനങ്ങൾ അവയിൽ പ്രധാനപ്പെട്ടവയാണ്. ഇവയോടോപ്പം ആറ്റുകൊഞ്ച് വിജയകരമായി കൃഷിചെയ്യാവുന്ന സ്ഥിതിയും ഉണ്ട്.

മേല്പറഞ്ഞ ചില ഇനങ്ങളെ ഏതാനും വ്യക്തികൾ ലാഭകരമായി കൃഷിചെയ്തു വരുന്നുണ്ട്. കൂടാതെ സംസ്ഥാനമത്സ്യകൃഷി ഫാം ഈ പഞ്ചായത്തുമേഖലയിൽ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്.

ജലാശയങ്ങളിലെ ജലത്തിന്റെ പോഷകഗുണങ്ങൾ വളപ്രയോഗം വഴി വർദ്ധിപ്പിക്കാവുന്നതാണ്. ജൈവവളങ്ങളും രാസവളങ്ങളും ഇതിനായി ഉപയോഗിക്കാവുന്നതാണ്. വളപ്രയോഗത്തെ സംബന്ധിച്ച് പട്ടിക നോക്കുക.

വളങ്ങളുടെ ഉപയോഗക്രമം (കി. ഗാമിൽ)

സമയക്രമം	ചാണകം	യൂറിയ	അമോണിയം സൾഫേറ്റ്	കാത്സ്യം അമോണിയം നൈട്രേറ്റ്	സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്
ആദ്യമാസം	2000	–	–	–	–
രണ്ടാം മാസം മുതൽ11–ാം മാസം വരെ	1000	25	30	30	20

തവിടും കടലപ്പിണ്ണാക്കും തുല്യഅനുപാതത്തിൽ കുഴച്ച് ഉരുളകളാക്കി തീറ്റ നൽകാവുന്നതാണ്. മുള്ളൻപായൽ, കപ്പയില, വാഴയില തുടങ്ങിയവ അരിഞ്ഞ് തീറ്റിയായി നൽകാവുന്നതാണ്.

വീട്ടുവളപ്പുകളിലുള്ള കുളങ്ങളിലും തോടുകളിലും ചെറിയതോതിലും കൃഷിക്കുപയുക്തമല്ലാത്ത ജലാശയങ്ങളിലും ശാസ്ത്രീയ മത്സ്യകൃഷി വിജയകരമാക്കുവാൻ സാധിക്കുന്നതാണ്. എല്ലാ ജില്ലയിലും പ്രവർത്തിക്കുന്ന മത്സ്യകർഷക വികസന ഏജൻസികളിൽനിന്നും സാങ്കേതിക ഉപദേശങ്ങളും ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങളും ലഭിക്കുന്നതാണ്.

പുഞ്ചകൃഷിക്കുശേഷം രണ്ടാം വിളക്കാലം പാടശേഖരങ്ങളെ കൊഞ്ചുകൃഷിക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ആറുമാസം കൊണ്ടുപൂർത്തിയാക്കാവുന മത്സ്യകൃഷിയേ പാടശേഖരങ്ങൾക്ക് സ്വീകരിക്കാനാവൂ. അല്ലാത്തപക്ഷം നെൽകൃഷിപാടേ ഉപേക്ഷിക്കേണ്ടിവരും. നെൽകൃഷിയായും മത്സ്യകൃഷിക്കായാലും പാടശേഖരങ്ങളുടെ പുറം ബണ്ട് 0.7മീറ്റർ ഉയർത്തി കല്ലുകെട്ടിസംരക്ഷിക്കേണ്ടതുണ്ട്. ഏറെ പണച്ചിലവുള്ളതാണെങ്കിലും ഇത് സ്ഥിരം സംവിധാനമായതിനാൽ അടിയന്തിരപ്രാധാന്യത്താടെ നടപ്പിലാക്കേണ്ടതുണ്ട്. രണ്ടാം വിളക്കാലം പകുതി പാടശേഖരങ്ങൾ നെല്ലും ബാക്കിയുള്ളവ മത്സ്യവും എന്ന ക്രമത്തിൽ ഒന്നിടവിട്ട വർഷങ്ങളിൽ കൃഷിസമ്പ്രദായം സ്വീകരിച്ചാൽ വെള്ളപ്പൊക്കനിയന്ത്രണത്തിനായി ഒരു പങ്കു വഹിക്കുവാനും ധാന്യോൽപ്പാദനവും മത്സ്യസമ്പത്തും വർദ്ധിപ്പിക്കുവാനും ഉപകരിക്കും.

എടത്വാ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന മത്സ്യകൃഷി ഫാമിൽ മത്സ്യവിത്തുകളുടെ ഉല്പാദനം നടത്തി കവിയൂരുള്ള കൃഷിഫാമിലെത്തിച്ച് വളർത്തി വിതരണം നടത്തുകയാണ് ഇന്ന് ചെയ്യുന്നത്. എന്നാൽ എടത്വായിലുള്ള ഫാമിന്റെ വികസനത്തിന് സ്ഥലംവാങ്ങിയിട്ടിട്ട് വർഷങ്ങളേറെയായിട്ടും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഈ സ്ഥലത്ത് മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ കർഷകർക്ക് ബോധവൽക്കരണവും സാങ്കേതിക ഉപദേശവും നൽകി മത്സ്യകൃഷിമേഖലയെ സംപുഷ്ടമാക്കുവാൻ സാധിക്കും.

മൃഗസംരക്ഷണം

ഇൻഡ്യയുടെ പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ വർദ്ധനയുണ്ടാക്കുവാനും ആരോഗ്യപരിപാലനം പുഷ്ടിപ്പെടുത്തുവാനും സഹായകമായ പല പദ്ധതികളും മൃഗസംരക്ഷണ മേഖലയിൽ വളരെ വിജയകരമായി ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. എടത്വാ പഞ്ചായത്ത് 10 വാർഡ് ഉൾക്കൊള്ളുന്നതും വിസ്തീർണ്ണം 22.29 സ്വകയർ കിലോമീറ്ററും ഉണ്ട്. കൂടുതലും വെള്ള കെട്ടു നിറഞ്ഞ നെൽപ്പാടങ്ങളുടേയും ചുറ്റുപാടുമുള്ള നികത്തു പുരയിടങ്ങളിലും, ചിറകളിലുമായി താമസിക്കുന്നവരുമാണ്, 90% വീട്ടുകാരും താമസിക്കുന്നത് ആറ്റ് അരികിലോ തോട്ടരികിലോ ആണ്. ഉപതൊഴിലായി ഇവിടെ നടത്താവുന്ന ഏറ്റം പ്രധാനപ്പെട്ട ഒരിനമാണ് മൃഗസംരക്ഷണം, കാർഷിക മേഖലയുടെ അനുബന്ധമായി വികസിപ്പിച്ചെടുക്കാവുന്ന ഒന്നാണ് മൃഗസംരക്ഷണ മേഖല.

എടത്വായിൽ 20-9-1985ൽ ഒരു മൃഗാശുപത്രി പ്രവർത്തനം തുടങ്ങി ഒരു വെറ്റിനറിസർജനും, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറിനും പുറമേ, സ്വീപ്പർ എന്നിങ്ങനെ 4 ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലി ചെയ്തു വരുന്നു. ഈ സ്ഥാപനത്തിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിൽ ഇന്നും പ്രവർത്തിച്ചു പോരുന്നു. മൃഗങ്ങളെ കൊണ്ടുവരുന്നതിനോ, സൗകര്യപ്രദമായുള്ള ചികിത്സ നടത്തുന്നതിനോ ഉള്ള സൗകര്യം ഇല്ലെന്നു തന്നെ പറയാം. ആശുപത്രിയോടനുബന്ധിച്ച് ലാബറട്ടറി, ടെലിഫോൺ മുതലായ സൗകര്യമോ ഇല്ല. ഈ സ്ഥാപനത്തിന്റെ കീഴിൽ ഈ പഞ്ചായത്തിൽപ്പെട്ട തായംങ്കരിയിൽ ഒരു ഐ.സി.ഡി.പി ഉപകേന്ദ്രം പ്രവർത്തിച്ചുവരുന്നു, അവിടെ ഇന്നുവരെ ഒരു സ്ഥിര ജീവനക്കാരെ നിയമിച്ചിട്ടില്ല.

മുൻകാലങ്ങളിൽ ഈ പ്രദേശത്താകെ ഉല്പാദനം കുറഞ്ഞ മൃഗങ്ങളാണ് ഉണ്ടായിരുന്നത്. കൃത്രിമ ബീജസങ്കലനം നടപ്പാക്കിയതോടെ വിദേശ ജനുസുകളുടെ ആവീർഭാവത്തോട് ഉത്പാദനത്തിലും ഗണ്യമായ മാറ്റമുണ്ടായി. എന്നാൽ സമീപക്കാലത്ത് കാലിത്തീറ്റയുടെ വില ക്രമാതീതമായി വർദ്ധിച്ച് വന്നതിനാൽ ഉത്പാദന മേഘലയിൽ ഗണ്യമായ കുറവും പ്രതിസന്ധികളും ഉണ്ടായിരിക്കുന്നു. ഉത്പാദകന് ഉല്പാദനചെലവിന്റെ അടിസ്ഥാനത്തിൽ പാലിന് വില ലഭിക്കുന്നില്ല. ഈ മേഘലയിലെ ഇടത്തട്ടുകാരുടെ ചൂഷണത്തിനും ഉത്പാദകർ ഇന്ന് വശംവദരാകുന്നു. ഇതിന് പരിഹാരം എന്നോണം പഞ്ചായത്തടിസ്ഥാനത്തിൽ ചെറിയ കാലിത്തീറ്റ

ഉത്പാദന കേന്ദ്രങ്ങൾ ഉത്പാദകരുടെ സഹകരണ സംഘങ്ങൾ വഴി നടത്താവുന്നതാണ്. കാലിത്തീറ്റ ഉത്പാദനത്തിനാവശ്യമായ ഇവിടെ ലഭിക്കാത്ത അസംസ്കൃത വസ്തുക്കൾ എത്തിച്ച് ഇവിടെത്തന്നെ നിർമ്മാണം തുടങ്ങിയാൽ ഈ പ്രതിസന്ധി ഒരളവുവരെ പരിഹരിക്കാൻ സാധിക്കുന്നതാണ്.

ഇവിടെ ജീവിക്കുന്നവരുടെ മുഖ്യതൊഴിൽ കൃഷിയും അവയുമായി ബന്ധപ്പെട്ടുള്ളതുമാണ്. നെൽകൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ള തൊഴിലുകൾ എല്ലാ സമയങ്ങളിലും ഇവിടെ ലഭിക്കാത്തതിനാൽ പ്രതിശീർഷ വരുമാന വർദ്ധനക്ക് മൃഗസംരക്ഷണ മേഘലയിൽ ഒറ്റയ്ക്കും കൂട്ടായും പല പദ്ധതികളും വിജയകരമായി നടപ്പാക്കാവുന്നതാണ്. കേരളത്തിന്റെ വരുമാനത്തിന്റെ 10.58% ലഭിക്കുന്നത് മൃഗസംരക്ഷണ മേഘലയിൽ നിന്നാണ് എന്നാൽ ഇതിന് വേണ്ടിവരുന്ന ചിലവാകട്ടെ മൊത്ത ചിലവിന്റെ 1.33%ത്തിന്റെ താഴെ മാത്രമാണ്. ഇതിന്റെ അർത്ഥം മറ്റു പല മേഘലകളേയും അപേക്ഷിച്ച് കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ വരുമാനമുണ്ടാക്കുവാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയുന്ന ഒന്നാണ് മൃഗസംരക്ഷണ മേഖല.

തീറ്റപ്പുല്ലിന്റെ ഉല്പാദനത്തിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതാണ് കാലിവളർത്തലിൽ ചിലവ് വളരെ അധികം വർദ്ധിക്കാൻ കാരണം. തീറ്റപ്പുല്ല് ലഭ്യമായാൽ കാലിത്തീറ്റയുടെ അളവ് കുറയ്ക്കാൻ സാധിക്കും. വൈക്കോൽ യൂറിയ ഉപയോഗിച്ചുള്ള സംപുഷ്ടം ചെയ്യുന്ന പ്രക്രിയ ഇതുവരെ സാർവ്വത്രികമാക്കാനും സാധിച്ചിട്ടില്ല.

പശു, ആട്, എരുമ എന്നിവയാണ് ഈ പ്രദേശത്തെ പ്രധാന വളർത്തുമൃഗങ്ങൾ, കൂടാതെ കോഴി, താറാവ് എന്നിവയും മുഖ്യമായി വളർത്തുന്നു. താറാവ് വളർത്തൽ മിക്കവാറും മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുണ്ട്. താറാവിന് കാലാകാലങ്ങളിൽ കണ്ടു വരുന്ന രോഗങ്ങൾ കർഷകരിൽ വളരെ അധികം സാമ്പത്തിക പരാധീനത ഉണ്ടാകുന്നുമുണ്ട്. ശരിയായ ചികിത്സ തക്ക സമയങ്ങളിൽ നടത്താത്തതും, താറാവിനെ ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടു വരാത്തതും നഷ്ടം കനത്തതാകുന്നു.

എടത്വാ ഗ്രാമ പഞ്ചായത്ത് വളർത്തു മൃഗ സംഖ്യ താഴെ ചേർക്കുന്നു.

വാർഡ് നമ്പർ	കാള (നാടൻ)		കാള (സങ്കരം)		പശു (നാടൻ)		പശു (സങ്കരം)		എരുമ		പോത്ത്	ആട്	പന്നി	
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1	-	-	-	3	8	6	98	24	3	2	3	240	46	-
2	-	-	1	2	6	11	82	26	10	5	6	272	43	-
3	-	-	-	5	25	12	93	49	15	10	8	500	75	-
4	-	-	-	2	11	18	42	52	2	1	4	249	62	-
5	-	-	1	2	12	6	51	44	4	3	6	238	43	-
6	-	1	-	3	13	14	68	63	11	4	5	299	46	-
7	-	1	1	1	7	7	74	39	14	4	4	401	53	-
8	-	-	-	1	11	8	39	42	6	3	6	276	48	-
9	-	1	-	1	12	5	42	53	6	4	-	315	42	-
10	-	1	1	-	8	4	61	29	3	3	-	364	69	-

എടത്വാ ഗ്രാമ പഞ്ചായത്ത് വളർത്തു പക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	
1	2	3	4	5	6	7
1	468	1600	2400	82	140	14
2	511	1800	2200	80	4000	12
3	474	1100	2900	100	5000	67
4	512	1000	3000	300	3000	29
5	432	1500	2500	64	1110	31
6	560	1100	2900	64	8000	42
7	414	900	2600	58	4000	49
8	314	2700	3000	64	1200	67
9	719	2100	1900	153	2750	45
10	801	1000	1600	15	300	98

പാൽ, മുട്ട, മാംസ്യം എന്നിവയ്ക്കു പുറമേ വ്യവസായിക ആവശ്യത്തിനുള്ള തൂകൽ, എല്ല്, ജലാറ്റിൻ, കൊഴുപ്പ് എന്നിവ മൃഗങ്ങളുടെ സംഭാവനയാണ്. ഔഷധ വ്യവസായത്തിനാവശ്യമായ ഹോർമോൺ, വാക്സിൻ, എൻസൈമുകൾ എന്നിവ ഈ മേഖലയിൽ നിന്നും ലഭിക്കുന്നതാണ്.

കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും മൃഗങ്ങൾ വഹിക്കുന്ന പങ്ക് ചില്ലറയല്ല. ജൈവവളം ഉണ്ടാക്കുന്നതിനും, നിലം ഉഴുന്നതിനും, മൃഗങ്ങളെ ആണ് ആശ്രയിക്കുന്നത്. വർദ്ധിച്ചു വരുന്ന ഉർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിന് ജൈവവാതക നിർമ്മാണത്തിന് ഒരു പരിധി വരെ സഹായിക്കുവാൻ കഴിയും. സമൂഹത്തിലെ ഭൂരി പക്ഷം വരുന്ന സ്ത്രീകൾക്ക് വരുമാനം നൽകുന്ന കാര്യത്തിൽ മൃഗ സംരക്ഷണ മേഖല ശ്രദ്ധേയമായ പങ്കു വഹിക്കുന്നുണ്ട്.

മൃഗസംരക്ഷണ സ്ഥാപനങ്ങൾ

എടത്വാ മൃഗാശുപത്രി കൂടാതെ തായംങ്കരിയിൽ ഒരു ഊർജ്ജിത കന്നുകാലി ഉപകേന്ദ്രം കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ തായംങ്കരി, എടത്വ, പാണ്ടങ്കരി എന്നീ പ്രദേശങ്ങളിൽ ഓരോ ക്ഷീര ഉല്പാദന സഹകരണ സംഘങ്ങളും പ്രവർത്തിച്ചു പോരുന്നു.

എടത്വാ മൃഗാശുപത്രിയിലെ വിവിധ ചികിത്സ, കുത്തിവയ്പുകൾ മുതലായവകളുടെ അവലോകനം 1995.

ആകെ ചികിത്സിച്ച മൃഗങ്ങൾ	-	2412
കൃത്രിമ ബീജസങ്കലനം	-	660
പേവിഷബാധയ്ക്കെതിരേ ഉള്ള കുത്തിവയ്പ്	-	132
കോഴിവസന്തയ്ക്കെതിരേയുള്ള കുത്തിവയ്പ്	-	3400
താറാവ് വസന്തയ്ക്കെതിരെയുള്ള കുത്തിവയ്പ്	-	30000

എടത്വാ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പൊതു വിവരം.

	സംഘത്തിന്റെ പേര്	പ്രവർത്തന മേഖല	അംഗങ്ങളുടെ എണ്ണം				ദിവസേന കൈകാര്യം ചെയ്യുന്ന പാലിന്റെ അളവ്				ജീവനക്കാരുടെ എണ്ണം
			ജനറൽ		SC / ST		പ്രാദേശിക വില്പന	ഡയറിക്കയച്ചത്	പ്രാദേശികം	ഡയറിക്കയച്ചത്	
			പു	സ്ത്രീ	പു	സ്ത്രീ					
1	എടത്വാക്ഷീരോല്പാദക സഹകരണ സംഘം No. A. 157 (D) Apcos എടത്വാ പി.ഒ	എടത്വാ പഞ്ചായത്ത് വാർഡ്, 1-10,9	186	3	13	1	105	130	100	210	3
2	തായംങ്കരി ക്ഷീരോല്പാദക സഹകരണ സംഘം No. A. 157 (D) Apcos തായംങ്കരി പി.ഒ	വാർഡ് 6,7,8	303	2	21	1	58	165	40	210	3
3	പാണ്ടങ്കരി ക്ഷീരോല്പാദക No. A. 157 (D) Apcos	വാർഡ്2,3,4	209	0	26	2	50	145	40	225	3

മൂന്നു സംഘങ്ങളിലും കൂടി പ്രതിദിനം 600 ലിറ്ററിന് മേൽ പാൽ ഡയറിക്കയയ്ക്കുന്നുണ്ട്. പ്രാദേശിക വില്പനയ്ക്ക് പുറമേ ഏതാണ്ട് 400 ലിറ്ററോളം പാൽ ഹോട്ടലുകളിലെ ഉപയോഗത്തിനും ഏതാണ്ട് അത്രത്തോളം പാൽ ഉല്പാദകരുടെ ഭവനങ്ങളിലും ഉപയോഗിച്ചുവരുന്നു.

കാലാകാലങ്ങളിൽ കണ്ടുവരുന്ന എല്ലാവിധ രോഗബാധയും നേരിട്ടും അല്ലാതെയും ഉല്പാദനത്തേയും പ്രത്യുല്പാദനത്തേയും ബാധിക്കുന്നതിനാൽ കൃത്യതയും സമയബന്ധിതവുമായ ചികിത്സ വളരെ പ്രാധാന്യമർഹിക്കുന്നു.

ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് എടത്വാമൃഗാശുപത്രിയിൻ കീഴിൽ നടപ്പാക്കിയ പദ്ധതികൾ

1	സബ്സിഡി നിരക്കിൽ കോഴിയും താറാവും വിതരണം ചെയ്തു	1000 കോഴികുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ 2400 താറാവിൻ കുഞ്ഞുങ്ങൾ 50% സബ്സിഡി നിരക്കിൽ
2.	സ്ക്കൂൾ വിദ്യാർത്ഥികൾക്ക് കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു	സ്കൂൾ വിദ്യാർത്ഥികൾക്ക് 450 കോഴി
3.	ഓരോ വർഷവും 2 ഗോരക്ഷാ ക്യാമ്പുകൾ	2 ക്യാമ്പുകളും നടത്തി
4.	പേവിഷ നിർമ്മാർജ്ജന പരിപാടി	200 സുൻറീറേബീസ് വാക്സിനേഷൻ

മൃഗ സംരക്ഷണ മേഖലയിൽ ഊന്നൽ നൽകേണ്ട മേഘലകൾ

1. പാൽ ഉത്പാദനം
2. മുട്ട ഉത്പാദനം
3. മത്സ്യ ഉത്പാദനം
4. പേവിഷ ബാധ നിർമ്മാർജ്ജനം.

1. പാൽ ഉത്പാദനം

ലോകാരോഗ്യ സംഘടനയുടെ ശുപാർശ അനുസരിച്ച് ഒരാളിന് പ്രതിദിനം 250 മി: ലിറ്റർ പാലാണ് ആവശ്യമായിട്ടുള്ളത്. ആളോഹരി ഉപഭോഗം 250 മി.ലിറ്റർ ആണെന്നതിനും പുറമേ, സാമ്പത്തിക ഉന്നമനത്തിനായി പാൽകൊണ്ടുള്ള ഉല്പന്നങ്ങൾ അന്യ പ്രദേശങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുക കൂടി കണക്കിലെടുക്കുമ്പോൾ ഉത്പാദനം ഇനിയും വളരെ അധികം കൂട്ടേണ്ടി ഇരിക്കുന്നു. കർഷകരിൽ ഒരു യൂണിറ്റിന് കുറഞ്ഞത് 3 പശുക്കൾ എങ്കിലും ഉണ്ടായിരിക്കണം. ഓരോന്നിനും പ്രതിദിനം 10 ലിറ്ററിൽ കൂടുതൽ എങ്കിലും പാൽ ഉല്പാദനമുള്ള വയാണങ്കിൽ കുറഞ്ഞത് ഓരോ കർഷകനും വർഷത്തിൽ ഏകദേശം 30000 രൂപയ്ക്കുമേൽ ആദായം ലഭിക്കാൻ ഇടയാകും. ഈ രംഗത്തെ വികസനത്തിനുവേണ്ടി മോഡൽ ഡയറി ഫാം, മൃഗസംരക്ഷണ ക്രിറ്റ് എന്നീ പദ്ധതികൾ നടപ്പാക്കാ വുന്നതാണ്.

2. മുട്ട ഉല്പാദനം

ആരോഗ്യമുള്ള ഒരാൾക്ക് പ്രതിദിനം പകുതി മുട്ടയാണ് ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിരിക്കുന്നത്. മുട്ട ഉത്പാദനത്തിൽ ഇൻഡ്യയ്ക്ക് 5-ാം സ്ഥാനമാണുള്ളത്. കേരളത്തിൽ ഒരു വർഷം 2000 ദശലക്ഷം മുട്ട ഉത്പാദിപ്പിക്കുന്നതായി കണക്കാക്കുന്നു. ഭാരതത്തിലെ ഒരാൾ ഒരു വർഷം 32 മുട്ട

കഴിക്കുമ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ഉള്ള ഒരാൾ 72 മുട്ട കഴിക്കുന്നതായി കണക്കാക്കുന്നു. മുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി അടുക്കള മുറ്റത്തെ കോഴി വളർത്തൽ വളരെ അധികം പ്രതീക്ഷ നൽകുന്ന ഒന്നാണ്. 60 ദിവസം പ്രായമായ കോഴികളെയാണ് ഈ പദ്ധതിയനുസരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നത്. വൃവസയാത്തിന് കോഴിക്കുഞ്ഞുങ്ങളെ കിട്ടുന്നില്ല എന്നതാണ് ഇതിലുള്ള മുഖ്യപ്രശ്നം. സഹകരണാടിസ്ഥാനത്തിൽ അത്യുല്പാദന ശേഷിയുള്ള ''അതുല്യ'' പോലുള്ള ഇനത്തിൽപ്പെട്ട കോഴികളെ വളർത്താവുന്നതാകുന്നു. നാടൻകോഴി ഒരു വർഷം 150 മുട്ട ഇടുമ്പോൾ നല്ല പരിചരണം കൊടുത്താൽ അതുല്യഇനത്തിൽപ്പെട്ട കോഴികൾ 250 മുട്ട വരെ ഇടുമെന്നു കണക്കാക്കുന്നു. വീട്ടമ്മമാരുടെ നാടൻ കോഴി വളർത്തൽ മുഖ്യ ഒരിനം തൊഴിലാണ്, കുറഞ്ഞത് ഒരു വീട്ടിൽ ശരാശരി 5 കോഴി എങ്കിലും കാണും. വീട്ടിലെ ഭക്ഷണങ്ങളുടെ ബാക്കിയും, കുട്ടനാടൻ പ്രദേശങ്ങളാകയാൽ നെല്ല്, തവിട്, അരി മുതലായവയും കൊടുക്കുന്നതിനാൽ നാടൻ കോഴി വളർത്തൽ ഇവിടെയുള്ള വീടുകളിൽ സർവ്വ സാധാരണമാണ്.

3. മത്സ്യോല്പാദനം

മത്സ്യത്തിന്റെ കാര്യത്തിൽ ലോകാരോഗ്യ സംഘടനചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരാൾ പ്രതിദിനം 15 ഗ്രാം മത്സ്യം എങ്കിലും കഴിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഈ അളവിൽ കഴിക്കുന്നില്ല. ഇൻഡ്യയിൽ ഒരാളുടെ പ്രതിശീർഷ ഉപഭോഗം 3.500കി.ഗ്രാം മാത്രമാണ്. ആവശ്യത്തിന് കഴിക്കുന്നില്ല എന്നു മാത്രമല്ല ശുദ്ധമായ മത്സ്യം ലഭിക്കുന്നുമില്ല എന്നുള്ള സ്ഥിതി വിശേഷം കൂടി ഇവിടെ ഉണ്ട്.

4. പേവിഷ നിർമ്മാർജ്ജന പരിപാടി

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കണ്ടുപിടിച്ച് കൊല്ലുകയും, വീടുകളിൽ കാര്യമാത്രമായി വളർത്തുന്നവർക്ക് നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ, ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലകൂടുതൽ
2. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രിയും ഉപകേന്ദ്രവും.
3. ക്ഷീര വിപണന സംഘങ്ങൾ വഴി വിൽക്കപ്പെടുന്ന പാലിന് ഉല്പാദകന് ഉല്പാദന ചിലവിനനുസരിച്ചുള്ള വില ലഭിക്കാത്തതു സംബന്ധിച്ച്.

മറ്റു പ്രശ്നങ്ങൾ

★ കാലിത്തീറ്റയ്ക്ക് വിലകൂടുതൽ കൊടുക്കേണ്ടി വരുന്നതിനാൽ ക്ഷീരോല്പാദകർക്ക് സബ്സിഡി നിരക്കിൽ കാലിതീറ്റ വിതരണം ചെയ്യേണ്ടതാണ്.

★ കാലിത്തീറ്റ ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.

★ തീറ്റപ്പുൽ കൃഷിയ്ക്ക് പ്രോത്സാഹനങ്ങൾ നൽകുക.

★ കന്നുകാലികളെ വാങ്ങാൻ കുറഞ്ഞ പലിശ നിരക്കിൽ പണം ക്ഷീരോല്പാദകർക്ക് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

★ വെള്ളപ്പൊക്ക പ്രദേശമാകയാൽ വെള്ളം കയറാത്ത തൊഴുത്ത് ഉണ്ടാക്കുവാൻ ക്ഷീരോല്പാദകർക്ക് സബ്സിഡി അനുവദിക്കുക.

★ കർഷകരുടെ എല്ലാവിധ മൃഗങ്ങൾക്കും കോഴി, താറാവ് മുതലായവയ്ക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

★ രോഗപ്രതിരോധ കുത്തിവയ്പുകൾ കാലാകാലങ്ങളിൽ ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

★ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

★ തൊഴുത്ത് വൃത്തിയാക്കുന്നതിനുള്ള അണുനശീകരണ ങ്ങളും മറ്റും സൗജന്യമായി നൽകുക.

★ ഓരോ വാർഡിലും 100 വീടുകാർക്ക് വീതം കോഴി, താറാവ് എന്നിവയെ 10 വീതം സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

★ എല്ലാ വാർഡുകളിലും വനിതാസഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

★ ഇറച്ചിക്കോഴി, മുട്ടക്കോഴി മുതലായവ വളർത്തുന്നതിനുള്ള യൂണിറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിക്കുക

★ സാമ്പത്തികം നോക്കാതെ കന്നുകാലി കുട്ടികളെ സംരക്ഷിക്കാൻ സൗജന്യ നിരക്കിൽ പോഷകാഹാരം നൽകുക.

★ എടത്വാ പഞ്ചായത്ത് പ്രദേശത്ത് സൗകര്യപ്രദമായ സ്ഥലത്ത് ആധുനിക സജ്ജീകരണത്തോടുകൂടിയ ഒരു സ്ളോട്ടർ ഹൗസ് ഉണ്ടാക്കുക.

★ തീറ്റപ്പുൽ വളർത്തുന്നതിന് കർഷകർക്ക് പ്രോത്സാഹനം നൽകി വിത്ത് ആവശ്യത്തിന് വിതരണം ചെയ്യണം.

★ വൈക്കോൽ പുഷ്ടീകരണം, മൃഗപരിപാലനം, രോഗ പ്രതിരോധം, കോഴി വളർത്തൽ, മുതലായ വിഷയങ്ങളെ അടിസ്ഥാനമാക്കി മൃഗ സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ മുതലായവ സംഘടിപ്പിക്കേണ്ടതാണ്.

മാംസ്യ വിപണനത്തിൽ നിലവിലുള്ള അപാകതകൾ

1. രോഗമുള്ള മൃഗങ്ങളെ അറക്കുന്നു.
2. ക്ഷീണിച്ച് അവശരായ മൃഗങ്ങളെ അറക്കുന്നു.
3. അശാസ്ത്രീയവും ക്രൂരവുമായ മാടറപ്പുരീതി.
4. വിപണനം ചെയ്യുന്ന മാംസ്യം പലപ്പോഴും മണ്ണ്, ചാണകം, രക്തം മുതലായവ കലർന്നതായിരിക്കും.
5. പാതയോരത്തിലെ വിൽപ്പന
5. മാംസ്യ പരിശോധനയുടെ അഭാവം

മാംസ്യ ഉല്പാദനത്തിന്റെ കാര്യത്തിലും സ്വയം പര്യാപ്തതയിൽ എത്താൻ നമ്മുടെ പഞ്ചായത്ത് ഏറെ ദൂരം മുന്നോട്ടു പോകേണ്ടതായാണിരിക്കുന്നത്. ഇപ്പോൾ അന്യനാടുകളിൽ നിന്നും കൊണ്ടു വരുന്ന ഗുണ നിലവാരം കുറഞ്ഞ മൃഗങ്ങളെയാണ് മുഖ്യമായും ഉപയോഗിക്കുന്നത്. ഇതിന് പരിഹാരമെന്നോണം

1. ഇറച്ചിക്കോഴി വളർത്തൽ

വാണിജ്യാടിസ്ഥാനത്തിൽ ഇവിടെ ഇറച്ചിക്കോഴി വളർത്തൽ ഇല്ലെന്നു തന്നെ പറയാം. ഇറച്ചിയുടെ ഉപയോഗത്തിന് മുൻപന്തിയിൽ നിൽക്കുന്ന പ്രദേശമാകയാൽ ഇതിന് വളരെ സാധ്യത ഇവിടെ ഉണ്ട്.

2. ആടു വളർത്തൽ

ശാസ്ത്രീയമായ രീതിയിൽ കൂടുകെട്ടി ആരും തന്നെ ഇവിടെ ആടിനെ വളർത്താറില്ല. തീറ്റ രീതിയും അശാസ്ത്രീയമാണ്. കാലിതീറ്റയുടെ ഉപയോഗം കുറച്ചുകൊണ്ട് മുരിക്ക്, കൊന്ന എന്നിവ വച്ചു പിടിപ്പിച്ച് ആടിനു തീറ്റയായി നൽകാവുന്നതാണ്. ചുരുങ്ങിയ ചിലവിൽ തീറ്റകൊടുത്ത് ആവശ്യമായ പാൽ വീട്ടിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനും പുറമേ രണ്ടു വർഷത്തിൽ 3 പ്രാവശ്യം പ്രത്യുല്പാദനം നടക്കുന്നതു കൊണ്ട് ആട്ടിൻകുട്ടികളെയോ, അവയെ തന്നെ വളർത്തി ആടിനെയോ വില്പന നടത്താവുന്നതാണ്.

3. കാളക്കുട്ടൻ വളർത്തൽ

പഞ്ചായത്ത് പ്രദേശത്തുളുണ്ടാകുന്ന 80% കാളകുട്ടികളും, പോത്തിൻ കുട്ടികളും കാലാകാലങ്ങളിൽ വിര ഇളക്കാത്തതുമൂലവും, ശരിയായ രീതിയിൽ മറ്റു സംരക്ഷണങ്ങൾ കൊടുക്കാത്തതുമൂലവും ചത്തു പോകുന്നതായി കാണുന്നു. ഇവയെ സംരക്ഷിച്ച് 16-18 മാസം പ്രായമാകുമ്പോൾ ഒന്നാം തരം അറവു മാടുകളായി മാറ്റാവുന്നതാണ്.

മേൽപ്പറഞ്ഞ പ്രോജക്ടുകളിൽ നിന്നും ലഭിക്കുന്ന മാംസ്യം ശുദ്ധമായി ഗുണഭോക്താക്കളിൽ എത്തുന്നതിന് ഒരു അംഗീകൃത സ്ളോട്ടർ ഹൗസ് ആവശ്യമാണ്. അംഗീകൃത അറവുശാല നമ്മുടെ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാൽ അക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

അറവുശാല ശാസ്ത്രീയമായി സ്ഥാപിച്ചാൽ മാംസ്യം പായ്ക്കറ്റുകളിലാക്കി വിൽക്കാമെന്നതിന് പുറമേ വില കൂടിയ ഔഷധങ്ങളും, എൻസൈമുകളും മറ്റും ഉല്പാദിപ്പിക്കുന്നതിനാവശ്യമായ രക്തം ശേഖരിക്കലും, എല്ലിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ പല വസ്തുക്കളും നിർമ്മിക്കുന്നതിനും വേണ്ടി അവ വിപണനം നടത്തുകയും ചെയ്യാവുന്നതാകുന്നു.

മൃഗസംരക്ഷണ മേഘലയിൽ നടപ്പാക്കുന്ന വിവിധ സഹായ പദ്ധതികളെപറ്റി വ്യാപകമായ ബോധ വൽക്കരണം നട ത്തണം.

കോഴിക്കുഞ്ഞുങ്ങൾക്ക് ഓരാഴ്ച പ്രായമാകുമ്പോഴും എട്ടാമത്തെ ആഴ്ചയിലും പിന്നെ വർഷത്തിൽ ഓരോ പ്രാവശ്യവും വസന്തരോഗത്തിനെതിരെ നിർബന്ധമായും കുത്തിവയ്പ് നൽകണം.

കർഷകരെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാൻ പഞ്ചായത്തു തലത്തിൽ കർഷക അവാർഡുകൾ ഏർപ്പെടുത്തുക.

യഥാവസരം കന്നുകാലികളുടെ വിര ഇളക്കേണ്ടതാണ്.

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പരമാവധി പങ്ക് ഉറപ്പാക്കേണ്ടതാണ്.

വിദ്യാഭ്യാസം

ജനകീയാസൂത്രണ പ്രസ്ഥാനത്തിലെ തൃതീയ മേഖലയായ സേവനതുറകളിലെ വേതന വ്യവസ്ഥകൾക്ക് കലാനുസൃതമായ ഒട്ടേറെ മാറ്റങ്ങൾകഴിഞ്ഞ കാലങ്ങളിൽ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ടെങ്കിലും ഈ മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന വരിൽ ഭൂരിപക്ഷത്തിനെറയും അർപ്പണ മനോഭാവമില്ലായ്കയും ഈ മേഖലകളിൽ ഉണ്ടായ വികലമായ വളർച്ചയും ഗുണനില വാരതകർച്ചയ്ക്കു കാരണമായിരിക്കു കയാണ്.

പ്രാഥമിക ദ്വീതീയ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കൃഷി , വ്യവ സായം തുടങ്ങിയവകളുടെ വികസനത്തിനെ അനുസൃതമായാണ് തൃതീയമേഖലയിൽ പെട്ടു കിടക്കുന്ന വിദ്യാഭ്യാസം , ആരോഗ്യം തുടങ്ങിയവകളുടെ വികാസം. കാരണം ഈ മേഖലകൾ ഉൽപാദപനപരമല്ല എന്നതു തന്നെ . എന്നാൽ ഈ മേഖലകളിലെ മുതൽ മുടക്ക് മേഖലയുടെ വളർച്ചയ്ക്കും ഉത്പാദന മേഖലയുടെ വളർച്ചക്കും ഉത്പാദന മേഖലകളായ കാർഷിക-വ്യാവസായിക വളർച്ചക്കും സഹായകമാണ്. എങ്കിലും രാജ്യത്തിൻെറ സമ്പത്ത് വ്യയംചെയ്തു തീർക്കുന്ന ഒന്നാണ് സേവനമേഖല എന്ന ധാരണക്കാരാണ് അധികവും.

എന്തൊക്കെ മാറ്റങ്ങൾ സേവനമേഖല യിൽ വന്നാലും വരുത്തിയാലും ഈ മേഖല യുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ സാധിക്കില്ല എന്ന നിരാശാബോധമാണ് ഗ്രാമസഭകളിലെ ചർച്ചകളിൽ ജനങ്ങൾ പ്രകടിപ്പിച്ചത് എന്നത് ഒരു ദു:ഖ സത്യമാണ്. സേവനം എന്ന വാക്കിൻെറ അർത്ഥവും ആയതിൻെറ വ്യാപ്തിയും തിരുത്തി കുറി ച്ചിരിക്കുന്ന അവസ്ഥ യാണ് ചുറ്റുപാടും ഉള്ളത്.നമ്മുടെ കൊച്ചുഗ്രാമപഞ്ചായത്ത് ഈ അസ്വസ്ഥതയെ അതിജീവിച്ച് മുന്നേറുമെ ന്നും ഇതര പഞ്ചായത്തുകൾക്ക് മാതൃകയാകു മെന്നും നമ്മുക്ക് പ്രത്യാശിക്കാം.

വിദ്യാഭ്യാസം

സേവന മേഖലയിലെ ഒരു വൻമേഖല യാണ് വിദ്യാഭ്യാസ മേഖല. രാജ്യത്തെ ബഡ്ജറ്റിൽ 31% വിദ്യാഭ്യാസത്തിന് ചെല വഴിക്കുന്നു. ബഡ്ജറ്റ് വിഹിതം മുഴുവൻ തന്നെ ശമ്പളം കൊടുക്കാൻ തികയുന്നില്ല . തൻമൂലം പൊതു മേഖലയിലുള്ള വിദ്യാലയ ങ്ങളുടെ പ്രത്യേകിച്ച് ഭൗതിക സൗകര്യങ്ങൾ തന്നെ കുറഞ്ഞുവരുന്നു. ഇതിൻെറയൊക്കെ

പരിണിത ഫലമോ -ഗുണ നിലവാരം കുറയുന്നു.മൂല്യശോഷണം അടിയ്ക്കടി വർദ്ധിക്കുന്നു.അങ്ങനെയാണെങ്കിൽ കൂടി യുള്ള അൺഎയ്ഡഡ് ഇംഗ്ലീഷ്മീഡിയം സ്കൂളുകളുടെ പിന്നാലെ രക്ഷാകർത്താക്കൾ പരക്കം പായുന്നു.നിറപ്പകിട്ടാർന്ന ഷൂസും, ടൈയും ഒക്കെ ധരിച്ച് കുട്ടികൾ വിദ്യാലയങ്ങളിലേക്ക് പോകുന്ന കാഴ്ച കാണാമെന്ന തിലപ്പുറം കൂടിയ പ്രയോജനം കുട്ടികൾക്ക് ഗുണനിലവാരത്തിൽ കിട്ടുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ദേശീയതലത്തിൽ ഗുണനിലവാരം മൊത്തത്തിൽ കുറവാണെന്നാണ് കണക്കുകൾ കാണിക്കുന്നത്

നമ്മുടെ പഞ്ചായത്തിൽ ഔപചാരിക വിദ്യാലയങ്ങളിൽ ഉന്നതവിദ്യാഭ്യാസ ത്തിനുള്ള ഒരു സീനിയർ കോളേജ് ഉൾപ്പെടെ 13 വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളുടെ അടിസ്ഥാനത്തിൽ വ്യാപിച്ചു കിടക്കുന്ന വിദ്യാലയങ്ങളുടെ വിവരങ്ങൾ പട്ടിക 1-7ൽ കാണിച്ചിരുക്കുന്നു. അതുപോലെ പട്ടിക 1-8 ൽ ടി സ്കൂളുകളിലെ അദ്ധ്യാപകർ , വിദ്യാത്ഥികൾ (ആൺ-പെൺ) ഇവ സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പടുത്തിയിരിക്കുന്നു. മൊത്തം 4516 കുട്ടികൾക്ക് 167 അദ്ധ്യാപകർ ബോധനം നൽകുന്നു.

പഞ്ചായത്തിലെ ഔപചാരിക വിദ്യാലയങ്ങളിൽ ഏറ്റവും പഴക്കമുള്ള വിദ്യാലയം VIII -ാം വാർഡിൽ ചങ്ങംകരിയിലുള്ള കോയിൽമുക്ക് L.P.S എന്ന പേരിൽ സ്ഥാപിതമായ ഇന്നത്തെ ചങ്ങംകരി ഗവ: എൽ.പി. എസ്. ആണ് ഉദ്ദേശം 130 വർഷത്തെ പഴക്കം ഈ സ്കൂളിന് പഴമക്കാർ അവകാശപ്പെടുന്നു. ചരിത്ര രേഖകൾ ലഭ്യമല്ല . ഇന്ന് ഈ വിദ്യാലയം കുട്ടികളുടെ എണ്ണത്തിലും (50) അദ്ധ്യാപകരുടെ എണ്ണത്തിലും (3) ഏറെ പിന്നിലാണ്.

ചരിത്ര പ്രസിദ്ധവും തീർത്ഥാടന കേന്ദ്രവുമായ എടത്വാ സെൻറ്ജോർജ് പള്ളിയുടെ മോണ്ടളത്തിൽ 1895-ാംമാണ്ട് ഫെബ്രുവരിമാസം 25-ാം തീയതി ഉദ്ദേശം 25 കുട്ടികളുമായി ആരംഭിച്ചതാണ് എടത്വാ സെൻറ് അലോഷ്യസ് ഹൈസ്ക്കൂൾ 1899 -ൽ St. Aloysius English ഹൈസ്ക്കൂളിന് അന്നത്തെ എടത്വാ പള്ളി വികാരി ആയിരുന്ന ഉലക്കപ്പാടിയിൽ തോമസച്ചൻ തറക്കല്ലിട്ടു. കുട്ടനാട്ടിലെ ആദ്യ ഹൈസ്ക്കൂളായ S.A.H.S തിരുവതാംകൂർ സ്റ്റേറ്റ് മാനുവൽ പ്രകാരം ആകെയുണ്ടായിരുന്ന 25 ഹൈസ്ക്കൂളുകളിൽ ഒന്നായിരുന്നു എന്ന് ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. 1908 ലെ മെട്രിക്കുലേഷൻ പരീക്ഷയിലെ പൊതു വിജയ ശതമാനം 17 ആയിരുന്നപ്പോൾ S.A.H.S ലെ വിജയശതമാനം 86.6 ആയിരുന്നു മദ്രാസ് പ്രസിഡൻസിയിലെഏറ്റവും നല്ല സ്ക്കൂൾ എന്ന ബഹുമതിയും നമുക്കു ലഭിച്ചു .മദ്രാസിൽ നിന്നുള്ള ഇംഗ്ലീഷ് പത്രങ്ങളിലും നമ്മുടെ സ്ക്കൂൾ പ്രശസ്തി പിടിച്ചു പറ്റി. സ്ക്കൂളിൻെറ പ്രശസ്തി വർദ്ധിച്ചതോടെ തലവടി, തിരുവല്ല, മാന്നാർ, ആലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം എന്നീ സമീപ സ്ക്കൂളുകളിൽ നിന്നും കുട്ടികൾ വന്നു ചേരുകയും മൊത്തം കുട്ടികളുടെ എണ്ണം 130-ൽ നിന്ന് 160 ആയിഉയരുകയും ചെയ്തു. വിദൂരസ്ഥലങ്ങളിൽ നിന്നുള്ള കുട്ടികളുടെ സൗകര്യാർത്ഥം ക്ഷേത്ര സൗകര്യമുള്ള തലവടിയിൽ ഒരു വാടകകെട്ടിടത്തിൽ ഹിന്ദു ഹോസ്റ്റൽ സ്ക്കൂളിനു സമീപം ബോർഡിംഗ് , സത്രം ഇവ നടത്തിപോന്നു. ഹിന്ദു ഹോസ്റ്റലിലെ കുട്ടികൾക്ക് സ്ക്കൂളിലക്ക് വരുന്നതിനും പോകുന്നതിനും യാത്രാ വള്ളങ്ങൾ ഏർപ്പെടുത്തിയിരുന്നു. ജാതി ചിന്തയും അയിത്തവും നിലവിലിരുന്ന അക്കാലത്ത് ജാതി - മത സൗഹാർദത്തിൻെറ പ്രതീകമായിരുന്നു ഈ വിദ്യാലയം.

ഫീസിനത്തിലും ഗ്രാൻറ് ഇനത്തിലും സ്ക്കൂളിനു ലഭിച്ചുകൊണ്ടിരുന്ന വരുമാനം ഒരു കാലത്ത് നടത്തിപ്പിനു തികഞ്ഞിരുന്നില്ല

എന്നതിനാൽ ആണ്ടുതോറും ഒരു നല്ല തുക പള്ളികാര്യ ത്തിൽ നിന്ന് ചെലവഴിച്ചിരുന്ന തായി കാണാൻ സാധിക്കും. 1907 S.A.H.S ന്റെ അധിക ചെലവ് 2660 രൂപയായിരുന്നു.

20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ വിദ്യാഭ്യാസരംഗത്തെ വിശിഷ്യാ ഇഗ്ലീഷ് സ്ക്കൂളുകളിൽ ഒരു കാലഘട്ടം അവസാനി ക്കുകയാണ്. ജനുവരി മുതൽ ഡിസംബർ അവസാനം വരെയായിരുന്ന അദ്ധ്യായന വർഷം മേടം അവസാനം വരെയെന്നായി. അതുകൊണ്ട് 1910-ൽ സ്ക്കൂൾ വർഷം അവസാനിച്ചില്ല. ആ വർഷം ജനുവരി 25ന് ആരംഭിച്ച വിദ്യാലയ വർഷം അവസാനിച്ചത് 1911 മെയ് 15നാണ്. മെട്രിക്കുലേഷൻ പരീക്ഷക്കു പകരം S. S.L.C പരീക്ഷ ആയി ആദ്യ S. S.L.C പരീക്ഷ 1911-ൽ നടന്നു.

1917-ൽ എടത്വാ കളപ്പുരയ്ക്കൽ ശ്രീ കെ. സി. ജോസഫ് S.A.H.S ന്റെ പ്രഥമാദ്ധ്യാ പകനായി. അനന്യ സാധാരണമായ ആജ്ഞാ ശക്തിയും കർമ്മ ശേഷിയും കൈമുതൽ ഉണ്ടായിരുന്ന ഒരു വലിയ വ്യക്തിത്വ ത്തിന്റെ ഉടമയായിരുന്നു ജോസഫ് സാർ. ജീവചരിത്രകാരൻ, സാഹിത്യനിരൂപകൻ സാഹിത്യ ചരിത്രകാരൻ എന്നീ നിലകളിൽ പ്രശസ്തനായ ശ്രീ പി.കെ പരമേശ്വരൻ നായർ തന്റെ സെന്റ് അലോഷ്യസ് സ്ക്കൂൾ സ്മരണകൾ എന്ന ലേഖനത്തിൽ അഭിവന്ദ്യ നായ ഗുരുഭൂതനെപ്പറ്റി പറഞ്ഞിരിക്കുന്നത് "എന്റെ സ്കൂൾ ജീവിതത്തിന് മുമ്പോ ശേഷമോ ഒരദ്ധ്യാപകനിൽ നിന്നും ഇതു പോലെ പുത്ര നിർവിശേഷമായ വാത്സല്യം എനിക്കനുഭൂതമായിട്ടില്ല. പുരാതന ഗുരു കുല വിദ്യാഭ്യാസത്തിന്റെ ഹൃദയ ബന്ധപര മായ വൈശിഷ്ട്യങ്ങളിലേക്ക് ഇപ്പോഴെ ങ്കിലും ഒരുൾക്കാഴ്ച എനിക്കു ലഭിച്ചിട്ടുണ്ടെ ങ്കിൽ അതുജോസഫ് സാറിന്റെ സാഹിത്യ ത്തിലൂടെമാത്രമാണ്." 1956 മുതൽ 1961 വരെ ശ്രീ. ജോസഫ് സാർ എടത്വാ പഞ്ചായത്ത് പ്രസിഡൻറ് സ്ഥാനം അലങ്കരിച്ചിട്ടുണ്ട്.

വെള്ളക്കെട്ടായികിടന്നിരുന്ന മണ്ണുണ്ണി പാടത്തെ കൃഷിനിലങ്ങൾ വിലക്കുവാങ്ങി മാസങ്ങളോളം ഡ്രഡ്ജർ ഉപയോഗിച്ച് നികത്തി കോടിക്കണക്കിനു രൂപാ ചെലവ ഴിച്ച് മനോഹരവും ബലവത്തുമായ ബഹു നിലകെട്ടിടങ്ങൾ പടുത്തുയർത്തി 1965ൽ ആരംഭിച്ച St. Aloysius, Pius X Industrial Centre, St. Marys Girls H.S, St. Aloyisius Boys H.S, St. Xaviers U.P.S , S.M.S.L.P.S അടുത്ത കാലത്ത് പുതുക്കി പണിത St. Aloy sius L.P.S, St. Marys G.I.P.S എന്നീ വിദ്യാ ഭ്യാസ സ്ഥാനപങ്ങൾ എല്ലാം തന്നെ എടത്വാ സെൻറ. ജോർജ് പള്ളിയിൽ ഒരോ കാലത്തു ഭരണം നടത്തിയ ദീർഘ വീഷണവും വിശാല ചിന്താഗതിയും മിഷ്യൻ ചൈതന്യ വുമുള്ള ബഹു വൈദീകരുടെയും , ഇടവക ഭരണസമിതിയുടെയും ശ്രമാഫലമായിട്ടു ണ്ടായിട്ടുള്ളതാണ്. ധർമ്മസ്ഥാപനങ്ങൾ സ്ഥാപിച്ചും അവകളുടെ ഭൗതിക സാഹ ചര്യങ്ങൾ ഔതാര്യതയോട് വളർത്തിയെ ടുത്തും എടത്വായിലെ വ്യാപാര മേഖല അസൂയാർഹകമായ വിധത്തിൽ വളർത്തി യെടുത്തും , സാമ്പത്തിക സർക്കാർ അർത്ഥ സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിച്ചും വളർ ത്തിയും എടത്വായുടെ മൊത്തത്തിൽ ഈ പഞ്ചായത്തിന്റെ ബഹുമുഖമായ വളർച്ചയ്ക്ക എടത്വാ പള്ളി കഴിഞ്ഞ കാലമത്രയും സഹയകമായിത്തീർന്നിരുന്ന കാര്യം എടു ത്തുപറയേണ്ടിയിരിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ മേഖല നമ്മുടെ പഞ്ചായത്തിന്റെ അടിയന്തിരാ വശ്യ മാണ് പള്ളിയും, ഗ്രാമപഞ്ചായത്തും , ജനപങ്കാളിത്വവും ഒത്തുചേർന്നാൽ സാങ്കേ തിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്ക് ബാലികേറാമല ആയിരിക്കുകയില്ല.

നമ്മുടെ ഗ്രാമസഭയിൽ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളും സാധ്യത കളും ഇനി പറയുന്നു.

പ്രശ്നങ്ങൾ

❖ അഭ്യസ്തവിദ്യരുടെഇടയിലെ രൂക്ഷമായ തൊഴിലില്ലായ്മ.

❖ Whole Pass S.S.L.Cപരീക്ഷ Moderation അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

❖ കുട്ടികളിൽ രാജ്യസ്നേഹവും സാമൂഹിക ബോധവും വളർത്തിയെടുക്കുന്നതിന് പൗരധർമ്മം ഉൾപ്പെടുത്തുക.

❖ സങ്കേതികവിദ്യാലയങ്ങളുടെ അഭാവം അംഗൻവാടികൾ, നേഴ്സറികൾ തുടങ്ങിയവയുടെ ദയനീയ അവസ്ഥ അദ്ധ്യാപകരും വിദ്യാർത്ഥികളും നേരിടുന്ന യാത്രക്ലേശം . യഥാർത്ഥ സാധ്യായദിനങ്ങളുടെ കുറവ്, അദ്ധ്യാപകരുടെ ഒഴിവ് വരുന്ന സ്ഥനങ്ങളിലേക്കുള്ള നിയമനത്തിൽ വരുത്തുന്ന കാലതാമസം .(പ്രത്യേകിച്ച് ഗവ:സ്ക്കൂളുകളിൽ) സ്ക്കൂൾ ലൈബ്രറി ലബോറട്ടറി എന്നിവകളുടെ ശരിയായ വിനിയോഗം തൊഴിലധിഷ്ഠിത വിദ്യാലയങ്ങളുടെ കുറവ്, രക്ഷകർത്താക്കൾടെ അന്ധമായ ധാരണ മാറ്റിയെടുക്കൽ, പി.റ്റി.എ ശക്തിപ്പെടുത്തൽ, സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം പുനർജീവിപ്പിക്കൽ പാഠപുസ്തകങ്ങൾ കൃത്യസമയത്ത് ലഭ്യമാകാതിരിക്കൽ സ്ക്കൂളുകളിലെ പ്രത്യേകിച്ച് ഗവ:സ്ക്കൂളിലെ അധികസൗകര്യകുറവ്

സാധ്യതകൾ

ധർമ്മസ്ഥാപനങ്ങളുടേയും മറ്റു സാമൂഹിക സംഘടനകളുടെയും സഹകരണത്തോടെയും ജനപങ്കാളിത്തത്തോടെയും സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള പരിപാടിയിലൂടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഒരു പരിധിവരെ സഹായിക്കും .തൊഴിലധിഷ്ഠിതമായ വിദ്യാലങ്ങൾ ആരംഭിക്കുന്നതും തൊഴിലില്ലായ്മയുടെ രൂക്ഷത കുറക്കും .

പ്രീ പ്രൈമറി തലത്തിലുള്ള വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുക. നമ്മുടെ പഞ്ചായത്തിൽ ഇന്നുള്ള 10 ആശാൻകളരികളിലേയും 19 അംഗൻവാടി കളിലെയും 7 നേഴ്സറികളിലേയും ഭൗതീക സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കുക. സ്വന്തം കെട്ടിടം ഇല്ലായ്ക , കളിക്കോപ്പുകൾ ഇല്ലായ്ക , പോഷകഹാരം , വൈദ്യസഹായം എന്നിവ മെച്ചപ്പെടുത്തുക. ഇത്യാദി കാര്യങ്ങൾക്ക് പഞ്ചായത്ത് മുൻകൈയെടുത്ത് ജനപങ്കാളിത്തം ഉറപ്പുവരുത്താൻ സാധ്യതകൾ ഏറെയുണ്ട്. ഒപ്പം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും മെച്ചപ്പെടുത്തേണ്ടതാണ്.

വർദ്ധിച്ചുവരുന്ന സിലബസ് യഥാസമയം പഠിപ്പിച്ചു തീർക്കുന്നതിനും കുട്ടികളുടെ നിലവാരം ഇടവേള പരീക്ഷകളിലൂടെ ഉറപ്പുവരത്തുന്നിനും വിദ്യാലയ വർഷത്തിലെ സാദ്ധ്യായ ദിനങ്ങൾ നഷ്ടമാകാതിരിക്കാൻ P.T.A വിദ്യാലയഅധികൃതരുമായ് സഹകരിക്കുക.

അകലെ നിന്നുവരുന്ന അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടേയും യാത്ര ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനും പരിഹാരം കാണുന്നതിനും പഞ്ചായത്ത് മുൻ കൈയെടുക്കേണ്ടതാണ്.

കലാകായിക രംഗത്ത് ഗ്രാമപഞ്ചാ യത്ത് കുട്ടികളെ പ്രോത്ഹിപ്പിക്കുക.

കായിക രംഗത്ത് ഒരു സിമ്മിംഗ് പൂൾ ഉണ്ടാക്കിയെടുക്കുന്നത് ആ മേഖലയിൽ പ്രതിഭകളെ വളർത്തിയെടുക്കുന്നതിന് സഹായകമായിരിക്കും .കുട്ടനാട്ടിലെ കുട്ടികൾക്ക് പ്രത്യേകിച്ച് ഈ മേഖലയിൽ വളരാൻ ഏറെ സാധ്യതയുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	സ്കൂളുകളുടെ എണ്ണം																					
	H.S.S/H.S				U.P.S.				L.P.S.				നഴ്സറി			സാങ്കേതിക വിദ്യാലയം		കോളേജ്		പാരലൽ കോളേജ്				
	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	കമ്മ്യൂണിറ്റി	ഗവൺമെന്റ്	പ്രൈവറ്റ്	ഗവൺമെന്റ്	പ്രൈവറ്റ്	ഗവൺമെന്റ്	പ്രൈവറ്റ്					
Ward I							1	1								4	4	1	1	1				1
Ward II										1		1												
Ward III									1			1		2	2									
Ward IV																								
Ward V		1		1		1		1						1	1									
Ward VI						1		1		1		1		1	1									
Ward VII	1			1										1	1									
Ward VIII					1			1	1			1		1	1									
Ward IX																								
Ward X		2		2			1	1		1		1		1	2	1	1			2				2
ആകെ				4				5				6		7	8	5	5		1					3

സ്ഥലവിവരവിജ്ഞാനകോശം ഗ്രന്ഥശാല

പട്ടിക 2 സ്കൂളിന്റെ പൊതുവിവരം

	സ്കൂളിന്റെ ഉടമസ്ഥത						കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം				സ്ക്കൂൾ Campus വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാത്തത്
സ്ക്കൂളിന്റെ പേര്	H.S/ U.P/ L.P/	സർക്കാർ	കെട്ടിടം വാടക/ സ്വന്തം	എയിഡഡ്	അൺ എയിഡഡ്	അംഗീകാരം ഇല്ലാത്തത്	ആൺ	പെൺ	ആകെ	ആകെവേണ്ടത്	നിലവിലുള്ളത്	ഒഴിവുകൾ	ദീർഘകാല ലീവുള്ളവർ			
1. ലൂർദ്മാതാ H.S. പച്ച	H. S.		സ്വ.	✓			180	185	365	20	21	–	1	3.14ഏ.	1ഏ.	
2. സെന്റ് അലോഷ്യസ്	H. S.			✓												
3. ഗവ: H.S. കൊടുപ്പുന്ന	H. S.	✓					185	140		–	–	–	–			
4. St. മേരീസ് H.S. എടത്വാ	H.S.U.P.		സ്വ.	✓				972	972	42	42	–	1		2ഏ.	20സെ.
5. St. സേവ്യേഴ്സ് U.P. S പച്ച	UP. L.P.		സ്വ.	✓			388	337	725	18	18	–	–			
6. Devaswm U.P.S ചങ്ങങ്കരി	U.P		സ്വ.	✓			53	61	114	5	5			1.50ഏ.		
7. ഗവ: L.P.S കോഴിമുക്ക്	L.P	✓					112	86	198	7	6	1		50സെ.	ഇല്ല.	3സെ.
8. S.M.S L.P.S. പാണ്ടങ്കരി				✓			81	66	147	1	3					
9. St. ആന്റണീസ് തായങ്കരി				✓			65	60	125	4	4	–	–	1.50ഏ.	50സെ.	
10. Govt. L.P.S ചങ്ങങ്കരി	L.P	✓					25	25	50	4	3	1		50സെ.	25സെ.	
11. സെന്റ്അലോഷ്യസ് L.P.S				✓			224		224	8	8			1ഏ.		
12. St. മേരീസ് L.P.S				✓				298	298	9	9			1ഏ.		

സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

സ്കൂളിന്റെ പേര്	ആകെയുള്ള കുട്ടികളുടെ എണ്ണം	കെട്ടിടത്തിന്റെ എണ്ണം			മുറികളുടെ എണ്ണം			ഇനി ആവശ്യമുള്ള കെട്ടിടം	നിലവിലുള്ള മൂത്രപ്പുരയുടെ എണ്ണം	മൂത്രപ്പുരയും കുടിവെള്ളവും ഉപയോഗിക്കാൻ പറ്റുന്ന കുട്ടികളുടെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	പെയിന്റടിച്ച് സൂക്ഷിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം	കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല	നിലവിലുള്ള വർണ്ണിച്ച് അറിയിക്കുക/ഇല്ല	ഇനി ആവശ്യമുള്ളവ				വൈദ്യുതി	മൂത്രപ്പുര	കക്കൂസുകൾ	
		സ്ഥിരം	അസ്ഥിരം	താല്കാലികം	സ്ഥിരം	അസ്ഥിരം	താല്കാലികം								ഡസ്ക്	ബെഞ്ച്	മേശ	കസേര			
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	
St. Aloysiu's H.S																						
St. Mary's H.S	25	3						ഉണ്ട്	3	20	2		✓	✓	10	10	4	6	✓			
Lourde's Matha H.S	10	1			16				3	50	1		✓	✓					✓			
Govt. H.S. Koduppuna																						
St. Xavier's U.P.S. &L.P.S	19	1	2		17	5			3	20	2		✓	പോര	50	25	10	20	✓			
Devasowm Board U.P.S	3	1			9				1	10	1		✓	✓				3		1		
Govt.L.P.S. Kozhimukku	7	2			10				1	3	1		ഇല്ല	ഇല്ല	25	25	1	2	✓			
Govt.L.P.S. Chamgankary	4	2			4				1	3	Nil		✓					2			1	
S.M.S.L.P.S. Pandamkary																						
St.Antony's L.P.S. Thayamkary	4	2			7				1	15	1		ഇല്ല	ഇല്ല	25	25	1	2	✓			
St. Aloysiu's L.P.S	8	1			10				1	15	1		✓						✓			
St. Mary's L.P.S	8	1			10				1		1		✓						✓			

1. 8 അദ്ധ്യാപകരേയും വിദ്യാർത്ഥികളെയും സംബന്ധിക്കുന്ന വിവരങ്ങൾ

സ്ക്കൂളുകൾ	അദ്ധ്യാപകർ			വിദ്യാർത്ഥികൾ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1. ഗവ: H. S. കൊടുപ്പുന്ന	2	12	14	185	140	325
2. St. അലോഷ്യസ് H. S.	13	. 25	38	1017	–	1017
3. St. Marys H. S. Girls	2	35	37	–	972	972
4. ലൂർദ്മാത H. S.	9	12	21	172	185	357
5. St. Xaviers U. P. S.	4	14	18	338	337	725
6. Devaswm U. P. S.		5	5	53	61	114
7. Govt. L. P. S. Kozhumuk	1	5	6	112	86	198
8. Govt. L. P. S. Changankary		3	3	26	24	50
9. St. Aloysius L. P. S. Edathua	1	7	8	244	–	244
10. St. Marys L. P. S. Girls		9	9	–	298	298
11. St. Antonys L. P. S. Thayam:	1	3	4	65	60	125
12. S. M. S. L.P.S. Pandankary	1	3	4	81	66	147
	34	133	167	2293	2223	4516

പട്ടിക 4.

അക്കാദമിക് സൗകര്യങ്ങൾ

സ്ക്കൂളിന്റെ പേര്	ലൂർദ്ദ് മാതാ H.S.	സെന്റ് അലോഷ്യസ് H.S.	സെന്റ് മേരീസ് HS.	ഗവ: HS. L.P.S കൊടുപ്പന	സെന്റ് സേവ്യേഴ്സ് U.P.S.	D.B. U.P.S ചാങ്ങങ്കരി	ഗവ: L.P.S. ചാങ്ങങ്കരി	S.M.S. L.P.S.	സെന്റ് ആന്റണീസ് L.P.S.	സെന്റ് അലോഷ്യസ് L.P.S.	സെന്റ് മേരീസ് L.P.S.	ഗവ: L.P.S. കോഴിമുക്ക്	
ലൈബ്രറി	ഉണ്ട്	ഉണ്ട്	ഉണ്ട്					ഉണ്ട്				ഉണ്ട്	
ലാബറട്ടറി	ഉണ്ട്	ഉണ്ട്	ഉണ്ട്					ഉണ്ട്				ഉണ്ട്	
സയൻസ് കോർണർ പഠനോപകരണങ്ങൾ	ഉണ്ട്		ഉണ്ട്		ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	
മാപ്പുകൾ, ചാർട്ടുകൾ ഗ്ലോബുകൾ, ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ	ഉണ്ട്		ഉണ്ട്		ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല		ഉണ്ട്	
റേഡിയോ	ഉണ്ട്		ഉണ്ട്		ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല		ഉണ്ട്	
ടേപ്പ് റിക്കാർഡർ					ഇല്ല		ഉണ്ട്	ഉണ്ട്				ഉണ്ട്	
ടെലിവിഷൻ													
V.C.R, V.C.P													
സിനിമ പ്രൊജക്ടർ													
സ്ലൈഡ് പ്രൊജക്ടർ													
കമ്പ്യൂട്ടർ	ഇല്ല		ഇല്ല										
ആവശ്യമായ ബ്ലാക്ക് ബോർഡ്	ഇല്ല		ഇല്ല		ഇല്ല	ഇല്ല	ഇല്ല		ഇല്ല		ഇല്ല		
നിലവിലുള്ളവയുടെ എണ്ണം			26		20	5	2	4		8	9	8	
95-96 ലഭിച്ച അദ്ധ്യയന ദിവസം	185	193	185		194	193	187	194	193	193	193	193	
സമരത്തിലൂടെ നഷ്ടമായ സ:ദിവ:													
മാതൃ സംഗമം സജീവം/ സജീവമല്ല	സജീവം	സജീവം	സജീവം		സജീവം				സജീവം	സജീവം	സജീവം	സജീവം	
പ്രത്യേക പൊതു അവധി ദിവസ													

കുടിവെള്ളവും പൊതുജനാരോഗ്യവും

ഏടത്വാഗ്രാമപഞ്ചായത്ത് മറ്റുപ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി ആറുകൾ, തോടുകൾ എന്നിവയാൽ ചുറ്റപ്പെട്ടും കുറെകര ഭൂമികളും, ഇടവിട്ട് ഇടവിട്ടുള്ള വീടുകളും അവയുടെ മദ്ധ്യത്തിലായി പുഞ്ചവയലുകളും നിറഞ്ഞ ഒരു പ്രദേശമാണ്. ഇവിടെ കരഭൂമിയേക്കാൾ കൂടുതൽ വയലുകളാണ്. വെള്ളം ധാരാളം വെള്ളം എന്നാൽ ഒരു തുള്ളിപോലും കുടിക്കാൻ പറ്റുന്നതല്ല. വേനൽക്കാലത്തും വർഷകാലത്തും ഇവിടെ അശുദ്ധജലം മാത്രമാണ് ലഭിക്കുന്നത്. കുടിക്കുന്നതിന്, കുളിക്കുന്നതിന് മറ്റുഗാർഹി കാവശ്യങ്ങൾ മുതലായവക്ക് ശുദ്ധജലദൗർലഭ്യം നിമിത്തം ഈ പ്രദേശത്തുള്ളവർ അശുദ്ധജലം ഉപയോഗിക്കേണ്ടിവരുന്നതിനാൽ പലവിധ രോഗങ്ങൾക്കും അടിമകളായിത്തീരുന്നു. ഈ പഞ്ചായത്തിലെ ജനങ്ങൾക്കാകെ ശുദ്ധമായി കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചാൽ പൊതു ജനാരോഗ്യ രക്ഷയിൽ ഒരു വമ്പിച്ചമുന്നേറ്റം നടത്തി എന്നു സമാശ്വസിക്കാം.

ഈ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ലഭ്യതയെപ്പറ്റിപറയുമ്പോൾ 1985–1986–ൽ നടപ്പിലാക്കിയ കുട്ടനാട് വാട്ടർസപ്ലേസ്കീം കുട്ടനാട്ടുകാർക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ളതായിരുന്നു. എന്നാൽ കുട്ടനാട് പ്രദേശത്തുള്ളവർക്ക് പ്രസ്തുതപദ്ധതിയിൽ നിന്നും ലഭിക്കുന്നവെള്ളം പൂർണ്ണമായും നൽകാതെ തിരുവല്ല ചങ്ങനാശ്ശേരി മുതലായ പ്രദേശങ്ങളിലെ വിതരണത്തിന് തിരിച്ചുവിടുന്നു. തൻനിമിത്തം കുട്ടനാട്ടുകാർക്ക് പ്രസ്തുത പദ്ധതിയുടെ ഭാഗീകമായ പ്രയോജനം മാത്രമാണ് ലഭിക്കുന്നത്. ആയതിനുള്ള പരിഹാരം എന്നോണം ചെങ്ങന്നൂരിൽ ഇറപ്പുഴ പ്ലാൻറ് ഇപ്പോൾ പണി പൂർത്തീകരണഘട്ടത്തിലാണ്. ചെങ്ങന്നൂരിൽനിന്നും ശേഖരിക്കുന്ന ജലം തിരുവല്ല, ചങ്ങനാശ്ശേരി മുതലായ പ്രദേശങ്ങൾക്ക് നൽകിക്കൊണ്ട്, കറ്റോട്ടുനിന്നും ശേഖരിക്കുന്നവെള്ളം മുഴുവനായി കുട്ടനാട്ടുകാർക്ക് വിതരണം ചെയ്യുന്നതിനുള്ള ഒരു

പദ്ധതി ആസൂത്രണം ചെയ്തിരിക്കുകയുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടെക്നോളജി മിഷ്യൻ സ്കീമിൽ ഉൾപ്പെടുത്തി കുട്ടനാടിന് 6 കോടി രൂപയുടെ ഒരു പദ്ധതി അനുവദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തിരുവല്ലായിൽ ഒരു പ്ലാന്റുകൂടി പണിപൂർത്തീകരിച്ചിരിക്കുകയുമാണ്. ഇന്നുള്ള ജലസംഭരണിക്കും പുറമേ എടത്വായിൽ ഒരു ജലസംഭരണികൂടി അനുവദിച്ച് പണിനടന്നുകൊണ്ടിരിക്കുന്നു. എടത്വാ പഞ്ചായത്തു പ്രദേശത്ത് 35 കിലോ മീറ്റർ നീളത്തിൽ പുതിയ പൈപ്പ് ലൈനുകളും175 ഓളം പുതിയ പബ്ളിക്ക് ടാപ്പുകളും പ്രസ്തുത സ്കീമിൽപ്പെടുത്തി നടപ്പിലാക്കുവാനുള്ള പരിപാടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

ഇപ്പോൾ ഈ ഗ്രാമപഞ്ചായത്തു പ്രദേശത്ത് 265 പൊതുടാപ്പുകളും, ഗാർഹീകാവശ്യങ്ങൾക്ക് 1019–തും ഗാർഹീകേതരാവശ്യങ്ങൾക്ക് 43ഉം വാട്ടർ കണക്ഷനുകൾ വാട്ടർ അതോറിറ്റിയിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും ശുദ്ധജലം ലഭിക്കുന്നില്ല. എന്നുള്ള പരാതി ശക്തമായി ഉയർന്നിട്ടുണ്ട്. ടെക്നോളജി മിഷന്റെ സ്കീംകൂടി നടപ്പിലാക്കി കഴിഞ്ഞാൽ ഏതാണ്ട് 70% വീട്ടുകാർക്കെങ്കിലും കുടിവെള്ളം ലഭ്യമാകുമെന്ന് വിശ്വസിക്കാം. ഈ പഞ്ചായത്ത് പ്രദേശത്തുൾപ്പെട്ട കൊടുപ്പുന്ന 7–ാം വാർഡിലും, ഒൻപതാം വാർഡിന്റെ വടക്കേ ഭാഗങ്ങളിലും ശുദ്ധജലം ഒട്ടും തന്നെ ലഭിക്കുന്നില്ല. 3, 4, 5, 6, 7, 8 എന്നീ വാർഡുകളിൽ ഭാഗീകമായി മാത്രമാണ് വെള്ളം ലഭിക്കുന്നത്.

നമ്മുടെ പ്രദേശത്തെ കിണറുകളിലേയും, കുളങ്ങളിലേയും വെള്ളം മൊത്തത്തിൽ ശുദ്ധ ജലമല്ല. ഇവിടെ കുളമോ, കിണറോ കുടിവെള്ളത്തിന് യോഗ്യമല്ലാ എന്നാണ് അനുഭവ ജ്ഞാനമുള്ളവരുടെ അഭിപ്രായം. കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ വെള്ളത്തിന്റെ ലഭ്യതയിലുള്ള അവസ്ഥാവ്യത്യാസം വരുമെന്നാണവരുടെ അഭിപ്രായം, ഈ പ്രദേശത്ത് മറ്റുള്ള സ്ഥലങ്ങളിൽനിന്ന് വ്യത്യസ്ഥമായി അമ്ലരസം കൂടുതലുള്ളതായും കാണുന്നു. ഇപ്പോൾ എടത്വായിലെ കുഴൽകിണറിൽ നിന്നും ലഭിക്കുന്ന വെള്ളമാണ് ഈ പ്രദേശത്തുള്ളവർക്ക് വിതരണത്തിനായി പമ്പുചെയ്തു കൊടുക്കുന്നത്. പ്രസ്തുതവെള്ളം അത്രകണ്ട് നല്ലതല്ലാ. ആഹാരം പാകം ചെയ്താൽ പെട്ടെന്ന് അരുചി അനുഭവപ്പെടുന്നു. വെള്ളം കൂടുതൽ കാഠിന്യം ഏറിയതാണ്. കുറെ വെള്ളം തിരുവല്ലായിൽ നിന്നും വിതരണത്തിന് ലഭിക്കുന്നുണ്ട് ആയത് ചുരുക്കം ചില സ്ഥലങ്ങളിലേയ്ക്ക് കൊടുക്കുന്നു.

ഇപ്പോൾ ജലവിതരണത്തിന് ഉപയോഗിച്ചിരിക്കുന്ന കുഴലുകൾ മൊത്തത്തിലുള്ള ആവശ്യങ്ങൾ പൂർണ്ണമായി കണക്കാക്കാതെ സ്ഥാപിച്ചതിനാലും കൂടുതൽകൂടുതൽ നീട്ടേണ്ടി വരുന്നതിനാലും വെള്ളം കൂടുതൽ തള്ളിവിടാനുള്ള കഴിവ് നഷ്ടപ്പെടുന്നു. മിക്ക സ്ഥലങ്ങളിലും ഇന്ന് ഇട്ടിരിക്കുന്ന കുഴലുകൾ അശാസ്ത്രീയമായിട്ടാണ്. അങ്ങനെയുള്ളവ മാറ്റി മുഴുവൻ ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ പുതിയ കുഴലുകൾ ഇട്ടേ മതിയാകു. പൈപ്പ് ലൈൻ ഇന്ന് ഇട്ടിട്ടില്ലാത്ത എല്ലാ ഭാഗങ്ങളിലും പൈപ്പ് ഇടുകയും 24 മണിക്കൂറും ശുദ്ധജലം ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതുമാവശ്യമാണ്.

കുട്ടനാട് വാട്ടർസപ്ലൈ സ്കീം കുട്ടനാട്ടുകാർക്ക് വേണ്ടിമാത്രമുള്ളതാക്കിതീർക്കുക.

വിവിധ ഗ്രാമസഭകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിൽവരുത്തേണ്ടതാണ്. എടത്വാ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ എല്ലാമായി ഇപ്പോഴുള്ള ടാപ്പുകൾക്കും പുറമേ 500 പബ്ലിക്ക് ടാപ്പുംകൂടി ഇടേണ്ടതാണ്. ഗാർഹീകവശ്യങ്ങൾക്ക് ആവശ്യമുള്ളത്ര വാട്ടർകണക്ഷൻ കൊടുക്കേണ്ടതാണ്. 3, 4, 5, 6, 7, 8 എന്നീ വാർഡുകളിൽ ജല സംഭരണികൾ സ്ഥാപിച്ച് എടത്വായിലുള്ള മെയിൻ ജല സംഭരണിയുമായി ബന്ധിപ്പിച്ച് ജലവിതരണത്തിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. ഇപ്പോഴുള്ളപൊതു കിണ

റുകൾ വറ്റിച്ച് ശുദ്ധീകരിക്കുക. നല്ല വെള്ളം കിട്ടുമെന്ന് ഉറപ്പുള്ള സ്ഥലങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക. ഉപയോഗശൂന്യമായ കിണറുകൾ മണ്ണിട്ടുമൂടുക. ടെക്നോളജി മിഷന്റെ ഫണ്ട് ഉപയോഗിച്ച് നടന്നുകൊണ്ടിരിക്കുന്ന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുക.

ശുദ്ധജലം കിട്ടുമെന്നുറപ്പുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ കുഴിക്കുകയും, ഇപ്പോൾ ഉള്ള കുളങ്ങൾ പരിസരമലിനീകരണം ഒഴിവാക്കി സംരക്ഷിക്കാനുംവേണ്ട നടപടി സ്വീകരിക്കുക. എടത്വായിൽനിന്നും വിതരണം ചെയ്യുന്ന വെള്ളത്തിൽ ബ്ലീച്ചിംങ്ങ് പൗഡർ ഉപയോഗിച്ചുള്ള ക്ലോറിനേഷനു പകരം ലികിഡ് ക്ലോറിനേഷൻ നടപ്പിൽവരുത്തുന്നതിനെപ്പറ്റി ചിന്തിക്കുന്നത് കൂടുതൽ ഫലപ്രദമായിരിക്കും. മഴവെള്ളം ശേഖരിച്ച് കുടിവെള്ളമായി ഉപയോഗിക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകുക. ചപ്പുചവറുകൾ നിക്ഷേപിക്കുവാൻ തക്കസ്ഥലങ്ങൾകണ്ടുപിടിച്ച് ആയിടങ്ങളിൽ നിക്ഷേപിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പൊതു ജലാശയങ്ങൾ മലിനീകരണത്തിനിടയാക്കുന്ന തരത്തിലുള്ള കക്കൂസുകളുടെ നിർമ്മാണം, മലിനജലമാർഗ്ഗങ്ങളും മലിനവസ്തുക്കളും ഒഴിവാക്കുവാൻ വേണ്ട ബോധവൽക്കരണം എന്നിവ നടത്തേണ്ടതാണ്.

പൊതുകിണറുകളുടെ വൃത്തിയാക്കൽ, പരിസരം വൃത്തിയാക്കൽ, പുതിയ പൈപ്പ്ലൈനുകളുടെ ട്രഞ്ച്കുഴിക്കൽ മുതലായ പൊതുജന സഹകരണത്തോടുകൂടി ശ്രമദാനമായി ചെയ്യാവുന്നതാണ്.

ആരോഗ്യം

ഒരു സമൂഹത്തിന്റെയോ, സംസ്ഥാനത്തിന്റെയോ ആരോഗ്യസ്ഥിതി സാധാരണയായി അളക്കാറുള്ളത് ആ പ്രദേശത്തെ മരണസൂചികയുമായി ബന്ധപ്പെടുത്തിയാണ്, ഈ മാനദണ്ഡങ്ങൾകൊണ്ടുമാത്രം ആരോഗ്യസ്ഥിതിയെ കൃത്യമായി അളക്കാൻ കഴിയുകയില്ല എന്നത് ഒരു വസ്തുതയാണ്. മറ്റു സൂചകങ്ങളൊന്നും ഇത്രയ്ക്കുപോലും പ്രായോഗികമല്ലാത്ത സ്ഥിതിക്ക് മരണസൂചകങ്ങൾ തന്നെ ഉപയോഗിക്കുകയാണ് സാധാരണ ചെയ്യാറുള്ളത്. രോഗാതുരതയും, ജോലിചെയ്യാനുള്ള കഴിവുകേടുമാണ് മറ്റു സൂചകങ്ങൾ. ലോകാരോഗ്യ സംഘടനയുടെ നിർവചനത്തിൽ സാധാരണ നിലയിൽനിന്ന് വസ്തുനിഷ്ഠമോ, ആത്മനിഷ്ഠമോ ആയ ഏതു വ്യതിയാനവും രോഗാതുരയാണ്. ഇവയ്ക്കു പുറമേ, ആത്മഹത്യാനിരക്ക് മയക്കുമരുന്നിന് അടിമപ്പെടൽ തുടങ്ങിയ ഘടകങ്ങളും സമൂഹത്തിന്റെ ആരോഗ്യസ്ഥിതികണക്കാക്കാനായി ഉപയോഗിക്കുന്നു.

ആരോഗ്യം എന്ന വാക്കിന്റെ അർത്ഥം ഒറ്റ വാചകത്തിൽ നാം രോഗമില്ലാത്ത അവസ്ഥ എന്നു ഉത്തരം പറയാറുണ്ട്. എന്നാൽ മാനസികവും, ശാരീരികവും, സാമൂഹ്യവുമായി സുസ്ഥിതിയും, രോഗമോ, അവശതയോ, ഇല്ലാത്ത അവസ്ഥയേയും ആണ് ആരോഗ്യം എന്ന് പറയുന്നത്. 2000–ാംമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം നിറവേറണമെങ്കിൽ ഇന്നത്തെ വ്യവസ്ഥയിൽ വളരെയേറെ വ്യതിയാനങ്ങൾ കൂടിയേ തീരൂ. ആരോഗ്യ പരിപാലനരംഗത്ത് നമ്മുടെ സംസ്ഥാനം കഴിഞ്ഞപദ്ധതികാലഘട്ടങ്ങളിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്തി. 2000–ാംമാണ്ടിൽ എത്തേണ്ട ടാർജറ്റിൽ കേരളം പലരംഗങ്ങളിലും എത്തിക്കഴിഞ്ഞു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലാത്ത പലനേട്ടങ്ങളും നാം കൈവരിച്ചു. മാരകരോഗങ്ങളായ മസൂരി, മലേറിയാ മുതലായ രോഗങ്ങൾ തുടച്ചു നീക്കുവാനും നമുക്ക് സാധിച്ചു. മരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക് ഇവകുറയ്ക്കുവാനും ശുദ്ധജലവിതരണം, സാനിറ്റേഷൻ രോഗപ്രതിരോധം തുടങ്ങിയ നടപടികളോടൊപ്പം ചികിൽസാസൗകര്യങ്ങളുമാണ് കേരളത്തിലെ മരണനിരക്ക്

കുറയ്ക്കുവാൻ ഇടയാക്കിയത് എന്ന് അഭിപ്രായം ഉള്ളവരുമുണ്ട് മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ രോഗംബാധിക്കുന്നവരുടെ എണ്ണത്തിൽ നാം മുൻപന്തിയിലാണെങ്കിൽ പോലും കേരളത്തിലെ മരണനിരക്ക് ഇൻഡ്യയിലേതിന്റെ പകുതിയായി കുറയ്ക്കാൻ നമുക്ക് കഴിഞ്ഞു. ബഹുഭൂരിഭാഗം ജനങ്ങളും ചികിത്സാസൗകര്യം പ്രയോജനപ്പെടുത്തുന്നതുകൊണ്ടും, സാക്ഷരതയിൽ മുൻ പന്തിയിൽ നിൽക്കുന്ന ജനതതിയായതിനാലും പ്രതിരോധ കുത്തിവയ്പുകൾ നടത്തിക്കുവാനുള്ള അറിവ് കൈവന്നിട്ടുണ്ട്.

പൊതുവേ കേരളസംസ്ഥാനത്തിന്റെ മേൽപറഞ്ഞ അടിസ്ഥാനത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ആരോഗ്യപരിപാലനരംഗത്തേയ്ക്ക് കടക്കാം. 1919–ൽ കുട്ടനാട്ടിൽ പ്രത്യേകം എടത്വായിലും പരിസരപ്രദേശങ്ങളിലും വളരെയധികം ജനങ്ങൾ കോളറാ രോഗം ബാധിച്ച് മരണമടഞ്ഞു അന്ന് അടുത്തുള്ള പ്രദേശത്തെങ്ങും യാതൊരുവിധ ചികിത്സാസൗകര്യങ്ങളും ലഭ്യമല്ലായിരുന്നു. 1927–ൽ എടത്വാ സെന്റ് അലോഷ്യസ് ഹൈസ്ക്കൂൾ ജൂബിലിയോടനുബന്ധിച്ച് അന്നത്തെ തിരുവിതാംകൂർ ദിവാനായിരുന്ന മിസ്റ്റർ ഏം. ഈ. വാട്ട്സ് സമ്മേളനാദ്ധ്യക്ഷനായി. എടത്വായിൽ വന്നു. പ്രസ്തുത സമ്മേളന ത്തിൽ സ്വാഗതം ആശംസിച്ച നമുക്ക് ഏവർക്കും സമാദരണീയനായ ശ്രീമാൻ K.C. ജോസഫ് സാർ എടത്വാ ആശുപത്രിയുടെ ആവശ്യം അടങ്ങുന്ന നിവേദനം കൊടുത്തു. അദ്ധ്യക്ഷപ്രസംഗത്തിൽ ആശുപത്രി സാധിച്ചുകിട്ടുന്നതിന് അന്നത്തെ സർ ഇൻ ജനറലായ ഡോക്ടർ രാമൻ തമ്പിയെ കാണുന്നതിന് നിർദ്ദേശിക്കുകയും, അധികം താമസിക്കാതെ ഇന്നത്തെ സെന്റ് മേരീസ് ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ അന്നുണ്ടായിരുന്ന ഒരു കെട്ടിടത്തിൽ ആശുപത്രി ആരംഭിച്ചു. തുടർന്ന് എടത്വാ പള്ളിക്കാര്യത്തിൽ നിന്നും സംഭാവനയായികൊടുത്ത 50 സെന്റ് സ്ഥലത്ത് 1930–ൽ ആശുപത്രി സ്ഥാപിതമായി പള്ളിക്കാര്യത്തിൽ നിന്നും ടി വസ്തുവിന്റെ ആധാരം 1940–ൽ ഇന്നു കാണുന്ന സചിവോത്തമ ഷഷ്ഠപൂർത്തി മെമ്മോറിയൽ വാർഡ് ജനപങ്കാളിത്തത്തോടുകൂടി പണികഴിപ്പിക്കുകയും ചെയ്തു. 1984–വരെ മൂറൽ ഡിസ്പെൻസറിയായും 1985–ൽ മിനി ഡിസ്പെൻസറിയായും 1987–ൽ P.H.C. യായും, 30-11-1995–ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയരുകയും ചെയ്തു.

ഈ ഗ്രാമപഞ്ചായത്തു പ്രദേശത്തെ 1985–ലെ മരണനിരക്ക് 4.605 ഉം ശിശുമരണനിരക്ക് കേരളത്തിലെ ശിശുമരണനിരക്കിനേക്കാൾ കുറവും, മാതൃമരണനിരക്ക് സംസ്ഥാനനിരക്കിനനുസരണമായും നിലനിൽക്കുന്നു.

മരണനിരക്കുകൾ

	കേരളം	എടത്വാ ഗ്രാമപഞ്ചായത്ത്
പൊതുമരണനിരക്ക്	5.9	4.605
ശിശുമരണനിരക്ക്	16	13
മാതൃമരണനിരക്ക്	1	1

ജനനനിരക്ക്

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ജനനനിരക്ക് സംസ്ഥാനനിരക്കിനേക്കാൾ വളരെ കുറവായിട്ടാണ് കാണുവാൻ സാധിക്കുന്നത്, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ചിട്ടുള്ള കണക്കുകൾ അനുസരിച്ച് 1995–96–ൽ ഈ പഞ്ചായത്തിൽ 205 ജനനങ്ങൾ ഉള്ളതായി കാണുന്നു. ജനന നിരക്ക് 10.59 മാത്രമാണുള്ളത് ഒരു കുട്ടിയോ അതിൽ കൂടുതലോ ഉള്ള ദമ്പതിമാരുടെ എണ്ണം 2332 ആണ്. അതിൽ 1861 ദമ്പതികൾ കുടുംബാസൂത്രണം സ്വീകരിച്ചിട്ടുള്ളവരാണ്. 471 ദമ്പതിമാർ മാത്രമാണ് യാതൊരുവിധ മാർഗ്ഗങ്ങളും സ്വീകരിച്ചിട്ടില്ലാത്തവർ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത ദമ്പതിമാരിൽ 137 ദമ്പതിമാർക്ക് കുട്ടികളില്ലാത്തവരും ആകുന്നു.

മാതാപിതാക്കളുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവിധ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവർ 1995.

മാതാക്കളുടെ വയസ്സ്	എലിജിബിൾ കപ്പിൾസ്	വാസക്ടമി	ട്യൂബക്ടമി	ഏനയു.ഡി.	നിരോധ്	ഓരൻ	ക	ബാക്കി
15 - 19	24	0	0	1	2	1	4	20
20 - 24	254	4	46	56	27	12	145	109
25 - 29	688	35	291	66	47	34	473	215
30 - 34	706	37	443	33	32	20	565	141
35 - 39	584	50	416	4	16	5	491	93
40 - 44	220	17	161	2	3	0	183	37
ആകെ	2476	143	1357	162	127	72	1861	615

(കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എടത്വാ)

രോഗാതുരത (a) പരിസരജന്യം.

പുഞ്ചവയലുകളിൽ കൃഷിസംരക്ഷണത്തിനുപയോഗിക്കുന്ന കീടനാശിനികളും കെട്ടികിടക്കുന്ന വെള്ളത്തിൽ അടിഞ്ഞുകൂടുന്ന വസ്തുക്കളും നീരൊഴുക്കിന്റെ അഭാവവും ജലമലിനീകരണത്തിനിടയാക്കുന്നു. ശുദ്ധജല ദൗർലഭ്യം നിമിത്തം ഇവിടെയുള്ളവർ ഈ അശുദ്ധജലം കുടിക്കാൻ നിർബന്ധിതരായി ത്തീരുന്നു. കക്കൂസുകളുടെ അഭാവം നിമിത്തം വെളിസ്ഥല

എടത്വാ പഞ്ചായത്ത് കക്കൂസുകളുടെ ഉപയോഗം.

എടത്വാ വാർഡ് നമ്പർ	പഞ്ചായത്ത് സെപ്ടിക് ടാങ്ക്	കക്കൂസുകളുടെ ഇ.എസ്സ്.പി	ഉപയോഗം. മറ്റുള്ളവ	ആകെ കക്കൂസുകളുടെ എണ്ണം	റിമാർക്ക്
1	43	80	23	325	മറ്റുള്ളവ എന്നതിൽ കുഴി, വളച്ചുകെട്ട്, ട്രഞ്ച്, മറ എന്നീവ ഉൾപ്പെട്ട ഈ വിഭാഗത്തിൽ പെട്ടവരും കക്കൂസ് ഇല്ലാത്തവരാണ്.
2	62	58	39	517	
3	52	68	62	559	
4	49	54	53	244	
5	45	52	48	660	
6	40	55	60	456	
7	47	53	46	325	
8	62	83	39	355	
9	76	76	20	622	
10	80	96	33	1035	
ആകെ	556	675	423	5138	

ങ്ങൾ, ആറുകൾ, തോടുകൾ എന്നിവയുടെ പരിസരങ്ങളിൽ മലവിസർജനം നടത്തുന്ന അവസ്ഥ ഇവിടെ നിലനിൽക്കുന്നു. ഈച്ച, കൊതുക്, മുതലായവ കൃഷി സീസണിൽ കൂടുതലായി ഈ പ്രദേശത്ത് വർദ്ധിക്കുന്നു. ടൗണിലെ ഓടകളിൽ ഉള്ള അഴുക്കുവെള്ളവും, പരിസര പ്രദേശങ്ങളിൽ ഉള്ള കെട്ടിക്കിടക്കുന്ന ചെറിയ ചെറിയ തോടുകൾ മറ്റു സ്ഥലങ്ങളിൽ എന്നിവയിലെ വെള്ളത്തിൽ കൊതുക് മുട്ടയിട്ടു പെരുകുന്നു.

(b) ദാരിദ്ര്യജന്യം

ഇവിടെയുള്ള ഭൂരിഭാഗം ജനങ്ങളും വരുമാനത്തിൽ സാധാരണക്കാരാണ്. കൃഷിക്കാരും, തൊഴിലാളികളുമാണിവിടെ കൂടുതൽ, ദാരിദ്യ രേഖയ്ക്ക് താഴെ കഴിയുന്നവർ ധാരാളം ഉണ്ട്. രോഗങ്ങൾ പിടിപെടുന്നതിലും വ്യത്യാസങ്ങൾ കാണാറുണ്ട്. വയറ്റിളക്കം, വയറുകടി, ടൈഫോയിഡ്, മഞ്ഞപിത്തം, കോളറാ മുതലായ രോഗങ്ങൾ സാധാരണ കൂടുതൽ കാണാറുള്ളത് പാവപ്പെട്ടവരിലാണ്.

(c) തൊഴിൽജന്യം

കാർഷികമേഖലയിൽ പണി എടുക്കുന്നവർക്ക് അതുമായി ബന്ധപ്പെട്ട് രോഗബാധ ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ ആയതിനെപ്പറ്റി കൂടുതൽ പഠനങ്ങൾ നടത്തുന്നത് നന്നായിരിക്കും.

(d) മറ്റുള്ളവ

വർഷകാലം ആരംഭിച്ചുകഴിഞ്ഞാൽ മിക്ക സ്ഥലങ്ങളിലും വെള്ളം കയറും. ചെളി, എക്കൽ എന്നിവകൂടിയ പ്രദേശമാകയാൽ വെള്ളം കയറിയാൽ ഉടൻ ചതുപ്പുപ്രദേശത്തിന്റെ അനുഭവം മിക്കസ്ഥലങ്ങളിലും ഉണ്ടാകും. തുറസ്സായ സ്ഥലങ്ങളിൽ മലവിസർജ്ജനം ചെയ്യുന്നതുകൊണ്ടും, മലവെള്ളപ്പാച്ചിലിൽ കിഴക്കൻപ്രദേശത്തുനിന്നും വെള്ളത്തിൽകലർന്നുവരുന്ന അണുബാധയുള്ള വെള്ളം ഇവിടെയുള്ള പുരയിടങ്ങളിലും മറ്റും കയറുന്നതി നാലും മിക്ക ഇനത്തിൽപെട്ടവിരകളുടെ രോഗ പകർച്ച ധാരാളം ആൾക്കാർക്കിടയിൽ കൂടുതലായി ഈ പ്രദേശത്തുള്ളവർക്ക് പിടിപെടുന്നു. വെള്ളത്തിൽക്കൂടി പകരുന്ന രോഗങ്ങളാണ് വായുജന്യരോഗങ്ങളെക്കാൾ കൂടുതലായി കണ്ടുവരുന്നത്.

എടത്വാ ഗ്രാമപഞ്ചായത്ത്
പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993-1994	1228	416	18	683
1994-1995	1468	385	12	188
1995-1996	1785	404	24	3280

വൈകല്യ നിരക്ക്

ഈ ഗ്രാമപഞ്ചായത്തിലെ അംഗവൈകല്യം സഭവിച്ചവർ ബധിരർ, മൂകർ, അന്ധർ എന്നിവരുടെ കൃത്യമായ കണക്ക് ഒരു വീടുവീടാന്തരമുള്ള സർവ്വേയിൽക്കൂടിമാത്രമേ ശേഖരിക്കാൻ സാധിക്കുള്ളു. എങ്കിലും ഇപ്പോൾ ലഭിച്ചിട്ടുള്ള കണക്കുകൾ പ്രകാരം ഇങ്ങനെയുള്ളവരും, എണ്ണം സാധാരണ നിലവാരത്തിലാണ്.

പോഷണ നിലവാരം

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരത്തെ സംബന്ധിച്ചിടത്തോളം 1 വയസ്സിനു താഴെയുള്ള 301 കുട്ടികളും സാധാരണ നിലവാരം പുലർത്തുന്നവരായി 1 മുതൽ 3 വയസ്സുവരെയുള്ള 444 കുട്ടികളിൽ സാധാരണ നിലവാരം പുലർത്തുന്നവരായി 412 ഉം മിതപോഷണക്കുറവുള്ള 32 കുട്ടികളും, 3 മുതൽ 6 വയസ്സുവരെയുള്ള 710 കുട്ടികളും, 3 മുതൽ 7 വയസ്സുവരെയുള്ള 710 കുട്ടികളിൽ ലഘുവായ പോഷണക്കുറവുള്ളവർ 693 ഉം, മിതമായ പോഷണക്കുറവുള്ളവർ 26 ഉം ഗുരുതരമായി

പോഷണക്കുറവുള്ള ഒരു കുട്ടിയും ഉള്ളതായി കണ്ടു.

ആരോഗ്യരക്ഷാസ്ഥാപനങ്ങൾ

എടത്വാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

ഈ സ്ഥാപനത്തിന്റെ കീഴിൽ ഒൻപത് സബ്സെന്ററുകൾ പ്രവർത്തിച്ചു പോരുന്നു. ആകെ ജീവനക്കാരുടെ എണ്ണം 44–ആണ്. ഇതുകൂടാതെ രണ്ട് അലോപ്പതി പ്രൈവറ്റ് ആശുപത്രികൾ എടത്വായിലും, കൊടുപ്പുന്നയിൽ ഒരുഹോമിയോപ്പതി ഗവൺമെന്റ് ഡിസ്പെൻസറിയും പ്രവർത്തിച്ചുവരുന്നു.

ആരോഗ്യരക്ഷാചിലവുകൾ

എടത്വാകമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും FWC സെന്ററുകളും

ക്രമനമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം വാടകയോ സ്വന്തമോ	ജീവനക്കാരുടെ എണ്ണം	പ്രവർത്തിക്കുന്ന വാർഡ്
1	ചെയിൻ സെന്റർ	F.W.C	ചെയിൻസെന്ററിൽ തന്നെ	1	10
2	അജീഷനൽ	F.W.C	ചെയിൻസെന്ററിൽ	1	10
	എടത്വാ	F.W.C	"	1	9
3	ചങ്ങങ്കരി	F.W.C	"	1	8
4	കൊടുപ്പുന്ന	F.W.C	"	1	7
5	തായങ്കരി	F.W.C	"	1	6
6	പച്ച	F.W.C	"	1	5
7	കോഴിമുക്ക്	F.W.C	"	1	3&5
8	മങ്കോട്ടച്ചിറ	F.W.C	"	1	2&3
9	പാണ്ടങ്കരി	F.W.C	"	1	1

എടത്വാകമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

1992–93	1,58131–	27
1993–94	1,21077–	62
1994–95	2,18495–	15
1995–96	3,28935–	60
1996–97	2,08434–	84
1996 upto 25-11-96.		
യൂണിസെഫിന്റെതായുള്ളതോ.		വൈറ്റ

മിൻ മുതലായവയുടെയോ ഫാമിലി വെൽ ഫെയർ ഐറ്റാങ്ങളോ ഈ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ

- വെള്ളത്താൽ ചുറ്റപ്പെട്ട് ഒറ്റ തുരത്തിൽ ദൂരെ താമസിക്കുന്നവരുടെ ചികിത്സാസൗകര്യം ഉറപ്പുവരുത്തുന്നതിലേയ്ക്ക് ഒരു ഫ്ലോട്ടിഗ് ഡിസ്പെൻസറിയുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.
- അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികൾക്ക് എല്ലാമാസത്തിലും ഒരു പ്രാവശ്യം മെഡി

ക്കൽ പരിശോധന അത്യന്താപേക്ഷിതമാണ്. മീൻവെള്ളവും മഴവെള്ളവും കെട്ടിക്കിടന്ന് ചന്ത മലിനമാകാതിരിക്കാൻ ചന്തയും പരിസരവും മെറ്റൽചെയ്ത് നികത്തി വെള്ളം ഓടകളിലേയ്ക്ക് ഒഴുക്കിവിടുവാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ് കൊതുക്, ഈച്ച ഇവകളുടെ നശീകരണത്തിനുള്ള പരിസരം വൃത്തിയാക്കാൻ, ഓയിലിംഗ് മുതലായവ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

● എടത്വാ ടൗണിൽ വളരെ അടിയന്തിര പ്രാധാന്യം നൽകി ഒരു സാനിട്ടറി ടൈപ്പ് പൊതുകക്കൂസ് ഉണ്ടാക്കിയേ മതിയാകൂ. ഈ പഞ്ചായത്ത് പ്രദേശത്ത് കക്കൂസില്ലാത്ത എല്ലാവീടുകളിലും സാമ്പത്തിക അടിസ്ഥാനത്തിൽ ധനസഹായം ചെയ്ത് കക്കൂസുകൾ നിർമ്മിക്കേണ്ടതാണ്. ഇപ്പോൾ CRSP സ്കീമിൽ 2500 രൂപാ കൊടുക്കുന്നത് അപര്യാപ്തമാകയാൽ കാലോചിതമായി ടി തുകയിൽ വർദ്ധനവ് വരുത്തേണ്ടതാകുന്നു.

● എടത്വാ പഞ്ചായത്തിൽ ഒന്നിലധികം പൊതുശ്മശാനങ്ങൾ വളരെ അടിയന്തിര പ്രാധാന്യം നൽകി നിർമ്മിക്കേണ്ടതാകുന്നു.

● മാംസ്യവിപണനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എടത്വാ പഞ്ചായത്തിൽ ഒരു സ്ലോട്ടർ ഹൗസ് ആധുനീക സംവിധാനത്തിൽ ഉണ്ടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

● കൊടുപ്പുന്നയിൽ പ്രവർത്തിച്ചുപോരുന്ന ഹോമിയോപ്പതി ആശുപത്രിക്ക് സ്വന്തമായി ലഭിച്ചിട്ടുള്ള സ്ഥലത്ത് ആശുപത്രി പണിത് രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാകുന്നു.

● എടത്വാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം സുഗമമാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് ശ്രദ്ധ പതിപ്പിക്കേണ്ടതാകുന്നു.

1) ഗൈനക്കോളജിസ്റ്റ്, ഫിസിഷൻ, സർജൻ, പീഡിയാട്രീഷൻ എന്നീ തസ്തികകളിൽ അതതു സ്പെഷ്യലിസ്റ്റുകളെ നിയമിക്കുക.

2) ഹെൽത്ത് ഇൻസ്പെക്ടറുടെ ഒരു പോസ്റ്റ് ക്രിയേറ്റുചെയ്യുക

3) രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് ഒരു വാർഡ്കൂടി പണിയുക.

4) X-Ray, ഓപ്പറേഷൻ തീയറ്റർ, ഓഫീസ് കെട്ടിടം, സ്റ്റാഫ് കോർട്ടേഴ്സ് എന്നിവ നിർമ്മിക്കേണ്ടതാണ്.

5) LPG ഗ്യാസ്, ഓക്സിജൻ, എമർജൻസി ലാമ്പ് എന്നിവ അനുവദിക്കേണ്ടതാണ്.

6) ഫോൺ സൗകര്യം ഏർപ്പെടുത്തുക.

7) ആശുപത്രി വികസനസമിതി, സൗഹൃത സമതി എന്നിവയിൽക്കൂടി ആശുപത്രിയുടെ ചിട്ടയായ പ്രവർത്തനം ഉറപ്പാക്കേണ്ടതാകുന്നു.

● ഈ പഞ്ചായത്തുപ്രദേശത്ത് ഏതാണ്ട് 75% വീടുകളിലും കക്കൂസ് സൗകര്യം ലഭ്യമല്ല. ആയതു കണക്കിലെടുത്ത് സാമ്പത്തിക പരാധീനതയിൽപ്പെട്ട ആൾക്കാർക്ക് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തി സെപ്റ്റിക് ടാങ്ക് കക്കൂസുകൾ നിർമ്മിച്ചു കൊടുക്കാവു ന്നതാണ്.

● കോളേജ്, സ്ക്കൂളുകൾ മുതലായ വിദ്യാഭ്യാസസ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് ദൃശ്യമാദ്ധ്യമങ്ങളുടെ സഹായത്തോടെ ആരോഗ്യപ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നടത്താവുന്നതാകുന്നു.

● ശുചിത്വം, ആരോഗ്യപരിപാലനം, രോഗ പ്രതിരോധം, കുടുംബക്ഷേമപ്രവർത്തനങ്ങൾ, പോഷകാഹാര പരിപാടി മുതലായ വിവിധ വിഷയങ്ങളെപ്പറ്റി പൊതു ജനങ്ങൾക്ക് വേണ്ട അറിവു ലഭിക്കുന്നതിലേയ്ക്കായി ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ ശില്പശാല മുതലായവ എല്ലാ വാർഡുകളിലും കുറഞ്ഞത് വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ആരോഗ്യ മേഖലയിലെ ഉദ്യോഗസ്ഥർ, അംഗൻവാടി ജീവനക്കാർ, മഹിളാസമാജങ്ങൾ എന്നിവരുടെ സഹകരണത്തോടെ നടത്തേണ്ടതാണ്. ആരോഗ്യമേഖലയിലെ സേവന സന്നദ്ധരായ റിട്ടേർഡ് ഉദ്യോഗസ്ഥന്മാരുടെ സേവനം ഈരംഗത്ത് ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ്.

വ്യവസായം

വ്യവസായ രംഗത്ത് എടത്വാ പഞ്ചായത്ത് തികച്ചും പിന്നോക്കാവസ്ഥയിലാണെന്ന് പറയാം. തീർത്ഥാടന കേന്ദ്രമായ എടത്വാ സെൻറ് ജോർജ് ദേവാലയത്തോടനുബന്ധിച്ച് ഏതാനും വ്യാപാരസ്ഥാപനങ്ങൾ ഉണ്ടായി എന്നല്ലാതെ കാര്യമായ വ്യവസായസംരംഭങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.ഈ നൂറ്റാണ്ടിൻെറ ആരംഭകാലത്ത് ശോഭിച്ചിരുന്ന ആലപ്പുഴയുടെ വ്യവസായ രംഗങ്ങളുമായി ബന്ധപ്പെട്ട് പരമ്പരാഗത കയർ വ്യവസായം , തുണിനെയ്ത്ത് , നെൽസംസ്ക്കരണം മുതലായവ ഇവിടങ്ങളിൽ ആരംഭിച്ചു എങ്കിലും വളർച്ചക്കുള്ള സാഹചര്യങ്ങൾ ലഭിക്കായ്കയാൽ മുരടിച്ചു നശിച്ചു പോകുകയാണുണ്ടായത്. വ്യവസായങ്ങൾ വിജയപ്രദമായി നടത്തുവാൻ ഉപകരിക്കുന്ന പല അസംസ്കൃത വസ്തുക്കൾ ഉണ്ടായിരുന്നിട്ടും അവ ചൂഷണം ചെയ്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയാതെ പോയതിൻെറ പ്രധാന കാരണം പ്രസ്തുത സംരംഭങ്ങളെ കുറിച്ചുള്ള അജ്ഞതയാണ്.

ഏതാണ്ട് പരിപൂർണ്ണമായി കാർഷിക വൃത്തിയിൽ മാത്രം ഏർപ്പെടുന്ന ഇവിടുത്തെ ജനങ്ങൾ സാമ്പത്തിക പരാധീനതയിൽ പൊറുതിമുട്ടിയാണ് കഴിയുന്നത്.ഗാർഹിക ഉപയോഗത്തിനുപോലും അവശ്യം വൈദ്യുതി ലഭിക്കാത്ത അവസ്ഥയാണ് ഇന്നും നിലവിലുള്ളത്. ഗതാഗതരംഗത്തെ പരമിതി പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശത്തേയും ഒറ്റപ്പെടുത്തിയിരിക്കുന്നു. സ്വയം തൊഴിൽ പരിപാടികളിൽ ഏർപ്പെട്ട് സാമ്പത്തിക പുരോഗതി നേടുവാനാഗ്രഹിക്കുന്ന ഒട്ടനവധി വ്യക്തികൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലുണ്ട് . അവർക്ക് സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായവും ലഭ്യമാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട് . വ്യവസായ സെമിനാറുകൾ വിദഗ്ദരുടെ മേൽനോട്ടത്തിൽ പ്രദേശീകാടിസ്ഥാനത്തിൽ നടത്തണം. വ്യവസായ സംരംഭങ്ങളുടെ പ്രോജക്ട് റിപ്പോർട്ടുകൾ ലഭിക്കാവുന്ന ഒരു ലൈബ്രറി ഉണ്ടാകുന്നത് അഭികാമ്യമാണ്.

എടത്വാ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങളെ കുടിൽ വ്യവസായത്തിൽ ഉൾപ്പെടുത്താം. മിക്കവാറും എല്ലാ വാർഡുകളിലും നെല്ലു കുത്ത് ധാന്യപ്പൊടിമില്ലുകൾ ഉണ്ട് . ഫർണ്ണീച്ചർ വ്യവസായവും കുറവല്ല. പക്ഷേ, ആവശ്യത്തിന് തടികിട്ടുന്നില്ല എന്ന

പ്രശ്നവും ഉണ്ട്. ഒന്നു രണ്ടു വാർഡുക ളിൽ കറിപൗഡർ നിർമ്മാണം വനിതകൾ കൂടി നടത്തുന്നുണ്ട് . ബുക്കുബയൻറിംഗ് VII-ാം വാർഡിൽ വനിതകൾ ഒരു സംഘം രൂപീക രിച്ച് നടത്തുന്നുണ്ട്. പക്ഷേ പേപ്പർ കിട്ടാ നുള്ള ബുദ്ധിമുട്ട്, വിറ്റഴിക്കുവാനുള്ള പ്രയാസം ഇവ ആ സംരംഭത്തെയും ബുദ്ധിമുട്ടിക്കുന്നു. വായ്പയായി ലഭിച്ച തുക തിരിച്ചടയ്ക്കാനാവാതെ അവർ പ്രയാസ പ്പെടുകയാണ്. IX-ാംവാർഡിലും III-ാംവാർ ഡിലും ജൈവവളം (ചാണകം) ശേഖരിച്ച് മറ്റു സ്ഥലങ്ങളിലേക്ക് കയറ്റി അയയ്ക്കു ന്നുണ്ട്. ഏകദേശം 150 തൊഴിലാളികൾ ആപ്ര ക്രിയയുടെ ഭാഗമായി ജോലി ചെയ്യുന്നതായി ഗ്രാമസഭാ റിപ്പോർട്ടിൽ കാണുന്നു. പ്രസ്തുത വാർഡുകളിൽ ഒരോ ജൈവവള സംസ്ക്കരണ സംരംഭം തുടങ്ങാൻ വളരെ സാധ്യതയുണ്ട് . റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ചില വാർഡുകളിൽ പ്രത്യേകിച്ച് 10-ാം വാർ ഡിന്റെ ഭാഗമായ എടത്വാ ടൗണിൽ വളരെ ചുരുക്കമായി നിലവിലുണ്ട്.വളരെ തൊഴിൽ സാധ്യതയുള്ള പ്രസ്തുത സംരംഭം നല്ലതു പോലെ പ്രോത്സാഹിക്കപ്പെടേണ്ടതാണ് . സിമിൻറിഷ്ടിക, വെൻറിലേഷൻ, കിണർ റിംഗ് എന്നിവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവരുണ്ട് . പ്രസ്തുത സംരംഭങ്ങളും പ്രോത്സാഹനം അർഹി ക്കുന്നു. കേബിൾ റ്റി. വി. യുടെ ആംപ്ലി ഫയർ , റീസ്സീവർ എന്നിവയുടെ നിർമ്മാണ ത്തിനായി 5-ാം വാർഡിൽ ഒരാൾക്ക് S.S.I പെർമിറ്റ് ലഭിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം ശരിയായി പരീശീലനം കൊടുത്താൽ നല്ല ഒരു കുടിൽ വ്യവസായമായി വളർത്തിയെടുക്കാവു ന്നതാണ്. ഇവയെല്ലാം കണക്കിലെടുത്താലും ഇന്നും നമ്മുടെ പഞ്ചായത്തിൽ വ്യവസായ സംരംഭങ്ങളിൽ കൂടി തൊഴിൽ ലഭിച്ചിരി ക്കുന്ന വരുടെ സംഖ്യ തുലോം കുറവാണെ ന്നു പറയാം. മീൻ വളർത്തൽ , കോഴി, ആട് മുതലായവയുടെ വ്യവസായീകമായ വളർ ത്തൽ എന്നീ സംരംഭങ്ങളിൽ ചുരുക്കം ചിലർ ഏർപ്പെട്ടിട്ടുണ്ട്. നല്ല ആദായം ലഭിക്കാ വുന്ന തുറകളാണിവ.

നമ്മുടെ പഞ്ചായത്തിന്റെ സാഹചര്യം കുടിൽ വ്യവസായങ്ങൾക്കും ചെറുകിട വ്യവസായങ്ങൾക്കും യോജിച്ചതാണ്. അതു കൊണ്ട് വ്യവസായിക വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കു മ്പോൾ പ്രസ്തുത വ്യവസായങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്. നമ്മുടെ പ്രധാനപ്പെട്ട ഉൽ പ്പന്നങ്ങളായ നെല്ല്, തേങ്ങ എന്നിവ ഉപയോ ഗിച്ചുള്ള വ്യവസായങ്ങൾ നാം തുടങ്ങണം. മത്സ്യം വളർത്തൽ നമ്മുടെ പാടങ്ങളിൽ വ്യാപകമാക്കിയാൽ വളരെ യധികം തൊഴിൽ സാധ്യതകൾ ഉണ്ടാകും. അതിനോടനുബ ന്ധിച്ച് മത്സ്യ സംസ്ക്കരണ ഫാക്ടറി യും മറ്റും ഉണ്ടാകാൻ സാധ്യതയുണ്ട്. നെല്ല് ഉൽപ്പന്നങ്ങൾ (അരി, അവൽ, അരി പലഹാ രങ്ങൾ, അരിപ്പൊടി മുതലായവ)തേങ്ങാ ഉൽപ്പന്നങ്ങൾ (വെളിച്ചെണ്ണ, മിഠായികൾ ,സോപ്പ്, കോക്കനട്ട് ക്രീം, മുതലായവ) ഇവയുടെ ഉല്പാദനത്തിനു വേണ്ടി പല ചെറുകിട വ്യവസായ സംരംഭങ്ങളും നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചാൽ നാം ഉല്പാദി പ്പിക്കുന്ന നെല്ലിനും തേങ്ങയ്ക്കും ന്യായമായ വിലയെങ്കിലും ലഭിക്കാനാവും.

പ്രകൃതീരമണീയമായ കുട്ടനാടിന്റെ ടൂറിസ്റ്റു സാദ്ധ്യതകൾ മറ്റു ചില പഞ്ചായ ത്തുകൾ നാമമാത്രയായെങ്കിലും വികസി പ്പിച്ചിട്ടുണ്ട്. പക്ഷേ നമ്മൾ ഇതുവരെയും പ്രസ്തുത സംരംഭത്തിനും മുതിർന്നിട്ടില്ല. പഞ്ചായത്തിന്റെ പ്രകൃതിഭംഗി നിറഞ്ഞ പ്രദേശങ്ങൾ കണ്ടു പിടിച്ച് ടൂറിസ്റ്റുകൾക്ക് താമസിക്കാൻ സൗകര്യമുള്ള കോട്ടേജുകൾ നിർമ്മിക്കുകയും -ബോട്ടിംഗ് , ഫിഷിംഗ് മുതലായ വിനോദങ്ങളിലേർപ്പെടാനും . നമ്മുടെ പരമ്പരാഗതമായ നാടൻ കലകൾ കാണുവാനുമുള്ള സാഹചര്യങ്ങൾ ഏർപ്പെ ടുത്തുകയും വേണം. ടൂറിസം ഡിപ്പാർട്ടു മെൻറുമായി ചർച്ചചെയ്ത് ഈരംഗത്തെ

സാധ്യതകൾ വിലയിരുത്തി പദ്ധതികൾ ആവിഷ്കരി ക്കേണ്ടതാണ്.

വിദേശരാജ്യങ്ങളിൽ ജോലിചെയ്ത് പണംസമ്പാദിക്കുന്നവർ നമ്മുടെ പഞ്ചാ യത്തിലും കുറവല്ല. പക്ഷേ അവർ കഷ്ട പ്പെട്ടുണ്ടാക്കുന്ന പണം ശരിയായി പ്രയോ ജനപ്പെടുത്താത്ത അവസ്ഥയാണ് ഇന്നുള്ളത്. വലിയവീടുകൾ പണിയുവാനും ആഡംബര വസ്തുക്കൾ വാങ്ങുവാനാണ് കൂടുതൽ തുകയും ചെലവാക്കുന്നത്. ആദായം ലഭി ക്കുകയും മറ്റുള്ളവർക്ക് തൊഴിൽ നൽകു കയും ചെയ്യുന്ന വ്യവസായ സംരംഭ ങ്ങളിലേക്ക് അവരെ ആകർഷിക്കണം. അതിനു മുൻകൈയെടുക്കേണ്ടത് തൊഴി ലാളി യൂണിയനുകളും രാഷ്ട്രീയ പാർട്ടി കളും ഗ്രാമസഭാ കമ്മറ്റികളുമാണ്. സാമ്പത്തികസ്ഥിതിയെ പരിപോഷിപ്പിക്കു കയും തൊഴിലില്ലായ്മ കുറയ്ക്കുകയും ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങളെ വികസന ത്തിന്റെ പ്രധാന ഭാഗമായി കാണേണ്ട താണ്. സ്വയംതൊഴിൽ തുടങ്ങുന്ന പലരും എന്തെ ങ്കിലുമൊരു സർക്കാർ ജോലി കിട്ടുന്നതു വരെ ഒരു ഇടത്താവള മായിട്ടാണ് പ്രസ്തുത സംരംഭത്തെ കാണുക. മിക്ക സ്വയം തൊഴിൽ സംരംഭങ്ങളും പരാജയപ്പെടുന്നതിന്റെ കാരണം ഇതാണ്. ബാങ്കുകളിൽ നിന്ന് വ്യവസായിക സംരംഭങ്ങൾക്കായി വായ്പയെ ടുക്കുന്ന പലരും പണം മറ്റാവശ്യങ്ങൾ ക്കായിഉപയോഗിക്കുന്നതും സാധാരണമാ ണ്. തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ലാതെ ജപ്തിയെ നേരിടേണ്ടിവരുന്നവരും ഉണ്ട്.

കുടിൽ, ചെറുകിട വ്യവസായങ്ങളെ സഹായിക്കാൻ പല കാര്യങ്ങളും ചെയ്യു വാനുണ്ട്. അസംസ്കൃത സാധനങ്ങളുടെ ലഭ്യത സുഗമവും ലാഭകരവു മാക്കുവാൻ കൂട്ടായ പ്രയത്നം ആവശ്യ മാണ്.ഉദാഹരണ ത്തിന് വസ്ത്രനിർമ്മാണ കേന്ദ്രങ്ങൾക്കാവശ്യ മായ തുണിമൊത്തമായി മില്ലുകളിൽ നിന്നെ ടുത്താൽ വളരെ ലാഭകരമായിരിക്കും. കറി പൊടി നിർമ്മാണശാലകൾക്കും ഇതു ബാധകമാണ്. ഉൽപാദിക്കപ്പെടുന്ന വസ്തു ക്കൾക്ക് മാർക്കറ്റ് കണ്ടുപിടിക്കാനും ,ഉല്പാ ദന പ്രക്രിയയിൽ കാലോചിതമായ വ്യത്യാസ ങ്ങൾ വരുത്തുവാനുള്ള ഉപദേശം കൊടുക്കു വാനും, കഴിവുള്ള ഒരു ഉപദേശക സമിതി പഞ്ചായത്തിനു മൊത്തമായി ഉണ്ടാകു ന്നതു നല്ലതാണ്.

വാർഡുകളിൽ കൂടിയ ഗ്രാമസഭകൾ വ്യവസായം എന്ന വിഷയത്തെപ്പറ്റി കാര്യമായി ചർച്ചനടത്തിയിട്ടുണ്ട്. പ്രശ്ന ങ്ങൾ മനസ്സിലാക്കുന്നതിനും കുറേ യൊക്കെ അവർക്കു സാധിച്ചിട്ടുണ്ട്. എങ്കിലും സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് എല്ലാവരും പ്രകിടിപ്പി ക്കുക യുണ്ടായി .

നിലവിലുള്ള വ്യവസായങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ പൊന്തി വന്ന പ്രശ്നങ്ങൾ ചുവടെ ചേർ ക്കുന്നു.

1. വ്യവസായ സംരംഭങ്ങളുടെ വിശ ദാംശങ്ങളെപ്പറ്റിയുള്ള അജ്ഞത.
2. വിദ്യുത്ശക്തി ലഭ്യതയുടെ കുറവ്.
3. സുലഭമായ നെല്ല് , തേങ്ങ മുതലായവ വ്യവസായ പരമായി ഉപയോഗിക്കാതെ ഉൽപ്പാദകന് നഷ്ടമായ രീതിയിൽ വിൽ ക്കേണ്ടി വരുന്നു.

(പട്ടിക എ,) എടത്വാ പഞ്ചായത്ത് വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം

വാർഡ്	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ
W-I	10	6	4	4	24
W-II	3		5	2	10
W-III	6		7	6	19
W-IV	3		1	1	5
W-V	4		1	3	8
W-VI	10		5	2	17
W-VII	10		1	2	13
W-VIII	6		5	1	13
W-IX	4		2	7	13
W-X	49	9	17	8	83

അവലംബം പഞ്ചായത്ത് റിക്കാർഡിനനിന്ന്

4. ഫർണിച്ചർ വ്യവസായത്തിന് തടിയുടെ ലഭ്യത കുറവ്.
5. വ്യവസായങ്ങൾക്കുള്ള മൂലധനമില്ലായ്മയും ധൈര്യക്കുറവും.
6. ഗതാഗത സൗകര്യങ്ങളുടെകുറവുമൂലം അസംസ്കൃത, സംസ്കൃത വസ്തു ക്കളുടെ വരവുപോക്കുകൾ ദുഷ്ക്കരമാണ്.
7. കരകൗശല രംഗത്ത് പരീശീലനം ലഭിക്കാനുള്ള സൗകര്യമില്ല.
8. സാമ്പത്തിക സഹായം കിട്ടാനുള്ള ബുദ്ധിമുട്ട്.
9. ബുക്കുബയൻറിംഗ് യൂണിറ്റിന് ആവശ്യത്തിനുള്ള കടലാസ് കിട്ടാൻ ബുദ്ധിമുട്ടുന്നു. ഉണ്ടാക്കിയ ബുക്ക് വിൽക്കാനാവാതെ കെട്ടികിടക്കുന്നു.
10. ടൂറിസം ഒരു വ്യവസായമായി കരുതിയിട്ടേയില്ല.
11. ഒരു വ്യവസായ കോംപ്ലക്സിന്റെ അഭാവം.

സാധ്യതകൾ

1. വിദ്യുച്ഛക്തിയുടെകുറവിനു പരിഹാരമായിട്ട് ഒരു 110 K.V സബ്സ്റ്റേഷൻ സ്ഥാപിക്കുക.
2. വ്യവസായ വകുപ്പിന്റെയും മറ്റും സഹായത്തോടെവ്യവസായ ബോധവൽക്കരണസെമിനാറുകൾപഞ്ചായത്തിന്റെ പല ഭാഗത്തായി നടത്തുക.
3. നിലവിലിരിക്കുന്ന വ്യവസായങ്ങളിൽ തകർച്ചയെ നേരിടുന്നവയെ രക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക.
4. P.W.D ഏറ്റെടുത്ത റോഡുകൾ നിർമ്മിച്ച് ഗതാഗത പ്രശ്നം പരിഹരിക്കുക.
5. മോഡേൺ റൈസ് മില്ല് , ഓയിൽ മില്ല് , കാലിത്തീറ്റ ഫാക്ടറി , മിൽക് പ്രോഡക്ട് ഫാക്ടറി ,പാടങ്ങളിൽ മീൻ വളർത്തലും സംസ്ക്കരണവും വൻകിട വ്യവസായങ്ങളായി അംഗീകരിക്കുക.
6. കുടിൽ/ചെറുകിട വ്യവസായങ്ങൾ ഗ്രാമ സഭകളുടെനിർദ്ദേശാനുസരണമായി വാർഡുകളിൽ ആരംഭിക്കുക.
7. വിദേശത്തു ജോലിയുള്ളവരെ വ്യവ സായരംഗത്തേയ്ക്കു ആകർഷിക്കുവാനുള്ള നടപടിയെടുക്കുക.
8. ബാങ്കുകൾ, പിന്നോക്ക വിഭാഗവികസന കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ മുതലായ സ്ഥാപന ങ്ങളിൽ നിന്ന് വ്യവസായ സംരംഭങ്ങൾക്ക് സഹായം ലഭ്യമാക്കുക.
9. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് കോളേജിൽ വ്യവസാ യവുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുക. .

വാർഡ്	വ്യവസായസംരംഭങ്ങൾ	ലഭ്യമാകുന്ന അസംസ്കൃത സാധനങ്ങൾ
I	കൊപ്രാ,വെള്ളിയാഭരണങ്ങൾ,ആയൂർവേദമരുന്നുകൾ ,ഹാർഡ്ബോർഡ്,പ്ലൈവുഡ്,കരകൗശലവസ്തുക്കൾ ,സിമിൻറിഷ്ടിക,പട്ടുനൂൽ,മിഠായി,സോപ്പ്,കളി പ്പാട്ടങ്ങൾ-മോഡേൺ റൈസ്മിൽ	തേങ്ങ,പച്ചമരുന്നു,മണൽ,പാഴ്മരങ്ങൾ,ക ച്ചി,നെല്ല്.
II	ബുക്ക്ബൈൻഡിംഗ്,സോപ്പ്,മെഴുകുതിരി,ഫ ർണ്ണിച്ചർ,വസ്ത്രനിർമ്മാണം, കോഴിവളർത്തൽ,മീൻവള ർത്തൽ,പാൽഉല്പന്നങ്ങൾ,കറിപൗഡർ,സിമിൻറിഷ്ടി ക,ചന്ദനത്തിരി,പാനെയ്ത്ത്,കുട്ടനെയ്ത്ത്കച്ചിപേ പ്പർ,ചന്ദനത്തിരി,-മോഡേൺ റൈസ്മിൽ	നെല്ല്,തേങ്ങ,കച്ചി, മീൻവളർത്താനുള്ള കുള ങ്ങൾ,പാടങ്ങൾ-മത്സ്യം
III	കയർ,കച്ചിക്കടലാസ്,കാലിത്തീറ്റ,വസ്ത്രങ്ങൾ,ഫ ർണ്ണിച്ചർ,ജാം,അച്ചാറുകൾ,കരകൗശലവസ്തുക്കൾ,ഇറ ച്ചികോഴി,വാഴനാര്,സഞ്ചി,ബാഗ്,വാദ്യഉപകരണങ്ങൾ ,-മോഡേൺ റൈസ്മിൽ	തൊണ്ട്,തേങ്ങ,കച്ചി,മാങ്ങ,മത്സ്യം, വാഴപ്പഴം,വാഴനാര്,നെല്ല്
IV	നെല്ല്സംസ്കരണം,അരി,ഫർണ്ണിച്ചർ,ബീഡി,വസ്ത്ര ങ്ങൾ,കൈത്തറിതുണി.-മോഡേൺ റൈസ്മിൽ	നെല്ല്,തേങ്ങ,തടി.
V	അരിയുല്പന്നങ്ങൾ-തേങ്ങയുല്പന്നങ്ങൾ-കയറ്-വസ് ത്രങ്ങൾ-,ജാം,അച്ചാർ,കരകൗശലവസ്തുക്കൾ,വാഴനാര് ,ബാഗ്,പാക്കിംഗ്കവറുകൾ,ഫർണ്ണിച്ചർ,മെഴുകുതിരി ,തീപ്പെട്ടി-മോഡേൺ റൈസ്മിൽ	നെല്ല്,തേങ്ങ,വാഴപ്പഴം,വാഴപ്പോള,മാ ങ്ങ,തൊണ്ട്,തടി
VI	വസ്ത്രങ്ങൾ,ഫർണ്ണിച്ചർ,പാല്ഉല്പന്നങ്ങൾ,തീ പ്പെട്ടി,ചന്ദനത്തിരി,അരിഉല്പന്നങ്ങൾ,കാലി ത്തീറ്റ,തേങ്ങാഉല്പന്നങ്ങൾ,മിഠായി,സോപ്പ്,ബുക്ക് നി ർമ്മാണങ്ങൾ,കറിപൗഡർ,ജാം,ബേക്കറിസാധനങ്ങൾ -മോഡേൺ റൈസ്മിൽ	നെല്ല്,തേങ്ങ,മത്സ്യം,കച്ചി
VII	അച്ചാർ,ഹാർഡ്ബോർഡ്,കുമ്മായം,മേഡോൺ റൈസ് മിൽ,കറിപൗഡർ,വസ്ത്രനിർമ്മാണം,സോമിൽ	നെല്ല്,കച്ചി,കക്കാ,തേങ്ങ,മത്സ്യം
VIII	തീപ്പെട്ടി,സോപ്പ്,വസ്ത്രങ്ങൾ,മെഴുകുതിരി, ഫർണ്ണിച്ചർ,വെൽഡിംഗ്,പ്ലൈവുഡ്,പേപ്പർ,വിന്നാഗി രി,ചിരട്ടക്കരി,തവിടെണ്ണ,നാളികേരക്രീമുകൾ,കറിപൗ ഡർ,അച്ചാർ,ധാന്യപ്പൊടികൾ,സിമിൻറിഷ്ടിക,കച്ചി സംസ്കരണം,പൂകൃഷി,വാഴപ്പഴസംസ്കരണം,കാലിതീ റ്റ,പഴമാങ്ങ ഉല്പന്നങ്ങൾ,ബേക്കറി സാധനങ്ങൾ-മോ ഡേൺ റൈസ്മിൽ	നെല്ല്,തേങ്ങ,മാങ്ങ,മത്സ്യം,തവിട്,മണൽ,ക ച്ചി,വാഴക്കുലകൾ
IX	അരിയുല്പന്നങ്ങൾ,പച്ചക്കറി,വസ്ത്രങ്ങൾ,കോഴിവ ളർത്തൽ,പ്ലാസ്റ്റിക് പടുതാ,അച്ചാർ,കറിപൗഡർ,ഫു ഡ്പ്രോഡക്റ്റസ്,പാല് ഉല്പന്നങ്ങൾ,പ്ലാസ്റ്റിക്ക് ഉപക രണങ്ങൾ,പശുവളർത്തൽ,കാലിത്തീറ്റ.	ചാണകം,കച്ചി,നെല്ല്,തേങ്ങ
X	ജൈവവളസംസ്കരണം,കാലിത്തീറ്റ,വസ്ത്രങ്ങൾ,കോ ഴി,പന്നി,ആട്,മുയൽ,വളർത്തുകേന്ദ്രങ്ങൾ-മോഡേൺ റൈസ്മിൽ	നെല്ല്,കച്ചി,തേങ്ങ,പ്ലാസ്റ്റിക്ചാക്ക്, പച്ചക്കറികൾ,മത്സ്യം

മാർക്കറ്റ്

എടത്വാ പഞ്ചായത്തിൽ ഇന്നും മാർക്കറ്റ് എന്ന പേരിലറിയപ്പെടാൻ എടത്വാ മാർക്കറ്റ് മാത്രമേ ഉള്ളൂ. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനം വരെയും ആലപ്പുഴയിലും ചങ്ങനാശേരിയിലുമുള്ള ചന്തകളായിരുന്നു ഈ ദേശനിവാസികൾക്ക് ആശ്രയമായിരുന്നത്. 19-ാം നൂറ്റാണ്ടിന്റെ അറുപതു കളിൽ എടത്വാ പള്ളി പാലത്തിൽ നിന്ന് പുതുതായി പണിത കപ്പേള പള്ളിയിലേക്കു ഒരു വീതി കൂടിയ വരമ്പ് നിർമ്മിക്കുയുണ്ടായി. ഇന്ന് പള്ളി പാലം മുതൽ ജംഗ്ഷൻ വരെയുള്ള റോഡിന്റെ ആദ്യ രൂപമായിരുന്ന അത്.ആ വരമ്പിനെ ഇരുവശവും പള്ളി വക നിലമായിരുന്നു. തെക്കു വശത്തെ ആറ്റിറമ്പിൽ കാലക്രമത്തിൽ മണ്ണിടിഞ്ഞു ചിറയായി. പീന്നീട് ഈ ഭാഗം കെട്ടിടങ്ങൾ വയ്ക്കാനായി തറ വാടകയ്ക്ക് പള്ളി കാര്യത്തിൽ നിന്ന് പലർക്കായി നൽകി. പല കെട്ടിടങ്ങളും പണിതുയർന്നു. അവയിൽ ചിലതിൽ വ്യാപാരവും ആരംഭിച്ചു. മൂലയിൽ കുര്യൻ തൊമ്മി പച്ചമരുന്നും കാട്ടുംഭാഗം ചെറിയാൻ ജൗളിയും പടവുപുരയ്ക്കൽ ചെറിയാൻ സ്റ്റേഷനറി കച്ചവടവും തുടങ്ങി. അങ്ങനെ തെക്കേ ഭാഗം വരെ പല കടകളായി . കിഴക്കോട്ടുണ്ടാക്കിയ വരമ്പിനെ ഇരുവശവും പള്ളിക്കാര്യത്തിൽ നിന്ന് .നികുത്തി വാടക നിശ്ചയിച്ച് കച്ചവടപ്പീടികകൾ പണിയുവാൻ നൽകി. ഊരാംവേലിൽ കുഞ്ഞു വർഗീസിന്റെ ഇളയ മകൻ കുര്യച്ചൻ എടത്വായിലെ ആദ്യത്തെ ഹോട്ടലായ കുര്യൻസ് ഹോട്ടൽ ആരംഭിച്ചു. പലചരക്കു രംഗത്ത് പറപ്പള്ളി വർക്കി സ്ഖറിയായും , നാന്തികുറിച്ചു. പല വ്യാപാരശാലകളും നിലവിൽ വന്നു. ശ്രീ .മൂലം തിരുന്നാൾ മഹാരാജാവിന്റെ കാലത്ത്രാജ പ്രീതീതിക്കുവേണ്ടി രാമവർമ്മ ചന്ത എന്നു പേരു നൽകിയിരുന്നു.

1931 ബഹ: ചെറുകരയച്ചൻ എടത്വാ പള്ളി വികാരിയായിരുന്ന കാലത്താണ് പള്ളി വക സസ്യ മാർക്കറ്റ് ആരംഭിച്ചത് . കുട്ടനാടിന്റെ പല ഭാഗങ്ങളിൽ നിന്നും ധാരാളം ആളുകൾ വന്ന് സാധനങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നു.കൊച്ചിയിൽ നിന്ന് ചരക്കുമായി കേവു വള്ളങ്ങൾ പള്ളി പാലത്തിനടുത്ത് കിടക്കാറുണ്ടായിരുന്നു. ഈ കാലയളവിൽതന്നെ വളർന്നു വികസിച്ച ഒരു വ്യാപരമായിരുന്നു തടി വ്യാപാരം . കറുകയിൽ കുടുംബക്കാരും പുത്തൻ പുരയിൽ കുടുംബക്കാരും ഈ രംഗത്തെ ആരംഭക്കാരാണ്. വെട്ടു തോടു മുതൽ പടിഞ്ഞാട്ട് പള്ളിയുടെ എതിർകര വരെ ഒരു കാലത്തു നിറയെ തടി കച്ചവട കേന്ദ്രങ്ങൾ ആയിരുന്നു. ഒന്നിനു പുറകേ ഒന്നായി തടിചെങ്ങാടങ്ങൾ ആറ്റിൽ കൂടി നീങ്ങുന്നത് സുന്ദരമായ കാഴ്ചയായിരുന്നു. മുട്ട വ്യാപാര രംഗത്തും എടത്വാ ഒരു വലിയമാർക്കറ്റ് ആയിരുന്നു. പെരുനാളിന് കേവു വള്ളങ്ങളിൽ വന്നിരുന്ന തെക്കൻ തീർത്ഥാടകർ ഫർണ്ണീച്ചർ ഉൾപ്പടെ പല സാധാനങ്ങളും ഇവിടെ നിന്നു വാങ്ങുമായിരുന്നു.

1945 ൽ തിരുവല്ലാ എടത്വാ ബസ് സർവ്വീസ് ആരംഭിച്ചതോടു കൂടി എടത്വാ മാർക്കറ്റിലേക്ക് കൂടുതൽ ആളുകൾ വരുവാൻ തുടങ്ങി. 1960 കളിൽ നീരേറ്റുപുറം പണി തീർന്നതോടെ ലോറി ഗതാഗതം ആരംഭിച്ചു. മാർക്കറ്റിന്റെ വികസനത്തിന ഇതൊരു നാഴിക കല്ലായിരുന്നു. പക്ഷേ, ഇക്കാലങ്ങളിൽ കുട്ടനാടിന്റെ മറ്റു ഭാഗങ്ങളും വികസിക്കുവാൻ തുടങ്ങി. ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന്റെ ആവിർഭാവം അതിന് ആക്കംകൂട്ടി യാത്രാ സൗകര്യം കൂടിയതോടുകൂടി പ്രദേശീക ചന്തകളിലേക്ക് പ്രധാന ചന്തകളിൽ നിന്ന് സാധനങ്ങൾ കൊണ്ടു വരിക എളുപ്പമായി .ഇത് എടത്വാ മാർക്കറ്റിനെ പ്രതികൂലമായിബാധിച്ചു.

പ്രമുഖ പലചരക്ക് ശാലകൾ നിന്നു പോയി . തടി വ്യാപാരം നാമമത്രമായി. മുട്ട വ്യാപാരം വളരെ ശോഷിച്ചു പോയി എന്നു പറയാം.

തുലോം വ്യത്യസ്തമായ വ്യാപാര ശാലകളാണ് പീന്നീടുണ്ടായത് .കാലത്തിന നുസരിച്ചുള്ള കോലങ്ങൾ എന്ന പോലെ ലേഡീസ് സ്റ്റോറുകൾ, ബേക്കറികളും , സ്വർണ്ണകടകളും, ചെറിയ ജൗവുളിക്കടകളും മെഡിക്കൽ ഷോപ്പുകളും ധാരാളമായി ഉണ്ടായിരിക്കുന്നു. ഇത് യഥർത്ഥമായ പുരോ ഗമനമാണെന്ന് പറഞ്ഞുകൂടാ. .നെല്ലു നിറഞ്ഞുകിടന്ന അറകൾ മാറ്റി കുറെ പുറംപൂച്ച് വസ്തുക്കൾ വെയ്ക്കാനുള്ള ഷോ കെയ്സുകളുണ്ടാക്കിയ ഒരു തറവാടിന്റെ സ്ഥിതിയാണിപ്പോൾ എടത്വാ യ്ക്കുള്ളത്. ബാങ്കുകൾ ധാരാളമായി. പക്ഷേ അവ കൈകൊര്യം ചെയ്യുന്ന പണം വ്യാപരത്തി ന്റെയോ വ്യവസായത്തി ന്റെയോ അല്ല പ്രത്യുതാ വിദേശത്തു ജോലി ചെയ്യുന്നവരു ടെതാണ് . ഇത്രയും ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും നില നിന്നിട്ടും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പെരുകുന്നത് ആശാസ്യകരമായ വസ്തു തയല്ല.

എടത്വാ പഞ്ചായത്തിന്റെ പ്രധാന ഉല്പന്നങ്ങളായ നെല്ലിന്റെയും തേങ്ങയുടെ യും ചെറിയ അംശം മാത്രമേ എടത്വാ മാർക്കറ്റുവഴി ഇന്ന് വിറ്റഴിയുന്നുള്ളൂ.വലിയ റൈസ് മില്ലുകൾ നാട്ടിലില്ലാത്തതു കാരണം കൊയ്ത്തുകാലത്തു തന്നെ ഇടനിലക്കാർ മുഖേന കളങ്ങളിൽ നിന്ന് നെല്ല് കാലടിയിലേ ക്കുംമറ്റും കച്ചവടം ചെയ്ത് കേറിപോകു ന്നു. വലിയ ഓയിൽ മില്ലുകൾ എടത്വായിൽ ഇല്ലാത്തതുകൊണ്ട് പഞ്ചായത്തിൽ ഉല് പാദിക്കപ്പെടുന്ന തേങ്ങ കൊപ്രായായി ആലപ്പുഴയിലേക്കുംഎറാണകുളത്തേ യ്ക്കുംകയറി പോകുന്നു.എടത്വാ മാർക്ക റ്റിൽ വിൽക്കപ്പെടുന്ന ഭൂരിഭാഗം സാധന ങ്ങളും പുറത്തുനിന്ന് കൊണ്ടുവരപ്പെട്ടതാണ് . ഇത് ഈ നാടിന്റെ ഉല്പാദന, വിൽപന, തകരാറുകളെയാണ് കാണിക്കുന്നത്. പഞ്ചായ ത്തിന്റെ വികസന പദ്ധതികളിടുമ്പോൾ ഈ വസ്തുത വിലയിരുത്തേ ണ്ടതാണ് .


പള്ളികാര്യത്തിൽ നിന്ന് പഞ്ചായത്ത് പച്ചക്കറി ചന്ത വിലക്കു വാങ്ങിയെങ്കിലും കാര്യമായ വികസന പ്രക്രിയകൾ നടന്നിട്ടില്ല.

ചന്തക്കുൾവശം കോൺക്രീറ്റ് ചെയ്ത് ഓടകൾ നിർമ്മിക്കുകയും പരിസരം വൃത്തി യായി സൂക്ഷിക്കുവാൻ കർശനമായ ഏർപ്പാ ടുകൾ ചെയ്യേണ്ടതുമാണ്.കോമ്പൗണ്ട് മതിൽ കെട്ടി ശരിയായ റ്റോൾ സംവിധാനം ഏർപ്പെ ടുത്തിയാൽ പഞ്ചായത്തിന് കാര്യമായ ആദായം കിട്ടും. പച്ചക്കറികച്ചവടത്തിന് സ്ഥിരമായ നല്ല സ്റ്റാളുകൾ ഉണ്ടാക്കിയാൽ വാടകയിനത്തിലും ആദയമാകും. പഞ്ചായ ത്തിൽ ആധുനിക രീതിയിൽ ഉള്ള ഒരു സ്ലോട്ടർ ഹൗസ് നിർമ്മിച്ച് മാംസ വ്യാപാ രം ശരിയായ രീതിയിൽ നടത്താനുള്ള നടപടി കൾ അടിയന്തിരമായി കൈകൊള്ളേണ്ടതാണ്

ചെറിയ തോതിലുള്ള ചന്തകൾ എടത്വാ മാർക്കറ്റിൽ നിന്ന് വിദൂരമായ വാർഡുകളിൽ സ്ഥാപിക്കാവുന്നതാണ് . അഞ്ചാം വാർഡിൽ പച്ച പള്ളിഭാഗത്ത് ഒരു മാർക്കറ്റ് ആരംഭിക്കാ നുള്ള നിർദ്ദേശം അവിടുത്തെ ഗ്രാമസഭാ മുന്നോട്ടു വച്ചിട്ടുണ്ട്. ആറാം വാർഡും ഏഴാം വാർഡും കൂടിഏകോപിപ്പിച്ച് രാമങ്കരി എടത്വാ റോഡിനെ സമീപമായി ഒരു മാർക്കറ്റ് തുടങ്ങുവാനുള്ള സാദ്ധ്യത വളരെയുണ്ട് . ആഴ്ച ചന്തകൾ ആരംഭിച്ചാൽ അവ വികസിച്ച് അവശ്യസാധനങ്ങൾ എല്ലാം തന്നെ കൈമാറ്റം ചെയ്യാനുള്ള വേദികളായി മാറുകയുംചെയ്യും. എട്ടാം വാർഡിന്റെ പടിഞ്ഞാറേ അറ്റത്ത് ഒരു അന്തിചന്ത തുടങ്ങുന്നതിന് ഗ്രാമസഭാ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒൻപതാം വാർഡിന്റെ വടക്കു കിഴക്കു ഭാഗത്ത് ഒരു പ്രാദേശിക

മാർക്കറ്റിന് അവിടുത്തെ ഗ്രാമസഭ അഭി പ്രായം പറഞ്ഞിരിക്കുന്നു. ഈ പ്രദേശിക മാർക്കറ്റുകൾ പഞ്ചായത്തിന്റെ പൊതുവായ വികസനത്തിന് ആവശ്യമാണെന്നു കരുതി അവസ്ഥാപിക്കുവാനുള്ള നടപടികൾ സ്വീക രിക്കേണ്ടതാണ്.

എല്ലാത്തിലും ഉപരീ പഞ്ചായത്തിന്റെ സിരാകേന്ദ്രമായ എടത്വാ ഒരു നഗരമായി വളരേണ്ടതുണ്ട്. ആയതിലേക്ക് അത്യാവശ്യ മായി വേണ്ടത് വിദഗ്ദമായ ഒരു ടൗൺ പ്ലാനിംഗ് ആണ്.ലാറിബേക്കറെ പോലുള്ള വിദഗ്ദരുടെ മേൽ നോട്ടത്തിൽ ശരിയായ ഒരു പ്ലാനിംഗ്ങ്ങോടുകൂടി വേണം എടത്വാ ടൗണിന്റെ വികസനം നടക്കുവാൻ. അവിടെ യും ഇവിടെയും ചിതറി കിടക്കുന്ന ഗവ: സ്ഥാപനങ്ങൾ ഒരു കെട്ടിടത്തിൽ വരുവാനു ള്ള സംവിധാനം ഉണ്ടാകണം. സൂപ്പർ മാർക്കറ്റ് പോലെയുള്ള കച്ചവടസംവിധാനങ്ങളും മറ്റും നിലവിൽ വരേണ്ടതായിട്ടുണ്ട്. അങ്ങനെ യൊരു പുരോഗതി മുന്നിൽ കണ്ടു കൊണ്ട് വേണം നമ്മുടെ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ.



ജലഗതാഗതം

നദികളും, തോടുകളും, നെൽപാടങ്ങളും നിറഞ്ഞ കുട്ടനാട് എന്നും യാത്രാക്ലേശങ്ങൾ നിറഞ്ഞ പ്രദേശമാണ്. പലവിധത്തിലുള്ള വള്ളങ്ങൾ ആയിരുന്നു പണ്ടു മുതൽക്കെ യാത്രകൾക്ക് ഉപയോഗിച്ചു കൊണ്ടിരുന്നത്. ഭൂരിഭാഗം ആൾക്കാരും ചെറുവള്ളങ്ങളിലാണ് യാത്ര ചെയ്തു കൊണ്ടിരുന്നത്. തണ്ടുകൾ ഘടിപ്പിച്ച് വളവരെയോടുകൂടിയ വള്ളങ്ങൾ സമൂഹത്തിലെ സമ്പന്നർ ഉപയോഗിച്ചിരുന്നു. സംഘം ചേർന്ന് യാത്ര ചെയ്യുന്നതിനും യുദ്ധങ്ങൾ നടത്തുന്നതിനും ഉത്സവ പ്രകടനങ്ങൾക്കും ചുണ്ടൻ , ഇരുട്ടുകുത്തി , ഓടി മുതലായ വള്ളങ്ങളായിരുന്നു ആശ്രയം . വലിയ വള്ളങ്ങൾ പണ്ടു മുതലേ നെല്ലും തേങ്ങയും കൊണ്ടുപോകുന്നതിനും കട്ട, മണ്ണ്, മുതലായവ വഹിക്കുന്നതിനും ഉപയോഗിച്ചിരുന്നു. വലിയ കേവു വള്ളങ്ങളിൽ കൊല്ലത്തു നിന്ന് യാത്ര ചെയ്തു വന്ന് എടത്വാ പള്ളിതിരുനാളിൽ ആളുകൾ സംബന്ധിച്ചിരുന്നത് ഇന്നത്തെ മുതിർന്ന തലമുറ ഓർക്കുന്നുണ്ടാവും. പള്ളി ഉണ്ടാകുന്നതിനു മുമ്പുള്ള കാലങ്ങളിൽ ചമ്പക്കുളം പള്ളിയിൽ പോകാനും അതിനുമുമ്പ് നിരണം പള്ളിയിൽ പോകുവാനും ഈ ഭാഗത്തു താമസിച്ചിരുന്ന കൈസ്ത്രവർ വലിയ വള്ളങ്ങളാണ് ഉപയോഗിച്ചിരുന്നത്. ആറൻമുള അമ്പലത്തിൽ പോകുവാനും ഹിന്ദുക്കൾ വള്ളം ഉപയോഗിച്ചിരുന്നു.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി നമ്മുടെ നാട്ടിലും യന്ത്രങ്ങൾ പ്രചാരത്തിൽ വന്നു. യന്ത്രം വച്ചോടിക്കുന്ന ബോട്ടുകൾ 1930 കളിൽ എടത്വാ പള്ളി മൈതാനത്തു വച്ച് സി. പി തോമസ് എന്നൊരാൾ നിർമ്മിച്ചതായി പഴമക്കാർ പറയുന്നുണ്ട്. എടത്വാ -ആലപ്പുഴയായിട്ടാണ് ബോട്ടുകൾ ആദ്യം സർവ്വീസുകൾ ആരംഭിച്ചത്.കമ്പിനികൊച്ചുചെറുക്കൻ എന്നെരാളാണ് ആദ്യമായി ബോട്ട് സർവ്വീസ് ആരംഭിച്ചത്. സ്വകാര്യ കമ്പനികളായ പുഞ്ചിരി, സ്വാൻ, സ്വരാജ് മുതലായവ ഈ രംഗത്തെ പ്രധാനികൾ ആയിരുന്നു. കമ്പനി വള്ളങ്ങളിൽ ഒരു രാത്രി മുഴുവൻ യാത്ര ചെയ്ത് ആലപ്പുഴയെത്തിയിരുന്ന യാത്രക്കാർക്ക് ബോട്ട് സർവ്വീസുകൾ വന്നതോടെ യാത്ര വേഗതയിലും സുഖപ്രദമായും നടത്തുവാൻ കഴിഞ്ഞു. ആദ്യ ബോട്ടുകൾക്ക് ഇപ്പോഴുള്ളതതു പോലെ

4229

പ്രൊപ്പല്ലറുകൾ ഇല്ലായിരുന്നു. സൈഡിൽ കറങ്ങുന്ന ചക്രങ്ങളായിരുന്നു എന്നും പറയാറുണ്ട്. ആലപ്പുഴ, എറണാകുളം, കൊല്ലം, ചെങ്ങന്നൂർ , ചങ്ങനാശേരി എന്നീ പ്രധാന പട്ടണങ്ങളെ എടത്വായുമായി ബന്ധിപ്പിക്കുന്ന ബോട്ട് സർവ്വീസുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു.

1957 നു ശേഷം ഉൾനാടൻ ജലഗതാഗത സർവ്വീസ് ദേശവൽക്കരിക്കപ്പെട്ടതോടുകൂടി സ്ഥിതിഗതികൾ മോശമാകാൻ തുടങ്ങി. സർക്കാർ കാര്യം മുറപോലെ എന്ന പഴഞ്ചൊല്ല് ഈ രംഗത്ത് അർത്ഥവത്താകാൻ തുടങ്ങി. ബോട്ടുകൾ തുടരെ കേടാവുകയും , അറ്റകുറ്റപണികൾ സമയത്ത് ചെയ്യാതെ സർവ്വീസുകൾ മുടങ്ങുകയും ചെയ്യുന്ന ദുസ്ഥിതി വന്നു. പ്രധാന നഗരങ്ങളുമായി ഉണ്ടായിരുന്ന സർവ്വീസുകൾ നിർത്തലായി. കച്ചവട കേന്ദ്രങ്ങളിലേക്ക് വിൽക്കാനുള്ള സാധനങ്ങൾ കൊണ്ടുപോകാനും വേണ്ട സാധനങ്ങൾ വാങ്ങിക്കൊണ്ടു വരാനും ഏറ്റവും ചെലവു കുറഞ്ഞ ഗതാഗതമാർഗ്ഗം അതോടു കൂടിഅടഞ്ഞു.

കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തി ഉൾനാടൻ ജലഗതാഗതത്തെ വികസിപ്പിച്ചെടുക്കേണ്ടത് ഈ നാടിന്റെ പുരോഗതിക്ക് ആവശ്യമാണ്. പരിസ്ഥിതി പ്രശ്നങ്ങളെ പരിഗണിക്കാതുള്ള റോഡു നിർമ്മാണം കുട്ടനാട്ടിൽ ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാക്കാൻ സാധ്യതയുള്ളതുകൊണ്ട് ജലഗതാഗതത്തെ നമ്മുക്കുപേക്ഷിക്കനാവില്ല. സ്പീഡ് വർദ്ധിപ്പിച്ചും മറ്റുയാത്രാ സൗകര്യങ്ങൾ കൂട്ടിയും യാതൊരു കാരണവശാലും സർവ്വീസുകൾ മുടങ്ങാത്ത സാഹചര്യം സൃഷ്ടിച്ചും ജലഗതാഗതം ആകർഷണമാക്കേണ്ടതാണ്.

ടൂറിസ്റ്റ് സാധ്യത വളരെയുള്ള നമ്മുടെ നാട്ടിൽ നവീനരീതിയിലുള്ള ജലനൗകകൾ ടൂറിസ്റ്റുകളെ ആകർഷിക്കും . ബോട്ട് സർവ്വീസ് സാധ്യതയില്ലാത്ത തോടുകളിൽ കൂടി യെമഹപോലെയുള്ള എൻജിനുകൾ ഘടിപ്പിച്ച ബോട്ടുകൾ സർവ്വീസു നടത്തുവാൻ പഞ്ചായത്തുകൾ ലൈസൻസു നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത് ടൂറിസത്തെ സഹായിക്കും. ആറുകളും, തോടുകളും അന്യായമായി നികത്തുന്നതു മൂലം ഗതാഗത സൗകര്യങ്ങൾ നഷ്ടപ്പെടുന്നുണ്ട്. ചില തോടുകളിൽകൂടി ചെറുവള്ളങ്ങൾക്കു പോലും നീങ്ങാൻ പാടില്ലാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. നികത്ത് പരിപാടി പഞ്ചായത്ത് കർശനമായി നിരോധിക്കേണ്ടതാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് തീരങ്ങൾ കല്ലു കെട്ടി യാൽ ഈ അതിക്രമം തടയാനാകും.

ഇന്നുള്ള ബോട്ട് സർവ്വീസുകൾ എടത്വാ പഞ്ചായത്തിലെ ഒരു നല്ല വിഭാഗം ജനങ്ങൾക്ക് വളരെയേറെ പ്രയോജനം ചെയ്യുന്നുണ്ട്. കൊടുപ്പുന്ന, തായംങ്കരി, ചങ്ങംങ്കരി എന്നീ ഭാഗങ്ങളിലെ ആളുകൾക്ക് എടത്വായിലേക്കു വരുവാനും പുറം ലോകവുമായി ബന്ധപ്പെടാനും ബോട്ട്സർവ്വീസുകൾ മാത്രമാണാശ്രയം. ദിവസേന അയ്യായിരത്തിൽ പരം യാത്രക്കാർ എടത്വാ ബോട്ടുജെട്ടിവഴി കടന്നു പോകുന്നുണ്ട്. പക്ഷേ, അപര്യാപ്തകൾ പലതാണ്. ആവശ്യത്തിന് സ്പെയർ ബോട്ടുകൾ ഇല്ലാത്തതിനാൽ സർവ്വീസുകൾ ചിലപ്പോൾ മുടങ്ങിപ്പോകുന്നു. കുറഞ്ഞത് ഒരോ മണിക്കൂർ ഇടവിട്ടെങ്കെലും സർവ്വീസുകൾ നടത്താനുള്ള ബോട്ടുകളില്ല. ബോട്ട് സർവ്വീസുകളെപ്പറ്റിയുള്ള പട്ടിക ഒന്നിൽ നോക്കിയാൽ സർവ്വീസികളുടെ പോരായ്മ മനസ്സിലാകും. ചെറിയ കേടുകൾ വന്നാൽ പോലും ആലപ്പുഴയ്ക്കു വലിച്ചു കൊണ്ടു പോകേണ്ട ഗതികേടാണിന്നുള്ളത്. ഒരു മിനിറിപ്പയറിംഗ് ഡോക്ക് ഇവിടെ ഉണ്ടാകേണ്ടതുണ്ട്. എറാണാകുളം സർവ്വീസ് നടത്താൻ ഇപ്പോൾ ബോട്ട് നൽകിയിട്ടില്ല. ബോട്ടുജെട്ടിയിൽ സ്ഥലസൗകര്യങ്ങൾ തീരെ കുറവാണ് ഒരു Waiting Shed പോലുമില്ലെന്നുള്ളതാണ് വസ്തുത . സ്റ്റേഷൻ ഓഫീസിൽ

നിന്നും തിരിയാൻ പോലുമിടമില്ല. നല്ല ഭാവനയോടുകൂടി കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തിയാൽ എന്നും സുഖപ്രദമായ ഒരു ഗതാഗത മാർഗമായിരിക്കും ഇത്.

സാധ്യതകൾ

1. സ്പീഡു കൂടിയതും ആധുനിക സജ്ജീകരണങ്ങളോടു കൂടിയതുമായ ബോട്ടുകൾ ഉപയോഗിക്കണം.

2. ലിമിറ്റഡ് സ്റ്റോപ്പ് ബോട്ട് വ്വീസുകൾ ആരംഭിക്കുക.

3. എടത്വാ സ്റ്റേഷനിൽ ആവശ്യത്തിന് സെപ്യർ ബോട്ടുകൾ നൽക്കുക. തകരാറുകൾ ശരിയാക്കുന്നതിന് ഒരു മിനി റിപ്പയറിംഗ് സ്റ്റേഷൻ സ്ഥാപിക്കുക.

4. എടത്വാ എറണാകുളം, എടത്വാ-തെക്കൻ പായിപ്പാട് എന്നീ റൂട്ടുകൾ പുന:സ്ഥാപിക്കുക.

5. ചമ്പക്കുളം - എടത്വാ റൂട്ടിൽ കൂടുതൽ സർവ്വീസുകൾ നടത്തുക.

6. എടത്വായുമായി യാതൊരു വാഹന ബന്ധവുമില്ലാത്ത കൊടുപ്പുന്നയ്ക്ക് ഏതാനും ബോട്ട് സർവ്വീസുകൾ ആരംഭിക്കുക.

7. എടത്വാ സ്റ്റേഷനിലെ പാർസൽ ഓഫീസ് പുനരാരംഭിക്കുക.

8. ബോട്ട് സർവ്വീസുകളില്ലാത്ത തോടുകളിൽകൂടി ചെറിയ ഡൊമസ്റ്റിക് സർവ്വീസുകൾ ആരംഭിക്കുക.

9. ആറുകളും തോടുകളും നികത്തുന്നത് കർശനമായി തടയുക.

റോഡു ഗതാഗതം

എടത്വാ പള്ളിപ്പാലത്തിൽ നിന്നാരംഭിച്ച് കിഴക്കോട്ടു ചെന്ന് കപ്പേളപള്ളിയിൽ അവസാനിക്കുന്ന ഒരു തടിച്ച വരമ്പായിരുന്നു എടത്വായിലെ ആദ്യത്തെ റോഡെന്നു പറയാം. 1927-ൽ നടന്ന സെൻറ് അലോഷ്യസ് സ്ക്കൂളിൻെറ രജതജൂബിലി ആഘോഷം എടത്വായുടെ വികസനത്തിൻെറ നാഴികക്കല്ലായിരുന്നു. ദിവാൻ M.E വാട്ട്സ് ആയിരുന്നു സന്മേളനാദ്ധ്യക്ഷൻ. അന്ന് സ്ക്കൂളിൻെറ സീനിയർ അസിസ്റ്റായിരുന്ന സമാദരണീയൻ കെ. സി. ജോസഫ് സാർ തൻെറ സ്വാഗത പ്രസംഗത്തിൽ എടത്വായ്ക്ക് ആവശ്യമായിരുന്ന രണ്ടു കാര്യങ്ങൾ ദിവാൻെറ മുമ്പാകെ അവതരിപ്പിച്ചു. ഒരു ഗവൺമെൻറ് ആശുപത്രിയും തിരുവല്ലയിൽ നിന്ന് എടത്വായക്ക് ഒരു റോഡുമായിരുന്നു ആവശ്യങ്ങൾ. യോഗത്തിൽ വച്ചു തന്നെ ദിവാൻ സ്ഥലവാസികളോട് ചീഫ് എൻജീനീയറെ കാണുവാൻ നിർദേശിച്ചു . ആശുപത്രിക്കു വേണ്ടിയുള്ള പരക്കം പാച്ചിലിൽ തൽക്കാലം റോഡുകാര്യം മറന്നു എങ്കിലും 1938 കാലയളവിൽ കോട്ടയം എക്സിക്യൂട്ടീവ് എൻജീനീയറായിരുന്ന ശ്രീമാൻ ഐ. സി. ചാക്കോ ഇല്ലംപള്ളിൽ റോഡിനു ലൈൻ പിടിച്ച് പ്രാരംഭ നടപടികൾ ആരംഭിച്ചു. തോടുകൾക്ക് കുറുകെ തടിപാലങ്ങൾ നിർമ്മിക്കുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ കാര്യമായശ്രദ്ധ ഉണ്ടായിരുന്നതിനാൽ 1944 ൽ ചീഫ് എൻജീനീയറായിരിക്കുമ്പോൾ റോഡ് വാഹനഗതാഗതത്തിന് പര്യാപ്തമായി പണിതു. അദ്ദേഹം തിരുവല്ലായിൽ നിന്ന് യാത്ര ചെയ്ത് നീരേറ്റുപുറം ചങ്ങാടവും കടന്ന് എടത്വായിൽ എത്തിയത് അവിസ് മരണീയമായ ഒരു സംഭവമാണ്. 1945 അവസാനത്തോടുകൂടി ഇല്ലംപള്ളിൽ ജോൺ ചെറിയാൻെറ വിജയാ മോട്ടോഴ്സ് എടത്വാ- തിരുവല്ലാ റൂട്ടിൽ സർവ്വീസ് നടത്തുവാൻ തുടങ്ങി. അറുപതുകളുടെ ആദ്യം നീരേറ്റുപുറം പാലം

പൂർത്തീകരിക്കപ്പെട്ടതോടുകൂടി എടത്വായ്ക്ക് പുറം ലോകവുമായി ഒരു റോഡുബന്ധം ഉണ്ടായി എന്നു പറയാം.

എടത്വായ്ക്ക് പ്രിയങ്കരനായിരുന്ന വർഗീസ് അഗസ്റ്റിന്റെയും മറ്റും ശ്രമഫല മായി തകഴി റോഡും രൂപാന്തരപ്പെട്ടു.1957 ഓടു കൂടി റോഡിലെ വലിയ പാലങ്ങൾ ഏതാണ്ട് പൂർത്തീകരിച്ചു. പക്ഷേപാലങ്ങളു ടെ അപ്രോ ച്ചു റോഡുകൾ തകർന്നതോടെ വാഹനങ്ങൾ ഓടിക്കുവാനുള്ള സ്വപ്നം പൊലിഞ്ഞുപോയി.ഏതാണ്ട് 13 വർഷങ്ങൾ ക്കുശേഷം പച്ചയിൽ 1970 ൽബഹുമാനപ്പെട്ട പനയ്ക്കപ്പറമ്പിലച്ചന്റെ ആഹ്വാനം- അനുസരിച്ച് തകഴി- എടത്വാ ബസ് സമ്പാ ദകസമിതി രൂപം കൊണ്ടു. ആദരണീയനായി രുന്ന ഇ.ജോൺ ജേക്കബ് M L A യുടെയും കുട്ടനാട് M L A ഉമ്മൻ തലവടിയുടെയും നേതൃത്വത്തിൽ ഒരു നിവേദന സംഘം ബഹു. ഗവർണ്ണർ കെ. വിശ്വനാഥനെ കണ്ട് നിവേദനം സമർപ്പിക്കു കയും റോഡു ശരിയാക്കാനുള്ള ഉത്തരവു നേടുകയും ചെയ്തു. പാലങ്ങൾ പണികൾ പൂർത്തിയാ ക്കിയും മറ്റു അറ്റകുറ്റപണികൾ സമ്പാദക സമിതിയുടെ നേതൃത്വത്തിൽ നടത്തിയും 1972 നോടുകൂടികെ.സ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിച്ചു. 1973 ൽ എടത്വാ വലിയ പാലം മന്ത്രി ടി.കെ. ദിവാകരൻ ഉദ്ഘാടനം ചെയ്തതോടെ തിരുവല്ലായിൽ നിന്നും തകഴി വരെ ബസ് സർവ്വീസുമായി.

പക്ഷേ 1973 ന് ശേഷം എടത്വായുടെ റോഡ് ഗതാഗതത്തിന് കാര്യമായ പുരോ ഗതി ഒന്നും ഉണ്ടായിട്ടില്ല. കൂടുതൽ റോഡു കൾക്കുവേണ്ടിയുള്ള മുറവിളി ഉയരുകയും ആയതിലേക്ക് പ്രവർത്തനങ്ങൾ നീങ്ങുകയും ചെയ്തു.കുട്ടനാട് M L A ആയ ഡോ: കെ. സി. ജോസഫിന്റെ ആശ്രാന്ത പരിശ്രമഫലമായി പല പുതിയ റോഡുകളും പണിതു വരുന്നു. എടത്വാ -ചക്കുളം റോഡ്, എടത്വാ വീയ പുരം റോഡ്,എടത്വാ - മാമ്പുഴക്കേരി റോഡ്, എടത്വാ-രാമങ്കരി റോഡ്, എടത്വാ-ചമ്പക്കുളം- റോഡ്, എടത്വാ നിരണം കോഴി മുക്ക്-ചമ്പക്കുളം റോഡ്, എന്നിവയുടെ നിർമ്മാണം P.W.D ഏറ്റെടുത്തു കഴിഞ്ഞു. ഇതിൽ ആദ്യത്തെ രണ്ടു റോഡുകൾ പൂർത്തീ കരണത്തിലേക്ക് എത്തുകയാണ്. എടത്വാ പഞ്ചായത്തിൽ ഇതുവരെയും പുറം ലോകു മായി ബന്ധപ്പെടാതെ കിടക്കുന്ന കൊടു പ്പുന്ന, തായങ്കരി , ചങ്ങംങ്കരി എന്നീ പ്രദേശ ങ്ങളെ ബന്ധിപ്പക്കുന്ന കോഴിമുക്ക് -ചമ്പക്കുളം റോഡ് അടിയന്തിരമായി പണി തീർക്കാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തേണ്ടി യിരിക്കുന്നു.

ബസ്സ് സർവ്വീസുകളും ബസ്സ് സ്റ്റേഷനും

എടത്വായ്ക്കുള്ള ബസ്സ് സർവ്വീസുകൾ ഏതാണ്ട് മുഴുവൻ തന്നെ തിരുവല്ല കെ. എസ്. ആർ.റ്റി. സി. സ്റ്റേഷനിൽ നിന്നാണ് ഓപ്പറേറ്റു ചെയ്യുന്നത്. കാലാകാലങ്ങളിൽ ഉണ്ടാകാറുള്ള അപാകത മൂലം യാത്രക്കാർ , വിദ്യാർത്ഥികൾ, തീർത്ഥാടകർ എന്നിവർ ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വളരെയേറെ യാണ്. തിരക്കുള്ള സമയങ്ങളിൽ മണിക്കൂ റുകളോളം റോഡരുകിൽ ജനക്കൂട്ടം തന്നെ കാത്തു നിൽക്കുന്ന അവസ്ഥ ദൃശ്യമാണ്. വർഷങ്ങളായി നിലനിൽക്കുന്ന ഈ ദുര വസ്ഥയ്ക്കു പരിഹാരം കാണാൻ ഒരു ബസ്സ് സ്റ്റേഷൻ നിർമ്മിക്കണമെന്ന് മുറവിളി ഉയ ർന്നു. ആയതിലേക്ക് ട്രാൻസ്പോർട്ട് കോർപ്പ റേഷന് സ്ഥലം നൽകിയിട്ട് പത്തു വർഷത്തോ ളമായിഎങ്കിലും പ്രായോഗിക നടപടികൾ ഒന്നും തന്നെ നടന്നിരുന്നില്ല. ഇപ്പോൾ M L A ഡോ: കെ. സി. ജോസഫ് മുൻ കൈയെ ടുത്ത് അനുവദിച്ചിരിക്കുന്ന സബ് ഡിപ്പോ ഉടൻ തന്നെ പ്രാവർത്തികമാക്കണം .

നിലവിലുള്ള ബസ്സ് സർവ്വീസുകൾ മുടക്കം വരുത്താതെ ഓപ്പറേറ്റു ചെയ്യു

വാനും വിദൂരസ്ഥലങ്ങളിലേക്ക് ഫാസ്റ്റ് പാസഞ്ചർ കൂടുതലായി സർവ്വീസു നടത്തുവാനും കെ. എസ്. ആർ.റ്റി. സി. അധികാരികളിൽ സമ്മർദ്ധം ചെലുത്തണം.

ലിങ്ക് റെയിൽവേ

തകഴി - തിരുവല്ലാ ലിങ്ക് റെയിൽവേ ലൈൻ നിർമ്മിന്നതിനുവേണ്ട സർവ്വേകൾ നടന്നു കഴിഞ്ഞു. ഗ്രാമസഭാ ചർച്ചളിൽ റെയിൽവേ വരുന്നതു കൊണ്ടുള്ള ഗുണങ്ങളേക്കാളേറെ ദോഷങ്ങ ളായിരുന്നു പരാമൾശിക്കപ്പെട്ടത്. പാട ങ്ങളും, തോടുകളും , നദികളും നിറഞ്ഞ കുട്ടനാടിനു കുറുകെ ഉയർന്ന കോട്ട പോലെ നിൽക്കുന്ന ഒരു റെയിൽവേ ലൈൻ ഉണ്ടാ ക്കാവുന്ന പരിസ്ഥിതിപ്രശ്നങ്ങളും വെള്ള പ്പൊക്കത്തെയുംഎല്ലാവരും ഭയപ്പെടുന്നതു പോലെ തോന്നി .വിശദമായ പഠനത്തിനും ചർച്ചയ്ക്കും ശേഷമേ ഈ പദ്ധതി നടപ്പാക്കാവൂ എന്നാണ് പൊതു അഭിപ്രായം.

ഗ്രാമീണ റോഡുകൾ

പ്രധാന റോഡുകളുടെ പ്രയോജനം പഞ്ചായത്തിനു പരിപൂർണ്ണമായി ലഭിണമെങ്കിൽ വിവിധ വാർഡുകളിലെ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളെ പ്രധാന റോഡുകളുമായി ബന്ധിക്കുവാനുള്ള പഞ്ചായത്ത് റോഡുകളും വഴികളുമുണ്ടാകണം. ഗ്രാമസഭയിലെ ഏറ്റവും സജീവമായ ചർച്ച ഈ വിഷയത്തിലായിരുന്നു. പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ നീണ്ട പട്ടിക തന്നെ ഉണ്ടായിട്ടുണ്ട് . ഗതാഗത സൗകര്യമില്ലായ്മ പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നു. അവരുടെ വികാരം മനസ്സിലാക്കി പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഗതാഗതത്തിന്റെ ഒരു മാസ്റ്റർ പ്ലാൻ തന്നെ തയ്യാറാക്കണം. ആവശ്യം പരിഗണിക്കു മ്പോൾ പഞ്ചായത്തിന് ഇപ്പോൾ കിട്ടുന്ന തുക അപര്യാപ്തമാണ്. പാടങ്ങളുടെ തുരുത്തുകളിൽ താമസിക്കുന്നവർക്ക് മെയിൻ വഴിയുമായ് ബന്ധപ്പെടാനുള്ള വഴികൾ ഉണ്ടാകണം.

റോഡുകൾ നിർമ്മിക്കുന്നത് മാത്രമാണ് വികസനം എന്ന തെറ്റിദ്ധാരണ നമ്മുടെ ഇടയിൽ വ്യാപിച്ചിട്ടുണ്ട് പദ്ധതി വിഹിതം മുഴുവൻ റോഡുകൾക്കു വേണ്ടി ചെല വാക്കിയാൽ മറ്റു വികസന രംഗങ്ങളിൽ നാം പിന്നോക്കം തള്ളപ്പെടും . പഞ്ചായത്തു റോഡുകൾ ജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കേണ്ടത്. അതിനു പണവും ശ്രമദാനവും സ്വരൂപിക്കുവാൻ നാം തയ്യാറാകണം. റോഡുകൾ നിർമ്മിക്കുമ്പോൾ പരിസ്ഥിതിയെ ഒട്ടും ദോഷകരമായി ബാധിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. നദികളും തോടുകളും കൈതോടുകളും യാതൊരു കാരണവശാലും ഭാഗീകമായി പോലും അടയരുത്. പലലിങ്കുകളും തോടുകളുടെ വീതി കുറയ്ക്കുയും നീരൊഴുക്കു തടയുകയും അതു വഴി ജലമലീനീകരണം ഉണ്ടാവുകയും ചെയ്യുന്നു. റോഡുകൾ മൂലം നീർക്കെട്ടുണ്ടായതയി 1-ാം വാർഡിലേയും 7-ാം വാർഡിലേയും ഗ്രാമസഭകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. സൈക്കിളിൽ പോലും യാത്ര ചെയ്യാൻ പ്രയാസമുള്ള വാർഡുക ളാണ് 5 ഉം 8 ഉം പ്രസ്തുത വാർഡുകളെ പ്രത്യേക മായി പരിഗണിക്കുന്നത് നന്നായിരിക്കും. ഗ്രാമീണ റോഡുകളുടെ പണികൾ ഗ്രാമസഭാ കമ്മറ്റികൾ തന്നെ ഏറ്റെടുത്തു നടത്തുകയാണ് വേണ്ടത്. ആയതിന് തവണകളായി പണം അഡ്വാൻസ് നൽകുവാനുള്ള ക്രമീകരണങ്ങൾ ഉണ്ടാവണം. കോൺട്രാകടർമാരെ നോമിനികളാക്കി ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാൻ ശ്രമിച്ചാൽ എല്ലാം പഴയതു പോലെ മോശമാകും. വാർഡിനു പൊതുവിൽ ഭീമമായ നഷ്ടങ്ങൾ ഉണ്ടാകും . പണിക്ക് ആവശ്യത്തിനുള്ള സാധനങ്ങുടെ വിലയും പണിക്കൂലിയും കാലോചിതമായും പ്രദേശികാടിസ്ഥാനത്തിലും പുതുക്കി നിശ്ച

യിക്കണം. പണിയുന്ന വഴികൾ ഏതു കാലാവസ്ഥയേയും അതിജീവിക്കുന്ന രീതിയിൽ ബലവത്തായി പണിയണം. സാങ്കേതിക വിദഗ്ദർ പണിനടക്കുന്ന സമയത്ത് വേണ്ട ഉപദേശങ്ങളും നിർദേശങ്ങളും നൽകണം.

വിവിധ വാർഡുകളിൽ പുനരുദ്ധരിക്കാനും പുതുതായി പണിയുവാനും ഗ്രാമസഭകൾ നിർദേശിച്ച റോഡുകളുടെ പട്ടിക വാർഡ് അടിസ്ഥാനത്തിൽ ചേർക്കുന്നു. കൂടുതൽ ആളുകൾക്ക് പ്രയോജനം ചെയ്യുന്ന റോഡുകൾക്ക് മുൻഗണന കൊടുക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. നിലവിലിരിക്കുന്ന സമ്പ്രാദായമനുസരിച്ച്അലോട്ടുചെയ്യുന്ന തുകയുടെ ചെറിയ ഒരു ഭാഗമേ പണിക്കായി ഉതകുന്നുള്ളൂ.

2. ഗവൺമെൻറ് റേറ്റുകൾക്ക് കാലോചിതമായി പ്രദേശിക പരിഗണനകൾ നൽകി പുതുക്കി നിശ്ചയിക്കണം. അഴിമതി തടയാൻ വേണ്ട ഒരു നടപടിയാണിത്.

3. സ്ഥലംഉടമയുടെ കൺസെൻറ് കിട്ടാനുള്ള ബുദ്ധിമുട്ട്.

4. ഉൾപ്രദേശങ്ങളിലേക്ക് റോഡു നിർമ്മാണ സാമഗ്രികൾ കൊണ്ടു പോകാനുള്ള ചിലവ് അധികമാണ്.

5. തക്ക സമയത്ത് റിപ്പയർ ചെയ്യാത്തതുകൊണ്ട് നിലവിലിരിക്കുന്ന പല റോഡുകളും നശിച്ചിരിക്കുകയാണ്.

നിർദ്ദേശങ്ങൾ

1. P.W.D ഏറ്റെടുത്ത റോഡുകൾ പൂർത്തിയാക്കാൻ ഗവൺമെൻറിൽ സമ്മർദ്ധം ചെലുത്തുക.

2. വിവിധ റേറ്റുകൾക്ക് കാലോചിതമായി പ്രദേശികമായും പരിഗണിച്ച് പുതുക്കുക.

3. ഗ്രാമസഭകൾക്ക് പണികൾ നടത്തുവാൻ തവണകളായി പണം മുൻകൂർ നൽകുക.

4. ബോധവൽക്കരണത്തിലൂടെ റോഡുകളുടെ നിർമ്മാണത്തിലും സൂക്ഷിപ്പിലും അറ്റകുറ്റപ്പണിയിലും ജനപങ്കളിത്തം നേടുക.

5. കടത്തുവള്ളങ്ങൾ , നടപ്പാലങ്ങൾ മുതലായവ അത്യാവശമുള്ളിടത്ത് അവ ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുക.

6. ഒറ്റപ്പെട്ട് തുരുത്തുകളിൽ കഴിയുന്നവർക്ക് ഏതു കാലാവസ്ഥയിലും മെയിൻ വഴികളുമായ് ബന്ധപ്പെടാനുള്ള വഴികൾ നിർമ്മിക്കുക.

7. സാങ്കേതിക ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥരുടെ സേവനം പണികൾ നടക്കുന്ന സാഹചര്യങ്ങളിൽ നേരിട്ട് ലഭ്യമാക്കുക.

WARD I

ഒന്നാം വാർഡിൽ അടിയന്തിരമായി അറ്റ കുറ്റ പണികൾ നടത്തേണ്ടതും പുതുതായി നിർമ്മിക്കേണ്ടതുമായ റോഡുകൾ

റോഡിൻെറ പേര്

1. രാജധാനി റോഡ്

2. 34-ൽ പടി റോഡ്

3. S.H.ചാപ്പൽ മുതൽ കണ്ടത്തിപ്പടി നെടുവമ്മാലി

4. S.H.ചാപ്പൽ പടി മുതൽ മാർത്തോമാ പള്ളി പാലം വരെ(ടാർചെയ്യണം)

5. പാലക്കളത്തിൽ കലിങ്കു മുതൽ എഴുനൂറ്റിപ്പടി-പുത്തൻപുരപ്പടി വരെ

തോട്ടത്തിൽ പടി മുതൽ കോടമ്പനാടി കലിങ്കു വരെ

7. വെട്ടുതോടു പാലം മുതൽ ജെട്ടി വരെ

8. ലക്ഷ്മി മുക്കു മുതൽ 34-ൽ കലിങ്കുവരെ

9. വാതപ്പള്ളിപടി മുതൽ വാണിയപ്പുരയ്ക്കൽപ്പടിവരെ

10. മൂലയിൽപ്പടി മുതൽ കുന്നേൽ കലിങ്കുവരെ

11. പാറേൽചിറ റോഡ് ആറ്റിറമ്പുവഴി.

12. 34-ൽ പാലം മുതൽ മെതിക്കളത്തിൽ പടി വഴി കറുകയിൽ പാലം വരെ

13. തോട്ടത്തിൽ കലിങ്കു മുതൽ ആറ്റു തീരം വഴിപറത്തറപടിവരെയും പടവുപുരപ്പടിവരെയും

നിർമ്മിക്കേണ്ട കലുങ്കുകൾ

1. കുന്നേൽ തോടിനു കുറുകയുള്ള കലുങ്ക്

2. ഇടക്കാട് വീടിനു സമീപമുള്ള കലുങ്ക്

3. ഉള്ള രണ്ടു കലുങ്കുകളുടെയും അപ്രോച്ചു റോഡു കൾ ഉയർത്തേണ്ടതുണ്ട്.

നിലനിൽക്കുന്ന പല റോഡുകളും മെറ്റിലിട്ട് ടാർ ചെയ്ത് മെച്ചപ്പെടുത്തേണ്ടതുണ്ട്.

പുതുതായി നിർമ്മിക്കാനുള്ളത്

1. നെടുവമ്മാലി കലുങ്കു മുതൽ മന്ദിരം പടി വഴിയും പാലക്കളം തോടുവരെയും

2.പൂവ്വക്കാട് ദ്വീപു് റോഡ്

3. പാണ്ഡ്യംപറമ്പ് ദ്വീപ് റോഡ്

4 പഴമാലിപ്പടി മുതൽ 12ൽ ചിറ ദിവാകരന്റെ വീടുവരെ

5. ബാലൻ പിള്ളയുടെ പടി മുതൽ34ൽ പടി വരെ

ഓട നിർമ്മിക്കേണ്ടത്

1. ആറ്റിറമ്പിൽ നിന്ന് കരിമ്പറമ്പിൽ K.C. Eapenന്റെ വീടിന് പടിഞ്ഞാറുവശത്തെ കിഴക്കേത്തലയ്ൽ വീടുവരെ.

2. S.H ചാപ്പൽ മുതൽ ആറ് വരെ

WARD II

അടിയന്തിരമായിറിപ്പയർ ചെയ്യേണ്ട വഴികൾ

(വീതി കൂട്ടി ടാർ ചെയ്യേണ്ട റോഡുകൾ)

1. 34ൽ പാലം മുതൽ പത്തിൽ പടി വരെ

2. 34ൽ പാലം മുതൽ യാക്കോബായ പള്ളി വരെ

3. കൈതവനപ്പടി മുതൽ കാട്ടാംപള്ളി പടി വഴി L.P.School വരെ

4. പുതുപ്പുരക്കൽ പടിമുതൽ കിഴക്കോട്ട് കാടമ്പുറം വഴി പുഞ്ചായിപ്പടി വരെ.

5. പുതുപ്പുരക്കൽ പടിമുതൽ തെക്കോട്ട് പനക്കൽ വഴി പുഞ്ചായിപ്പടിവരെ.

6. കൊച്ചു പുരക്കൽപ്പടി മുതൽ തെക്കോട്ട് ഏഴരച്ചിറ വരെ.

7. ചന്ദനപറമ്പ് മുതൽ കമലാലയം വരെ

പാടങ്ങളുടെ നടുവിൽ ദ്വീപുകളായിക്കിടക്കുന്ന സ്ഥലങ്ങളിൽ പാർക്കുന്നവർക്ക് മെയിൻറോഡുമായി ഏതുകാലാവസ്ഥയിലും ബന്ധപ്പെടാനുള്ള വഴികൾ അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

WARD III

മൂന്നാം വാർഡിൽ പുതുക്കിപ്പണിയാനും പുതുതായി നിർമ്മിക്കാനുമുള്ള റോഡുകളുടേയും വഴികളുടേയും പട്ടിക.

റോഡിന്റെ പേര് നീളം

1. മരിയാപുരം - വേഴക്കാട്ടുപടി റോഡ് - 1.5 കി.മീ
2. കാട്ടാമ്പള്ളി - സെന്റ് ജോസഫ് ചർച്ച് - 300 മീ
3. വേണാട്ടുപടികമ്പിനിപീടിക റോഡ് - 2 കി.മീ
4. കമ്പനിപ്പീടികമുതൽ കലിങ്കു വരെ -
5. പുന്നപ്രചാക്കോച്ചിയുടെ പടിമുതൽ 13ൽ ചിറ വരെ - 1 കി.മീ
6. കമ്പിനിപ്പീടിക മുതൽ കളപ്പുരക്കൽ പ്പടി വരെ - 1 കി.മീ
7. തോട്ടുകടവുമുതൽ കമ്പനിപ്പീടികവരെ (കലിങ്കുൾപ്പെടെ) - 800 മീ
8. എടത്വാ വീയപുരം റോഡുമുതൽ ലക്ഷം വീടുവഴി വേഴക്കാട് പടിവരെ - 1.5 കി.മീ
9. മുണ്ടുകാട്ടു മുതൽ പോളക്കൽ പടി വരെ - 400 മീ
10. വീയപുരം റോഡുമുതൽ വായനശാലയുടെ വടക്കുവശത്തുകൂടി അമ്പലക്കുളം കിഴക്കേപ്പറമ്പ് ചേരി വരെ. - 500 മീ
11. വേഴക്കാട്പടിമുതൽ മീൻ കുളം വരെ - 500 മീ
12. കമ്പനിപ്പീടികമുതൽ കിഴക്കോട്ട് ഗവ :എൽ.പി.എസ് വഴി തകഴി റോഡുവരെ - 1 കി.മീ
13. പാലപ്പറമ്പ് പള്ളിപ്പറമ്പുവഴി കോഴി മുക്ക് പള്ളി റോഡുവരെ. - 300 മീ.
14. ആറുപറപടി മുതൽ ആശാരി കോളനിവരേയും - എടത്വാ തകഴിറോഡു വരെയും - 300 മീ
15. ഇരുപതിൽ ചിറമുതൽ പീടികപ്പറമ്പ് പടിക്കടന്ന് തകഴിറോഡുവരെ (കലിങ്കുൾപ്പെടെ) - 450 മീ
16. ശ്രീകണ്ഠ പറമ്പു മുതൽ തെക്കോട്ട് തോടു വക്കുവരെ - 150 മീ
17. തെക്കേപ്പറമ്പ് ശങ്കരനാചാരിപടിതൊട്ട് തോട്ടു വക്കുവരെ 250 മീ
18. തുണ്ടിയിൽനിന്നും പള്ളിറോഡുവരെ - 250 മീ
19. മുണ്ടുകാട് മോട്ടോർതറ മുതൽ അറുവൻ പറമ്പുവരെ - 500 മീ
20. പുന്നപ്ര അന്തോനിയുടെ പടിമുതൽ നാലിൽ പടിവരെ - 200 മീ
21. ഏഴരയിൽ നിന്നും കിഴക്കേതോട്ടരികുവരെ - 250 മീ
22. വീയപുരം റോഡിൽ കാട്ടാമ്പള്ളി പടിമുതൽ St.Joseph പള്ളിവഴി ചേലിപുരംവരെ - 1.25 കി.മീ
23. ആശാൻപറമ്പുമുതൽ അർജ്ജുതന്റെ പടിവരെ - 50 മീ
24. വീയപ്പുരം റോഡിൽ ഞാറല്ലൂർ വഴി കുറ്റിക്കാടു വരെ. - 50 മീ
25. വാലയിൽപടി മുതൽ കറുകയിൽ പട്ടികജാതി പട്ടികവർഗ കോളനിവഴി കളത്തൂർപ്പടി വരെ - 300 മീ

WARD IV

നാലാം വാർഡിൽ റിപ്പയർ ചെയ്യേണ്ടതും പുതുതായി പണിയേണ്ടതുമായ റോഡുകളും വഴി കളും

റോഡിന്റെ പേര്

1. കോഴിമുക്ക് കലിങ്കു മുതൽ പനയ്ക്കൽ പടി വരെ

2.പാലക്കളത്തിൽ പാലം മുതൽ വരമ്പത്ത് ജെട്ടിവരെ.

3. ഒറ്റാറയ്ക്കൽ P.W.D കലിങ്കു മുതൽ ചേന്ദങ്കരകളത്തൂർ പടി വരെ

4. പഴയമഠം പാലം മുതൽ കിഴക്കോട്ട് കളത്തൂർ പടിവരെ

5. പഴയമഠം പാലം വടക്കേക്കര മുതൽ കിഴക്കോട്ട് വെളുത്തേടത്തു പടി വഴി , ആറ്റു തീരം വഴി കണിയാൻ കടവ് മോട്ടോർ തറവരെ

6. തൊള്ളായിരത്തിൽ തൊമ്മിക്കുഞ്ഞി ന്റെ വടക്കുവശം മുതൽ പഴേമഠം പാലം വരെ

7. വെളുത്തേടത്തു പടിയിൽ നിന്ന് പടിഞ്ഞാറോട്ട് വെള്ളാപ്പള്ളിപ്പടി വഴി മണ മേണമ്മേൽ പാലം വരെ

WARD V

എടത്വാ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി അവശ്യം ആവശ്യമായ വർക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

I പുതിയതായി നിർമ്മിക്കേണ്ടവ

(1) വീതിക്കൂട്ടി ടാർ ചെയ്യേണ്ടവ:
(റോഡുകളായി) 4മീ

1. പച്ച പള്ളിപ്പാലം (വള്ളപ്പുര)- ചങ്ങം ങ്കരി കടത്തു കടവു വരെയുള്ള വഴി- 2000 മീ

2. പച്ച പള്ളി-മണമേൽചിറ -ആശാരു പറമ്പ് -കണ്ടത്തിപറമ്പ് (മുട്ടേൽ) വഴി 1500 മീ

3. കൈതമുക്ക്-മാടക്കശേരി -കൊച്ചുപഴയ മഠം-പൂത്തൂർ വഴി 2250 മീ

4. മണ്ണാന്തുരുത്തിൽ -കൊച്ചു പഴേമഠം വഴി- 750 മീ

5. മണമേൽചിറ- മാടക്കശ്ശേരി -കളത്തി പ്പറമ്പ് - 1050മീ

II. വീതികൂട്ടി ഗ്രാവൽ ചെയ്യേണ്ടവ .

1. ഒറ്റാറയ്ക്കൽ (പാലം) -പുളിക്കപ്പറമ്പ് -വല്യപറമ്പു വഴി - 500 മീ

2. ഒറ്റാറയ്ക്കൽ 10-ൽ പടി- കൊച്ചു പഴേമഠം- 550 മീ

3. മണ്ണാന്തുരുത്തിൽ -പൂത്തൂർ- പൂത്തൂർ ജെട്ടി - 800 മീ

4. വള്ളപ്പുര -ചുടുകാട് 12ൽ ഇരവുകരി ജെട്ടി - 1500 മീ

5. പുത്തൻപറമ്പ് - നെടുമ്പറമ്പ് പാലപ്പറമ്പ് ചക്കാലയ്ക്കൽ - 1000 മീ

6. മണമേൽചിറ -അഞ്ചിൽ പടി വഴി- 700 മീ.

7. കാവിലവീട് (A.T റോഡ്) കാവിലവീട്

-പുത്തൻപുര-പുത്തൻതറ-കണ്ടത്തിപ്പറമ്പ് -900 മീ

8. വാളമ്പറമ്പ് -പുലിപ്പറ- കൂട്ടക്കര വഴി -800മീ

9. കൂട്ടക്കര -കണ്ടെത്തിപ്പറമ്പ് -തുണ്ടുപ റമ്പ് 250മീ

10. കൊച്ചുപറമ്പ് -ചേന്ദുങ്കര-ഏഴിൽപടി -200മീ

III നടപ്പാതകളും , വഴികളും
(1.5 മീറ്റർ ബണ്ടുകൾ)

1. കൈതമുക്ക് (കൂട്ടക്കര) -പുളിക്കപ്പറമ്പ്

250 മീ

2. പുത്തൻപുര മുല്ലശ്ശേരി വഴി - 200 മീ

3. തറമശ്ശേരി പുത്തൻപറമ്പ് -45-ൽ-തായങ്കരി റോഡിലേക്ക് - 700മീ

4. ചങ്ങംങ്കരി കടത്തുകടവ് -എരവുകരി ജെട്ടി 800 മീ

6. വലുതറ 5-ൽ കൂട്ടക്കര വഴി - 250 മീ

7. എഴുപതിൽ-ൽചിറ ആമ്പക്കാട്ട് -വാളം പറമ്പ് - 250 മീ

8.അൻപതിൽ പടി -തുണ്ടുപറമ്പ് -250 മീ

IV തുരുത്തുകളുമായി ബന്ധിപ്പിക്കുന്ന വഴികൾ .1.5 മീറ്റർ ബണ്ട് (വെള്ളത്താൽ ചുറ്റപ്പെട്ട വീടുകളെ പൊതുവഴിയുമായി ബന്ധിപ്പിക്കുന്നത്.)

1. കാട്ടിൽ തറ- കൊച്ചുപറമ്പ് -പുത്തൻപുര ബണ്ട് - 250 മീ

2. കളത്തിൽ -കുന്നേൽ- പത്തിൽപടി-ചുടുകാട് - 400 മീ

3. കളത്തിൽതറ-K.P.M.S ഓഫീസ് - 150 മീ

4. ഇരുപത്തഞ്ചിൽ പടി ചെങ്കരത്തറ - 200മീ

5. പന്ത്രണ്ടിൽ പടി -കൂട്ടക്കര- പാണ്ടിച്ചേരി - 300മീ

6. കളത്തിൽപടി -ചുരപ്പറമ്പ് - 150മീ

7. പൂത്തൂർ -നാലുപറ - 200മീ

8. പള്ളിത്തറ- കുഴുവേലിക്കളം - 250 മീ

9. പനയ്ക്കപ്പറമ്പ് -തൈപ്പറമ്പ് -വടക്കേറ്റം - 450 മീ

10. പന്ത്രണ്ടിൽ -കറുകകളത്തിൽ - 350 മീ

11. പാലപ്പറമ്പ് -മുട്ടിത്തറ-കൈതത്തറ-കാട്ടുപറമ്പ് - 500 മീ

12. മെതിക്കളം- പുത്തൻതറ -നീലികാട് - 400 മീ

13. കരുവടി -പരുത്തിപ്പറമ്പ് -ഏലിത്തറ - 500 മീ

14.മണ്ണാരുപറമ്പ് -എരവേലിത്തറ-നെടുമ്പറമ്പ് - 400 മീ

മേൽ വിവരിച്ചവയിൽ യാതൊരു മാറ്റവും വരുത്താതെ 9-ാം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന അഭ്യർത്ഥിക്കുന്നു.

പണിയേണ്ട കലിങ്ക് പാലം മുതലായവ

1. പച്ചേ പള്ളിക്കു സമീപം മംത്തിൽ തോട്ടിൽ പാലം

2. മണമേൽചിറ പാലം

3. ആശാരുപറമ്പു പാലം

4. പുത്തൂർ പാലം

5. മാടക്കശ്ശേരിൽ -അഞ്ചിൽ പാലം

6. കൊച്ചു പഴേമഠം പാലം

7. കൊച്ചു പഴേമഠം മോട്ടോർതറ കലിങ്ക്

8. മാടക്കശ്ശേരി -പുളിക്കപ്പറമ്പുപാലം

9. പുത്തൻപറമ്പ് പൊതുകടവിനോടു ചേർന്ന കലിങ്ക്

10. വള്ളപ്പുര പാലം കാർട്ടബിൾ ആക്കുക.

മേൽപ്പറഞ്ഞ പാലങ്ങൾ എല്ലാം തന്നെ ബലവത്തായി ലോറി കയറത്തക്ക രീതിയിൽ പണിയേണ്ടതാണ്.

WARD VI

വീതികൂട്ടി ടാർ ചെയ്യാനുള്ള റോഡുകളും പുതുതായ് നിർമ്മിക്കണ്ടിവയും

റോഡുകളുടെ പേര്

1. കൊട്ടാരം പാലത്തിൽ നിന്ന് അമ്പലപ്പടി തുണ്ടിക്കടവു ചുങ്കം പാടം കിഴക്കേ അരികു വഴി രാമങ്കരി റോഡു വരെ (ട്രാക്ടർ റോഡ്)

2. മൂലയിൽ ജംഗ്ഷനിൽ നിന്ന് കേളക്കൊമ്പു വഴി എടത്വായ്ക്ക്

3. ചിറകോളനിയിലേക്കുള്ള റോഡിൽ നിന്ന് കൊച്ചു പറമ്പു കണ്ടത്തിൽ പുരയിടം വഴി കരിയിലക്കളം വഴി വാടകത്തറ വരെ (ട്രാക്ടർ റോഡ്)

4. രാമങ്കരി റോഡിൽ നിന്ന് കറുകമയ്യക്കോണം പാടശേഖരത്തിന്റെ കിഴക്കേ അരികിൽ കൂടി തായംങ്കരി പുത്തൻപുരയ്ക്കൽ പടി വരെ (ട്രാക്ടർ റോഡ്)

പണി തീരേണ്ട P.W.D റോഡുകൾ

1. രാമങ്കരി- തായങ്കരി

2. തായങ്കരി -ചമ്പക്കുളം

3. തായങ്കരി - എടത്വാ

4. തായങ്കരി മുക്കോടിവഴി തകഴി

പാലങ്ങളും കലിങ്കുകളും പണിയേണ്ടത്

1. പടിഞ്ഞാറേ കവലയ്ക്കൽ നിന്ന് കിഴക്കേക്കരയിലേക്ക്

2. കറുകയിൽ പാടവും നാലുനാല്പതു പാടശേരവുമായി ബന്ധിപ്പിക്കുന്ന പാലം

3. മുക്കോടി മൂന്നൂറ്റി എഴുപതുമായി ബന്ധിപ്പിക്കുന്ന പാലം

4. 370-ഉം പാടം - എരവേലിപാടം

5. പോസ്റ്റ് ഓഫീസ് പാലം

6. 23-ൽ കടവിൽ നിന്ന് കിഴക്കേകര യിലേയ്ക്ക്

7. തായങ്കരി ജെട്ടിയിൽ നിന്ന് ചൂളയിലക്ക് കൂടാതെ -തായംങ്കരി - മുക്കോടി -ഐവേലി കാട് -കടത്തുവള്ളം

WARD VII

അറ്റകുറ്റപണികൾ ചെയ്യുവാനും പുതു തായി പണിയാനുമുള്ള റോഡുകളുടെയും വഴികളുടെയും പട്ടിക.

റോഡുകളുടെ പേര്

1. പൂത്ര ജംഗ്ഷൻ മുതൽ പേരിശ്ശേരിൽ പാലം വരെ

2. കന്യേകോണിൽ റൈസ്മില്ലു മുതൽ കിഴക്കോട്ട് പേരിശ്ശേരി പുത്തൻവരമ്പിന കത്തിന്റെ വടക്കേ അതിരു വഴി പോളക്കൽ കടവുവരെയും തെക്കോട്ട്

3. കണ്ണാട്ടു പാലം (പടിഞ്ഞാറോട്ട്) -കുറവം തറ മുട്ട് -(നാലുനാൽപ്പതിലെ മുട്ടു തോടിന് കലുങ്ക് വേണം.

4. കണ്ണാട്ടു പാലം -വടക്കേ പള്ളിത്തറ

5. മൂലയിൽ ജംഗ്ഷൻ മുതൽ ചിറമേൽ കവലവഴി വടക്കോട്ട് പരമാത്രയിൽ നിന്ന് തെക്കോട്ട് വിളക്കുമരം വരെ.

6. പഴുതിപ്പാലം മുതൽ വടക്കേകര വഴി കിഴക്കോട്ട് പറത്തറ വരെ- ടി പാലം മുതൽ പടിഞ്ഞാറോട്ട് കോലങ്കരി മുട്ടുവരെ .

7. പരപ്പുമുട്ട് -പുതുവൽ കോളനി - പുതുശ്ശേരി വരെ.

8. എടത്വായ്ക്കുള്ള റോഡിൽ കൈതവന വടക്കു വശത്തു നിന്ന് പടിഞ്ഞാറ് പാലപ്പ റമ്പുവരെ

9. മാമ്പ്ര ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് നൂറുപറ പാടശേഖരം ചുറ്റി കാവിൽ ക്ഷേത്രം വഴി ഗവ:ഹോമി യോ ആശുപത്രി മഹിളാ സമാജം വരെ.

10. പുളിക്കൽമുട്ട് - ലക്ഷം വീടു കോളനി -ഗ്രാമോത്സവ കോളനി -അംഗൻവാടി

11. കാവിലമ്പലം മുതൽ തെക്കോട്ട് കളരിക്കൽ ക്ഷേത്രം സഹകരണബാങ്ക് ഗവ: ഹൈസ്ക്കൂൾ വരെ .

12. കോലത്തു പറമ്പു മുതൽ നടുവിലെ വരമ്പിനകം പാടശേഖരം വരെ.

13. കൊച്ചു മുട്ടം ജംഗ്ഷനിൽ നിന്ന് ഖാദി വ്യവസായ യൂണിറ്റു വഴി പഴുതി തോടുവരെ

14. പേരിശ്ശേരി മുതൽ വടക്കോട്ട് മങ്കോട്ട വരെ.

15. കൈതവനയിൽ നിന്ന് കിഴക്കോട്ട് കിഴക്കേടം വരെ.

16. മുട്ടത്തിൽ പടിക്കൽ നിന്ന് കിഴക്കോട്ട് സഹകരണ ബാങ്കുവരെ - ഇത് ലോറി ഗതാഗതത്തിന് യോജിച്ചതായിരിക്കണം .

17. പാടങ്ങളുടെയും മറ്റും തുരുത്തുകളിൽ ഒറ്റപ്പെട്ടു കിടക്കുന്നവർക്ക് ഏതു കാലാവ സ്ഥയിലും പ്രധാന വഴികളുമായ് ബന്ധപ്പെടാ നുള്ള വഴികൾ അടിയന്തിര മായി ഉണ്ടാകണം.

18. മാനയിൽ നിന്ന് കിഴക്കോട്ട് പോളക്കൽ കടവുവരെ.

പാലങ്ങളും കലിങ്കുകളും

1. കൊടുപ്പുന്ന ജംഗ്ഷനിൽ പുത്തനാറിനു കുറുകെ P. W. D പാലം

2. ഊരിക്കരി കൊടുപ്പുന്നപ്പാലം (കനക മംഗലം -നെല്ലിക്കുന്നിൽ കടവ്)

WARD VIII

എട്ടാം വാർഡിൽ കലിങ്കുകൾ തീർത്ത് പുതുക്കി പണിയുവാനും പുതുതായി പണിയാനുമുള്ള വഴികൾ

1) 8- ാംവാർഡിൽകൂടി കടന്നു പോകുന്ന ചമ്പക്കുളം P.W.D റോഡ് എത്രയും വേഗം തീർക്കുക.

2) കിളിയംവേലിൽ എട്ടിൽ പടി മുതൽ പുതുവൽ കോളനി ലക്ഷം വീടു വഴി തായങ്കരിയിൽ എത്തേണ്ട റോഡ്.

3) ലക്ഷം വീടു കോളനിയിൽ നിന്ന് തെക്കോട്ട് ചെന്ന് ആറ്റു തീരം വഴി കിഴക്കോട്ട് ഐക്കരപ്പാലം വരെ.

4) കേളക്കൊമ്പു മുതൽ കിഴക്കോട്ട് മാമ്പ്ര വഴി വൈപ്പിശ്ശേരി അഞ്ഞൂറു തിരി വരമ്പ് വഴി തെക്കോട്ട് ചെറ്റെമുട്ടുവഴി കിഴക്കോട്ട് തിരിഞ്ഞ് പുരയ്ക്കൽ വഴി തോട്ടയ്ക്കാട് ജെട്ടി.

5) മാമ്പ്ര ഭാഗത്തുനിന്ന് കിഴക്കോട്ട് പുതുവൽ വഴി തെക്കോട്ട് തിരിഞ്ഞ് ചെറ്റെ മുട്ടുവഴി തെക്കോട്ട് കണ്ണാട്ടു കടവുവരെ .

6)ചിറക്കകം പാടത്തിന്റെ നിലവിലുള്ള ബണ്ടിൽ കൂടി ചുറ്റും ട്രാക്ടർ റോഡ് നിർമ്മിക്കുക.

7) ചേന്ദമംഗലം പാടത്തിനു ചുറ്റും 4മീറ്റർ റോഡ് നിർമ്മിക്കുക.

8) തൊള്ളായിരം പടി മുതൽ ചേന്ദമംഗലം പാടത്തിനു കുറുകെ വടക്കോട്ട് കളപ്പുരയ്ക്കൽ പടി വരെ.

9) അമ്പിയായത്തു പടി കലുങ്കിന്റെ അപ്രോച്ചു റോഡുകൾ

10) തെള്ളിയിൽപടി മുതൽ ചിറയ്ക്കകം പാടത്തുകൂടി തട്ടങ്ങാട്ട് പടി വരെ.

11) ഒറ്റാറയ്ക്കൽ പടിമുതൽ വൈപ്പിശ്ശേരി പാടത്തിന്റെയു 500-ഉം പാടശേഖരത്തിന്റെയും തിരുവരമ്പു വഴി മാമ്പുഴക്കരിറോഡുമായി ബന്ധിപ്പിക്കുക.

12) വായനശാലജെട്ടിയിൽ നിന്ന് വടക്കോട്ട് ആശാരിപറമ്പുവരെ നടപ്പാത വീതികൂട്ടി ഉയർത്തുക.

13) താമരശ്ശേരി കടവിൽ നിന്ന് കാരിക്കോട്ടു മുട്ടുവരെ നടപ്പാത.

14) S.N.D.P കടവിൽ നിന്ന് കിഴക്കോട്ട് കൊട്ടാരം വീടുകൾ വരെയുള്ള നടപ്പാത

15) ലക്ഷം വീടു മുതൽ അംഗൻവാടിവരെയുള്ള നടപ്പാത

16) കറുകത്തറ മുതൽ തുണ്ടിയിൽ വരെയുള്ള നടപ്പാത

17) വാർഡിലെ ദ്വീപുകളിൽ താമസിക്കുന്നവർക്ക് പ്രധാന വഴികളുമായി ഏതു കാലാവസ്ഥയിലും ബന്ധപ്പെടാനുള്ള വഴികൾ ഉണ്ടാക്കുക.

18) പുറക്കരി ജെട്ടി മുതൽ പടിഞ്ഞാറോട്ട് ലക്ഷം വീടുവരെ നടപ്പാത

19) ലക്ഷം വീടു പാലം മുതൽ പുറക്കരിയുടെ പടിഞ്ഞാറേ ബണ്ടു വഴിഊരുക്കരി സൊസൈറ്റി വരെ.

പാലം കലിങ്ക്

1. മാടക്കശേരി പടിയിൽ കാർട്ടബൾ കലിങ്കുസ്ഥാപിക്കുക.

2. പുതുവൽകോളനി -വേലിക്കളം ഭാഗത്തേയ്ക്കു കാർട്ടബിൾ പാലം നിർമ്മിക്കുക.

3.വേലിക്കളം - പട്ടത്താനം പാലം

4. പുറക്കരിയിൽ മോട്ടോർ തറയുടെ മുട്ടു തോടിനു കലിങ്ക് നിർമ്മിക്കുക.

പണികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചാൽ ശ്രമദാനത്തിന് സാദ്ധ്യതയുണ്ട്.

WARD IX

പുതുക്കി പണിയേണ്ടതും പുതുതായി പണിയേണ്ടതുമായ റോഡുകളുടെയു വഴികളുടെയും പട്ടിക.

1) P.W.D ഏറ്റെടുത്ത എല്ലാ റോഡുകളും പുതുക്കി പണിതീർത്ത് ടാർ ചെയ്യേണ്ടതാണ്.

2) അമ്പ്രയിൽ മുക്കു മുതൽ പട്ടത്താനം പടി വരെയുള്ള 2 കിലോ മീറ്റർ റോഡ് ഗതാഗത യോഗ്യമാക്കണം.

3)കളത്തിൽ പടി മുതൽ 50 - ൽ പടി വരെയുള്ളറോഡ്

4) വരിക്കളത്തിൽ പടി മുതൽ കല്ലുപുരയ്ക്കൽ പടി വരെ റോഡ്

5) പാലച്ചിറയ്ക്കൽ പടി മുതൽ കല്ലുപുരയ്ക്കൽ പടി വരെ റോഡ്

6)കല്ലുപുരയ്ക്കൽ പടി മുതൽ കുന്നേൽ ലക്ഷം വീടു കോളനി വഴി പഞ്ഞിപ്പടി പാലം -ഉണ്ണുട്ടൻചിറ വരെ (200മീ. പുതുതായിനിർമ്മിക്കണം.)

7) ആറിൽപടിമുതൽ വാലുപറമ്പിൽ പടിവരെ

8) മുണ്ടകത്തിൽപടി മുതൽ കളപ്പുരയ്ക്കൽ പടി വരെ

9) കൊഴുപ്പക്കളത്തിൽ പടി പാലം മുതൽ പരുത്തിമൂട്ടിൽ പടി പാലം വരെ.

10) കപ്പുമാവുങ്കൽ പടി മുതൽ മാർത്തോമാ ചാപ്പൽ വരെ.

11) കരീശ്ശേരിപ്പടി മുതൽ എരുമത്തറവഴി മാമ്മൂട്ടിൽ പടി വരെ .

12)എട്ടിൽ പടി മുതൽ പുത്തൻപറമ്പ് പടി വരെ

13) പട്ടത്താനം മുതൽ കാട്ടിത്തറപടി വരെ

14) പരുത്തിമൂട്ടിൽ പടി മുതൽ -നീലീകാട്ടുപടി വരെ

15) വലിയ പട്ടത്താനം പാടത്തിനു ചുറ്റും ട്രാക്ടർ റോഡ്

16) ചന്തപ്പടി മുതൽ കപ്പമാവുങ്കൽ പടി വരെ മാങ്കുഴി പാടത്തിനു കുറുകെ ട്രാക്റ്റർ റോഡ്

പുതുക്കിപ്പണിയാനുള്ള റോഡുകളെല്ലാം തന്നെ വീതി കൂട്ടി മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടതാണ്.

WARD IX

10-ാം വാർഡിൽ പുതുക്കിപ്പണിയേണ്ടതും പുതുതായി പണിയേണ്ടതുമായ റോഡുകളുടെ പട്ടിക.

മെയിൻ റോഡുകൾ

1. കാട്ടുംഭാഗം പാടത്തിനു ചുറ്റും കാർട്ടബിൾ റോഡ് നിർമ്മിക്കുക.- കിഴക്കേ ഭാഗത്തായി ഒരു ബോട്ട് ജെട്ടി സ്ഥാപിക്കുക.

2. ചന്തപ്പാലം മുതൽ വടക്കോട്ട് കല്ലുപുരയ്ക്കൽ പടി വരെയുള്ള റോഡ് ഉയർത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യുക.

3. പള്ളിപ്പാലം മുതൽ നൂറ്റെട്ടുംചിറ പാലം വരെയുള്ള റോഡു ഉയർത്തി ടാർ ചെയ്യുക.

ഉപറോഡുകൾ

1) ചന്തയുടെ കിഴക്കേ ഗേറ്റുമുതൽ മാമ്മൂട്ടിൽ കുട്ടപ്പന്റെ വീടിനും അംഗൻവാടിക്കും മുന്നിൽക്കൂടി പള്ളിപറമ്പിൽ വീടുവരെ റോഡുയർത്തുക.

2) ചന്തപ്പാലം കല്ലുപുരയ്ക്കൽ പടി റോഡിൽ നിന്ന് മാളിയേക്കൽ പടി മുതൽ ചക്കാലപ്പടി വരെയും.

3) മാർത്തോമാ മന്ദിരം മുതൽ ഹരിജൻ വീടുവരെയും മന്ദിരം മുതൽ പരുത്തിപ്പള്ളി ചിറ വരെയും

4) സെൻറ് മേരീസ് ഗേൾസ് ഹൈസ്ക്കൂൾ മുതൽ ചന്ദ്രത്തിൽ പടി വഴി പത്തിൽ കലിങ്കു വരെ

5) ചന്തയിൽ നിന്ന് വടക്കോട്ടുള്ള റോഡിൽ ആശാരിപ്പടി മുതൽ അരപ്പറ വർഗീസിന്റെ വീടുവരെയും ആശാരിപ്പടി മുതൽ കിഴക്കോട്ട് തുണ്ടിപറമ്പിൽ തോമസിന്റെ വീടുവരെയും

6) പുത്തൻപറമ്പിൽ തൊമ്മച്ചന്റെ വീടുമുതൽ തൈപ്പറമ്പിൽ തങ്കപ്പന്റെ് വീടുവരെ.

7) മാമ്മൂട്ടിൽ കുട്ടപ്പന്റെ് വീടു മുതൽ ചന്തപ്പാലം വരെ.

8)പറപ്പള്ളി ചെറുകാട് പടി മുതൽ പുത്തൻപുരയ്ക്കൽ പടിവരെയും -വാഴപ്പ റമ്പിൽ ഫ്രാൻസിസിന്റെ വീടുവരെയും.

9) പ്രധാനപ്പെട്ട റോഡുകളിൽഎല്ലാം ഓട നിർമ്മിക്കണം .

ഊർജ്ജം

പ്രകൃതിയുടെ നേരിട്ടുള്ള സംഭാവനകളായ ഊർജ്ജസ്രോതസ്സുകളെ ഈ നൂറ്റാണ്ടിന്റെ ആരംഭകാലങ്ങളിൽ ഈ പ്രദേശത്തെ നിവാസികൾ ഉപയോഗിച്ചിരുന്നു. പാചകാവശ്യത്തിന് തെങ്ങുകളിൽനിന്ന് സമൃദ്ധമായിലഭിച്ചിരുന്ന ഓല, മടൽ, കൊതുമ്പ്, തൊണ്ട് , ചിരട്ട മുതലായവ ഉണങ്ങി ഉപയോഗിച്ചിരുന്നു. മറ്റു മരങ്ങളുടെ കൊമ്പുകൾ വിറക് മുതലായവ പാചകത്തിന് കത്തിക്കുമായിരുന്നു. തീർത്തും പാവപ്പെട്ടവർക്ക് കരിയിലയും കച്ചിയുമായിരുന്നു ആശ്രയം. വെളിച്ചത്തിന് ക്രൂഡോയിൽ ഉപയോഗിച്ച് കത്തിക്കുന്ന തിരിവിളക്കുകൾ ആയിരുന്നു. പലരൂപത്തിലും വലിപ്പത്തിലുമുള്ള തിരിവിളക്കുകൾ പല വീടുകളിലും ഇന്നും സൂക്ഷിച്ചു വച്ചിട്ടുണ്ട്. പീന്നീടാണ് മണ്ണെണ്ണ വിളക്കുകൾ നിലവിൽ വന്നത്. ഓടു കൊണ്ടും തകരംകൊണ്ടും നിർമ്മിച്ച സാധാരണ വിളക്കുകളും ചിമ്മിനിയോടു കൂടിയ ഭംഗിയുള്ള മേശ വിളക്കുകളും പ്രചാരത്തിൽ വന്നു. കൂടുതൽ പ്രകാശം വേണ്ടിടങ്ങളിൽ റാന്തലും,പെട്രോമാക്സും ഉപയോഗിക്കാൻ തുടങ്ങി. അമ്പലങ്ങളിലെ ഉത്സവങ്ങൾക്കും പള്ളിപെരുനാളുകൾക്കും ആയിരക്കണക്കിന് പെട്രോമാക്സുകൾ ഉപയോഗിച്ചിരുന്നു.

എടത്വായിൽ വൈദ്യുതി ആദ്യമായി എത്തുന്നത് അൻപതുകളുടെ പകുതിയിൽ മാത്രമാണ്. വൈദ്യുതി ഓഫീസിനും ട്രാൻസ്ഫോർമറിനും വേണ്ട സ്ഥലസൗകര്യങ്ങൾ എടത്വാ പള്ളികാര്യത്തിൽ നിന്ന് തയ്യാറാക്കി കൊടുത്തു. പള്ളം പവർസ്റ്റേഷനിൽ നിന്നാണ് അന്ന് വൈദ്യുതി എത്തിയിരുന്നത്. തിരുവിതാംകൂർ-കൊച്ചി മുഖ്യ മന്ത്രിയായിരുന്ന ശ്രീ. പനമ്പള്ളീ ഗോവിന്ദ മേനോനാണ് സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചത്. ആദ്യമായി വൈദ്യുതി നൽകിയത് സെൻറ് ജോർജ് ദേവാലയത്തിനും മറ്റ് ഏതാനും സ്വകാര്യ വ്യക്തികൾക്കും ആയിരുന്നു. കാലക്രമേണ എടത്വാ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും വൈദ്യുതി ലൈനുകൾ സ്ഥാപിക്കപ്പെട്ടു. ഇപ്പോൾ പഞ്ചായത്തിന്റെ 80% സ്ഥലങ്ങളിലും വൈദ്യുതി ലൈനുകൾ ഉണ്ട്. എന്നാൽ ലൈനുകൾ ഇല്ലാത്തതുകൊണ്ട് വൈദ്യുതി ലഭിക്കുവാൻ സൗകര്യമില്ലാത്ത പ്രദേശങ്ങളും ഉണ്ട്. പ്രസ്തുത പ്രദേശങ്ങളുടെ ലിസ്റ്റ് പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു. വൈദ്യുതിയുടെ ഉപയോഗം പതിൻമടങ്ങ് വർദ്ധിച്ചുവെങ്കിലും എടത്വായ്ക്കുള്ള വൈദ്യുതി വിഹിതത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. വോൾട്ടേജ് ക്ഷാമം രൂക്ഷമായി തുടരുകയാണ്. ഇതിനു പരിഹാരമായി 110 K.V സബ്സ്റ്റേഷൻ എടത്വായിൽ സ്ഥാപിക്കണമെന്ന് മുറവിളി തുടങ്ങിയിട്ട് കാലം കുറെ ആയി. എങ്കിലും നടപടികൾ ഇതുവരെയും പ്രയോഗത്തിൽ ആയിട്ടില്ല.

വൈദ്യുതിയുടെ കാര്യത്തിൽ കേരളം വളരെ പരുങ്ങലിലാണെന്ന സത്യം മറച്ചുവച്ചിട്ടു കാര്യമില്ല. അഴിമതിയും കാര്യക്ഷമതയില്ലായ്മയും കാരണം ഏതാണ്ട് 16 ഓളം ജല-വൈദ്യുത പദ്ധതികൾ പണി തീരാതെ കിടപ്പുണ്ട്. മറ്റു പല പദ്ധതികളും കടലാസിൽ തന്നെ. 95-96 ലെ കണക്കനുസരിച്ച് 190 കോടി യൂണിറ്റ് വൈദ്യുതി കമ്മിയാണ്. ഈ സാഹചര്യത്തിൽ ലഭിക്കുന്ന വൈദ്യുതി നഷ്ടപ്പെടാതെ സൂക്ഷിച്ച് അത്യാവശത്തിനു മാത്രം ഉപയോഗിക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതുണ്ട്. സാധാരണ ബൾബുകൾക്കു പകരം ട്യൂബു ലൈറ്റുകളോ കോംപാക്റ്റ് ഫ്ളൂറസെന്റ് ലാമ്പുകളോ ഉപയോഗിച്ചാൽ വൈദ്യുതിയുടെ ചിലവിൽ കാര്യമായ കുറവു വരുത്തുവാൻ സാധിക്കും. സാധാരണ ബൾബുകൾക്ക് വെറും 5% പ്രകാശക്ഷമതയേ ഉള്ളൂ. ട്യൂബുലൈറ്റുകൾക്ക് അത് 25% ആണ്. കോംപാക്റ്റ് ഫ്ളൂറസെന്റ് ലാമ്പുകൾക്ക് പ്രകാശക്ഷമത അതിലും കൂടുതലാണ്. 100 വോൾട്ട് സാധാരണബൾബിനു പകരം 11വോൾട്ട് കോംപാക്റ്റ് ഫ്ളൂറസെന്റ് ബൾബ് ഉപയോഗിച്ചാൽ മതിയാകും. വീടുകളിലെ സാധാരണ മുറികളിൽ രണ്ടടി ട്യൂബ് ലൈറ്റുകൾ ഉപയോഗിച്ചാൽ മതിയാകും. കറണ്ട് കുറച്ചു മതിയെങ്കിലും പ്രകാശം കൂടുതൽ ലഭിക്കുന്നു. ചൂട് ഒട്ടും തന്നെ ഉണ്ടാവുന്നുമില്ല. ലൈനുകളിൽ ടച്ചില്ലാതെ സൂക്ഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ട താണ്. പാചകത്തിന് വൈദ്യുതി ഉപയോഗിക്കുന്നത് ഇന്നത്തെ സാഹചര്യത്തിൽ കർശനമായി നിയന്ത്രിക്കണം. മീൻ പിടുത്തം, എലി പിടുത്തം മുതലായ കാര്യങ്ങൾക്ക് ലൈനിൽ നിന്ന് നേരിട്ട് ഏർത്തിടൽ നടത്തി വൈദ്യുതി മോഷണത്തിൽ ഏർപ്പെടുന്നവരുണ്ട്. ഇവർക്കെതിരെ കേസെടുത്ത് ശിക്ഷിക്കുക തന്നെ വേണം.

തെരുവു വിളക്കുകൾ എടത്വാ പഞ്ചായത്തിന്റെ പല ഭാഗത്തും സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ പലയിടത്തും അവ പ്രകാശിക്കുന്നില്ലന്ന പരാതി ഉണ്ട്. പ്രതിമാസം 8089 രൂ. തെരുവുവിളക്കിനു വേണ്ടി പഞ്ചായത്ത് കറൻറു ചാർജ്ജ് അടയ്ക്കുന്നുണ്ട് . 526 ബൾബുകളും 73 ട്യൂബുകളും 3 മെർക്കുറി വേപ്പർ ലാമ്പുകളും വിവിധ വഴികളിൽ കത്തിക്കുന്നുണ്ടെന്നാണ് കണക്ക്. കൂടുതൽ തെരുവു വിളക്കുകൾ വേണമെന്ന് എല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട് . പട്ടിക രണ്ട് നോക്കുക. ട്രാൻസ്ഫോർമറുകൾ പവർ കൂട്ടുവാനും പുതിയ സ്ഥലങ്ങളിൽ വയ്ക്കുവാനും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്

രണ്ട് പട്ടികജാതി കോളനികളേ വൈദ്യുതീകരിച്ചിട്ടുള്ളൂ. എല്ലാ കോളനികളും വീടുകളും വൈദ്യുതീകരിക്കുവാനുള്ള നടപടികൾ ഉണ്ടാകണം.

പഞ്ചായത്ത് അതിർത്തിയിലുള്ള തെരുവു വിളക്കുകളുടെ പൂർണ്ണ നിയന്ത്രണം പഞ്ചായത്തിനു നൽകണമെന്ന അഭിപ്രായം ഉണ്ടായിട്ടുണ്ട്. മീറ്റർ സംവിധാനം ഏർപ്പെടുത്തുകയും വേണം. വൈദ്യുതിയെപ്പറ്റിയുള്ള വിവിധ പട്ടികകൾ ചേർത്തിട്ടുണ്ട്.

പാചകത്തിന് തെങ്ങിൽ നിന്നുള്ള വസ്തുക്കളും വിറകും മണ്ണെണ്ണയുമായിരുന്നു ഈ അടുത്തകാലം വരെ ഉപയോഗിച്ചിരുന്നത്. എന്നാൽ പഞ്ചായത്തിലേക്ക് ഒരു L.P.G വിതരണകേന്ദ്രം അനുവദിച്ച തോടുകൂടി ഗ്യാസടുപ്പുകൾ വ്യാപകമാകുവാൻ തുടങ്ങി. ഈ പഞ്ചായത്തിൽ 2700 ഓളം ഗ്യാസ് കണക്ഷനുകൾ നൽകിയതായി വിതരണകേന്ദ്രത്തിൽ നിന്ന് അറിയാൻ കഴിഞ്ഞു. ഏതാനും വീടുകളിൽ മാത്രമേ ബയോഗ്യാസ് ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്നുള്ളൂ. കൂടുതൽ വീടുകളിൽ ബയോഗ്യാസ സംവിധാനം ഏർപ്പെടുത്തുവാൻ പ്രോത്സാഹനം നൽകേണ്ടതാണ്. . ഗ്യാസടുപ്പുള്ള വീടുകളിലും സാധാരണ വിറകടുപ്പുകൾ ഉപയോഗിക്കുന്നുണ്ട്. പഴയ രീതിയിൽ ഉള്ള മൂന്ന് കല്ലടുപ്പുകളും മൂന്ന് വശവും അടച്ച

അടുപ്പുകളുമാണ് ഭൂരിഭാഗവും . പുക വളരെ കുറവുള്ള പുതിയതരം അടുപ്പുകൾക്ക് നമ്മുടെ പഞ്ചായത്തിൽ കാര്യമായ പ്രചാരം ലഭിച്ചിട്ടില്ല. സ്ഥാപിച്ചതിലുള്ള തകരാറാവും, ചില വീടുകളിൽ ഈ അടുപ്പിനെപ്പറ്റി പരാതി ഉയർന്നിട്ടുണ്ട്. ഏറ്റവും ഊർജ്ജലാഭമുള്ള അടുപ്പാണിത്. പുക വളരെ കുറവുള്ളതുകൊണ്ട് പാചകം ചെയ്യുന്നവരുടെ ആരോഗ്യത്തിന് ഹാനീകരമല്ല. മാറ്റി വയ്ക്കാവുന്ന ഇരുമ്പുകൊണ്ട് നിർമ്മിച്ച അടുപ്പുകളും ലഭ്യമാണ് . വിവിധ അടുപ്പുകളുടെ കാര്യക്ഷമത ഇങ്ങനെയാണ്.

അടുപ്പുകൾ/ കാര്യക്ഷമത

മൂന്നു കല്ലടുപ്പ്-	10% താഴെ
വശങ്ങൾ അടച്ച സാധാരണ അടുപ്പ്	- 12%
പുകയില്ലാത്ത അടുപ്പ്	- 28%
ഗ്യാസ് അടുപ്പ്	- 75%

പുകയില്ലാത്ത അടുപ്പിന്റെ ഉപയോഗം പഞ്ചായത്തിൽ പ്രചരിപ്പിക്കാൻ ഗ്രാമസഭാ കമ്മറ്റികൾ ശ്രദ്ധിക്കണം. പല ഏജൻസികളും ഈ അടുപ്പ് വിതരണം ചെയ്യുന്നു. സൗരോർജ്ജം ഉപയോഗിച്ച് ഭക്ഷണം പാകം ചെയ്യാവുന്ന സോളാർ കുക്കറുകളും അനെർട്ട് വിതരണം ചെയ്യുന്നു. ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ മാത്രമാണ് ANERT ന്റെ ശാഖയുള്ളത്

എടത്വായിൽ ANERT ന്റെ ഒരു ശാഖ തുടങ്ങാൻ പഞ്ചായത്ത് അടിയന്തിരമായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ് . പ്രഷർ കുക്കറുകളുടെ ഉപയോഗം വ്യാപകമാക്കണം. കച്ചിപ്പെട്ടി ഉപയോഗിക്കുന്നതും ഇന്ധനം ലാഭിക്കാൻ ഉപകരിക്കും ഈ വിഷയങ്ങളിലെല്ലാം പൊതു ജനങ്ങൾക്ക് വിവരം നൽകുവാൻ വാർഡ് അടിസ്ഥാനത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തേണ്ടതാണ്.

എടത്വാ ഗ്രാമപഞ്ചായത്ത് വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ
   1) ഗാർഹീകം - 3413
   2) വ്യാപാരം - 381
   3) വ്യവസായം - 54
   4) കാർഷികം - 26

2.കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ എണ്ണം
   1) ഓർഡിനറി - 152
   2) ഒ.റ്റി.പി - 4
   3) ഒ.വൈ.ഈ.സി - 21

3. അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി
   8 - 8 - 96

4. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
   1) ബൾബ് - 25 W - 25,
   2) 40W - 448 , 60 W - 29,
   3) 100W 24

5. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ
   1) ചങ്ങംകരി
   2) തായങ്കരി

6. തൻ വർഷത്തെ കണക്ഷൻ
   1) ഓർഡിനറി - 19
   2) ഒ.റ്റി.പി - 14
   3) ഒ.വൈ.ഈ.സി - 80

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

1) I.T.I 2) Noottettin Chira 3) Kozhuppakalam 4) Kiliam Veli 5) Pannikidaram 6) Devasam Varamb 7) Puthenvarampu 8) Vyppicherry 9) Vyppicherry- 500 10) Purakery - 6 Nos 11) 6 r 12) PHED 13) Boat Jetty 14) Madom 15) Edathua Town 16) Palakalam 17) Mankuzhy

സ്ട്രീറ്റ് ലൈറ്റിന് വേണ്ടി അടയ്ക്കുന്ന തുക - **Rs. 8089 (P.M)**

തെരുവു വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ	
വേപ്പർ ലാമ്പ്	3
ഫ്ലൂ.റ്റ്യൂബ്	73
ബൽബ്	576
ആകെ	602

40 KM (Single Phase)
60 KM (Three Phase)
30 KM (11 KV)

പ്രശ്നങ്ങൾ

1) വോൾട്ടേജ് ക്ഷാമം എല്ലായിടത്തും അനുഭവപ്പെടുന്നു.

2) പുതിയ വൈദ്യുതി കണക്ഷൻ കിട്ടാൻവർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്നു.

3) ആവശ്യത്തിനു തെരുവുവിളക്കുകൾ ഇല്ല. ഉള്ളത് യഥാസമയം കത്തിക്കുന്നതിൽ വീഴ്ച വരുത്തുന്നു.

4) പുകയില്ലാത്ത അടുപ്പുകൾ സോളാർ ലൈറ്റുകൾ മുതലായവ ലഭ്യമല്ല.

5) വൈദ്യുതി ലൈൻ എത്താത്ത പ്രദേശങ്ങളുണ്ട് ലൈൻ വലിക്കാൻ വസ്തു ഉടമകൾ അനുവദിക്കുന്നില്ല. നിയമം ഭേദഗതി ചെയ്യണം.

6) ആവശ്യമായ വിറക്, മണ്ണെണ്ണ,ഗ്യാസ് മുതലായവ ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്.

7) പുതിയ വൈദ്യുതി ലൈൻ സ്ഥാപിക്കാനുള്ള മുഴുവൻ ചിലവും ഗുണഭോക്താവ് വഹിക്കണമെന്നുള്ള നിയമം ക്രൂരമാണ്.

8) O.Y.E.C സമ്പ്രദായം നിലവിലുള്ളതിനാൽ സാധാരണക്കാർക്ക് വൈദ്യുതി ലഭിക്കാൻ താമസം വരുന്നു.

9) ANERT ന്റെ പ്രവർത്തനത്തെപ്പറ്റി പലർക്കും അറിവില്ല.

സാദ്ധ്യതകൾ

1) പഴകിയതും കേടുവന്നതുമായ പോസ്റ്റുകളും ലൈനുകളും മാറ്റി പുതിയവ സ്ഥാപിക്കുക.

2)ആവശ്യമുള്ളിടത്ത് ട്രാൻസ്ഫോർമറുകൾക്ക് പവ്വർ കൂട്ടുകയും പുതിയത് സ്ഥാപിക്കുകയും ചെയ്യുക.

3) പഞ്ചായത്തിലെ വൈദ്യുതി പ്രശ്നം പരിഹരിക്കാൻ 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുക.

4) വൈദ്യുതി ലൈൻ എത്താത്ത പ്രദേശങ്ങളിൽ അത് എത്തിക്കാനുള്ള നടപടി സ്വീകരിക്കുക.

5) വൈദ്യുതി ലൈൻ വലിക്കാനുള്ള ചിലവ് മുഴുവൻ ഉപഭോക്താവ് വഹിക്കണമെന്നുള്ള നിയമം ഭേദഗതി ചെയ്യുക.

6) ANERT ന്റെ പ്രവർത്തനത്തെപ്പറ്റി ബോധവൽക്കരണം നടത്തുക. ANERT ന്റെ ശാഖ എടത്വായിൽ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുക.

7) കൊടുപ്പുന്നയിൽ ഓവർസീയർ ഓഫീസും കളക്ഷൻ സെൻററും സ്ഥാപിക്കുക.

8) വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സെൽഫ് റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

9) വൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുവാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക.

10) തെരുവുവിളക്കുകൾ പഞ്ചായത്തിൻെറ പരിപൂർണ്ണ നിയന്ത്രണത്തിലാക്കുക.

11) വൈദ്യുതി നഷ്ടപ്പെടാതിരിക്കാൻ കൂടെ കൂടെ ലൈൻ ക്ലിയറിംഗ് നടത്തുക.

12)വിറകിനുവേണ്ടി വൃക്ഷവൽക്കരണം നടപ്പിലാക്കുക.

ഊർജ്ജാവശ്യങ്ങൾ

വാർഡ് 1

I പുതുതായി വൈദ്യുതി ലൈനുകൾ വേണ്ട ഭാഗങ്ങൾ /ലൈനിൻെറ നീളം

a) പൂവക്കാട് ദ്വീപ്

b) മെയിൻ റോഡിൽ നിന്ന് കക്കാടം പള്ളിച്ചിറ വരെ

c) കറുകയിൽ പടിമുതൽ കോടമ്പനാടി കലിങ്കു വരെ

d) കറുകയിൽ പാലം മുതൽ മടക്കൽ തങ്കച്ചൻെറ വീടുവരെ.

e) കട്ടത്തറയ്ക്കു തെക്കുവശം.

II a) നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മുഴുവനും ഉപയോഗയോഗ്യമാക്കുക. ബൾബുകൾ മാറ്റി പ്രധാനജംഗ്ഷനുകളിൽ ട്യൂബു ലൈറ്റുകൾ സ്ഥാപിക്കുക.

b) പുതുതായി തെരുവുവിളക്കുകൾ വേണ്ട ഭാഗങ്ങൾ / എണ്ണം

a) മങ്ങാട്ടുചിറ പടി പൊതുകടവിൽ ട്യൂബ് ലൈറ്റ് -1

b) കറുകയിൽ പാലം മുതൽ മണ്ണുണ്ണി വരെ

c) നെടുവംമാലിയൽ ഭാഗത്ത് - 2

d) പുത്തൻപുരപ്പടി കിഴക്ക് - 2

e) എടത്വാ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനുള്ളിൽ - 4

എഴുന്നൂറ്റിൽപടി - പുത്തൻപുരപടി റോഡിൻെറ പടിഞ്ഞാറെയറ്റം പൊതുകുളിക്കടവിൽ ട്യൂബ് ലൈറ്റ് - 1

ആകെ മുപ്പതോളം തെരുവു വിളക്കുകൾ പുതിയതായി സ്ഥാപിക്കേണ്ടതുണ്ട്.

III ട്രാൻസ്ഫോർമറുകൾ

കോടമ്പനാടി പാടശേഖരം ട്രാൻസ്ഫോർമറുകൾ 200 K.V.A ആക്കി ഉയർത്തുക

കറുകയിൽ പാലത്തിനു സമീപം പുതിയ 100 K.V.A ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

IV. 3 ഫേയ്സ്ലൈൻ

കല്ലൂപ്പറമ്പിൽ ജോർജുകുട്ടിയുടെ വീടു മുതൽ മണക്കു പാലം വരെ 3 ഫേയ്സ് ലൈൻ വലിക്കണം.

വാർഡ് 2

I തെരുവുവിളക്കുകൾ

a) 40 തെരുവു വിളക്കുകൾ ഉള്ളതിൽ 2 ട്യൂബു കൾ ഒഴികെ ഒന്നും കത്തുന്നില്ല.

b) 100 തെരുവു വിളക്കുകൾ അധികമായി വേണ്ടിവരും

c) പാടങ്ങളുടെ നടുവിൽ ഒറ്റപ്പെട്ടു കിടക്കുന്നിടങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കണം.

II ട്രാൻസ്ഫോർമറുകൾ 2 എണ്ണം കൂടിവാർഡിൽ പുതുതായി സ്ഥാപിക്കണം.

III സോളാർ ലൈറ്റും പുകയില്ലാത്ത അടുപ്പും വിതരണം ചെയ്യാനുള്ള നടപടികൾ എടുക്കണം.

വാർഡ് 3

I പുതിയതായി വൈദ്യുതി ലൈൻ വലിക്കേണ്ട ഭാഗങ്ങൾ

1.കിഴക്കേ പറമ്പ് പ്രദേശം

2. ആശാരികോളനി

3. ലക്ഷംവീട് കോളനി

4. മുണ്ടുചിറ തങ്കച്ചൻ പടിമുതൽ -13ൽചിറ വരെ

5.കോയിൽമുക്കുപള്ളിയുടെ വടക്കുവശം കുഴിപ്പടവും പാടം

6. ശ്രീകണ്ഠം പറമ്പ്

7. വേണാട്ട് പടിമുതൽ തെക്കോട്ട്

8. പൂവത്തുകുന്നേൽ കിഴക്കുവശം

9. വേഴക്കാട്ട് പടിമുതൽ തെക്കോട്ട്

10. മീൻ കുളം മുതൽ പുത്തൻ തുരുത്ത് ചെറുതനവീട് വരെ

11.കാട്ടാമ്പള്ളിപ്പടിമുതൽ പടിഞ്ഞാറോട്ട്

12. ആശാൻ പറമ്പിൽ ജോളിമോന്റെ വീടിനു പിറകുവശം

13. വെട്ടി മോട്ടോർ തറമുതൽ തെക്കോട്ട് അറുവൻ പറമ്പുവരെ

14കുരിശടിക്കുതെക്കുവശം മങ്കോട്ട ചിറ

15. പുളിക്കൽ വാർഡ്

II തെരുവുവിളക്കുകൾ

നിലവിലുള്ള തെരുവുവിളക്കുകൾ ക്രമമായി കത്തിക്കുകയും പുതുതായി 100 എണ്ണം കൂടി സ്ഥാപിക്കുകയും വേണം

III ട്രാൻസ് ഫോർമറുകൾ

വാർഡിന്റെ പലഭാഗത്തായി പുതിയതായി 4 ടാൻസ് ഫോർമറുകൾസ്ഥാപിക്കണം

വാർഡ് 4

I പുതിയതായി വൈദ്യുതി ലൈനുകൾ വലിക്കേണ്ടത്

1) വരമ്പത്ത് ജെട്ടിമുതൽ പൂവത്തുചിറവരെ (11 വീടുകൾ,2വീടുകൾ പട്ടികജാതി പട്ടികവർഗ്ഗം)

2)പഴയമഠം പാലം (ഒറ്റാറയ്ക്കൽ പടി) മുതൽ കിഴക്കോട്ട് കളത്തൂർ പാലം വരെ.

3) മരിയാപുരം ജംഗ്ഷൻ മുതൽ ഒറ്റാറയ്ക്കൽ പടി വരെയുള്ള എടത്വാ-രാമങ്കരി റോഡ്.

4) പഴയമഠം കടവുമുതൽ മെതിക്കുഴിവരെ

II തെരുവുവിളക്കുകൾ

a) 20 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും ഒന്നും തന്നെ കത്തുന്നില്ല

b) പുതിയതായി തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടത്

1. വരമ്പത്തു ജെട്ടി

2 പുത്തൻ പുരപാലത്തിൽ

3. പള്ളിപുറത്തുപാലം

4. പടുപുരക്കൽ പുരയിടം

5. ചേന്ദങ്കര ജെട്ടിക്കും അമ്പലത്തിനും ഇടക്ക്

6. പഴയമഠം പാലത്തിനും കളത്തൂരിനും ഇടക്ക്.

7. പഴയമഠം പാലം മുതൽ കണിയാൻ കടവ് മോട്ടോർ തറവരെയുള്ള ലൈനിൽ 8 പുതിയ വിളക്കുകൾ കൂടി സ്ഥാപിക്കണം

8. പുതിയതായി പണിയുന്ന റോഡുകളിലെല്ലാം തെരുവിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

വാർഡ് 5

I വൈദ്യുതി ലൈൻ പുതുതായി വേണ്ട സ്ഥലങ്ങൾ

a) മണ്ണാംത്തുരുത്തിൽ-പുത്തൂർ ജെട്ടി

b) വള്ളപ്പുര മുതൽ -കടത്തുകടവ്

c) വള്ളപ്പുര -ചുടുകാട് ഇരവുകരി ജെട്ടി

d) ജെട്ടി -കടത്തുകടവ്

e) രണ്ടു കോളനികൾ -ഉൾഭാഗത്തുള്ള വീടുകൾ

f) കൂട്ടക്കരപടി മുതൽ തുണ്ടു പറമ്പ് പടി

g) ഏലിത്തറപ്പടി - നെടുമ്പറമ്പ് എരവുകരി

h) മെതിക്കളം പുത്തൻതറ

IIതെരുവുവിളക്കുകൾ വേണ്ട സ്ഥലങ്ങൾ

1) പച്ചേ പള്ളി - മരിയാപുരം വരെ ട്യൂബ് ലൈറ്റുകൾ ഇല്ലാത്തിടത്തു സ്ഥാപിക്കുക

2) പച്ചേ പള്ളി - മണമേൽചിറ-ആശാരു പറമ്പ് -തട്ടാരുപറമ്പ് കോളനി വരെ

3)മണമേൽചിറ-മാടക്കശ്ശേരി ഒറ്റാറയ്ക്കൽ

4) മണ്ണാംത്തുരുത്തിൽ-പുത്തൂർ ജെട്ടി

5, പുത്തൂർ ജെട്ടി-ചേക്ക കോളനി

6) വള്ളപ്പുര -ചുടുകാട് ഇരവുകരി ജെട്ടി

7) വള്ളപ്പുര- കടത്തുകടവ്

8) ജെട്ടി കടത്തുകടവ്

9) കൈതമുക്ക് -മാടക്കശ്ശേരി -കൊച്ചുപഴേമഠം

10)കൂട്ടക്കരപറമ്പുമുതൽ തുണ്ടുപറമ്പുപടി

11) കൊല്ലന്റെ കിഴക്കേത് -മോട്ടോർ തറ - ജെട്ടി-അഞ്ചിൽ പടി വരെ

12) കൊച്ചുപഴേമഠം-ഒറ്റാറയ്ക്കൽ

13) പനയ്ക്കപ്പറമ്പ് തൈപ്പറമ്പ്

III ട്രാൻസ്ഫോർമറുകൾ

a)വോൾട്ടേജ് കുറവ് പരിഹരിക്കുവാൻ ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

വാർഡ് 6

I പുതുതായി വൈദ്യുതി ലൈൻ വലിക്കേണ്ടത്

a) 60 ൽ ചിറ കോളനി

II തെരുവു വിളക്കുകൾ പുതുതായി സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1) മൂലയിൽ പാലത്തിനു കിഴക്കോട്ട് കേളക്കൊമ്പു വരെ

2) ഓടയ്ക്കൽ ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് കൊട്ടാരം പാലം വരെ

3)പോസ്റ്റാഫീസിൽ നിന്നും പാലപ്പ

റമ്പുവരെ

4) മൂലയിൽ പാലത്തിനു വടക്കു പടിഞ്ഞാറെക്കര വഴി പരപ്പിൽ മുട്ടുവരെ

5) മാടവന മുതൽ കിഴക്കോട്ട് കിഴക്കേടത്തുപറമ്പു വരെ

6) കൊച്ചു തറ കോളനി

7) കോവറക്കാട്ടു മുതൽ -60 ൽ ചിറ കോളനിവരെ

8) മൂക്കോടി ജെട്ടിയിൽ

9) പുത്തൻപറമ്പു മുതൽ 23 വരെ

10) മൂലയിൽ പാലം മുതൽ പോസ്റ്റോഫീസിനു വടക്കുവശം 46 ൽവഴി 32 ൽ ചിറയിൽകൂടി മുളന്താനത്തു ചിറവരെ

നിലവിലുള്ള തെരുവുവിളക്കുകൾ മിക്കവയും കത്തുന്നില്ല.

III ട്രാൻസ്ഫോർമറുകൾ

1) വോൾട്ടേജ് പരിഹാരത്തിന് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥപിക്കുക.

IV ഗോവർ ഗ്യാസ് പദ്ധതികൾ കൂടുതൽ നടപ്പിലാക്കുക.

വാർഡ് 7

I വൈദ്യുതി ലൈനുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1) കൊടുപ്പുന്ന പള്ളിക്ക് കിഴക്കുവശം ഗ്രമോത്സവ കോളനി പ്രദേശം

2) പേരിശ്ശേരി പുത്തൻവരമ്പിനകം പാടശേഖരത്തിന്റെ കിഴക്കേ ബണ്ടിൽ താമസിക്കുന്ന വീടുകൾക്ക്

II വഴി വിളക്കുകൾ

a) ഏകദേശം 25 വഴി വിളക്കുകൾ ഉണ്ട്. പക്ഷേ ഫ്യൂസായതിനാൽ ഒന്നും കത്തുന്നില്ല.

b) പുതിയതായിവഴി വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം

1) ലക്ഷം വീടുകോളനി

2) ഗ്രാമോത്സവ കോളനി

3) മറ്റ് പട്ടിക ജാതി പട്ടിക വർഗ കോളനികൾ

4) എടതപ്പാ രാമങ്കരി റോഡിൽ

c) ട്യൂബ് ലൈറ്റുകൾ ഇടേണ്ടത്.

1) സെൻറ് ജോർജ് പള്ളിയുടെ പടിഞ്ഞാറു വശം

4) ഗവ:ഹൈസ്ക്കൂളിന്റെ മുൻവശം

5) പരപ്പിൽ മുട്ട്

III ട്രാൻസ്ഫോർമറുകൾ

a) പുതിയ ട്രാൻസ്ഫോർമറുകൾ വേണ്ടത്

നടുവിലേ വരമ്പിനകം വിളക്കുമരം ഇരിക്കു ന്നിടത്ത്

b) പുല്ലാംകുളംട്രാൻസ്ഫോർമറിൽ നിന്ന് കൊടുപ്പുന്ന പള്ളി പരിസരങ്ങളിലുള്ള വീടുകൾക്ക് വൈദ്യുതി നൽകുക.

c) 3ഫേസ് ലൈൻ

പഴുതി ട്രാൻസ്ഫോർമറിൽ നിന്ന് അനുവദിച്ച ലൈൻ കാവിൽക്ഷേത്രം വരെയും സെൻറ് ജോസഫ് പള്ളിവരെയും നീട്ടുക.

IV അടുപ്പുകൾ

ഏകദേശം 20 വീടുകളിലെ പുകയില്ലാത്ത അടുപ്പുകൾ ഉള്ളൂ. കൂടുതൽ വീടുകളിലേക്ക് ബോധവൽക്കരണം വഴി പ്രചാരണം കൊടുക്കുക.

വാർഡ് 8

I വൈദ്യുതി ലൈൻ പുതിയതായി വേണ്ട സ്ഥലങ്ങൾ

1) ലക്ഷം വീടുകളിൽ നിന്ന് വടക്കോട്ട് പുറക്കരിയുടെ പടിഞ്ഞാറേ ചിറയിലുള്ള ഏഴു വീടുകൾക്ക്

2) പുറക്കരിയുടെ കിഴക്കേ ചിറയിൽ തലയാറ്റും പള്ളി അപ്പിയുടെ വീടുവരെ

3) വൈപ്പിശ്ശേരി കറുകത്തറ ഗോവിന്ദന്റെ വീടുമുതൽ പോളക്കൽ വീടു വരെ.

4) മാമ്പ്ര ബാബുവിന്റെ വീടു മുതൽ തെക്കോട്ട് മൂന്നു വീടുകൾ

5) തട്ടങ്ങാട്ടുനിന്ന് കിഴക്കോട്ടും വടക്കോട്ടു മുള്ള അഞ്ച് വീടുകൾ

6) ലക്ഷം വീടുമുതൽ അംഗൻവാടി വരെ

7) ചേന്ദമാഗലം കുന്നേൽ ചന്ദ്രന്റെ വീട്ടിലേക്ക്

8) അമ്പിയായത്ത് പാലം മുതൽ വടക്കോട്ട് ചിറയിൽ പുരുഷന്റെ വീടുവരെ

II തെരുവുവിളക്കുകൾ

a) 48 തെരുവുവിളക്കുകൾ ഉള്ളതിൽ ഒന്നും തന്നെ കത്തുന്നില്ല. അവ കത്തിക്കാനുള്ള നടപടി യെടുക്കണം.

b) പുതിയ ട്യൂബ് ലൈറ്റുകൾ വേണ്ടത്

1) കൊട്ടാരം പാലത്തിനടുത്ത് .

2) തോട്ടക്കാട് ജെട്ടി

3) കറുകത്തറ ജെട്ടി

4) ചെറ്റേമുട്ട് ജംഗ്ഷൻ

5) ഐക്കര ജെട്ടിക്കും പാലത്തിനു മിടയ്ക്ക്

c) പുതിയ തെരുവുവിളക്കുകൾ വേണ്ട വഴികൾ

1) കൊട്ടാരം പാലം മുതൽ വടക്കോട്ട് വൈപ്പിശേരി മോട്ടോർ തറ വരെ.

2) ചെറ്റേ മുട്ടുമുതൽ വടക്കോട്ട് പറത്തുണ്ടി വരെ

3) ചെറ്റേ മുട്ടുമുതൽ വേളശേരി വരെ

4) ഐക്കര ജെട്ടിമുതൽ ചക്കാലക്കൽ പടി വരെ

5) ഐക്കര ജെട്ടിമുതൽ പട്ടത്താനം ജെട്ടി വരെ

6) ഐക്കര ജെട്ടിമുതൽ തോട്ടക്കാട് ജെട്ടി വരെ

7) കേളക്കൊമ്പു മുതൽ കളിയടക്കത്തറ

8) വേലിക്കളം വാർഡിൽ ജെട്ടി വരെ

9) അമ്പ്യായത്തു പടി പാലം മുതൽ ചിറയിൽ പുരുഷന്റെ വീടുവരെ.

ചങ്ങംകരി പള്ളയിൽ നിന്ന് പടിഞ്ഞാറോട്ട് വീടുകളുടെമുകളിൽ കൂടി പോകുന്ന ലൈൻ ആറ്റിറമ്പിലുള്ള പൊതു വഴിയിലേക്ക് മാറ്റി സ്ഥാപിച്ച് സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കുക.

III പുകയില്ലാത്തഅടുപ്പുകൾ ലഭ്യമാക്കുക.

ഊർജ്ജ ഉപയോഗത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.

IV ട്രാൻസ്ഫോർമർ

വാർഡിലെ പരിതാപകരമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ തോട്ടക്കാട് ജെട്ടി ഭാഗത്ത് ഒരു പുതിയ ട്രാൻസ് ഫോർമർ സ്ഥാപിക്കുക

വാർഡ് 9

I പുതിയതായി വൈദ്യുതി ലൈൻ വേണ്ട ഭാഗങ്ങൾ

1) ഈ വാർഡിൽ രണ്ട് കി.മീ. വൈദ്യുതി ലൈൻ പുതിയതായി വലിക്കുവാനുണ്ട്

2) കുന്നേൽ ലക്ഷം വീട് കോളനി

II തെരുവു വിളക്കുകൾ ഈ വാർഡിലെ എല്ലാ പൊതുവഴികളിലും തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്

വാർഡ് 10

I പുതിയതായി വൈദ്യുതി ലൈൻ വേണ്ട ഭാഗങ്ങൾ

1) കാട്ടുംഭാഗം പാടത്തിന്റെ തെക്കേ ചിറ യിലുള്ളതും തെക്ക് പടിഞ്ഞാറേ ഭാഗത്തുള്ള തുമായ വീടുകൾ

2)ജെ.എം. എം ജൂബിലി മന്ദിരത്തിനു സമീപം

II തെരുവു വിളക്കുകൾ

വാർഡിൽ 50 തെരുവുവിളക്കുകൾ ഉണ്ട്. പക്ഷേ പകുതിയിലധികം കത്തുന്നില്ല.

പുതിയതായി തെരുവുവിളക്കുകൾ വേണ്ട വഴികൾ

1) 108 ൽചിറവഴിയിൽ 4

2) പറപ്പള്ളിപടികല്ലുപുരയ്ക്കൽ പടി 5

3) P.H.E.D വഴിയിൽ- 2

4) മാർക്കറ്റിൽ- 2

5) കവലയിൽ ഹാലജൻ ലാമ്പ് - 1

6) മാമ്മൂട്ടിൽ കുട്ടപ്പന്റെ വീടുമുതൽ അംഗൻവാടി വരെ- 3

7) ലക്ഷം വീട് അകത്തേയ്ക്കുള്ള വഴിയിൽ- 4

8) മന്ദിരം മുതൽ വേലുവിന്റെ വീടുവരെ- 7

9) പുത്തൻപറമ്പിൽ തൊമ്മച്ചന്റെ വീടു മുതൽ കറുകപ്പറമ്പ് പ്രദേശം- 3

10)മുപ്പതിൽപടി മുതൽ കുന്നേൽ പടി വരെ- 3

11)സെന്റ് മേരീസ് സ്ക്കൂളുമുതൽ വടക്കോട്ട് - 3

ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

എടത്വാ പഞ്ചായത്തിലെ പാർപ്പിട സ്ഥിതി തൃപ്തികരമല്ല. ഗൾഫ് വരുമാനത്തിന്റെ വരവ് ഭവനനിർമ്മാണ മേഖലയിൽ പ്രകടമായ സ്വാധീനം ചെലുത്തുയിട്ടുണ്ട്. ആറ്റുതീരങ്ങളിലും തോട്ടരുകിലും പാടത്തിന്റെ തുരുത്തുകളിലുമാണ് ഭൂരിഭാഗം വീടുകളും. പഞ്ചായത്തിലാകെ 5138 വീടുകളാണുള്ളത്.

കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ശരാശരി 650 കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകയിട്ടുണ്ട്. ഭൂരിഭാഗം (68%) വീടുകളും ഓടുപാകിയതാണ്. 5% കെട്ടിടങ്ങൾക്ക് കോൺക്രീറ്റ് മേൽപ്പുരയുള്ളതാണ്. ആകെയുള്ള വീടുകളുടെ 27% ഓലമേഞ്ഞവയാണ്. ഇവയുടെ തറ പരമ്പാരഗതമായ രീതിയിൽ മണ്ണും ചാണകവും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നു. 100 മുതൽ 150 വരെ ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള ചെറുകിട ഭവനങ്ങൾ ആകെയുള്ള വീടുകളുടെ 37% ശതമാനം വരും. തറയുടെ പൊക്കം (വാട്ടർ ലെവൽ)ഉറപ്പ്, ചുവർ, മേൽപ്പുര, വിസ്തീർണ്ണം എന്നീ ഘടകങ്ങൾ പരിഗണിച്ചാൽ തൃപ്തികരമല്ലാത്തതും അടിയന്തിരമായി പുതുക്കി പണിയേണ്ടതുമായ വീടുകൾ 42% വരും.

താഴെ കൊടുക്കുന്ന ചാർട്ടിൽ നിന്നും മേൽപ്പറഞ്ഞ കാര്യങ്ങളുടെ വ്യക്തമായ ചിത്രം ലഭിക്കും.

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽകൂടുതൽ നിലയുള്ളത്	കോൺക്രീറ്റ് മേൽപ്പുരയുള്ളത്	ഓടിട്ടത്	ഓലമേഞ്ഞത്
I	325		30	249	46
II	577			343	174
III	599			359	240
IV	503			376	127
V	401		4	247	150
VI	456			347	109
VII	325			286	39
VIII	355			284	71
IX	622		10	359	240
X	1035	11	188	649	187
ആകെ	5138	11	232	3499	1383

ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡും നിർമ്മിതി കേന്ദ്രവുമാണ് കെട്ടിട നിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന ഏജൻസികൾ.വിവിധ സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 114 വീടുകൾ മാത്രമാണ് അനുവദിച്ചത് . ഇതിൽ 84 വീടുകളുടെ പണിയേതീർന്നിട്ടുള്ളൂ. പാർപ്പിട പ്രശ്നം രൂക്ഷമായ ഈ പഞ്ചായത്തിൽ സ്ഥലത്തിന്റെ അഭാവവും നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും ഇവയുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന വില നിലവാരവും പരിഹരിക്കാൻ നിലവിലുള്ള ഔദ്യോഗിക സംവിധാനങ്ങൾക്കാവില്ല. ഇതിനായി കൂടുതൽ ഫലപ്രദമായ ഒരു ജനകീയ സംവിധാനം അഥവാ സഹകരണാടിസ്ഥാനത്തിലുള്ള ഭവന-നിർമ്മാണ വായ്പാ ശൃഖല രൂപപ്പെടുത്തേണ്ടതുണ്ട് . താഴെ കൊടുക്കുന്ന ടേബിൾ കാണുക.

സർക്കാർസ്കീമിന്റെ പേര്	അനുവദിച്ചിട്ടുള്ള വീടുകളുടെ എണ്ണം	പൂർത്തീകരിച്ച വീടുകൾ	ഇനിപൂർത്തീകരിക്കാനുള്ള വീടുകൾ
N.R.E.P	19	14	5
R.L.EG.P	46	33	13
J.R.Y	32	25	7
M.W.S.	5	4	1
I.A.Y	12	8	4
ആകെ	114	84	30

സാമൂഹ്യക്ഷേമം

രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത് . ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും വിവിധ വിഭാഗങ്ങൾക്കായുള്ള പെൻഷൻ, ക്ഷേമ പദ്ധതികളും , 1992 ലെ ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1673 ആണ് . പ്രതിവർഷം ഒരു വാർഡിൽ ശരാശരി അഞ്ചു കുടുംബങ്ങൾക്കു മാത്രമാണ് ഐ. ആർ. ഡി. പി. പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കാൻ സാധിക്കുന്നത്. അർഹരായവരിൽ വളരെ ചെറിയ ഒരു വിഭാഗം കുടുംബങ്ങൾക്കു മാത്രമേ പദ്ധതിയുടെ ആനുകൂല്യം

പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം	1992-ലെ സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ S.C/ S.T കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ S.C/ S.T
4246	1673	50	200	50

ലഭിക്കുന്നുള്ളൂ. വിശദാംശങ്ങൾ ടേബളിൽ നിന്നും മനസ്സിലാക്കാം.

എസ്,സി. വിഭാഗത്തിനു ഈ കാലയളവിൽ രണ്ടാം ഘട്ടമായി 17 കുടുംബങ്ങൾക്കുകൂടി സഹായം നൽകിയിട്ടുണ്ട്.

1996 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ ധന സഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം ചുവടേ കൊടുക്കുന്നു.

വാർദ്ധക്യകാല പെൻഷൻ	22
വികലാംഗ പെൻഷൻ	47
വിധവാ പെൻഷൻ	46
കർഷകതൊഴിലാളി പെൻഷൻ	892
തൊഴിലില്ലായ്മ വേതനം	149
ആകെ	1156

ധനസഹായം ലഭിക്കുന്നവരിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടെന്നും അർഹതയുള്ള നല്ലൊരു വിഭാഗത്തിന് സഹായം ലഭിക്കുന്നില്ലന്നുമുള്ള ആക്ഷേപം ഉണ്ട്. അർഹതയുള്ളവർക്ക് കൃതൃമായി ലഭിക്കുവാനും അനർഹരെ ഒഴിവാക്കുവാനും ജനങ്ങളുടെ ആകെ സഹകരണം ആവശൃമാണ് . പഞ്ചായത്തു രാജ് സംവിധാനത്തിൻ കീഴിൽ പരാതികൾ ഒഴിവാക്കാൻ ആകുമെന്ന് കരുതപ്പെടുന്നു. കർഷക തൊഴിലാളി ക്ഷേമനിധിയിൽ കൃഷിക്കാരുടെ വിഹിതം ശേഖരിക്കാനും ക്ഷേമനിധി പ്രവർത്തനം കാരൃ ക്ഷമമാക്കുവാനും നിർ മ്മാണ തൊഴിലാളി ക്ഷേമനിധി വ്യാപകമാക്കുവാനും കഴിയേണ്ടതുണ്ട്.

ഗ്രാമ സഭകളിൽ ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

❖ പുര വയ്ക്കാനുള്ള സ്ഥലത്തിന്റെ അഭാവം പരിഹരിക്കുവാൻ നിലവിലുള്ള ഭൂവിനിയോഗ നിയമത്തിൽ ഭേദഗതി വരുത്തി പാടം നികത്തി പുരവയ്ക്കാനുള്ള വൃവസ്ഥകൾ ഉദാരമാക്കുക.

❖ കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശൃത്തിന് ലഭിക്കുന്നില്ല. മണൽ ,കല്ല്, ഇഷ്ടിക ഇവയെല്ലാം പുറത്തു നിന്ന് കൊണ്ടുവരണം. ഈ രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം നിലനിൽക്കുന്നതൊഴിവാക്കി നിർമ്മാണ സാമഗ്രികൾ മിതമായ വിലക്ക് ലഭൃമാക്കുവാൻ സംവീധാ നം ഉണ്ടാക്കണം.

❖ ദുർബല വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് സൗജനൃമായി സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ ഫലപ്രദമായി നടക്കുന്നില്ല. സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് സ്ഥലം ലഭൃമാകാത്തതാണ് ഇതിനു പ്രതിബന്ധം. മറ്റു പഞ്ചായത്തുകളിൽ നിന്ന് വൃത്യസ്തമായി സ്ഥലത്തിന്റെ വിലകൂടുതൽ പരിഗണിച്ച് തുക വർദ്ധിപ്പിച്ച് അനുമതി നൽകണം.

❖ പുറമ്പോക്കു ഭൂമിയും മിച്ച ഭൂമിയും കണ്ടെത്തി അവ ഭൂരഹിതർക്ക് നൽകുകയും ചെയ്യുക.

❖ വസ്തു ദൗർലഭൃം കണക്കിലെടുത്ത് ഫ്ളാറ്റു നിർമ്മാണത്തിന് ടൗൺപ്രദേശത്ത് പ്രോത്സാഹനം നൽകണം.

❖ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഒരു ഹോസ്റ്റലും ഉദ്യോസ്ഥകളായ സ്ത്രീകൾക്കു താമസിക്കുന്നതിനുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലും എടത്വായിൽ സ്ഥാപിക്കണം.

❖എടത്വായിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കണം. ഇതിലൂടെ സ്ഥലം മൊത്തമായി വാങ്ങി പ്ലോട്ടുകളായി നൽകുക, സ്ഥലം വാങ്ങാനുള്ള വായ്പ നൽകുക. അതോടൊപ്പം നിർമ്മാണ സാമഗ്രികൾ ശേഖരിച്ച് മിതമായ നിരക്കിൽ വിതരണം നടത്താനും കഴിയണം.

❖ നിർമ്മാണ മേഖലയിൽ വിദഗ്ധ തൊഴിലാളികളുടെ രൂക്ഷമായ ദൗർലഭ്യം ഉണ്ട്. ഇതുമൂലം അന്യ സംസ്ഥാനങ്ങളിലെ തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നതും, അമിതകൂലി കൊടുക്കേണ്ടി വരുന്നതും ഒഴിവാക്കി നാട്ടിലെ യുവാക്കളെ ഈ രംഗത്തേക്കു ട്രൈസം പദ്ധതി പോലെയുള്ള പരിശീലന പരിപാടികളിലൂടെ റിക്രൂട്ട് ചെയ്യാവുന്നതാണ്.

❖ തൊഴിലാളികളുടെ സാങ്കേതിക വൈദഗദ്ധ്യവും കാര്യ ക്ഷമതയും ഉയർത്തുവാനും സാമ്പത്തികനില ഭദ്രമാക്കാനും ലേബർകോൺട്രാക്ട് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതുമാണ്.

❖ നിലവിലുള്ള ലക്ഷംവീടുകൾ കാലഹരണപ്പെട്ടതും ആധുനിക ജീവിത വീക്ഷണത്തിന് നിരക്കാത്തതുമാണ്. ഇരട്ട വീടുകൾ എന്നറിയപ്പെടുന്ന ഈ വീടുകൾ ഒറ്റവീടുകൾ ആക്കണമെന്നാണ് അവിടെ താമസിക്കുന്നവരുടെ ആവശ്യം. അതിനായ് നിലവിലുള്ള വീടുകൾപൊളിച്ചുമാറ്റേണ്ടിവരു മെന്നതിൽ സംശയമില്ല. തൽസ്ഥാനത്തു രണ്ടോ മൂന്നോനിലകളോടു കൂടിയ ഫ്ളാറ്റു മാതൃകയിലുള്ള വീടു നിർമ്മിച്ചാൽ ഇപ്പോഴത്തെ പരാതികൾ പരിഹരിക്കുവാനും ഭവനരഹിതരായ കൂടുതൽ ആളുകളെ പുനരധിവസിപ്പിക്കാനും കഴിയും

❖ . നിലവിലുള്ള ലക്ഷം വീടുകൾ പഞ്ചായത്തു ഗ്രാമോത്സവ കോളനികൾ എന്നിവിടങ്ങളിൽ ശുദ്ധ ജലം , വൈദ്യുതി , മലമൂത്ര വിസർജന സൗകര്യം എന്നിവ അടിയന്തിരമായി ഏർപ്പെടുത്തണം.

❖ കുട്ടനാട് ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ലഭിച്ചുവന്ന കറ്റോട്ടാറ്റിലെ വെള്ളത്തിനു പകരം വിതരണം ചെയ്യുന്ന എടത്വാ വാട്ടർ അതോറിറ്റി ഓഫീസിനുമുമ്പിലെ കുഴൽ കിണറ്റിലെ വെള്ളം ഉപയോഗയോഗ്യമല്ല. അതിനാൽ തിരുവല്ലായിലെ വാട്ടർ ട്രീറ്റ് മെൻറ് പ്ലാൻറിലൂടെ ശുദ്ധീകരിച്ച് നൽകി വന്ന കറ്റോട്ട് ആറ്റിലെ വെള്ളം വിതരണം ചെയ്ത് കുട്ടനാടു ശുദ്ധജല വിതരണ പദ്ധതി പുനഃസ്ഥാപിച്ച് സാർത്ഥകമാക്കണം.

❖സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന ഭൂരഹിതരും ദുർബല വിഭാഗത്തിൽപ്പെട്ടവരുമായ ജന വിഭാഗങ്ങൾക്ക് പ്രയോജനമാകുന്ന തരത്തിൽ പഞ്ചായത്തിൽ കുറഞ്ഞത് രണ്ടു പൊതു ശ്മശാനങ്ങൾ നിർമ്മിക്കണം.

❖ ജീവത സായാഹ്നത്തിൽ നിരാലംബരും നിരാശ്രയരുമായിമാറുന്ന വൃദ്ധ ജനങ്ങളെ പുനരധിവസിപ്പിക്കാനും സംരക്ഷിക്കാനും പഞ്ചായത്തിൽ ഒരു വൃദ്ധ സദനം സ്ഥാപിക്കണം

❖ വായനശാലകളും, മഹിളാസമാജങ്ങളും, ജനവിദ്യാ കേന്ദ്രങ്ങളും ഇല്ലാത്ത വാർഡുകളിൽ അതു സ്ഥാപിക്കുകയും ഉള്ള വയ്ക്ക ഗ്രാൻറുകളും മറ്റു ധനസഹായങ്ങളും പ്രോത്സാഹനങ്ങളും കൃത്യമായി നൽകുകയും വേണം.അതോടൊപ്പം ഇവയുടെ ആകെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉപദേശനിർദ്ദേശങ്ങൾ നൽകുന്നതിനും പഞ്ചായത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം.

❖ ജനങ്ങളുടെ സമാധാന ജീവത്തിന് ഭംഗം ഉണ്ടാക്കുന്നതും ജനങ്ങളിൽ സംഭീതി

ജനിപ്പിക്കുന്നതും മത-സാമുദായിക സൗഹാർദ്ദത്തെ ഹനിക്കുന്നതുമായ എല്ലാത്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളും സ്ത്രീ പീഡനവും കാലേകൂട്ടി തടയാനും അമർച്ച ചെയ്യാനും പഞ്ചായത്തിൽ സ്ഥിരമായി പ്രവർത്തിക്കുന്ന ഒരു സമാധാന കമ്മറ്റിയും അതുമായി യോജിച്ച് പ്രവർത്തിക്കുന്ന ക്രമ സമാധാനപാലന സംവിധാനവും ഉണ്ടാകണം.

❖പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതവും സംസ്ക്കാരവുമായി ഇഴുകി ചേർന്നിരിക്കുന്ന ആറുകളും തോടുകളും സംരക്ഷിക്കുവാനും ,ആറ്റരുകുകളിലും തോട്ടരുകുകളിലും. ആവശ്യമായത്ര കുളികടവുകൾ നിർമ്മിക്കു വാനും പഞ്ചായത്തിനു കഴിയാതെ വന്നിട്ടുണ്ട്. ഇതിനു വിഘാതമായി നിലനിൽക്കുന്ന നിയമ വ്യവസ്ഥകൾക്ക് മാറ്റംവരുത്തണം. കുളിക്കടവുകൾ ആവശ്യമായത്ര എല്ലാ വാർഡുകളിലും നിർമ്മിക്കുയും വേണം.

❖ അനുദിന വികാസ പരിണാമത്തിന് വിധേയമായി കൊണ്ടിരിക്കുന്ന ഒരു ടൗൺഷിപ്പായി രൂപാന്തരപ്പെടേണ്ട എടത്വാ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തിന്റെ ആസ്ഥാനം , നിരവധി ബാങ്കിംഗ് സ്ഥാപനങ്ങൾ, താലൂക്ക് ഹെഡ് കോർട്ടേഴ്സിനു തത്തുല്യമായ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപന സമുച്ചയം, വ്യാപാര-വിപണന കേന്ദ്രം. സർവ്വോപരി ദക്ഷിണേന്ത്യയിലെ പ്രമുഖ തീർത്ഥാടക കേന്ദ്രമായ വിശുദ്ധ സെൻറ് ജോർജ് ഫൊറോനാ പള്ളി എന്നിവ സ്ഥിതി ചെയ്യുന്ന എടത്വായ്ക്ക് ടൗൺ പ്ലാനിംഗ് ഇല്ലായെന്ന സ്ഥിതിക്ക് അടിയന്തിരമായി മാറ്റം വരുത്തി, ടൗൺ ശാസ്ത്രീയമായി പുന:സംവിധാനം ചെയ്ത് ടൗൺ പ്ലാനിംഗ് നടപ്പിലാക്കണം.

❖ പഞ്ചായത്തിലെ കെട്ടിട നികുതി ചുമത്തലും ഈടാക്കലും സമ്പ്രദായത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹൃതമാക്കുവാൻ ഉതകുന്ന് ശാസ്ത്രീയവും ജനകീയവുമായ സ്ഥിരം സംവിധാനം ഉണ്ടാകണം. അതു വഴി കോടതി കേസുകളും നികുതി പിരിക്കലിലെ സ്തംഭനാവസ്ഥയും ഒഴിവാക്കുവാനും , പഞ്ചായത്തിന്റെറ മുഖ്യ വരുമാനമായ കെട്ടിട നികുതി നിർണ്ണയത്തിലെ പാളിച്ചകൾ ഒഴിവാക്കി വരുമാനത്തിലെ ചോർച്ച തടയുവാനും വർദ്ധിക്കുവാനും കഴിയേണ്ടതുണ്ട്.

സാമൂഹിക ക്ഷേമരംഗം

❖നിലവിലുള്ള എല്ലാ പെൻഷനുകളും വേതന പദ്ധതികളും പരിശോധനാ വിധേയമാക്കുകയും അനർഹരെ ഒഴിവാക്കുകയും വേണം.

❖വാർദ്ധക്യകാല പെൻഷൻ , വിധവാ പെൻഷൻ, വികലാംഗ പെൻഷൻ , കർഷക തൊഴിലാളി പെൻഷൻ , തൊഴിലില്ലായ്മ വേതനം എന്നീ ക്ഷേമപരിപാടികൾ പഞ്ചായത്ത്തല ഇംപ്ലിമെന്റേഷൻ കമ്മറ്റിയുടെ കീഴിൽ ആക്കി അർഹതയുള്ളവരെ കണ്ടെത്തി ആനുകൂല്യം അതാതു മാസത്തിൽ തന്നെ നേരിട്ട് വിതരണംചെയ്യുവാൻ സാധിക്കണം

❖ പഞ്ചായത്തിന് സ്വന്തമായി ഒരു കമ്മ്യൂണിറ്റിഹാളോ ടൗൺ ഹാളോ ഇല്ല. താലൂക്ക്,ബ്ലോക്ക്, പഞ്ചായത്ത് നിലവാരത്തിലുള്ള കലാ- കായിക സാംസ്ക്കാരിക പരിപാടികൾ സംഘടിപ്പിക്കുവാനും സാംസ്ക്കാരിക വളർച്ചക്കും സാമൂഹ്യമായ ഒത്തു ചേരലിനും വിവിധചടങ്ങുകളുടെ നടത്തിപ്പിനും ഇവ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്

❖ മുയൂട്ടുന്ന അമ്മമാരുടെയും, കുട്ടി

കളുടേയും സംരക്ഷണ കേന്ദ്രമായി തുടങ്ങി. ആധുനിക ഗ്രാമീണ ജീവിതത്തിന്റെ സിരാകേന്ദ്രമായി മാറിയിട്ടുള്ളതും വിദ്യാഭ്യാസത്തിന്റെ ആശാൻകളരികളുമായി രൂപാന്തരപ്പെട്ടിരിക്കുന്നതും ആയ അംഗനവാടികൾ പഞ്ചായത്തിൽ ആകെ 19 എണ്ണമാണുള്ളത്. ഇവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ആവശ്യങ്ങളും ചുവടേ ചേർത്തിരിക്കുന്നു.

❖ നിലവിലുള്ള അംഗൻ വാടികളുടെ സ്ഥിതിമെച്ചപ്പെടുത്തണം. സ്വന്തമായി കെട്ടിടമുള്ളിടത്ത് കുട്ടികൾക്ക് പ്രാഥമിക കാര്യങ്ങൾ ചെയ്യുവാനുള്ളസൗകര്യം ഉണ്ടാകണം. അംഗൻവാടികൾക്ക് ടാപ്പ് കണക്ഷനും വൈദ്യുതിയും സൗജന്യമായി നൽകണം

❖ നിലവിലുള്ള അംഗൻവാടികളിൽ കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകളും കളിസ്ഥലവും ലഭ്യമാക്കണം.

❖ കുട്ടികൾക്ക് ഇപ്പോൾ കൊടുത്തു വരുന്ന ഉച്ചഭക്ഷണം മെച്ചമായി പാകം ചെയ്ത് രുചികരമാക്കണം.

❖ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം സമ്പാദിച്ച് കെട്ടിടം നിർമ്മിച്ച് നൽകണം.


❖ വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് കൂടുതൽ അംഗൻവാടികൾ സ്ഥാപിക്കണം. പുതിയവ സ്ഥാപിക്കുമ്പോൾ നിലവിലുള്ള ആശാൻകളരികളുടെ(കുടിപ്പള്ളിക്കൂടം) പ്രവർത്തനത്തിന് തടസ്സമുണ്ടാകാൻ പാടില്ല.

❖ റേഷൻ വിതരണരംഗത്ത് വ്യാപാരികളുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നിലനിൽക്കുന്ന പരാതികളും അസ്വാരസ്യങ്ങളും പരിഹൃതമാകാതെ വഷളാകുന്ന അവസ്ഥയുണ്ട് .റേഷൻ കടകളിലുള്ള പരാതി പുസ്തകത്തിനൊപ്പം പൊതു സ്ഥലങ്ങളിൽപരാതിപ്പെട്ടി സ്ഥാപിച്ച് പരാതി സ്വീകരിക്കുന്ന സമ്പ്രദായം ഉണ്ടാകണം.

❖പരാതികൾക്കതീതമായ കുറ്റമറ്റ റേഷനിംഗ് സമ്പ്രദായം നിലനിർത്തുവാനും പരാതികൾക്ക് അടിയന്തിര പരിഹാരം കാണുവാനും കഴിയത്തക്ക നിലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഭക്ഷ്യ ഉപദേശക സമിതി രൂപീകരിക്കേണ്ടാണ്.

ലൈഫ് ഇൻഷ്വറൻസ്

ഗ്രൂപ്പ് ഇൻഷ്വറൻസ് പോലെയുള്ള സാമൂഹിക ക്ഷേമപദ്ധതികൾക്കാവശ്യമായ പ്രചാരം നൽകണം .



"തെയ്യാ തിനിന്തിരിതെയ്യന്നംതാരാ
താരാ തിനിന്തിനി തെയ്യന്നംതാരാ"

കേരളത്തിന്റെ കൃഷ്യധിഷ്ഠിത ഗ്രാമീണ വയലേലകളിൽ കർഷകപെൺകൊടികൾ ഒറ്റക്കും കൂട്ടായും ഞാറുപറിച്ചു നടുന്ന കാലത്ത് പാടിയിരുന്ന ഈ പാട്ട് ഇന്നു കേൾക്കാറില്ല. കേൾക്കാൻ ഇമ്പമുള്ളതും പാടത്തു പണിയെടുക്കുന്നവർക്ക് ഉത്തേജനം കൊടുക്കുന്നതുമായ ഈ പാട്ട് എന്ന് എങ്ങിനെ ആര് രൂപം നൽകിയതെന്ന് അറിവില്ല.

വള്ളംകളിയുടെ ഈറ്റില്ലമെന്നു വിശേഷിക്കപ്പെടാവുന്ന കുട്ടനാട്ടിലെ ജല മേളകൾ ആബാലവൃദ്ധം ജനങ്ങളും ജലമേള ഒരുപോലെകണ്ടാനന്ദിക്കുന്നു വള്ളവും വെള്ളവും തമ്മിൽ അത്രകണ്ട് ഇഴുകി ചേർന്ന ഒരു ജീവിത ശൈലിയാണ് ഈ നാട്ടിലെ ജനങ്ങളുടേത്.കലാരംഗിയുള്ള കളിവള്ളങ്ങളിൽ മെയ്വഴക്കമുള്ള കരുത്തൻമാർ കാഴ്ചവയ്ക്കുന്ന പ്രകടനങ്ങൾ ആരേയും ആകർഷിക്കത്തക്കതാണ്. ജലമേളയിൽ അടുത്ത കാലത്തുണ്ടായ അടുക്കും ചിട്ടയും നവീന രീതികളും ടൂറിസ്റ്റുകളെ ധാരാളമായി ആകർഷിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്.

തിരുവതാംകൂറിലെ രാജഭരണ കാലത്ത് രാജാവിന്റെ ജൻമദിനാഘോഷങ്ങളുടെ ഭാഗമായി ജലഘോഷയാത്രകൾ നടത്തിപോന്നിരുന്നു. നമ്മുടെ ഗ്രാമ പഞ്ചായത്തിലെ സെൻറ് അലോഷ്യസ് ഹൈസ്ക്കൂളിൽ നിന്നും രാജാക്കൻമാരുടെ ജൻമദിനം കളിവള്ളങ്ങളിൽ രാജാവിന്റെ അലങ്കരിച്ച പടം മുത്തുക്കുടകളുമായി അദ്ധ്യാപകരുടെ നേതൃത്വത്തിൽ നാനാ ജാതി മതസ്ഥരായ സ്ക്കൂൾ കുട്ടികൾ വഞ്ചിപ്പാട്ടും പാടി പമ്പയാറ്റിലൂടെ തലവടി ഗവ: സ്ക്കൂളുവരെ പോയിവന്നിരുന്ന മനോഹരമായ കാഴ്ച പഴമക്കാർ ഇന്നും പങ്കുവയ്ക്കാറുള്ള സന്തോഷാനുഭവമാണ്.ഇത്തരം ജലോത്സവ പരിപാടികളായിരിക്കാം നമ്മുടെ പ്രദേശത്തെ മഹത്തായ മതസൗഹാർദ്ധ പാരമ്പര്യത്തിനെ നാം അറിയാതെ പ്രേരകായി പ്രവർത്തിച്ച മാന്ത്രിക ശക്തി . എല്ലാം മറന്ന് ആവേശഭരിതനായി തീർന്ന നമ്മുടെ പ്രിയങ്കരനായിരുന്ന പ്രധാനമന്ത്രി ചാച്ചാജി കളിവള്ളത്തിൽ ചാടിക്കയറിയ ചരിത്ര പശ്ചാത്തലമാണ് പ്രസിദ്ധമായ Nerhu Trophy മത്സര ജലമേളയ്ക്കു പിന്നിലുള്ളത്. ആണ്ടുതോറും പുന്നമട

കായലിൽ നടത്തുന്ന ഈ മേളയിൽ ഗ്രാമപഞ്ചായത്തിലെ വിവിധ ബോട്ട് ക്ലബുകൾകളിവള്ളങ്ങളെ പങ്കെടുപ്പിക്കാറുണ്ട്. III-ാം വാർഡിലെ തത്വമസി Arts and Sports Club. VI -ാം വാർഡിലുള്ള ശക്തി Arts and Sports Club VII -ാം വാർഡിലുള്ള യുവചേതന Arts and Sports Club കൊടുപ്പുന്ന Boat Club എന്നീ സാംസ് ക്കാരിക സംഘടനകൾ സാമ്പത്തിക പരാധീനതയിലാണ് പ്രവർത്തിക്കുന്നത്. ജനങ്ങളുടെ സാമ്പത്തിക സഹായം മാത്രമേ ഇന്ന് പ്രവർത്തനങ്ങൾക്കായുള്ളൂ. കലാരംഗിയുള്ള കളിവള്ളങ്ങൾ പണിയുന്നതിന് വൻ തുക മുടക്കേണ്ടി വരും. തച്ചു ശാസ്ത്രത്തിലെ പ്രത്യേക പ്രാവിണ്യം ലഭിച്ചവരുടെ കഠിനവും നിരന്തരവുമായ പ്രയത്നം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകമാണ്. ചുണ്ടൻ വള്ളങ്ങൾ പണിയുന്നതിൽ പ്രസിദ്ധ നായതച്ചനാണ് കോഴിമുക്കിലെ പരേതനായ നാരയണനാശ്ശാരി.

സായിപ്പൻമാർ നമ്മുടെ ചുണ്ടൻ വള്ളങ്ങൾക്ക് Snake Boat എന്നാണ് പേരിട്ടത് ചുണ്ടൻ വള്ളങ്ങൾ ഇന്നു തുഴയുന്നരീതി വ്യത്യാസപ്പെടുത്തി എതിർദിശയിലേക്കു തുഴഞ്ഞാൽ പാമ്പുകൾ പത്തികൾ വിടർത്തി പാഞ്ഞു വരുന്ന പ്രതീതി ജനിപ്പിക്കുന്നതിനാലാവാം ഈ പേര് ചുണ്ടൻവള്ളങ്ങൾക്ക് ഉണ്ടായതെന്നു പറയപ്പെടുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ മതസൗഹാർദ്ദം ഊട്ടി വളർത്തിയ മറ്റൊരു പ്രധാന ശക്തിയാണ് ചരിത്ര പ്രസിദ്ധവും തീർത്ഥാടനകേന്ദ്രവുമായ എടത്വാ പള്ളിയിലെ വി: ഗീവറുഗീസ് സഹദായുടെ ഏപ്രിൽ 27ന് തുടങ്ങി മെയ്7ന് അവസാനിക്കുന്ന തിരുനാൾ മഹാമഹം. ലക്ഷകണക്കന് തീർത്ഥാടകർ ആണ്ടു തോറും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അയൽ സംസ്ഥാനങ്ങളിൽ നിന്നും ഈ കാലയളവിൽ കരമാർഗ്ഗവും ജലമാർഗ്ഗവും വഴിപാടുകൾക്കും നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതിനും വന്നു പോകുന്നു. തീരെകുറവില്ലാത്ത ഒരു ഭാഗം തീർത്ഥാടകർ തിരുനാൾ കാലത്ത് പള്ളിപരിസരത്ത് കഴിഞ്ഞുകൂടുന്നു. അങ്ങനെ കഴിയുന്നവർക്ക് താൽക്കാലിക പാർപ്പിടി സൗകര്യങ്ങൾ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങൾ, ഒക്കെ ക്രമീകരിക്കുന്ന കാര്യങ്ങൾ ഇവിടെയുള്ള നാന ജാതി മതസ്ഥരും ഒരുമയോടെയാണ് പ്രവർത്തിക്കുന്നത്. ഈ പ്രദേശത്തെ എല്ലാ വിഭാഗം ആൾക്കാരും ഈ വശുദ്ധനെ ഒരുപോലെ ആദരിക്കുന്നു . എന്നതിന്റെ പ്രത്യക്ഷ ലക്ഷണമാണിത് ഇതു കാണിക്കുന്നത് വഴിപാടുകൾ നടത്തുന്നതിലും നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതിലും ഇവിടെ ജാതിമത വ്യത്യാസങ്ങൾ ഇല്ല എന്നത് ഇവിടുത്തെ പ്രത്യേകതയാണ്.

എടത്വായിലെ വിശു: സെൻറ് ജോർജ്ജിന്റെ ദേവാലയം പണികഴിപ്പിച്ചിരിക്കുന്ന സ്ഥലം പച്ചയിലെ വെള്ളാപ്പള്ളി നായർ തറവാട്ടുകാർ സംഭാവന ചെയ്തിട്ടുള്ളതാണ് . ഇതാണ് ഇവിടെ നൂറ്റാണ്ടുകളായി നിന്നു പോന്നിരുന്ന മതസൗഹാർദ്ദ മഹാ പാരമ്പര്യം- തലമുറകൾ ഉഴുതു വളർത്തിയ മനോധൈര്യം.

നമ്മുടെ മഹാന്ദക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും ക്ഷേത്ര കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും നാന ജാതി മതസ്ഥരും ആളും അർത്ഥവും നല്കി പോരുന്ന ഒരു പ്രത്യേക മനോഭാവം അതിന്റെ തനിമയിൽ തന്നെ ഇന്നു തുടർന്നു പോരുന്നു. ഇങ്ങനെ നോക്കുമ്പോൾ നമ്മുടെ ഗ്രാമപഞ്ചായത്തിലെ സാംസ്ക്കാരിക രംഗം അതിന്റെ കുതിപ്പിലും കിതപ്പിലും എല്ലാ മതസ്ഥ

രുടെയും കൂട്ടായ പങ്കാളിത്തം കുറഞ്ഞ കാലമത്രയും ഉറഷ്പുവരുത്തി കുഴിഞ്ഞിരിക്കുകയുമാണ്.....ലാണ് ഇവിടെS.N.D.P പ്രസ്ഥാനം ആരംഭിച്ചത് . സാംസ്ക്കാരി പ്രവർത്തനങ്ങളുടെ ഒരു വലിയ കണ്ണിയായിരുന്ന S.N.D.P അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പടിപടിയായി കുറഞ്ഞുകൊണ്ടു വരുന്നതിന് ഒട്ടേറെ സഹായിച്ചിട്ടുണ്ട്.

സാധാരണക്കാരന്റെ സർവ്വകലശാല ഗ്രന്ഥശാല

നമ്മുടെ ഗ്രാമത്തിൽ ഇന്നുള്ള ഗ്രന്ഥശാലകളു ടെയും വിവരങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. ഒന്നാം വാർഡിലുള്ള വിദ്യാവിനോദിനി മൂന്നാം വാർഡിലെ ദേശാഭിവണിനി 6-ാം വാർഡിലെ S.B.V IX -ാം വാർഡിലെ ദേശാഭിമാനി എന്നിവ കൾ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണ് 1947-ൽ ആരംഭിച്ച തായങ്കരി S.B.V വായനശാലക്ക് പരേതനായ ശ്രീ. നാരായണകുറുപ്പ് ....1977-ൽ കെട്ടിടം പണിയുന്നതിന് 5 സെൻറ് സ്ഥലം വാങ്ങി സംഭാവനചെയ്തു. രാജാംമോഹൻ റോയ് ഫണ്ടുണ്ടാക്കുന്നതിനായി നിന്നു ലഭിച്ച 48750 രൂപായും ജനപങ്കാളിത്തത്തോടെയും വള്ളംകളിയിലൂടെയും സമാഹരിച്ച 75000 രൂപായും ചെലവഴിച്ച് പണിതു വരുന്ന ഗ്രന്ഥശാല കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. ദേശീയ വായനശാല ചങ്ങംങ്കരിയും എടത്വാ പഞ്ചായത്ത് ലൈബ്രറിയുംഒഴിച്ച് ബാക്കി വായനശാലകൾ എല്ലാം തന്നെ B Grade ലാണ്. പ്രതിവർഷം പുസ്തകം വാങ്ങുന്നതിന് Rs.4000. ഗ്രാൻറും ലൈബ്രേറിയൻ അലവൻസ് Rs 6000 ഉം ഇപ്പോൾ B Grade വായനശാലക്കു ലഭിച്ചു കൊണ്ടിരിക്കുന്നു. പഞ്ചായത്ത് ലൈബ്രറിയിൽ 2316 ഗ്രന്ഥങ്ങൾ ഉണ്ട്. ചേതനഅറ്റുകിടക്കുന്ന ഒരവസ്ഥയാണ് ഇതിനു ഇപ്പോഴുള്ളത്.

1948 മുതൽ 1977 വരെ നമ്മുടെ പഞ്ചായത്തിൽ 5-ാം വാർഡിൽ വളരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പച്ച-ചെക്കിടിക്കാട് സെൻറ് മേരീസ് ലൈബ്രറി .കുട്ടനാടു യൂണിയനിലെ തന്നെ ഏറ്റവും മെച്ചപ്പെട്ട വയിൽ ഓന്നായിരുന്നു ഇത്. 1977-ൽ പുതിയ കെട്ടിടത്തിലേക്കു മാറ്റി സ്ഥാപിച്ചപ്പോൾ ഇതു തകഴി പഞ്ചായത്തിന്റെ ഒന്നാം വാർഡിലായി . ഇതു സ്ഥാപിച്ചതും വളർത്തിയെടുത്തതും പരേതനായ ബഹു: പനയ്ക്കപ്പറമ്പിൽ ജോസഫപ്പച്ചനായിരുന്നു. ഉദ്ദേശം കാൽ നൂറ്റാണ്ടിലേറെകാലം ഈ ഇപ്രസ്ഥാനത്തെ സമർപ്പിത ജീവിതം കൊണ്ട് വളർത്തിയെടുത്ത ബഹു: അച്ചന്റെ ഷഷ്ടിപൂർത്തി നാനാജാതി മതസ്ഥർ ഒരുമയോടെ .....ആഘോഷിച്ചു. "ഒരു സാമൂഹിക പ്രവർത്തകനെ അംഗീകരിച്ച് ആദരിച്ച മഹത്തായ പാരമ്പര്യം എക്കാലവും ശ്ലാഖനീയമാതതാണ്"എന്ന് കേരളാ ഗ്രന്ഥശാല സംഘം ജനറൽ സെക്രട്ടറി ശ്രീ പി. എൻ. പണിക്കർ സന്ദേശനത്തിലും സന്ദർശനകുറിപ്പിലും രേഖപ്പെടുത്തുയിട്ടുണ്ട്.

ചെളി മണ്ണു കൊണ്ട് 1948 ൽ കുത്തി പൊക്കിയെടുത്ത തകഴി എടത്വാ റോഡിൽ പണികഴിപ്പിച്ച പാലങ്ങൾ എല്ലാം തകർന്നു ജനസഞ്ചാരത്തിനു പോലും ഉതകാതെ കന്നു കാലികളുടെ മേച്ചിൽ സ്ഥലമായിട്ട് കാൽ നൂറ്റാണ്ടു കളോളം അനാഥമായി കിടന്നു.റോഡിന്റെ അവസ്ഥയെപ്പറ്റി ചിന്തച്ച് ഒരു പറ്റം ഗ്രന്ഥശാല പ്രവർത്തകർ ബഹു: അച്ചന്റെ ബുദ്ധിക നേതൃത്വത്തിൽ 1970-ൽ കുട്ടനാട് M.L.A ആയിരുന്ന ഉമ്മൻ തലവടി തിരുല്ല M.L.Aആയിരുന്ന ശ്രീ. ഇ. ജോൺ ജേക്കബ്ബ് എന്നിവരെ

രക്ഷാംധികരികളാക്കി ശ്രീ. ടി. ടി.ഫ്രാൻസിസ് തട്ടുപുരയ്ക്കൽ സെക്രട്ടറി യായി "ബസ് സമ്പാദക സമിതി" എന്ന സമിതി ഉണ്ടാക്കി വായന ശാല കേന്ദ്രീ കരിച്ചു പ്രവർത്തനം തുടങ്ങി. 1.8.70 ൽ അന്നത്തെ കേരളാ ഗവർണ്ണർ ആയിരുന്ന ബഹു:കെ. കെ. വിശ്വനാഥന് 10000 പേർ ഒപ്പിട്ട ഒരു ഭീമഹർജ്ജി രാജ്ഭവനിൽ പോയി സമർപ്പിച്ചു തുടർന്ന് ആലപ്പുഴ Collectorate കൂടിയ D.D.C ക്കുമുന്നിൽ 6. 9. 70 ൽ ഉദ്ദേശം 500 ആൾക്കാർ പട്ടണം ചുറ്റി പ്രകടനം നടത്തി കളക്ടർക്ക് നിവേദനം സമർപ്പിച്ചു. ആലപ്പുഴ പട്ടണ വീഥികളിലൂടെ സാംസ്ക്കാരിക സംഘടനാ പ്രവർത്തകർ ആദ്യമായി നടത്തുന്ന പ്രകടനത്തിലെ പ്രധാന മുദ്രാവാക്യമായിരുന്നു " തകഴി ബസ് സർവ്വീസ് ഉടനടി വേണം സർക്കാരെ" ഇത പ്രകടനം പുതുമയുള്ളതായിരുന്ന തിനാൽ ജനശ്രദ്ധ ഏറെ പിടിച്ചുപറ്റി. തകർന്ന കോൺക്രീറ്റു പാലങ്ങൾ കല വളംബം കൂടാതെ പൊളിച്ചു പണിതു. രണ്ടു ട്രാൻസ്പോർട്ടു ബസുകൾ തകഴി യിൽ നിന്ന് ആദ്യം മരിയാപുരം വരെയും പിന്നീട് കോഴിമുക്കുവരെയും എടത്വാ കടത്തു വള്ളപടി വരെയും 1971 ഏപ്രിൽ മാസം സർവ്വീസ് മുതൽ നടത്തി. ടിക്കറ്റ് ചാർജ്ജ് 10 പൈസ ആയിരുന്നു. ബസ്യാത്രക്കാർനന്നേകുറവായിരുന്നതി നാൽ സർവ്വീസ് നിറുത്തിയേക്കുമന്ന അവസ്ഥവരെയായി കൂനിൽ മേൽ കുരു എന്നപോലെ ചെളി മണ്ണു റോഡു പല ഭാഗത്തും ക്രമാതീതമായി താഴുവാനും തുടങ്ങി. ഇക്കാലമത്രയും ജനങ്ങളും ബസ് ജീവനക്കാരും കൂട്ടായി പ്രവർത്തിച്ച് പ്രതിസന്ധികൾ ഒന്നൊന്നാ യി തരണം ചെയ്തു.

1973 Aug ൽ എടത്വാ പാലം അന്നത്തെ പൊതുമരാമത്തു വകുപ്പു മന്ത്രിയായിരുന്ന ബഹു:ടി. കെ. ദിവാകരൻ ഉൽഘാടനം ചെയ്തു. ഇതോടെ തകഴി- എടത്വാ റോഡിന്റെ ശനിദശ മാറി ഇന്ന് ഈ റോഡ് കേരളത്തിലെ ഏറ്റവും മനോഹരമായ റോഡുകളിൽഒന്നാണ്. സാംസ്ക്കാരിക സ്ഥാപനങ്ങൾ ജന പങ്കാളിത്തത്തോടെ നേടിയെടുക്കാവുന്ന സാമൂഹ്യ നേട്ടത്തിന്റെ ഉത്തമ മാതൃക. ഈ പ്രദേശത്തിൻറ സാംസ്ക്കാരിക വളർച്ച ക്കു നേതൃത്വം നൽകിയവരും സാംസ്കരിക വളർച്ചയുടെ ഫലമായി ജൻമംകൊണ്ട വരുമായ നിരവധി പ്രശസ്ഥ വ്യക്തികൾ നമ്മുക്ക് കൈമുതലയിട്ടുണ്ട്. ജീവചരിത്ര കാരൻ , സാഹത്യ നിരൂപകൻ , ചരിത്ര കാരൻ എന്നീ നിലകളിൽ പ്രസിദ്ധനായ ശ്രീ. പി. കെ. പരമേശ്വരൻ നായർ, റേഡിയോ അമ്മാവൻ ശ്രീ. വീരരാഘവൻ നായർ സ്വാതന്ത്ര പടനായകൻമാരായി രുന്ന ശ്രീ. വറുഗീസ് അഗസ്റ്റ്യൻ Ex. M.L.A പീടികയിൽ വലിയ കുട്ടപ്പൻ, കേരളത്തിലെ ഫ്രാൻസിസ്ക്കൻ സഭാ സ്ഥാപകനായ പുത്തൻപറമ്പിൽ തൊമ്മച്ചൻ കളങ്ങര ദേശാഭിമാനി വായനശാല യുടെ നെടുംതൂണായി പ്രവർത്തിച്ച കുട്ടനാട് Retd. Thahasildar Shri. K.C. Mathew ഇവരൊക്കെ നമ്മുടെ സാംസ് കാരികമണ്ഡലത്തിലെ അമൂല്യ സമ്പത്തു ക്കൾ തന്നെയാണ്

നമ്മുടെ ഗ്രാമസഭാ ചർച്ചകളിലൂടെ ഉരിത്തിരിഞ്ഞ പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു

പഞ്ചായത്തു വായനശാല പ്രവർത്തനരഹിതമാണ് എല്ലാവിധസഹകര്യ ങ്ങളോടും കൂടി ലൈബ്രറി പ്രവർത്തിക്കേണ്ടതാണ്

ഗ്രന്ഥശാല നിലവിലില്ലാത്ത വാർഡുകളിൽ ഗ്രന്ഥശാല സ്ഥാപിക്കുക.

വനിതകളിൽ വായനാശീലം വളർത്തിയെടുക്കുന്നതിന് പുസ്തകങ്ങൾ സാമൂഹ്യ പ്രവർത്തകർ വീടുകളിൽ എത്തിക്കുക.

സന്നദ്ധസംഘടനകൾക്ക് മാനവ ശേഷി വികസന വകുപ്പിന്റെ സാമ്പ കത്തിക സഹായം ഉറപ്പുവരുത്തി കല കളെ പ്രോത്സാഹിപ്പിക്കുക.

കലകളെ പ്രോത്സാഹിപ്പിക്കുന്ന തിന് പഞ്ചായത്തു തലത്തിൽ സമിതി രൂപീകരിക്കുക.

പഞ്ചായത്തുതലത്തിൽ ഒരു നാടക ഗ്രൂപ്പിനും ഗാനമേള ട്രൂപ്പിനും രൂപം കൊടുത്ത് കലാപ്രതിഭകളെ പ്രോത്സാ ഹിപ്പിക്കുക. ഈ മേഖലകളിൽ മത്സര ങ്ങൾ സംഘടിപ്പിക്കുക.

പഠന സാംസ്കാരിക വനിമയ പരിപാടികൾ നടപ്പിലാക്കുക.

സാധ്യതകൾ

വാർഡുകളിൽ ഗ്രന്ഥശാല സ്ഥാപി ക്കുന്നതിനും കലാപ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനും, സാക്ഷരതാ പ്രവർത്തനം ഉയർജ്ജിതപ്പെടുത്തുവാനും ജനപങ്കാളിത്തവും പഞ്ചായത്ത് സഹാ യവും ഉറപ്പാക്കുക.

ലൈബ്രറി/വായനശാല സംബന്ധിച്ച വിവരങ്ങൾ

വാർഡ്	പേര്	സ്ഥാപക വർഷം	അംഗങ്ങൾ	ഗ്രന്ഥ എണ്ണം	ഗ്രേഡ്	പ്രതിമാസ ശരാശരി വിതരണം	മറ്റുപ്രവർത്തനങ്ങൾ	ഗ്രാൻറ്	കെട്ടിടം സ്വന്തം/അല്ല
W. I	വിദ്യുാവിനോദിനി	1948	1090	5632	B	1000	വായനശാല	Rs. 4000	സ്വന്തം
W. II									
W. III	ദേശാദിവർദ്ധിനി	1954	710	4330	B	900	വായനശാല	Rs. 4000	സ്ഥലം സ്വന്തം കെട്ടിടം പണിപൂർത്തിയായിട്ടില്ല
W. IV									
W .V									
W .VI	S.B.V. Library	1947	746	6712	B	1000	വായനശാല സാക്ഷരത	Rs. 4000	സ്വന്തം
W .VII									
W. VIII	ദേശീയവായനശാല	1936	592	5198	C	750	വായനശാല	Rs.1900	വാടക
W. IX	ദേശാഭിമാനി	1955	799	5100	A	1100	വായനശാല	Rs. 4000	ഉണ്ട്
W. X									
W. I	പഞ്ചായത്ത്			2316					

വനിതാ പക്ഷം

കേരളവികസന മാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് വികസന പ്രക്രിയയിലെ സ്ത്രീ പങ്കാളിത്തക്കുറവാണ്. ഇത് മറികടക്കണമെങ്കിൽ ഇന്നു നടക്കുന്ന പ്രാദേശികാസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും വൻതോതിൽ സ്ത്രീകളെ പങ്കെടുപ്പിക്കേണ്ടതുണ്ട്.

1991 -ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 21,715 ആണ്. ഇതിൽ സ്ത്രീകൾ 11,007ഉം പുരുഷന്മാർ 10,708 ആണ്. ആകെയുള്ള പുരുഷന്മാരേക്കാൾ 299 സ്ത്രീകൾ കൂടുതലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വാർഡ് തിരിച്ചുള്ള ജനസംഖ്യാകണക്ക് ചാർട്ടിൽ നിന്നും മനസിലാക്കാവുന്നതാണ്.

പഞ്ചായത്തിലെ കൃഷി-വ്യവസായ ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹികക്ഷേമ മേഖലകളിലെ സ്ത്രീ പങ്കാളിത്തം പഠിച്ചതിൽ കാർഷികമേഖലയിൽ മാത്രമാണ് സ്ത്രീപങ്കാളിത്തം കൂടുതലുള്ളത്.

കാർഷികമേഖലയിലെ മുരടിപ്പ് കർഷകതൊഴിലാളികളുടെ തൊഴിലവസരം കുറയാൻ കാരണമായിട്ടുണ്ട്. പച്ചക്കറി കൃഷി, ഔഷധസസ്യകൃഷി, ഉദ്യാനകൃഷി തുടങ്ങിയ വീട്ടുവളപ്പിൽ സ്ത്രീകൾക്ക് സ്വതന്ത്രമായി ചെയ്യാവുന്ന കൃഷികളും പഞ്ചായത്തിൽ കാര്യമായില്ല.

കന്നുകാലി സംരക്ഷണവും ക്ഷീര വികസനവും മിൽമാ സൊസൈറ്റികളുടെ ആവിർഭാവത്തോടുകൂടി അടുത്തകാലത്ത് പ്രചാരത്തിലായിട്ടുണ്ട്. ഈ രംഗത്ത് സ്ത്രീപങ്കാളിത്തം ഉയർന്നുവരുന്നുണ്ട്. നാടൻ പശുക്കളെ വേണ്ടത്രകിട്ടാത്തതും സങ്കരയിനം പശുക്കളെ സംരക്ഷിക്കാനുള്ള ബുദ്ധിമുട്ടും തീറ്റയുടെ ദൗർലഭ്യവും പശുവളർത്തൽ ലാഭകരമല്ലാതാക്കിയിട്ടുണ്ട്. പച്ചപുല്ലും പച്ചിലകളും ആവശ്യത്തിന് ലഭ്യമല്ലാത്തിനാൽ ആടുവളർത്തലിൽ ഏർപ്പെട്ടിരുന്ന സ്ത്രീകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

തൊഴിൽ

സാങ്കേതിക വിദ്യാഭ്യാസമുൾപ്പെടെ ഉന്നതബിരുദങ്ങൾ നേടിയ സ്ത്രീകൾ ഉണ്ടെങ്കിലും തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സ്ത്രീകൾ കൂടുതലായി പണിയെടുത്തുവന്ന സർവ്വീസ് മേഖലകളിലും സർക്കാർ സർവ്വീസുകളിലും തൊഴിലവസരങ്ങൾ കുറയുന്നതാകാം ഒരു കാരണം. ഇത്തരം പതിവു മേഖലകളില്ലാതെയുള്ള പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് കടക്കാൻ സ്ത്രീകൾ മടിക്കുന്നുണ്ട്.

ചെറുകിട വ്യവസായം

പുരുഷന്മാർക്ക് ആധിപത്യമുള്ള ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഐ.ആർ.ഡി.പി., D.W.C.R.A., വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രം എന്നിങ്ങനെയുള്ള ഏജൻസികൾ വഴിയാണ് പ്രോത്സാഹിക്കപ്പെടേണ്ടത്. ഇവ തന്നെ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല.

ആരോഗ്യം

പഞ്ചായത്തിലെ സ്ത്രീകളുടെ പൊതുവായ ആരോഗ്യ പ്രശ്നങ്ങൾ പരിശോധിച്ചതിൽ പുരുഷന്മാരെ അപേക്ഷിച്ച് രോഗാതുരതയുടെ കാര്യത്തിൽ സ്ത്രീകളാണ് മുന്നിൽ. ചികിത്സ തേടി ആശുപത്രിയിൽ എത്തുന്ന രോഗികളിൽ ഭൂരിപക്ഷം സ്ത്രീകൾ തന്നെ. ആരോഗ്യ പ്രവർത്തകരുടെ ബോധവൽക്കരണ പ്രവർത്തനത്തിലെ അപര്യാപ്തത, ആശുപത്രിയിൽ സ്ത്രീകളുടെ ഡോക്ടറുടെ അഭാവം, വീട്ടുവളപ്പിലെ പരിസരശുചിത്വക്കുറവും മലമൂത്രവിസർജ്ജനസൗകര്യങ്ങളുടെ അഭാവവുമാണ് പൊതുവായിട്ടുള്ള മുഖ്യ ആരോഗ്യ പ്രശ്നങ്ങൾ.

വിദ്യാഭ്യാസം

സ്ത്രീകളുടെ സാമൂഹ്യ പുരോഗതിയെ ബാധിക്കുന്ന പ്രതിസന്ധികൾ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ നിലനിന്നിരുന്നു. അദ്ധ്യാപകരിൽ ഭൂരിപക്ഷവും വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും പുരുഷന്മാരായിരുന്ന പഴയ അവസ്ഥയ്ക്ക് മാറ്റം വന്നു. കന്യാസ്ത്രീ അമ്മമാർ പഠിപ്പിക്കുന്ന എടത്വാ സെന്റ് മേരീസ് ഗേൾസ് ഹൈസ്ക്കൂൾ, പച്ച സെന്റ് സേവ്യേഴ്സ് യു.പി. എസ്. കൂടാതെ എടത്വാ പഞ്ചായത്തിനോട് ചേർന്നുള്ള ആനപ്രമ്പാൽ എം.റ്റി. എസ്. ഗേൾസ് ഹൈസ്ക്കൂൾ തുടങ്ങിയ പെൺപള്ളിക്കൂടങ്ങൾ നിലവിൽ വന്നതോടുകൂടി സ്ക്കൂൾ വിദ്യാഭ്യാസ കാര്യത്തിൽ പെൺകുട്ടികളുടെ മുന്നേറ്റമുണ്ടായിട്ടുണ്ട്. എടത്വാ സെന്റ് അലോഷ്യസ് കോളേജ് മിക്സഡ് കോളേജ് ആണെങ്കിലും പെൺകുട്ടികളുടെ സംഖ്യാപരമായ ആധിപത്യമാണ് നിലവിലുള്ളത്. എടത്വാ പയസ് X ഐ.റ്റി.സി. യിലെ സാങ്കേതിക വിദ്യാഭ്യാസ സൗകര്യവും പെൺകുട്ടികൾക്കുകൂടി അനുവദിക്കപ്പെട്ടിട്ടുണ്ട്. അംഗൻവാടികൾ, പ്രീ പ്രൈമറി സ്ക്കൂളുകൾ, നേഴ്സറി സ്കൂളുകൾ ഇവയിലെല്ലാം സ്ത്രീകളാണ് അദ്ധ്യാപനവും നിയന്ത്രണവും നിർവ്വഹിക്കുന്നത്.

ഈ രംഗത്ത് അടിസ്ഥാനസൗകര്യങ്ങളുടെ കുറവും അശാസ്ത്രീയവും അപര്യാപ്തവുമായ സേവന-വേതന വ്യവസ്ഥകളുമാണുള്ളത്.

സാമൂഹ്യക്ഷേമം

സ്ത്രീകളുടെ സാമൂഹ്യപദവിക്കെതിരെ സാംസ്ക്കാരികവും സാമൂഹ്യവും ശാരീരികവുമായ ആക്രമണങ്ങൾ ഉണ്ടാകാറുണ്ട്. സ്ത്രീധനപീഢനം, ലൈംഗികാക്രമണം, മാദ്ധ്യമങ്ങളിലെ അശ്ളീല ചിത്രീകരണം, പുരുഷന്മാർക്കിടയിലെ മദ്യപാനം എന്നിവ സ്ത്രീസമൂഹം അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളാണ്. ഇവയ്ക്കെതിരെ സംഘടിതവും ബോധപൂർവ്വവുമായ

ചെറുത്തു നിൽപ്പും സമൂഹത്തിന്റെ ഇടപെടലും ഉയർന്നു വരേണ്ടതുണ്ട്.

സ്ത്രീകൾ നേരിട്ടു നടത്തുന്ന ഐ.സി.ഡി.എസ്. പ്രോജക്ടിനു കീഴിലുള്ള അംഗൻവാടികൾ പഞ്ചായത്തിലാകെ 19 എണ്ണമാണുള്ളത്. ഇവയുടെ എണ്ണം വർദ്ധിക്കേണ്ടതും ഉള്ളവയുടെ സൗകര്യം മെച്ചപ്പെടുത്തേണ്ടതുമുണ്ട്. മഹിളാ സമാജങ്ങളും, വായനശാലകളും കാര്യക്ഷമമായി നടത്തുവാനോ ഉപയോഗപ്പെടുത്തുവാനോ കഴിയുന്നില്ല. വനിതാ നേതൃത്വത്തിന്റെ അഭാവവും നേതൃത്വത്തിലേയ്ക്ക് കടന്നുവരുന്നവരെ സ്ത്രീകൾ തന്നെ അപവാദം പറഞ്ഞ് പിന്തിരിപ്പിക്കുന്ന പ്രവണതയും നിലനിൽക്കുന്നു. സ്ത്രീകൾക്കായുള്ള പദ്ധതികൾ സ്ത്രീകൾക്കിടയിൽ പ്രചരിപ്പിക്കുന്നതിലും സത്രീകളെ ബോധവൽക്കരിച്ച് ഗുണഭോക്താക്കളാക്കി മാറ്റുന്നതിലും പോരായ്മകൾ നിലനിൽക്കുന്നുണ്ട്.

ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളും നിർദ്ദേശങ്ങളും.

❒ സ്ത്രീകളുടെ സാമ്പത്തിക വരുമാനവും സാമൂഹ്യപദവിയും ഉയർത്താനാവശ്യമായ സാംസ്ക്കാരിക-വിദ്യാഭ്യാസ കാർഷിക-വ്യവസായിക പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആവ്ഷ്കരിക്കണം.

❒ സ്ത്രീകൾക്കുണ്ടാകുന്ന പീഢാനുഭവങ്ങൾ സ്വതന്ത്രമായി അവതരിപ്പിച്ച് പരിഹാരം കാണാനുള്ള വനിതാവേദി (വനിതാ സെൽ) ക്ക് പഞ്ചായത്ത് തലത്തിൽ രൂപം നൽകണം.

❒ പൂർണ്ണമായ മദ്യനിരോധനം ഏർപ്പെടുത്തുകയും കള്ളവാറ്റും വില്പനയും കർശനമായി തടയുകയും വേണം.

❒ എടത്വാ പോലീസ് സ്റ്റേഷനിൽ വനിതാപോലീസ് സ്ഥിരമായി വേണം.

❒ സ്ത്രീധനത്തിനും സ്ത്രീധനത്തിന്റെ പേരിലുള്ള പീഢനത്തിനുമെതിരെ ബോധവൽക്കരണവും നിയമവും കർശനമാക്കുകയും വേണം.

❒ വിധവകളായ സ്ത്രീകൾക്ക് വീടു വയ്ക്കുന്നതിനുള്ള ധനസഹായം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ എന്നിവയ്ക്ക് സഹായം ലഭ്യമാക്കണം. വിധവാ പെൻഷൻ, വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇവ കാലോചിതമായി വർദ്ധപ്പിക്കുകയും ആനുകൂല്യങ്ങൾ ലഭിക്കാനുള്ള വ്യവസ്ഥകൾ ഉദാരമാക്കി കൃത്യമായി നല്കുകയും ചെയ്യണം.

❒ കാർഷികമേഖലയിൽ നില നിൽക്കുന്ന സ്ത്രീ-പുരുഷ വേതനത്തിലെ അന്തരം മാറ്റുകയും കൂലി ഏകീകരിക്കുകയും വേണം.

❒ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് കൊടുത്തു വരുന്ന നാമമാത്രമായ ഓണറേറിയം, ചെയ്യുന്ന ജോലിക്ക് ആനുപാതികമായ കൂലി എന്ന തത്വത്തിലാക്കി വർദ്ധിപ്പിച്ച് നല്കുകുയും, സർക്കാർ ജീവനക്കാരായി അംഗീകരിച്ച് ആനുകൂല്യാവകാശങ്ങൾക്ക് അർഹരാക്കുകയും വേണം.

❒ പാചകത്തിനാവശ്യമായ ഇന്ധനക്ഷാമം നേരിടുന്നതിന് ഇന്ധനക്ഷമതയുള്ള പുകയില്ലാത്ത അടുപ്പ്, ഗോവർ ഗ്യാസ് ലഭ്യമാക്കുകയും വേണം.

സ്ത്രീകൾക്ക് സ്വന്തമായി തുടങ്ങാൻ കഴിയുന്ന തൊഴിൽ, കൃഷി, ചെറുകിട വ്യവസായ നിർദ്ദേശങ്ങൾ:

☆ തയ്യൽ, ഗാർമെന്റ്സ് മെയ്ക്കിംഗ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണയൂണിറ്റ്

☆ അച്ചാർ, ജാം, ചിപ്സ്, അരിപലഹാര നിർമ്മാണ യൂണിറ്റ്.

☆ ബേക്കറി

☆ കറി പൗഡർ നിർമ്മാണ യൂണിറ്റ്

☆ പായ് നെയ്ത്ത്, കുട്ട, മുറം നെയ്ത്ത്

☆ കരകൗശല വസ്തുക്കൾ നിർമ്മാണയൂണിറ്റ്.

☆ പ്രിന്റിംഗ്, ബുക്ക് ബയന്റിംഗ്, നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ്.

☆ ബാഗ്, പേഴ്സ്, സ്കൂൾ ബാഗ് നിർമ്മാണ യൂണിറ്റ്..

☆ മെഴുകുതിരി, തീപ്പെട്ടി, സോപ്പ്, അഗർബത്തി നിർമ്മാണ യൂണിറ്റ്.

☆ ഹോം നേഴ്സിംഗ്, കേറ്ററിംഗ്

☆ പശു, ആട്, കോഴി, താറാവ് മുയൽ വളർത്തൽ

☆ പച്ചക്കറി കൃഷി, പുഷ്പ കൃഷി, ഔഷധച്ചെടികൃഷി

☆ പഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ സംഘടനകളിലും സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തി അവരുടെ നേതൃത്വ പദവി ഉയർത്തണം.

☆ എല്ലാ വിഭാഗം സ്ത്രീകൾക്കും ഒരുമി ച്ചുകൂടാൻ കഴിയുന്ന തരത്തിൽ നിലവിലുള്ള മഹിളാ സമാജങ്ങൾ പുനർജീവിപ്പിക്കുകയും ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ സ്ഥാപി ക്കുകയും വേണം.

☆ അംഗൻവാടികളുടെ അടി സ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അംഗൻ വാടിയോടനുബന്ധിച്ച് നേഴ്സറി കളും, ക്രഷും സ്ഥാപിച്ച് ഇവയുടെ പ്രവർത്തനം വിപുലീകരിക്കുകയും വേണം.

☆ വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലും കർഷിക-വ്യവസായിക രംഗ ങ്ങളിലും സ്ത്രീ പങ്കാളിത്തം ഉയർത്താനാവ ശ്യമായ സെമിനാറുകളും പരിശീലന ക്ലാസ്സുകളും പഞ്ചായത്ത്, വാർഡ് അടിസ്ഥാ നത്തിൽ സംഘടിപ്പിക്കണം.

☆ വിവിധരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന സ്ത്രീകളെ ആദരിക്കുവാനും സാമൂഹ്യമായി അംഗീകരിക്കുവാനും സ്ഥിരം സംവിധാനം ഉണ്ടാക്കണം.

☆ പ്രശസ്തമായ വിജയം നേടുന്ന വിദ്യാർത്ഥിനികളെ ആദരിക്കുകയും പ്രോത്സാഹനം നൽകുകയും വേണം.

☆ എടത്വാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വിപുലീകരിക്കുകയും, സ്ത്രീകളുടെയും കുട്ടികളുടെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുകയും വേണം.

☆ ശുദ്ധജലം, വൈദ്യുതിക്ഷാമം, ഭവനദാരിദ്ര്യം ഇവ അടിയന്തിരമായി പരിഹ രിക്കുകയും പരിസര മലിനീകരണം തടയു ന്നതിന് പര്യാപ്തമായ കക്കൂസുകൾ നിർമ്മിച്ച് ഇല്ലാത്തവർക്ക് നല്കുകയും വേണം.

☆ ഗ്രാമസഭകളിലാകെ ഉയർന്നു വന്ന ആവശ്യത്തിനനുസൃതമായി കുളി ക്കടവുകൾ, നടവഴികൾ ഇവ നിർമ്മിക്കണം.

☆ സ്ത്രീകളുമായി ബന്ധപ്പെട്ട് ഇതരവിഷ യങ്ങളിൽ ഉന്നയിച്ചിട്ടുള്ള പൊതുവായ നിർദ്ദേശങ്ങളും ആവശ്യങ്ങളും അംഗീകരിച്ച് നടപ്പാക്കണം.

സഹകരണമേഖല

സഹകരണപ്രസ്ഥാനങ്ങൾക്ക് വളരെയേറെ പ്രാധാന്യമുള്ള മേഖലയാണെങ്കിലും സാധാരണ ജനങ്ങൾക്ക് ഗുണപ്രദമായ പ്രവർത്തനം ഈ രംഗത്ത് വേണ്ടത്ര ഉണ്ടായിട്ടില്ല.

വിവിധ മേഖലകളിലായി 10 സഹകരണ സംഘങ്ങളാണ് പഞ്ചായത്തിലുള്ളത്.

1. എടത്വാ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 13

2. കൊടുപ്പുന്ന സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 120

3. പച്ച-ചെക്കിടിക്കാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ

4. എടത്വാ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം ലിമിറ്റഡ് നമ്പർ എ 897

5. എടത്വാ പഞ്ചായത്ത് പട്ടികജാതി ഖാദി ഗ്രാമവ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എ 150

6. എടത്വാ സെന്റ് അലോഷ്യസ് കോളേജ് ഉദ്യോഗസ്ഥസർവ്വീസ് സഹകരണ സംഘം ലിമിറ്റഡ് നമ്പർ എ 845

7. എടത്വാ സെന്റ് അലോഷ്യസ് കോളേജ് സഹകരണസംഘം ലിമിറ്റഡ് നമ്പർ എ 400

8. പാണ്ടങ്കരി ക്ഷീരോല്പാദക സഹകരണ സംഘം ലിമിറ്റഡ് എ 155 (ഡി)

9. തായങ്കരി ക്ഷീരോല്പാദക സഹകരണസംഘം ലിമിറ്റഡ് നമ്പർ എ 159

10. എടത്വാ ക്ഷീരോല്പാദക സഹകരണസംഘം ലിമിറ്റഡ് നമ്പർ

11. സെന്റ് അലോഷ്യസ് ഹൈസ്കൂൾ സഹകരണ സംഘം ലിമിറ്റഡ് നമ്പർ

വായ്പാ സംഘങ്ങൾ

നാല് വായ്പാ സഹകരണ സംഘങ്ങളാണ് പഞ്ചായത്തിലുള്ളത്. ഇതിൽ കൊടുപ്പുന്ന, പച്ച ചെക്കിടിക്കാട്, എസ്. എ കോളേജ് ഉദ്യോഗസ്ഥ സഹകരണ സംഘം എന്നിവ ഏറെക്കുറെ നല്ല നിലയിൽ പ്രവർത്തിക്കുന്നു.

എടത്വാ SCB Ltd. No13. കഴിഞ്ഞ കുറെ വർഷങ്ങളായി വായ്പാരംഗത്ത് എന്തെങ്കിലും പ്രവർത്തനം നടത്തുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ സംഘത്തിന്റെ പ്രവർത്തനം പുരോഗതിയിലാണ്. സമീപഭാവിയിൽ തന്നെ വായ്പാ പദ്ധതികളടക്കമുള്ളവ നടപ്പിലാക്കുവാൻ കഴിയുന്നതാണ്. FACT യുടെ സെൻട്രൽ ഡിപ്പോയും ഈ സഹകരണ ബാങ്കിനോടനുബന്ധിച്ചാണ് പ്രവർത്തിക്കുന്നത്.

പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചമായി നടക്കുന്നില്ല. അംഗങ്ങൾക്ക് പ്രയോജനകരമായ പദ്ധതികൾ നടപ്പിലാക്കണം.

ക്ഷീരസംഘങ്ങൾ

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സാദ്ധ്യതയ്ക്കനുസരിച്ചുള്ള പുരോഗതി കൈവരിച്ചിട്ടില്ല. കാലിത്തീറ്റകൾക്ക് പൊതുവിപണിയിൽ വർദ്ധിച്ച വില കൊടുക്കേണ്ടിവരുന്ന സ്ഥിയിൽ ക്ഷീരകർഷകർക്ക് നിയന്ത്രിത വിലയ്ക്ക് കാലിത്തീറ്റ ആവശ്യാനുസരണം നല്കുവാൻ സംഘങ്ങൾക്ക് കഴിയാത്തതും ഉല്പാദന ചിലവിന് ആനുപാതികമായി പാലിന് വില ലഭിക്കാത്തതും ഈ രംഗത്ത് ക്ഷീരോല്പാദകരുടെ എണ്ണം കുറയുവാൻ ഇടയാക്കിയിട്ടുണ്ട്. ഇതിനു പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

വ്യവസായ സംഘം

എടത്വാ പഞ്ചായത്ത് പട്ടികജാതി ഗ്രാമവ്യവസായ സഹകരണമാണ് സംഘമാണ് പഞ്ചായത്തിലുള്ള ഏകവ്യവസായ സംഘം സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും കാര്യമായ പ്രവർത്തനം നടക്കുന്നില്ല. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചുകൊണ്ട് വ്യവസായസംരംഭങ്ങൾ ആരംഭിക്കുമെന്നാണ് മനസ്സിലാക്കുന്നത്. കാർഷികമേഖലയിൽ കർഷകർ, കഷക തൊഴിലാളിസംഘം കാർഷികോല്പങ്ങളുടെ സംസ്ക്കരണം, വിപണനം, അസംഘിടിത മേഖലയിലുള്ള ഇരുമ്പുപണിക്കാർ മരപ്പണിക്കാർ, മൽസ്യ തൊഴിലാളികൾ, കരകൗശലവിദഗ്ദ്ധർ എന്നിവരുടെ സംഘങ്ങളും ഈ മേഖലയിൽ രൂപീകൃതമായിട്ടില്ല. ഇതിനുള്ള സാദ്ധ്യതകൾ പരിഗണിക്കപ്പെടേണ്ടതാണ്.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

ക്രെഡിറ്റ് സഹകരണസംഘങ്ങൾ കർഷകരുടെ ആവശ്യങ്ങൾക്കനുസൃതമായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പൂർണ്ണമായി വിജയിച്ചിട്ടില്ല.

ക്ഷീരോല്പാദക രംഗത്തുള്ള ഏറെ സാദ്ധ്യതകളെ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ പൊതുവികസന പദ്ധതികളിൽ സഹകരണ സംഘങ്ങളുടെ പങ്ക് ഉണ്ടാകുന്നില്ല.

വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കാനുള്ള സാദ്ധ്യതയേറെയുണ്ട്. ഈ രംഗത്ത് ആരും തന്നെ ശ്രദ്ധിക്കുന്നില്ല.

ഇരുമ്പു പണിക്കാർ, മരപ്പണിക്കാർ, കരകൗശല തൊഴിലാളികൾ, നിർമ്മാണ തൊഴിലാളികൾ എന്നിവരുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള സാദ്ധ്യതകൾ വിനിയോഗിക്കണം.

മൽസ്യത്തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിക്കേണ്ടതുണ്ട്.

കാർഷികോല്പന്നങ്ങളുടെ സംസ്ക്കരണവും വിപണനവും ലക്ഷ്യമാക്കി സഹകരണസംഘം രൂപികരിക്കേണ്ടതാണ്. കാർഷിക മേഖലയിലാകെ പുരോഗതിയുണ്ടാക്കാൻ ഇതിനു കഴിയും.

പ
ട്ടി
ക
ജാ
തി
പ
ട്ടി
ക
വ
ർ
ഗ്ഗ
ക്ഷേ
മം

ആമുഖം

ജൻമിത്തവും നാടുവാഴിത്തവും രാജഭരണവും ഒക്കെ നിലനിന്നിരുന്ന കുട്ടനാടൻ പ്രദേശത്ത് പൊതുവെ ഉണ്ടായിരുന്ന എല്ലാ സവിശേഷ സാഹചര്യങ്ങളും എടത്വാ പഞ്ചായത്ത് പ്രദേശത്തും ഉണ്ടായിരുന്നെന്ന് പറയാം . സവർണ്ണ-സമ്പന്ന വിഭാഗമാളുകളുടെ ദാസ്യവേലയും കാർഷിക ജോലിയും ചെയ്യാൻ വിധിക്കപ്പെട്ടവരായിരുന്നു ഇവിടുത്തെ പട്ടികജാതിക്കാർ. ഇവരിൽ ഭൂരിപക്ഷവും ഹിന്ദു പുലയ സമുദായക്കാരായിരുന്നു. ഇതരവിഭാഗമാളുകൾക്ക് ലഭിച്ചിരുന്ന പൗരാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഇവർക്ക് നിക്ഷേധിക്കപ്പെട്ടിരുന്നു . തീണ്ടലും തൊടീലും അയിത്താചരണവും നിലനിന്നിരുന്ന അക്കാലത്ത് ഈ വിഭാഗംആളുകളെ അടിമകളായി വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നു. ഈ ദുരവസ്ഥക്കെതിരെ കേരളത്തിലെ നവോത്ഥാന നായകരായ ശ്രീ. അയ്യൻകാളി ശ്രീ. നാരയണ ഗുരു സ്വാമികൾ, സ്വാമി സത്യവ്രതൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന സാംസ്കാരിക വിമോചന പോരാട്ടങ്ങൾ, ക്രിസ്ത്യൻ മിഷനറിമാരുടെ മതപരിവർത്തന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, തിരുവിതാംകൂർ കർഷക തൊഴിലാളി യൂണിയന്റെ ആവിർഭാവവും അവ സംഘടിപ്പിച്ച പ്രക്ഷോഭ-സമരങ്ങൾ , സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ഹരിജനോദ്ധാരണ പരിപാടികൾ, ഇവയുടെ ഒക്കെ ഫലമായി ഈ വിഭാഗം ആളുകൾ ക്രമേണ പൊതുധാരയിലേക്കു കൊണ്ടുവരപ്പെട്ടു.

സ്വാന്ത്ര്യലബ്ധിയും, ഭരണഘടനയുടെ ആവിർഭാവവും, ഭൂപരിഷ്ക്കരണ നിയമവും, വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളും കാർഷിക മേഖലയിലെ പുതിയ സേവന-വേതന വ്യവസ്ഥകളും, പുതിയൊരു യുഗത്തിന് തുടക്കം കുറിച്ചു. പട്ടികജാതി

വിഭാഗത്തിന് മുമ്പുണ്ടായിരുന്നതിനേക്കാൾ മെച്ചപ്പെട്ട ജീവിത സാഹചര്യവും സാമൂഹിക പദവിയും വിദ്യാഭ്യാസ സൗകര്യങ്ങളും പ്രാപ്യമായെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ വിഭാഗം ആളുകളുടെ ഭൗതിക സാഹചര്യത്തിൽ കാര്യമായ മാറ്റം ഉണ്ടായില്ല. മാറിയ പരിതസ്ഥതിയിൽ പുതിയ പുതിയ പ്രശ്നങ്ങൾ ഉടലെടുക്കുകയും പരിഹാരം കാണാതെ അവ സങ്കീർണ്ണങ്ങളായി കൊണ്ടിരിക്കുകയും ആണ്.

സ്ഥിതി വിവരകണക്കുകളും സ്കീമുകളുടെ അവലോകനവും

ലഭ്യമായ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിലെ പട്ടിക ജാതി ജനസംഖ്യാ 1879 ഉം പട്ടികജാതി കുടുംബങ്ങൾ ഏകദേശം 465 ഉം ആണ്. പട്ടിക വർഗത്തിൽപെട്ട കുടുംബങ്ങൾ ഒന്നുപോലുമില്ല.

വാർഡു തിരിച്ചുള്ള ജനസംഖ്യ ചുവടെ ചേർക്കുന്നു.

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
I	37	53	90
II	86	82	168
III	155	144	299
IV	67	75	142
V	90	101	191
VI	186	221	407
VII	80	66	146
VIII	100	111	211
IX	63	62	125
X	57	43	100
Total	921	958	1879

അവലംബം 1991-ലെ സെൻസസ് റിപ്പോർട്ട്

പട്ടികജാതി ജനസഖ്യയുടെ 39% ശതമാനം ആളുകൾ മതപരിവർത്തനം ചെയ്ത് ക്രിസ്തുമതത്തിൽ ചേർന്നിട്ടുണ്ട്. ഇത് 122 ഓളം കുടുംബങ്ങൾ വരും.ഇവരുടെ പൊതു സ്ഥിതിയും ഭൗതീക സാഹചര്യവും പട്ടികജാതിക്കാരുടേതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല.

പഞ്ചായത്തിൽ ആകെ രണ്ടു ഹരിജൻ കോളനികളും മൂന്ന് സെറ്റിൽമെൻറ് കോളനികളും ഉണ്ട്. ഈ വാഭാഗക്കാർ ഭൂരിഭാഗവും അധിവസിക്കുന്നത് വാർഡുകളുടെ ഉൾപ്രദേശങ്ങളിലും പാടത്തിൻെറ ബണ്ടുകളിലും തുരുത്തുകളിലുമാണ്. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങൾ കുടികിടപ്പു കിട്ടിയ സ്ഥലത്തെ ചെറിയ കൂരകളോടു ചേർന്ന് ചാർത്തുകെട്ടി കൂട്ടുകുടുംബങ്ങളായി കഴിയുന്നുണ്ട്. സ്വന്തമായിസ്ഥലം വാങ്ങി കൂരവയക്കാനുള്ള ഇവരുടെ ശേഷിയും മനസ്ഥിയും തീരെ ഉയർന്നു വന്നിട്ടില്ല.

പട്ടികജാതി ജനസംഖ്യയുടെ .നല്ലെരു ശതമാനം ലക്ഷം വീടു കോളനികളിലും 4 സെൻറ് പഞ്ചായത്ത് കോളനികളിലും അഭയം തേടി സ്ഥിരതാമസമാക്കിയുണ്ട്. അവിടെയും കൂട്ടകുടുംബങ്ങൾ വർദ്ധിച്ചു വരികയാണ്.ഇത്തരം കോളനികളിലെ താമസം ഒരു താൽക്കാലിക സംവിധാനമായി കാണാതെ സ്ഥിരം ആയി കരുതി ഇവിടെ രൂപപ്പെടുന്ന പ്രത്യേക സംസ്ക്കാരം ഈ വിഭാഗം ആളുകളുടെ അനന്തര തലമുറകളുടെ വികാസ പരിണാമത്തിന് വിലങ്ങുതടിയാകുന്നവെന്ന് പറയേണ്ടിയിരിക്കുന്നു.

1992 ലെ ഐ.ആർ. ഡി.പി സഹായ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കണ്ടെത്തിയ 1673 കുടുംബങ്ങളിൽ 50 കുടംബങ്ങൾ പട്ടികജാതിയിൽ പെട്ടവരുടേതാണ്. ഐ.ആർ. ഡി.പി പദ്ധതി യിൽ

പെടുത്തി നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച 200 കുടുംബങ്ങളിൽ പട്ടിക ജാതിക്കാർ 67 കുടുംബങ്ങളാണ്. സർവ്വേ യിൽ കണ്ടെത്തിയ 50 കുടുംബങ്ങൾക്കും സെക്കൻഡ് ഡോസായി 7 കുടംബങ്ങൾക്കും അഡീഷണൽ സർവ്വേ ലിസ്റ്റിൽ പെടുത്തി 10 കുടംബങ്ങൾക്കും സഹായം ലഭിച്ചെങ്കലും ഇവരുടെ ജീവിത സാഹചര്യം മെച്ചപ്പെടു ത്തുവാനും വരുമാനം വർദ്ധപ്പിക്കാനും നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യപൂർണ്ണത യിൽ എത്തുന്നില്ല. പലവിധ ചൂക്ഷണവും ഗുണഭോ ക്താക്കളുടെ മിസ്മാനേജ്മെ ൻെറും (കെട്ടു കാര്യസ്ഥത) സ്കീമുകൾ പരാജയ പ്പെടുത്തുന്ന ഘടകങ്ങൾ ആണ്.ബാങ്ക് വായ്പ ലഭിച്ച പലരും റവന്യു റിക്കവറി നടപടിയെ നേരിടുമ്പോൾ പാപ്പരായ കൃഷിക്കാരൻെറ കടങ്ങൾ എഴുതി തള്ളിയ അതേ മാനദണ്ഡത്തിൽ പട്ടിക ജാതിക്കാരുടെ കടങ്ങളും എഴുതി തള്ളുകയും പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പ് കൂടുതൽ ജനകീയമാക്കുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും. ഈ ദിശയിലേക്കുള്ള ചുവടു വയ്പുകൾ പുതിയ പഞ്ചായത്ത്രാജ് സംവിധാനത്തിൽ ദൃശ്യമാകുന്നത് പ്രതീക്ഷക്കുവക നൽകു ന്നുണ്ട്.

നാഷണൽ റൂറൽ എംപ്ലോയ്മെൻറ് പ്രോഗാം (N.R.E.P)റൂറൽ എംപ്ലോയ്മെൻറ് ജനറേറ്റിംഗ് പ്രോഗാം(R.L.E. G.P), ജവഹർ റോസ്ഗാർ(J.R.Y) യോജനാ,മില്യൺ വെൽ സ്കീം (.M. W. S)ഇന്ദിരാ ആവാസ് യോജന (I.A.Y) എന്നീ പദ്ധതികളിലൂടെ കഴിഞ്ഞ 10 വർഷത്തിനിടയിൽ പട്ടികജാതി വിഭാഗ ത്തിന് അനുവദിച്ച .ഭവനനിർമ്മാണത്തെ സംബന്ധിച്ചവിവരം ചുവടേ ചേർക്കുന്നു.

സ്കീമു കളുടെ പേര്	അനുവദി ച്ചവീടുകൾ	പൂർത്തീകരി ച്ചവീടുകൾ	അനുവദി ച്ചതിൽ പൂർ ത്തീകരി ക്കാനുള്ളത്
N.R.E.P	19	14	5
R.L.E.G.P.	46	33	13
M.W.S	5	4	1
J.R.Y.	32	25	7
I.A.Y.	12	8	4
	114	84	30

ഭവനരഹിതരായ പട്ടികജാതി വിഭാഗ ക്കാരുടെ വർദ്ധിച്ചു വരുന്ന ആവശ്യവു മായി തട്ടിച്ചു നോക്കുമ്പോൾ അനുവദിച്ച വീടികളുടെ എണ്ണം തൃപ്തികരമല്ല. അനുവദിച്ച വീടുകളിൽ 34% വീടു കൾ പണിപൂർത്തീകരിക്കാതെ വിവിധ സ്റ്റേജുകളിലായി സ്തംഭവനാവസ്ഥയി ലാണ്. ഈ വീടുകളുടെപണി പൂർത്തീകരി ക്കാനാവശ്യമായ തുക തിട്ടപ്പെടുത്തി തുടർസഹായം നൽകണ്ടിയിരി ക്കുന്നു.

വിദ്യാഭ്യാസ- സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിൽ ഇവരുടെ മുന്നേറ്റവും പങ്കാളിത്തവും നേതൃ പദവിപും വേണ്ടത്ര ഉയർന്നു വന്നിട്ടില്ല. ശവം മറവുചെയ്യാനുള്ള പൊതു ശ്മശാനത്തിൻെറ അഭാവം, ഭൂമിയ ില്ലായ്മ, തൊഴിൽ ഭീഷണി പാർപ്പിട ദാരിദ്ര്യം, ശുദ്ധജല -വൈദ്യുതി ദൗർല്ലഭ്യം , ഗതാഗത അസൗകര്യങ്ങൾ , എന്നിവയാണ് ഇവരെ തുറിച്ചു നോക്കുന്ന കാലിക പ്രശ്നങ്ങൾ. ഇവ സമയബന്ധിതമായി സംയോജിതമായി പഞ്ചായത്ത് രാജ് സംവിധാനത്തി ലൂടെയുള്ള ഒരു സമഗ്രപദ്ധതിയിലൂടെ മാത്രമേ പരിഹൃ ത മാകൂ.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

പട്ടിക ജാതിക്കാരുടെ മുഖ്യ തൊഴിൽ രംഗമായ കാർഷിക മേഖലയിൽ തൊഴിലവ സരങ്ങൾ കുറഞ്ഞു വരുന്നു. നെൽപ്പാട ശേഖരങ്ങളിൽ പ്രതിവർഷം100 ഓളം തൊഴിൽ ദിനങ്ങൾ മാത്രമാണ് ലഭിക്കുന്നത്. ഇതു പരിഹരിക്കാൻ നിലവിലിള്ള നെൽ കൃഷി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കണം.

പട്ടികജാതിക്കാർക്ക് സ്വന്തമായികൃഷി ഭൂമി ലഭ്യമഭക്കാനും മിച്ചഭൂമിപതിച്ചു നൽകാനും നടപടികളുണ്ടാകണം

കാർഷികരംഗത്ത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ കൂലിയിലെ അന്തരം കുറയ്ക്കുകയും , പുരുഷന്മാരെ ക്കാൾ രൂക്ഷമായ തൊഴിലില്ലായ്മ നേരിടുന്ന സ്ത്രീ തൊഴിലാളികൾക്ക് സ്വന്തമായോ കൂട്ടായോ ഉള്ള തൊഴിൽ യൂണീറ്റുകൾ ആരംഭി ക്കുകയും വേണം.

സ്വന്തമായി വീടുവയ്ക്കാൻ സ്ഥല മില്ലാതെ കൂട്ടുകുടുംബങ്ങളിൽ കഴിയുന്ന പട്ടികജാതിക്കാർക്ക് ഗ്രാമോത്സവ കോളനി യുടെ മാതൃകയിൽ പഞ്ചായത്ത് സ്ഥലമെടുത്ത് 4 സെൻറ് വീതം നൽകി പുനരധി വസിപ്പി ക്കുകയും വീടുവയ്ക്കാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം. പഞ്ചാ യത്ത് പ്രദേശത്ത് സ്ഥലലഭ്യതയുടെ ബുദ്ധി മുട്ടും വിലയും കണക്കിലെടുത്ത് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂമിവില കാലോ ചിതമായി ഉയർത്തി അനുമതി നൽകുകയും വേണം.

വിവിധ ഏജൻസികളിലൂടെയും സ്കീമുകളിലൂടെയും സ്വന്തമായി സ്ഥല മുള്ള പട്ടികജാതിക്കാർക്ക് വീടു വയ് ക്കാൻ സർക്കാർ നല്കിവരുന്ന നിലവി ലുള്ള ധനസഹായം അപര്യാപ്ത മാണ്. നിർമ്മാണ ചെലവുമായി പെരുത്തപ്പെടാത്ത ഇപ്പോഴ ത്തെ ധനസഹായം 50.000/- രൂപായായെ ങ്കിലും ഉയർത്തണം.

വിവിധ സ്കീമുകളിൽ ആരംഭിക്കു കയുംനിർമ്മാണച്ചിലവിലുണ്ടായ വർദ്ധന വിൻെറ ഫലമായി പണിപൂർത്തീകരിക്കു വാൻ കഴിയാത്തതുമായ പട്ടികജാതിക്കാരു ടെ വീടുപണി പൂർത്തീകരിക്കുന്നതിന് വർദ്ധിപ്പിച്ച നിരക്കിലുള്ള ധനസഹാ യം ഇവർക്കും നൽകണം.

പട്ടികജാതിക്കാർ ഭൂരിപക്ഷമുള്ള ലക്ഷം വീട് കോളനികൾ, ഗ്രാമോത്സവ കോളനികൾ, പുതുവൽ പുറമ്പോക്ക് കോള നികൾ, ഇവയെ സെറ്റിൽമെൻറ് കോളനി കളായി അംഗീകരിക്കുകയും പഞ്ചായത്തില് ഇപ്പോഴുള്ള അംഗീകൃത കോളനികളെ ഐ.എച്ച്.ഡി.പി കോളനികളായി ഉയർത്തു കയും വേണം.

വെള്ളക്കെട്ടുനിറഞ്ഞ പഞ്ചായത്ത് പ്രദേശത്തിൻെറ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളും ഈ പ്രദേശത്തെ പട്ടികജാതി ക്കാരുടെ ചരിത്രപരവും സാമൂഹ്യപരവു മായ പിന്നോക്കാവസ്ഥയും കണക്കിലെ ടുത്ത് വാർഡുകളിൽചിതറിക്കിടക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കുകൂടി കോളനി നിവാസികൾക്കുലഭിക്കുന്ന ആനുകുല്യ ങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരി ക്കണം.

പട്ടികജാതിക്കാരുടെ മുഴുവൻ വീടു കൾക്കും കക്കൂസ് നിർമ്മിച്ചു നൽകുകയും കുടിവെള്ളവും വൈദ്യുതിയും സൗജന്യ മായി നൽകുകയും വേണം.

പട്ടികജാതിക്കാരായ മൂലയൂട്ടുന്ന

അമ്മമാർ പാടത്തു പണിക്കുപോകുമ്പാൾ സ്ക്കൂൾ വിദ്യാർത്ഥികളായ മൂത്തകുട്ടികൾ ഇളയകുട്ടികളുടെ സംരക്ഷണ ചുമതല ഏറ്റെടുക്കേണ്ടി വരികയും അവരുടെ സ്ക്കൂൾ വിദ്യാഭ്യാസം മുടക്കേണ്ടതായും വരുന്നുണ്ട് . ഇതിനുപരിഹാരമായി പട്ടിക ജാതിക്കാരായ മുലയൂട്ടുന്ന അമ്മമാർ പാടത്തു പണിക്കു പോകുമ്പാൾ അവരുടെ കുട്ടികളെ നോക്കുന്നതിന് നിലവിലുള്ള അംഗൻ വാടികളിൽ ക്രഷ് സൗകര്യം ഉണ്ടാക്കുകയും ആയ മാരെ നിയമിക്കുകയും വേണം.

പട്ടികജാതിവിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളും യൂണിഫോമും സൗജന്യമായി നൽകുകയും, വീടുകളിലെ സാഹചര്യവും ഗൃഹാന്തരീക്ഷവും പഠനത്തിന് ഒട്ടും അനുകൂലമല്ലാത്തതിനാൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുവാൻ ഹോസ്റ്റൽ സ്ഥാപിക്കുകയും വേണം.

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇപ്പോഴുള്ള ലപംസം ഗ്രാൻറും സ്റ്റൈപെൻറും കൃത്യമായി ലഭിക്കാനും അവ കലോചിതമായി ഉയർത്താനും നടപടി വേണം. അതോടൊപ്പം ലഭിക്കുന്ന തുക ദുർവിനിയോഗം ചെയ്യാതെ വിദ്യാഭ്യാസ പുരോഗതിക്ക് അനുഗുണമായി വിനിയോഗിക്കുന്നുവെന്ന് രക്ഷാകർത്താക്കൾ ഉറപ്പു വരുത്തുകയും വേണം.

പട്ടികജാതിക്കാർ അധിവസിക്കുന്ന കോളനി കളിലും മറ്റു വാസസ്ഥലങ്ങളിലും ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കർശനമായി നടപ്പാക്കുകയും മറ്റുള്ളവരെക്കാൾ കൂടുതൽ പരിഗണന നൽകുകയും വേണം.

പരാമ്പരഗതമായ നാട്ടുവൈദ്യവും ആയുർവേദ ചികിത്സയും ശീലിച്ചുപോന്ന പട്ടികജാതിക്കാരുടെ ആരോഗ്യ രക്ഷയെ കരുതി ഒരു സർക്കാർ ആയുർവേദ ആശുപത്രി സ്ഥാപിച്ച് ആയുർവേദ ചികിത്സ ലഭ്യമാക്കണം.

പഞ്ചായത്തിലെ 10 വാർഡുകളിലെയും ഗ്രാമസഭകൾ ഒന്നടങ്കംഉന്നയിച്ച പൊതുശ്മശാനം നിർമ്മിക്കേണ്ട ആവശ്യത്തിന് പ്രഥമ പരിഗണന നൽകി അടിയന്തരമായി പഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് രണ്ടു പൊതു ശ്മശാനങ്ങൾ നിർമ്മിക്കണം. ഇതിനായി സർക്കാർ സഹായം ലഭ്യമാക്കുകയും ശ്മശാന നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് സാങ്കേതിക പ്രശ്നങ്ങൾ ലഘൂകരിക്കുകയും വേണം.

ചങ്ങംകരി ആസ്ഥാനമായി സ്ഥാപിക്കുകയും ഇപ്പോൾ എടത്വാ യിലെ 10-ാം വാർഡിലൊരു കടമുറിയിൽ പ്രവർത്തിക്കുന്ന എടത്വാ പഞ്ചായത്ത് പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 897 - ന് ചങ്ങംങ്കരിയിൽ തന്നെ സ്വന്തമായി സ്ഥലവും കെട്ടിടവും സമ്പാദിച്ച് പ്രവർത്തനക്ഷമമാക്കണം. അതു പോലെ തന്നെ ഒന്നാം വാർഡിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടായിട്ടും പ്രവർത്തനരഹിത മായിക്കിടക്കുന്ന എടത്വാ പഞ്ചായത്ത് പട്ടികജാതി ഖാദിഗ്രാമ വ്യവസായസഹകരണ സംഘം നംഃ എ. 150 - ൻെറ പ്രവർത്തനം ആരംഭിക്കുകയും വേണം.

പഞ്ചായത്തിലാകെയുള്ള പട്ടികജാതിക്കാരെ ഈ സംഘങ്ങളിൽ അംഗങ്ങളായി ചേർക്കുകയും ഇവയുടെ ഭരണനിർവഹണത്തിന് പഞ്ചായത്ത് പ്രദേശത്തുള്ള അഭ്യസ്തവിദ്യരായ പട്ടികജാതീ യുവതീ യുവാക്കൾക്ക് സഹകരണസംഘവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസവും ട്രെയിനിംഗും നൽകി നിയമിക്കുകയും വേണം. നിലവിലിള്ള ഈരണ്ടു സംഘ്ംങ്ങളെ കർമ്മോൻമുഖമാക്കിയും പുതിയവ സ്ഥാപിക്കുകയും ചെയ്തു കൊണ്ടും ഇവരുടെയിടയിൽ ബോധവത്ക്കരണം

സംഘടിപ്പിക്കണം.

ഇതിലൂടെ പട്ടികജാതിക്കാർ ഇന്നഭി മുഖീ കരിക്കുന്ന നിരവധി ദൈനംദിന പ്രശ്നങ്ങൾക്കും സാമ്പത്തികക്ലേശ്ശങ്ങൾക്കും പരിഹാരം കാണാൻ കഴിയും. ഒപ്പം സമ്പാദ്യ ശീലവും തത്പാധിഷ്ഠിതമായ ധനവിനി യോഗ കഴിവ് ആർജ്ജിക്കുവാനും ഈ വിഭാഗത്തിന് കഴിയും. ഭവനനിർമ്മാണവും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സ്കീ മുകളും ജീവനോപാധികളുടെ വിതരണവും വ്യക്തികൾക്ക് നേരിട്ടുനൽകാതെ സഹകരണ സംഘങ്ങളിലൂടെ നൽകിയാൽ പാളിപ്പോയ പദ്ധതികൾ ശരിയായ ദിശയിലേക്ക് തിരിച്ചു വിടുവാൻ കഴിയും.

പട്ടികജാതിക്കാരുടെ പാരമ്പര്യവും പൈതൃ കവും പൗരാണീക വിശ്വാസാചാര ങ്ങളും ആയോധന കലകളും നാടൻപാട്ടു കളും ചരിത്രസ്മാരകങ്ങളും ഇന്ന് നാശോന് മുഖമായികൊണ്ടിരിക്കുന്നു.ഇവയെ നില നിർത്താനും സംരക്ഷിക്കുവാനും കഴിയണം. ചരിത്രപ്രാധാന്യമുള്ള കൊടുപ്പുന്നയിലെ പഴുതി പടനിലം ഒരു സാംസ്കാരിക കേന്ദ്രമായി ഉയർത്തുകയും തായംങ്കരി യിലെ വടകര വല്ല്യച്ചന്റെ കൽമണ്ഡപ സ്ഥാനം , കോയിക്കൽമുക്കിലെ മങ്കോട്ടച്ചിറ പാട ത്തുള്ള ആയിരമണിവല്ല്യച്ചന്റെ ആൽത്തറ എന്നിവ പുനരുദ്ധരിക്കുകയും വേണം. ചങ്ങംകരി ആറ്റിൽ നടന്നുവന്നിരുന്ന മകം വള്ളംകളി പുനരാരംഭിക്കുകയും പഞ്ചായ ത്തിലെ പട്ടികജാതി കോളനികളുമായി ബന്ധപ്പെടുന്ന റോഡുകൾ കഴിയുന്ത്ര പെ തുറോഡുകൾ ഈ വിഭാഗത്തിന്റെ സമു ന്നത നേതാക്കളായ ഡോ.ബി. ആർ. അംബേദ് ക്കർ, ശ്രീ. അയ്യൻകാളി എന്നിവരുടെ പേരുകൾ നൽകുകയും വേണം. പട്ടിക ജാതിക്കാരുടെ കോളനികളിൽ ഗ്രന്ഥ ശാലയും വായന ശാലയും സ്ഥാപി ക്കുകയും ടെലിവിഷൻ സെറ്റ് നൽകുകയും വേണം

വിഭവസമാഹരണം

കേരളത്തിന്റെ നെല്ലറയായ കുട്ടനാടൻ പാടശേഖരങ്ങൾ ഉൾക്കൊള്ളുന്ന 22.29 സ്കയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള അപ്പർ കുട്ടനാടൻ മേഖല ഉൾപ്പെട്ട റോഡു ഗതാഗതം തീരെ ഇല്ലാത്ത ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന, തികച്ചും അവികസിത മായ പഞ്ചായത്തുകളിൽ ഒന്നാണ് നമ്മുടേത്. ഇവിടുത്തെ ജനസംഖ്യ കഴിഞ്ഞ കുറെക്കാല മായി കുറഞ്ഞു വരികയാണ് 1991 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 21715 മാത്രമാണ്. . 1981 ൽ 24953 ആയിരുന്നു. കൊടുപ്പുന്ന, തായംങ്കരി , ചങ്ങംങ്കരി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും പഞ്ചായത്തു ആസ്ഥാനമായ എടത്വായിൽ എത്തിച്ചേരുന്നതിന് ജലമാർഗമല്ലാതെ മറ്റൊരു വഴിയുമില്ല. കോളേജും ഹൈസ്ക്കൂൾ ഉൾപ്പെടെയുള്ള സ്ക്കൂളുകളും , സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ , ആശുപത്രി, മൃഗാശുപത്രി, വില്ലേജ് ആഫീസ്, ട്രഷറി, ബാങ്കുകൾ തുടങ്ങിയ പൊതു സ്ഥാപനങ്ങൾ എന്നിവയും ഇവിടെയാണ്. ഇന്നുള്ള സഞ്ചാര സൗകര്യം കൂടാതെ കരമാർഗ്ഗം ഇവിടെ വന്നു പോകുന്നതിനും , താലൂക്കാഫീസ് , ബ്ലോക്കാഫീസ് എന്നിവ സ്ഥിതി ചെയ്യുന്ന മങ്കൊമ്പുമായി ഉള്ള സഞ്ചാര സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഇനിയും വളരെയേറെ പ്രവർത്തിക്കേണ്ടി യിരിക്കുന്നു. ഇപ്പോൾ ഈ പഞ്ചായത്തിന് 3050 മീറ്റർ ടാർ റോഡും 400 മീറ്റർ മെറ്റൽ റോഡും 124-796 കി. മീ. ഗ്രാവൽ റോഡും 89.840 കി. മീറ്റർ മണൽ റോഡുമാണുള്ളത്. നമ്മുടെ ആവശ്യവുമായി തട്ടിച്ചു നോക്കിയാൽ സഞ്ചാര യോഗ്യമായ റോഡ് ഇല്ല എന്നു തന്നെ പറയാം. ഉള്ള സ്ഥലങ്ങളിൽ തന്നെ യാത്ര സുഗമമാകണമെങ്കിൽ ഇനിയും എത്ര

യോ പാലങ്ങളും , കലുങ്കുകളും ഉണ്ടാകേണ്ടി യിരിക്കുന്നു. മാത്രമോ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന നമ്മുടെ നെൽപാട ങ്ങളുടെ പുറം ബണ്ടുകൾ ഇനിയും എത്രയോ എണ്ണം ബലപ്പെടുത്തേണ്ടതുണ്ട്. ഇതിലും എത്രയോ പരിതാപകരമാണ് ശുദ്ധ ജല വിതരണത്തിന്റെ കാര്യം. വെള്ളം, സർവ്വ ത്ര വെള്ളം പക്ഷേ കുടിക്കുവാൻ ഒരു തുള്ളി വെള്ളമില്ല. പെപ്പു ലൈൻ നമ്മുടെ പഞ്ചായ ത്തിന്റെ എല്ലാ പ്രദേശങ്ങളിലും എത്തി ച്ചാലല്ലാതെ ശാശ്വത പരിഹാരം കാണാൻ നമ്മുക്കു കഴിയില്ല. കിണറും കുളങ്ങളും നമ്മുടെ ഈ പ്രദേശത്തെ കുടിവെള്ളത്തിന് പരിഹാരമല്ല. അതു പോലെ തന്നെയാണ് വെളിച്ചത്തിന്റെ കാര്യവും. കടൽ നിരപ്പിൽ നിന്നും താഴ്ന്ന നമ്മുടെ പാടശേഖരങ്ങളിൽ കൃഷി ഇറക്കാനും മറ്റും വൈദ്യുതി യഥാ കാലം , യഥേഷ്ടം ലഭിച്ചില്ലെങ്കിൽ നമ്മുടെ നില ഇനിയും പരുങ്ങലിലാകും. വൈദ്യുതി എത്തി നോക്കിയിട്ടില്ലാത്ത പ്രദേശങ്ങൾ ഇനിയുമുണ്ട് നമ്മുടെ പഞ്ചായത്തിൽ .

ഭൂമിയില്ലാത്ത കർഷക തൊഴിലാളി കളടക്കമുള്ളവർക്കു ഭൂമി വാങ്ങി പാർപ്പിടം ഉണ്ടാക്കേണ്ട ബാദ്ധ്യതയും നമുക്കുണ്ട്. നമ്മുടെ പഞ്ചായത്തു നിവാസികൾ 27% പേരും ഇപ്പോഴും ചെറ്റ പുരയിൽ കഴിയുന്ന വരാണ്. ഇവരേയും മറ്റുള്ളവരോടെപ്പം കൊ ണ്ടു വരേണ്ടിയിരിക്കുന്നു. പഞ്ചായത്തു രാജ് സംവിധാന പ്രകാരം ഇതൊക്കെ ഏറ്റെടുത്തു ചെയ്യേണ്ട ചുമതലയും ബാധ്യതയും നമ്മെ പ്രതിനിധാനം ചെയ്യുന്ന പഞ്ചായ ത്തിനേറതാണ്. ഇതിനു സാമ്പത്തികമായും മറ്റും പഞ്ചായത്തിനെ ശക്തിപ്പെടുത്തേ ണ്ടതുണ്ട്.ഒപ്പം ജനകിയ ആസൂത്രണപ്രസ്ഥാ നം വിഭാവനം ചെയ്യുന്ന സന്നദ്ധപ്രവ ർത്തനവും സംഭാവനകളും ഉണ്ടായേതീരൂ !

എന്താണ് നമ്മുടെ പഞ്ചായത്തിന്റെ ഇപ്പോത്തെ സാമ്പത്തിക സ്ഥിതി എന്നു പരിശോധിക്കാം.

വരവ് - ചെലവ് പട്ടിക

SL. NO	വർഷം	സർക്കാരിന്റെ ഗ്രാൻറ് കഴിച്ചുള്ള വരവ്	ചെലവ്
1	1990- 91	488400	693500
2	1991 - 92	742800	914200
3	1992- 93	477000	667600
4	1993 - 94	499300	796100
5	1994 - 95	814096	1667042
6	1995 - 96	960306	974642

പട്ടിക 1 എ., പട്ടിക 1 ബി. ഇവയി ൽകൊടുത്തിരിക്കുന്ന വിശദമായ വരവു ചെലവ് കണക്കിൽ നിന്നും ഒരുകാര്യം വ്യക് തമാണ്. നമ്മുടെ പഞ്ചായത്തിൽ കിട്ടുന്ന വരവും ചെലവഴിക്കുന്ന തുകയും തമ്മി ലുള്ള പൊരുത്തക്കേടുതന്നെ . മാത്രമല്ല ശുദ്ധ ജലവിതരണം ചെയ്ത വകയിൽ വാട്ടർ അതോറിറ്റിക്കു 3/94 വരെയുള്ള കാല ത്തേയ്ക്കു 9, 25, 786/ രൂപായും മാർക്കറ്റു സ്റ്റാൾ പണികഴിപ്പിച്ച വകയിൽ റൂറൽ ഡവലപ്പെമെൻറ് ബോർഡിനു 14, 86, 297 രൂപായുംകൊടുത്തു തീർക്കാനുണ്ട്.

പഞ്ചായത്തിന്റെ വരവുചെലവ് കണ ക്കുകൾ ശതമാനക്കണക്കിൽ പട്ടിക 2 എ. യിലും, പട്ടിക രണ്ടു ബി. യിലും കൊടു ത്തിരിക്കുന്നു. പ്രത്യേക നികുതിയിനത്തിൽ പഞ്ചായത്തിനു ലഭിക്കുന്നതു പ്രധാനമായും കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, എന്നിവയും പഞ്ചായത്തു വസ്തുക്കളുടെ ലേലതുകയും ആകുന്നു.

കെട്ടിടനികുതി

വാർഷിക വാടകയുടെ 10 %വരെയുള്ള തുക കെട്ടിട നികുതിയായി ഈടാക്കാൻ പഞ്ചായത്തിന് അധികാരം ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്ത് ഏറ്റവും കുറഞ്ഞ നിരക്കാണ് കെട്ടിടനികുതിയായി നിശ്ചയിച്ച് ഈടാക്കി വരുന്നത്. ഈ തുക പോലും കൃത്യമായും ഒടുക്കാതെയും സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് കോടതി മുഖേനയും മറ്റും തടസ്സങ്ങൾ സൃഷ്ടിച്ച് പിരിവു പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയാണ് കഴിഞ്ഞ കാലങ്ങളിൽ അനുഭവപ്പെട്ടിരുന്നത്. ഇതു മൂലം നികുതി തുക യഥാസമയം പിരിച്ചെടുക്കാതെ ഈ ഇനത്തിൽ 1996 ഏപ്രിൽ ഒന്നിന് 1995-96 കാലത്ത് ഈടാക്കാൻ ഉണ്ടായിരുന്ന തുകയുടെ 36% വരുന്ന 1,64, 700/- രൂപാ പിരിച്ചെടുക്കാൻ ബാക്കി ഉണ്ടായിരുന്നത് പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തെ സാരമായി ബാധിച്ച കാര്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കെട്ടിടനികുതിയിനത്തിൽ ഒരു കൊല്ലത്തെ ധനാഭ്യർത്ഥന രണ്ടു ലക്ഷത്തിൽ പരം രൂപയാണ്.

(പട്ടിക 3 കാണുക.)

തൊഴിൽ നികുതി

സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാർ , വ്യവസായ , വ്യാപാര സ്ഥാപനങ്ങൾ , അതിലെ ജീവനക്കാർ , കൃഷിക്കാർ എന്നിവരിൽ നിന്നും നിശ്ചിത നിരക്കിൽ ഈടാക്കുന്നതാണ് തൊഴിൽ നികുതി. നമ്മുടെ പഞ്ചായത്തിൽ ഉള്ള 49 സ്ഥാപനങ്ങളിൽ ഏതാണ്ട് 735 ജീവനക്കാരും ഇരൂ നൂറിൽപരം കച്ചവടസ്ഥാനപനങ്ങളുമാണി പ്പോഴുള്ളത്. 95-96 കാലയളവിൽ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ട 2, 48, 600 രൂപായിൽ 2, 26, 400 /- രൂപായും വ്യക്തികളും ഈടാക്കേണ്ട 39,500 രൂപായിൽ 16400 രൂപായും ഉൾപ്പെടെ 2,4,3,400/- രൂപായും ഈ ഇനത്തിൽ വരവുള്ളതും 42,800/- രൂപാ ഈടാക്കാൻ ബാക്കിയുള്ളതുമാണ്. മുൻ ബാക്കി ഉൾപ്പെടെ 96,100/- രൂപാ തൊഴിൽ നികുതിയിനത്തിൽ 95-96 കാലത്തു പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ജീവനക്കാരുടെ നികുതി അതാതു ആഫീസ് മേധാവികൾ മുഖാന്തിരം ഈടാക്കുന്നതു മൂലം ഈ ഇനത്തിൽ തുക മുഴുവൻ ഈടാക്കാൻ കഴിയുന്നുണ്ടെങ്കിലും തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികൾ അതു കൃത്യമായി ഒടുക്കുന്നതിനു വൈമുഖ്യം കാണിക്കുന്നതും പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.

പരോക്ഷ നികുതി
(വിനോദ നികുതി)

നമ്മുടെപഞ്ചായത്തിൽ ഒരു സിനിമാശാലയാണുള്ളത്. വിൽക്കുന്ന ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന വിനോദ നികുതിയാണ് മുഖ്യമായും ഈ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കുന്നത്.95-96 കാലത്തു സിനിമാശാലയിൽ നിന്നും 25500 രൂപയാണ് ലഭിച്ചത്. മുഴുവൻ തുകയും പഞ്ചായത്തിനു ലഭിക്കുന്നതിന് കാഴ്ചക്കാരുടെ സഹകരണം അത്യന്താപേക്ഷിതമാണ് .പരോക്ഷനികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടുന്ന വരുമാനമാണ് വസ്തുകൈമാറ്റ നികുതിയിനത്തിൽ ലഭിക്കുന്നത്. ഈ ഇനത്തിൽ 55,700 രൂപയാണ് 95-96 ൽ പഞ്ചായത്തിനു ലഭിച്ചത്. വസ്തു കൈമാറ്റം നടത്തുമ്പോൾ യഥാർത്ഥ വിലയേക്കാൾ വളരെ കുറച്ചു തുക മാത്രമേ പ്രമാണത്തിൽ കാണിക്കുന്നുള്ളൂ. ഇതു മൂലം ലക്ഷക്കണക്കിനുള്ള തുകയാണ് പഞ്ചായ

ത്തിനു നഷ്ടമാകുന്നത് . ഇത് ഒഴിവാക്കുന്നതിന് പഞ്ചായത്തടി സ്ഥാനത്തിലോ , അല്ലെങ്കിൽ വാർഡ് അടിസ്ഥാനത്തിലോ വസ്തുവിന്റെ കുറഞ്ഞ മതിപ്പുവില നിശ്ചയിക്കുന്നതും ഇതിൽ കുറഞ്ഞു തുകയ്ക്ക് വസ്തുക്കൾ കൈമാറ്റം നടത്താൻ കഴിയാത്തവിധത്തിൽ ചട്ടം ഭേദഗതി ചെയ്യുന്നതും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ഏറെ സഹായിക്കുന്നതാണ്.

സർക്കാർ സഹായം

1) ഉപാധിരഹിത ഫണ്ട് (United Fund)

പഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്കായി 90-91 കാലം മുതൽ ഈ സഹായം ലഭിച്ചു വരുന്നു. ഇങ്ങനെ ലഭിക്കുന്ന തുകയിൽ ഒരു നിശ്ചിത തുക പട്ടിക ജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ വ്യക്തിഗത ഉന്നമനത്തിനു വേണ്ടി ചെലവഴിക്കണമെന്നു നിർബന്ധമാണ് . ബാക്കി തുക പൊതുവായ കാര്യത്തിനു വിനിയോഗിക്കാവുന്നതാണ്. ഇപ്രകാരം 94-95 ,95-96 കാലങ്ങളിൽ കിട്ടിയ തുക ഉപയോഗിച്ച് (189000+ 172000= 361000) പഞ്ചായത്തു പുതിയ ആഫീസ് വക കെട്ടിട നിർമ്മാണം നടന്നു വരികയാണ്. ഇക്കൊല്ലം തന്നെ കെട്ടിടത്തിന്റെ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു പൂർത്തിയാകുന്ന മുറയക്ക് വാടകയിനത്തിലും മറ്റും ഒരു നിശ്ചിത തുക വരുമാനമായി കിട്ടുകയും മറ്റേതെങ്കിലും സർക്കാർ ഏജൻസിയുടെ സേവനം സൗകര്യപ്രദമായ തരത്തിൽ ഈ കെട്ടിടത്തിൽ ലഭ്യമാക്കുകയും ചെയ്യുമെന്നു നമുക്കു പ്രതീക്ഷിക്കാം.

ജവഹർ റോസ്ഗാർ യോജന (J.R.Y)

പഞ്ചായത്തുകളുടെ വികസന പ്രവർത്തനത്തിനു 1989-90 മുതൽ ലഭിച്ചു വരുന്ന ഒരു പദ്ധതിയാണിത് . ഈ പദ്ധതി പ്രകാരം പഞ്ചായത്തുകൾക്കു ലഭിക്കുന്ന തുകയുടെ 80 % കേന്ദ്ര സർക്കാരും 20 % സംസ്ഥാന സർക്കാരും നൽകി പോരുന്നു. ഒരു വർഷം കിട്ടുന്ന തുകയുടെ 22.5 % വരുന്ന തുക പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വ്യക്തിഗത ഉന്നമനത്തിനു ചെലവഴിക്കണമെന്നും നിർബന്ധമാണ്. ഈ ഇനത്തിൽ,3 E.S.P ടൈപ്പ് കക്കൂസുകൾക്ക് 46500/- രൂപായും വീടുകളുടെ പരിസരം ഉയർത്തുന്നതിന് 25 പേർക്ക് 85, 900 രൂപായും 26 പേർക്കു വീടു നിർമ്മിച്ചു കൊടുക്കുന്നതിന് 2, 54, 800 രൂപായും കിണർ നിർമ്മിച്ചു കൊടുക്കുന്നതിന് 3750/- രൂപായും ഉൾപ്പെടെ 3,90,950/- രൂപായും ചെലവഴിച്ചിട്ടുണ്ട്. 95-96 ലെ വരവ് ചെലവു സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

എടത്വാ ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിന് രണ്ടു മാർഗമാണിപ്പോൾ നമ്മുടെ മുന്നിലുള്ളത്. ഒന്ന്, പഞ്ചായത്തിനേറതായ വരുമാനം വർദ്ധിപ്പിച്ച് വികസനേതര ചെലവുകൾ കുറയ്ക്കുക.രണ്ട് പഞ്ചായത്തു തലത്തിൽ മറ്റ് ഏജൻസികൾ മുഖാന്തിരം ചെലവഴിക്കുന്ന തുക ഗ്രാമസഭകളുടെ തീരുമാന പ്രകാരമുള്ള ജോലികൾ ചെയ്യിക്കുന്നതിനു മാത്രം വിനിയോഗിക്കുക.

പഞ്ചായത്തിന്റെ തനതായ വരുമാനം വർദ്ധിപ്പിക്കുന്നതിന് (1) നിലവിലുള്ള നികുതി ചോർച്ച ഇല്ലാതാക്കി മുഴുവൻ നികുതികളും യഥാസമയം സ്വരൂപിക്കുക. (2)വസ്തു കൈമാറ്റ നികുതി പോലുള്ള പരോക്ഷ നികുതികൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് പഴുതുകളില്ലാത്ത നികുതി ഘടന ഏർപ്പെടുത്തുക. (3)നികുതിയേതര വരുമാനം ലഭ്യമാക്കുന്നതിന് ടാക്സി സ്റ്റാൻഡ് കശാപ്പുശാല , വാണിജ്യ സ്ഥാപനങ്ങൾ എന്നിവ സ്ഥാപിക്കുകയും പഞ്ചായത്തിന്റെ ഭരണം സർക്കാരിന്റെ ഭാഗമെന്ന നിലയിൽ കണക്കാക്കി ഭരണചെലവ് പൂർണ്ണ

മായും സർക്കാർ വഹിക്കുകയും പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നികുതി തുക മുഴുവനും പഞ്ചായത്തിന്റെ വികസനത്തിനു മാത്രമായി ചെലവഴിക്കുകയും ചെയ്യുക.

പഞ്ചായത്തു പ്രദേശത്തു നടത്തുന്ന എല്ലാവിധ മരാമത്തു പണികളും ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി ഗ്രാമസഭയിൽ നിന്നും ഇതിലേക്കു നിശ്ചയിച്ചിരിക്കുന്ന വികസന സമിതി മൂലംനടപ്പിലാക്കുയും ജോലിയുടെ പ്രത്യേകത കണക്കിലെടുത്ത് എസ്റ്റിമേറ്റു തുകയുടെ ഒരു നിശ്ചിത ശതമാനം വിഭവങ്ങളായിട്ടോ , ശ്രമദാനം മൂലമോ സമാഹരിക്കുമെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക. പണികളുടെ എസ്റ്റിമേറ്റ് തികച്ചും പ്രാദേശിക മായിചെയ്യാൻ കഴിയുന്ന തരത്തിൽ തയ്യാറാക്കി ക്രമക്കേടുകൾ ഒഴിവാക്കുകയും ചെയ്യുക.

കൂടാതെ നിയമ പ്രകാരം ലഭിക്കേണ്ട പുറമ്പോക്കു ഭൂമികൾ അളന്നു തിരിച്ച് പഞ്ചായത്തിനു ലഭ്യമാക്കുന്നത് വരുമാനം വർദ്ധിപ്പിക്കുന്നതിനും വികസനപ്രവർത്തനത്തിനു വേണ്ട സ്ഥലങ്ങൾ കണ്ടെത്തുന്നതിനും പുറമ്പോക്ക് ഭൂമിളുടെ സംരക്ഷണത്തിനും ഏറെ സഹായിക്കുകയും ചെയ്യും.

പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിനു ഫണ്ടു കണ്ടെത്താൻ മറ്റൊരു മാർഗം കൂടി ഇന്നുണ്ട്. സാധാരണക്കാരായ നമ്മുടെ പഞ്ചായത്തു നിവാസികൾ ചെറിയ തോതിലാണെങ്കിലുംസമ്പാദ്യശീലരാണ് . ഇപ്രകാരം സമ്പാദിക്കുന്ന തുക ഇന്ദിരാ വികാസ്യോജന പോലുള്ള ദേശീയ സാമ്പാദ്യ പദ്ധതിയിൽ നിക്ഷേപിച്ചാൽ ഇന്നത്തെ സ്ഥിതിയിൽ അഞ്ചരക്കൊല്ലം കഴിയുമ്പോൾ നിക്ഷേപകർ ക്ക് ഇരട്ടി തുക ലഭിക്കും എന്നു മാത്രമല്ല. നിക്ഷേപതുകയുടെ 20 % പഞ്ചായത്തിന്റെറയും 5 % ജില്ലാ പഞ്ചായത്തിന്റെറയും വികസന ആവശ്യത്തിനു ലഭ്യമാക്കുവാൻ ഇന്നു വ്യവസ്ഥയുണ്ട്. നമ്മുടെ പഞ്ചായ ത്തിന്റെ പത്തു വാർഡുകളിൽനിന്നുമായി 50 ലക്ഷം രൂപാ ഇങ്ങനെ സമാഹരിക്കാൻ കഴിഞ്ഞാൽ അഞ്ചരക്കൊല്ലം കഴിയുമ്പോൾ നിക്ഷേപകർക്കു തിരിച്ചു കിട്ടുന്ന ഒരു കോടി രൂപാ കൂടാതെ നിക്ഷേപം നടത്തുന്ന കാലത്തു തന്നെ പഞ്ചായത്തിന് 10 ലക്ഷം രൂപയും കിട്ടും . ജില്ലാ പഞ്ചായ ത്തിന് രണ്ടരലക്ഷം രൂപായും ലഭിക്കുമെന്ന കാര്യം സജീവമായി പരിഗണിച്ച് നാം ഒരോരുത്തരും സ്വന്തമായും , മറ്റുള്ളവരെ പ്രേരിപ്പിച്ചും ദേശീയ സാമ്പാദ്യ പദ്ധതിയിൽ പങ്കാളികളായി വിഭവ സമാഹരണം ത്വരിതപ്പെടുത്തണം.



1995-96 കാലത്തെ ധനാഭ്യർത്ഥന /പിരിവ് ബാക്കി കാണിക്കുന്ന സ്റ്റേറ്റ് മെൻറ് (പട്ടിക 3)

നികുതിയിനം	ധനാഭ്യർത്ഥന			പിരിഞ്ഞതുക			ബാക്കി			പിരിവു ശതമാനം
	കുടിശിക	തൻ കൊല്ലം	ആകെ	കുടിശിക	തൻ കൊല്ലം	ആകെ	കുടിശിക	തൻ കൊല്ലം	ആകെ	
കെട്ടിടനികുതി	244220	205265	449485	124710	160080	284790	119510	45185	164695	63%
തൊഴിൽ നികുതി	92925	266300	359225	39615	247550	287165	53310	18750	72060	80%
വിനോദ നികുതി (പ്രദർശന നികുതിയടക്കം)		25500	25500		25500	25500				100%
സർക്കാർ ഗ്രാൻറ്		938300	938300		938300	938300				100%
മറ്റുള്ളവ	54210	351420	405630	13440	349410	362850	40770	2010	42780	89%
ആകെ	391355	1786785	2178140	177765	1720840	1898605	213590	65945	279535	87%

എടതപാ പഞ്ചായത്ത് വരവ് സംബന്ധിച്ചുള്ള വിവരം (പട്ടിക 1 എ.)

ഇനം	90 - 91	91- 92	92 - 93	93 - 94	94 - 95	95 - 96
കെട്ടിടനികുതി	146200	349700	134400	132200	268645	284788
തൊഴിൽ നികുതി	75500	181800	147600	145600	290116	287165
വിനോദ നികുതി	14000	15100	14800	76400	17219	14064
അധിക വിനോദ നികുതി	8600	9400	9000	9900	10420	8508
പ്രദർശന് നികുതി	1000	900	800	1300	1628	1595
സർച്ചാർജ്ജ്	300	200	200	300	407	399
ചന്തവരവ്,സ്റ്റാൾ മുതലായവ	97000	87400	75100	74300	111053	118253
ലൈസൻസ് ഫീ	4800	8700	5300	5800	6671	4988
ലൈബ്രറി സെസ്സ് കെട്ടിടനികുതി സർച്ചാർജ്ജ്						7855
വസ്തുകൈമാറ്റ നികുതി	67200	64600	68200	102900	77916	55760
സർക്കാർഗ്രാൻറ്	317600	337700	527000	332000	500866	938301
ഡിപ്പോ സിറ്റ്	73800	25000	21600	10600	31821	22903
മറ്റുള്ളവ						154028
ആകെ	806000	1080500	1004000	831300	1314962	1898607

എടതപാ പഞ്ചായത്ത് ചിലവ് സംബന്ധിച്ചുള്ള വിവരം (പട്ടിക 1 ബി.)

ഇനം	90 - 91	901- 92	92 - 93	93 - 94	94 - 95	95 - 96
ഭരണം	323500	374500	363800	383400	510057	484863
പെതുമരാമത്ത്	206300	238100	152200	264600	360941	104168
വിദ്യാഭ്യാസം		14800	8400	8700	10290	9757
ജലവിതരണം, ഓടകൾ, പെതുജനാരോഗ്യം	21900	27300	21000	27300	29386	133170
തെരുവുവിളക്ക്	81500	79900	106800	103500	101486	100545
മറ്റുള്ളവ	60300	179600	15400	8600	654882	142339
ആകെ	693500	914200	667600	796100	1167042	974642

വരവ്/ ചെലവ് ശതമാനകണക്കിൽ (പട്ടിക 2 എ.)

ഇനം	90 - 91	901- 92	92 - 93	93 - 94	94 - 95	95 - 96
കെട്ടിടനികുതി	18%	32%	13%	16%	20%	15%
തൊഴിൽ നികുതി	9%	17%	15%	17%	22%	15%
വിനോദ നികുതി (എല്ലാം ചേർത്ത്)	3%	2%	2%	3%	3%	1.5%
ചന്ത വരവ്	12%	8%	7%	9%	8%	6%
വസ്തുകൈമാറ്റ നികുതി	8%	6%	7%	12%	6%	3%
സർക്കാർ ഗ്രാൻറ്	39%	31%	52%	40%	38%	49%
ലൈസൻസ്	0.6%	0.8%	0.5%	0.7%	0.5%	0.3%
മറ്റുള്ളവ	10.4%	3.2%	3.5%	2.3%	2.5%	10.2%

പ്രധാന ചെലവിനം (പട്ടിക 2 ബി.)

ഇനം	90 - 91	91- 92	92 - 93	93 - 94	94 - 95	95 - 96
പൊതു ഭരണം	46%	41%	54%	48%	30%	49%
പൊതുമരാമത്ത്	28%	26%	22%	33%	21%	10%
വിദ്യാഭ്യാസം		1.6%	1.25%	1%	0.6%	1%
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	3%	3%	3%	3%	2%	13%
തെരുവുവിളക്ക്	11%	8%	16%	13%	6%	10%
മറ്റുള്ളവ	11%	20.4%	3.75%	2%	40.4%	17%

J. R. Y. Action Plan 1995 - 96

പട്ടിക 4 (A)

	ജനറൽ സെക്ടർ -പണിയുടെ പേര് -	വാർഡ്	- തുക
1	ഏലിത്തറപടി-ചക്കാലക്കൽപടി വഴി	V	7600
2	മണക്ക് കലുങ്കു-പറത്തറപടി വഴി	I	10000
3	കട്ടത്തറപടി മുതൽ തെക്കോട്ടുള്ള വഴി	I	7000
4	കാട്ടാമ്പള്ളീ-തൈശ്ശേരി ബണ്ട്	II	5000
5	തൈശ്ശേരി-മുളപ്പഞ്ചേരി ബണ്ട്.	II	5000
6	വേഴക്കാട്ട് -നായങ്കണമുക്കു വഴി ഗ്രാവൽ ഇടുക	III	18000
7	നെടുമ്പറമ്പ് -പാലപ്പറമ്പുവരെയുള്ള ബണ്ട്	V	9000
8	പനയ്ക്കപ്പറമ്പു -തൈപ്പറമ്പു ബണ്ട്	V	9000
9	പുത്തമ്പറമ്പ് -മൂലയിൽ വരെയുള്ള വഴി	VI	15000
10	പഴുതിയിൽ -40 ൽ ചിറ വഴി ഗ്രാവൽ ഇടുക	VII	15000
11	തട്ടങ്ങാട്ടു പടി-കണ്ണകത്ത് വഴി ഗ്രാവൽ ഇടുക	VIII	15000
12	അമ്പിയായം പടി -പറപ്പള്ളീ വഴി ഗ്രാവൽ	IX	18000
13	പബ്ലിക് മാർക്കറ്റിൽ ഫിഷ് സ്റ്റാൾ പണിയുക	X	60598
14	S.M.S.S L.P.S കൈതവനപടി റോഡു ഗ്രാവൽ	II	5000
15	മാടക്കശ്ശേരി വഴിയിൽ പഴയമഠം -ധർമ്മശ്ശേരി ബണ്ട്.	V	18000
	പട്ടിക ജാതി വിഭാഗം		
	പട്ടികജാതി വിഭാഗത്തിൽപ്പെട്ട വർക്കു വീട് ഏഴ് എണ്ണം.		56650

1995-96 ൽ ഏറ്റെടുത്ത ജോലികൾ (JRY)

പട്ടിക 4 (B)

	പണിയുടെ പേര്		എസ്റ്റിമേറ്റു തുക	കൊടുത്തതുക
1	ഏലിത്തറപടി-ചക്കാലക്കൽപടി വഴി	W- I	76000	7569
2	മണക്ക് കലുങ്കു-പറത്തറപടി വഴി	W - I	10000	9993
3	കട്ടത്തറപടി മുതൽ തെക്കോട്ടുള്ള വഴി	W - I	7000	6977
4	കാട്ടാമ്പള്ളീ-തൈശ്ശേരി ബണ്ട്	W - II	5000	4984
5	തൈശ്ശേരി-മുളപ്പഞ്ചേരി ബണ്ട്.	W - II	5000	5000
6	വേഴക്കാട്ട് പാലം നായങ്കണമുക്കു വഴി ഗ്രാവൽ	W- III	18000	17998
7	നെടുംമ്പറമ്പ് പാലമ്പറമ്പുവരെയുള്ള ബണ്ട്	W V	9000	8991
8	തട്ടങ്ങാട്ടു പടി-പടിഞ്ഞാറെ വഴി ഗ്രാവൽ ഇടുക	W VIII	15000	14964
9	അമ്പിയായം പടി -പറപ്പള്ളീ വഴി ഗ്രാവൽ	W- IX	18000	17998
10	പബ്ലിക് മാർക്കറ്റിൽ ഫിഷ് സ്റ്റാൾ പണിയുക	W -X	60598	60598
11	മാടക്കശ്ശേരി വഴിയിൽ പഴയമഠം-ധർമ്മശ്ശേരി ബണ്ട്.-	W-V	18000	1500
12	S.M.S.S L.P.S കൈതവനപടി റോഡു ഗ്രാവൽ	W- II	5000	5000
13	പനയ്ക്കപ്പറമ്പ് -തൈപ്പറമ്പു ബണ്ട്	W- V	9000	8975
	പട്ടിക ജാതി വികസനം			
	പട്ടികജാതി വിഭാഗത്തിൽപ്പെട്ട വർക്കുവീട് ഏഴ് എണ്ണം.		56650	16700

എടത്വാ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന ബാങ്കുകളുടെ നിക്ഷേപ - വായ്പ തുകയുടെ അവലോകനം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ

വർഷം	1992 മാർച്ച്	1993 മാർച്ച്	1994 മാർച്ച്	1995 മാർച്ച്	1996 മാർച്ച്
നിക്ഷേപം	49145000	60233000	75112000	83424000	96462000
വായ്പ	16241000	18085000	19286000	22968000	23527000

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ

വർഷം	1992 -93	1993 - 94	1994 - 95	1995 - 96	
നിക്ഷേപം	നിക്ഷേപത്തിന്റെ കണക്ക് ലഭിച്ചിട്ടില്ല				
വായ്പ	4518000	4851000	5053000	3849000	

ഇൻഡ്യൻ ഓവർസീസ് ബാങ്ക്

വർഷം	31-3-1994	1993 മാർച്ച്	1994 മാർച്ച്		
നിക്ഷേപം	10000000	15000000	21000000		
വായ്പ	2300000	7500000	12500000		

ബാങ്ക് ഓഫ് ബറോഡ

വർഷം	31-3-1994	31-3-1995	31-3-1996		
നിക്ഷേപം	68800000	55200000	74100000		
വായ്പ	7000000	40400000	32500000		

പച്ച - ചെക്കിടിക്കാട് സർവ്വീസ് സൊസൈറ്റി

വർഷം	1991 - 92	1992 - 93	1993 - 94	1994 - 95	1995 - 96
നിക്ഷേപം	1236290	2523291	3582915	3492996	4404262
വായ്പ	1107010	1283600	2003435	1924315	2471475

കൊടുപ്പുന്ന സർവ്വീസ് സൊസൈറ്റി (1996 കണക്ക് അനുസരിച്ച്)

നിക്ഷേപം	സ്ഥിരം	1194473	1538647		
	ഹ്യസ്വം	344174			
വായ്പ		4460301			

എടത്വാ സർവ്വീസ് സൊസൈറ്റി

വർഷം	1991 - 92	1992 - 93	1993 - 94	1994 - 95	1995 - 96
നിക്ഷേപം	216408	271632	374742	636579	980977
വായ്പ	വായ്പ നൽകുന്നില്ല				

ഉപസംഹാരം

ഗ്രാമപഞ്ചായത്ത് ആഫീസ്,
എടത്വാ.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ഒൻപതാം പദ്ധതിക്കാലയളവായ 1997-2002-ാം ആണ്ടിലേക്കുള്ള പദ്ധതി ആസൂത്രണത്തിനായി വികസനരേഖ തയ്യാറാക്കുവാൻ സഹായിച്ച സമ്മതിദായകർ, ഉദ്യോഗസ്ഥർ, ശാസ്ത്ര-സാങ്കേതിക വിദഗ്ദർ, രാഷ്ട്രീയ-സാമൂഹ്യ-സാംസ്ക്കാരിക സംഘടനാനേതാക്കൾ തുടങ്ങിയ ജീവിതത്തിന്റെ നാനാതുറയിൽപ്പെട്ട ഒരോരുത്തരോടും പ്രത്യേകം പ്രത്യേകം നന്ദി പ്രകാശിപ്പിക്കുന്നു.

എടത്വാ ഗ്രാമപഞ്ചായത്തിന്റെ വർത്തമാന കാലഘട്ടത്തിനും വരുംതലമുറകൾക്കും ശോഭനമായ പാതയൊരുക്കുവാനും വഴികാട്ടിയാകാനും ഇതൊരു ആധികാരിക രേഖയാകും എന്നതിൽ സംശയമില്ല. സമയബന്ധിതമായ ആസൂത്രണപ്രക്രിയയുടെ ഭാഗമായി രേഖ തയ്യാറാക്കേണ്ടിവന്നതിനാൽ പോരായ്മകൾ കടന്നുകൂടിയിട്ടുണ്ടാകാം.അവയെല്ലാം അവധാനതയോടുകൂടി പരിശോധിച്ച് പോരായ്മകൾ ചൂണ്ടിക്കാട്ടുമാറാകണം.

'രാഷ്ട്രം നമുക്ക് എന്തു നൽകി എന്ന് ചോദിക്കുന്നതുപോലെ രാഷ്ട്രത്തിന് നാം എന്തു നൽകി ' എന്ന ആത്മപരിശോധനയിലും കക്ഷിരാഷ്ട്രീയ - മത-സാമുദായിക ചിന്താഗതികൾക്കും അതീതമായ ഒരു പുത്തൻ വികസന സംസ്ക്കാരത്തിലും കണ്ണികളായിജനകീയ ആസൂത്രണ പ്രസ്ഥാനം വിജയിപ്പിക്കാൻ ഓരോരുത്തർക്കും കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് എടത്വാ ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) വികസനരേഖ ഉപസംഹരിച്ചു കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,
എം.ഡി. തോമസ് (ബാബു മണ്ണാംതുരുത്തിൽ),
പ്രസിഡൻറ്, എടത്വാ ഗ്രാമപഞ്ചായത്ത്